# നാലാം പൊതുതിരഞ്ഞെടുപ്പ്
# ഒരവലോകനം

[ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ
ദേശീയകൗൺസിൽ അംഗീകരിച്ചത്]

കൽക്കട്ട
23—30 ഏപ്രിൽ 1967

324.654

കമ്മ്യൂണിസ്റ്റ് പാർട്ടി പ്രസിദ്ധീകരണം

# നാലാം പൊതുതിരഞ്ഞെടുപ്പ്
# ഒരവലോകനം

16365

[ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ
ദേശീയകൗൺസിൽ അംഗീകരിച്ചത്]

PC Library & Research Center

കൽക്കട്ട
23—30 ഏപ്രിൽ 1967

കമ്മ്യൂണിസ്റ്റ് പാർട്ടി പ്രസിദ്ധീകരണം

324.654


1967 നവംബർ

വില: 1 രൂപ

Printed at The Janayugom Press, Quilon.

# ഉള്ളടക്കം


| | |
|---|---|
| പശ്ചാത്തലം | 4 |
| കോൺഗ്രസ്സിൻെറ തകർച്ച | 10 |
| സ്വതന്ത്രാപാർട്ടിയുടേയും ജനസംഘത്തിൻേറയും തള്ളിക്കയററം | 25 |
| ഇടതുപക്ഷ ജനാധിപത്യശക്തികളും തിരഞ്ഞെടുപ്പും | 33 |
| കമ്മ്യൂണിസ്ററുപാർട്ടി | 40 |
| പാർട്ടിയിലെ ഭിന്നിപ്പും തിരഞ്ഞെടുപ്പും | 54 |
| മാർക്സിസ്റ്റ്പാർട്ടിയുടെ കമ്മ്യൂണിസ്റ്റ്പാർട്ടിവിരുദ്ധ തിരഞ്ഞെടുപ്പുലക്ഷ്യം പരാജയപ്പെട്ടു | 62 |
| പാർട്ടി ലൈനും നിലപാടും ശരിയെന്നു തെളിഞ്ഞു | 64 |
| തിരഞ്ഞെടുപ്പ് എന്താണ് വെളിപ്പെടുത്തിയതു്? | 73 |
| നമ്മുടെ തിരഞ്ഞെടുപ്പുലക്ഷ്യങ്ങളും അനുഭവങ്ങളും | 76 |
| പാർട്ടിസംഘടന—നമ്മുടെ ഏററവും വലിയ ദൌർബല്യം | 97 |
| ഉപസംഹാരം | 100 |

നാലാം പൊതുതിരഞ്ഞെടുപ്പ് ഇന്ത്യയുടെ രാഷ്ട്രീയഭൂപടം തന്നെ മാററിയിരിക്കുന്നു. ഇന്ത്യയിലെ പാർലമെൻററി ജനാധിപത്യത്തിൻെറ ഒരു ഘട്ടം അവസാനിച്ചിരിക്കുകയാണ്. ജനാധിപത്യപ്രസ്ഥാനങ്ങൾക്ക് വമ്പിച്ച സാദ്ധ്യതകളുള്ളതും എന്നാൽ വളരെ സങ്കീർണ്ണവുമായ ഒരു പുതിയ കാലഘട്ടം ആരംഭിച്ചിരിക്കുന്നു. രാഷ്ട്രം ഇന്ന് വ്യക്തമായ ഒരു വഴിത്തിരിവിലാണ്. ആസന്നഭാവിയിൽ ഇന്ത്യ ഏതുവഴിക്കാണ് നീങ്ങുന്നതെന്ന് തിരഞ്ഞെടുപ്പ് ഇനിയും സ്ഥിരീകരിച്ചിട്ടില്ല. പിന്തിരിപ്പൻശക്തികളും പുരോഗമനവിഭാഗങ്ങളും തമ്മിൽ നടക്കാൻപോകുന്ന ഏററുമുട്ടലിൽനിന്നുമാത്രമേ അതു തീരുമാനിക്കപ്പെടുകയുള്ളു. അതിൻെറ സൂചനയാണ് തിരഞ്ഞെടുപ്പുഫലങ്ങൾ.

കഴിഞ്ഞ മൂന്നു ദേശീയ പൊതുതിരഞ്ഞെടുപ്പുകളിലും കോൺഗ്രസ്സ് വർദ്ധമാനമായ തോതിൽ പുറകോട്ടടിക്കപ്പെട്ടിട്ടുണ്ട്. രാജ്യമൊട്ടാകെ നോക്കുകയാണെങ്കിൽ, കോൺഗ്രസ്സിൻെറ

തിരഞ്ഞെടുപ്പുഫലങ്ങൾ ക്രമാനുഗതമായ ക്ഷയത്തെയാണ് കുറിക്കുന്നതു്. എന്നാൽ, ഇത്തവണ പരാജയത്തിൻേറയും നഷ്ടത്തിൻേറയും എണ്ണത്തിലുള്ള മുതൽക്കൂട്ടുകൾ മാത്രമല്ല, ഗുണാത്മകമായിത്തന്നെ വ്യത്യസ്തമായ എന്തോ ഒന്നു് സംഭവിച്ചിട്ടുണ്ടു്. നാലാം പൊതുതിരഞ്ഞെടുപ്പു് കോൺഗ്രസ്സിൻെറ രാഷ്ട്രീയ അധികാരക്കുത്തകയുടെ അടിത്തറതന്നെ പിടിച്ചുകുലുക്കി. അതിനെ ദേശീയാടിസ്ഥാനത്തിൽതന്നെ ക്ഷീണിപ്പിച്ചിട്ടുണ്ടു്. മാത്രവുമല്ല, പല സംസ്ഥാനങ്ങളിലും കോൺഗ്രസ്സിനെ തകർത്തിട്ടുമുണ്ടു്. തിരഞ്ഞെടുപ്പുനടന്ന പതിനാറു സംസ്ഥാനങ്ങളിൽ ഭരണകക്ഷിയായ കോൺഗ്രസ്സ് എട്ടു സംസ്ഥാനങ്ങളിൽ പരാജയപ്പെട്ടു. ഇന്ത്യയിലെ 50 കോടി ജനതയിൽ 30 കോടി ജനത ഈ എട്ടു സംസ്ഥാനങ്ങളിൽ അധിവസിക്കുന്നവരാണ് (അതായതു് ഇന്ത്യയിലെ അഞ്ചിൽമൂന്നുഭാഗം ജനങ്ങൾ). കോൺഗ്രസ്സിൻെറ ശക്തിയുടേയും പ്രശസ്തിയുടേയും കേന്ദ്രങ്ങളായിരുന്ന യു. പി., ബിഹാർ എന്നീ സംസ്ഥാനങ്ങളിലേയും പശ്ചിമബംഗാൾ, മദ്രാസ്സ് എന്നിവിടങ്ങളിലേയും പരാജയത്തിൻെറ രാഷ്ട്രീയപ്രത്യാഘാതം തീച്ച്യായും കട്ടത്തതായിരിക്കും. മാത്രവുമല്ല പശ്ചിമബംഗാൾ, കേരളം എന്നീ സംസ്ഥാനങ്ങളിൽ രൂപം കൊണ്ട ഗവമ്മെണ്ടുകൾ ഉരത്ത ഇടതുപക്ഷ ഐക്യമുന്നണികളുടെ നേതൃത്വത്തിലുള്ളതും അദ്ധ്വാനിക്കുന്ന വിഭാഗങ്ങളോടു ബലമായി ബന്ധപ്പെട്ടതുമാണ്.

കേന്ദ്രപാർലമെൻറിൽ കോൺഗ്രസ്സിനു് 281 സീററുകളായി ചുരുങ്ങിയിരിക്കുകയാണ്. ഒരു ഭരണഘടനാഭേദഗതി പാസ്സാക്കാനുള്ള ഭൂരിപക്ഷംപോലും ഭരണകക്ഷിക്കിന്നില്ല. വെറും 41 പേരുടെ നേരിയ ഭൂരിപക്ഷമാണവക്കുള്ളതു്. മാത്രവുമല്ല ഇന്നത്തെ മാറിയ പരിതഃസ്ഥിതിയിൽ ഭരണകക്ഷിയിലെ കുഴപ്പം രൂക്ഷമാകുന്തോറും ഈ ഭൂരിപക്ഷംതന്നെ എങ്ങനെ പ്രാബത്തികമാക്കുമെന്നുള്ളതു് കണ്ടറിയേണ്ടതാണ്. സംസ്ഥാനനിയമസഭകളിൽ കോൺഗ്രസ്സിനു് മൊത്തത്തിലുള്ളതിൻെറ ഏതാണ്ടു് മൂന്നിൽരണ്ടു ഭൂരിപക്ഷം ഉണ്ടായിരുന്നിടത്തു്, ഇപ്പോൾ കോൺഗ്രസ്സിതരശക്തികൾക്കാണ് നേതൃത്വം. മൊത്തം 3352 സീററുകളുള്ളതിൽ കോൺഗ്രസ്സ് 1650 സീററുകളിൽ മാത്രമാണ് ജയിച്ചതു് (കേന്ദ്രഭരണമേഖലകളിലെ അസംബ്ളികൾ ഒഴികെ). യു. പി-യിലും ഹരിയാനയിലും ഉണ്ടായ

കാല്യമാററങ്ങളെ തുടന്ന് കോൺഗ്രസ്സുകക്ഷി വീണ്ടും ക്ഷീണിച്ചിട്ടുണ്ട്. ഇന്ത്യൻയൂണിയൻപ്രസിഡൻറുതിരഞ്ഞെടുപ്പിനുള്ള അസംബ്ളിമേഖലയിലെ "എലക്റ്റോറൽകോളേജി"ലെ കോൺഗ്രസ്സിതരവിഭാഗത്തിൻെറ വോട്ടിനുള്ള വില വദ്ധിപ്പിച്ചിരിക്കുന്ന ഒരു സ്ഥിതിഗതി തിരഞ്ഞെടുപ്പിൻെറ ഫലമായി ഉണ്ടായിട്ടുണ്ട്. (അസംബ്ളികളും പാർലമെൻറിലെ ഇരുസഭകളും ചേന്നതാണ് എലക്റ്റോറൽ കോളേജ്.)

ചിലയിടങ്ങളിൽ പ്രക്ഷോഭണങ്ങൾ ഉണ്ടായിട്ടുകൂടി തിരഞ്ഞെടുപ്പ് പൊതുവെ സമാധാനപരമായ ചുററുപാടുകളിലാണ് നടന്നതു് എന്ന വസ്തുത ഈ ആമുഖക്കുറിപ്പിൽത്തന്നെ ഊന്നിപ്പറയേണ്ടിയിരിക്കുന്നു. നമ്മുടെ ജനതയുടെ വളർച്ചയുടെ മറെറാരു സൂചനയാണിതു്. അമേരിക്കയിലും ബ്രിട്ടണിലും മററു പാശ്ചാത്യരാജ്യങ്ങളിലും ഉള്ള നിരീക്ഷകന്മാർ ഇത്തവണത്തെ ഇന്ത്യൻ തിരഞ്ഞെടുപ്പ് അക്രമത്തിലും കുഴപ്പത്തിലും അവസാനിക്കുമെന്ന് പ്രവചിക്കുകയുണ്ടായി. ഈ കുഴപ്പത്തിൻെറ ഫലമായി രാജ്യത്തെ വെട്ടിമുറിക്കാനുള്ള ആരംഭം കുറിക്കുമെന്നുംവരെ ചിലർ പറയുകയുണ്ടായി. ഈ തകർച്ചയുടെ പ്രവാചകന്മാരുടെ കണക്കുകൂട്ടലെല്ലാം തിരഞ്ഞെടുപ്പിൻെറ ഫലം തെററിച്ചിരിക്കുന്നു. സി. ഐ. ഏ. തുടങ്ങിയ ചാരവകുപ്പുവഴി തിരഞ്ഞെടുപ്പിൽ അമേരിക്ക ഇടപെട്ടെങ്കിലും അതിൽ അവർ പരാജയപ്പെടുകയാണുണ്ടായതു് എന്ന വസ്തുതയും നമ്മുടെ പൊതുജീവിതത്തിൻെറ മാററുകൂട്ടുവാൻ സഹായിക്കുന്നതാണ്. അമേരിക്കൻപ്രേമികൾ ധാരാളം ഫണ്ടുമായി തിരഞ്ഞെടുപ്പിൽ മത്സരിക്കുകയുണ്ടായി എന്നതിനു് സംശയമൊന്നുമില്ല. എന്നാൽ അവർപോലും അമേരിക്കയ്ക്കുവേണ്ടി തുറന്നുസംസാരിക്കാൻ ധൈര്യപ്പെട്ടിരുന്നില്ല. ജനങ്ങളിലൊട്ടാകെ ഉൽക്കടമായ രാജ്യസ്നേഹം സംജാതമായിരുന്നു. വാസ്തവത്തിൽ ജനങ്ങളുടെ രാജ്യസ്നേഹപരവും ജനാധിപത്യപരവുമായ പ്രവണതകൾ തിരഞ്ഞെടുപ്പുരംഗത്തു് മുഴച്ചുനിന്നിരുന്നു. ചുരുക്കത്തിൽ, തിരഞ്ഞെടുപ്പ് ജനാധിപത്യപരവും രാജ്യസ്നേഹപരവുമായ വമ്പിച്ച ഒരു ഇളകിമറിച്ചിലായിരുന്നു.

## പശ്ചാത്തലം

മഹത്തായ ഈ പൊതുതിരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തെപ്പററി നമുക്ക് ചുരുക്കി പ്രതിപാദിക്കാം. ഒരുവശത്ത് കോൺഗ്രസ്ഗവണ്മെണ്ടിന്റെ പരാജയങ്ങളേയും വഞ്ചനകളേയും, മറുവശത്ത് ജനങ്ങളുടെ ഉണർവ്വിനേയും ആഴമേറിയ വെറുപ്പിനേയുംപററി പറയാതെ തിരഞ്ഞെടുപ്പുഫലങ്ങളെപ്പററി ആലോചിക്കാനേ നിവൃത്തിയില്ല. നമ്മുടെ പാർട്ടിയുടെ തിരഞ്ഞെടുപ്പുപ്രകടനപത്രികയിൽ ധീരമായി പ്രഖ്യാപിച്ചതുപോലെ വെറുക്കപ്പെട്ട കോൺഗ്രസ്ഭരണത്തെ പുറന്തള്ളുവാൻ പാകമായ സാഹചര്യങ്ങളിലാണ് തിരഞ്ഞെടുപ്പു നടന്നതു്.

തിരഞ്ഞെടുപ്പിനുമുമ്പുള്ള രാജ്യത്തെ സ്ഥിതിഗതികളെപ്പററി ഇവിടെ സവിസ്തരം പ്രതിപാദിക്കേണ്ട ആവശ്യമില്ല. ഇതു് എല്ലാവൎക്കും അറിവുള്ളതാണ്. എന്നിരുന്നാലും ചില പ്രധാന സവിശേഷതകൾ രേഖപ്പെടുത്തേണ്ടതായിട്ടുണ്ടു്. ഇന്ത്യയിലേയും വിദേശത്തേയും കുത്തകമുതലാളിത്തത്തിനു് കൂടുതൽ കൂടുതൽ ആനുകൂല്യങ്ങളും ജനങ്ങളുടെമേൽ കൂടുതൽ ഭാരങ്ങളും അവക്കെതിരായ അനീതിയും വദ്ധിപ്പിച്ചുകൊണ്ടു് മുതലാളിത്തപരമായ വികസനത്തിന്റെ പാത പൊതുവായ തകർച്ചയുടെ ഘട്ടത്തിലെത്തിച്ചിരുന്നു. മൂന്നാംപദ്ധതിയുടെ പരാജയംതന്നെ, ഇന്ത്യയിൽ കോൺഗ്രസ്സ് സ്വീകരിച്ച പാതയുടെ തകർച്ചയ്ക്കു മകുടോദാഹരണമാണ്. നികുതിഭാരം, തൊഴിലില്ലായ്മ, ഭക്ഷ്യക്കുഴപ്പം, വിലക്കയററം തുടങ്ങിയവമൂലം ജനങ്ങൾ സഹനശക്തിയുടെ വെല്ലിപ്പലകയിലെത്തി. ബീഹാർ, യു. പി–യുടെ കിഴക്കുഭാഗങ്ങൾ എന്നിവിടങ്ങളിലെ ഏതാണ്ടു് ഏഴുകോടിയിൽപ്പരം ജനങ്ങൾ ക്ഷാമപരിതഃസ്ഥിതികളിൽ കഴിയുകയായിരുന്നു. ഇപ്പോഴും അതുതന്നെയാണ് അവിടുത്തെ സ്ഥിതി. ഇതിനുമുമ്പെങ്ങും ഉണ്ടാകാത്തരീതിയിൽ കോൺഗ്രസ്ഭരണത്തിന്റെ ജനവിരുദ്ധവും കഴിവില്ലാത്തതുമായ നയം ജനങ്ങളുടെ മുമ്പിൽ തുറന്നുകാട്ടപ്പെട്ടിരിക്കയാണ്.

ഈ യാതനകളുടെ നടുവിലാണ് അമേരിക്കൻഉത്തരവുപ്രകാരം ഇന്ത്യൻരൂപയുടെ വില കുറച്ചുകൊണ്ടുള്ള അപഹാസ്യനയം കോൺഗ്രസ്സുനേതൃത്വം സ്വീകരിച്ചതു്. ഇതു് നമ്മുടെ സമ്പദ്‌വ്യവസ്ഥയ്ക്കു് കടുത്തപ്രഹരം മാത്രമല്ല, നമ്മുടെ ദേശീയമായ അന്തസ്സത്തയ്ക്കു് കടുത്തൊരു ആഘാതംകൂടിയായിരുന്നു. വഞ്ചനാപരമായ ഈ നടപടിമൂലം രാഷ്ട്രം രോഷാകുലമായി. എന്നാൽ നാണയവിലക്കുറവുമാത്രമല്ല ഈ കീഴടങ്ങലിന്റെ ഫലമായിട്ടുണ്ടായതു്. അടുത്തകാലത്തായി, തിരഞ്ഞെടുപ്പിനുമുമ്പുള്ള രണ്ടരവർഷക്കാലത്തു പ്രത്യേകിച്ചും, കോൺഗ്രസ്സുഗവണ്മെണ്ടു് അമേരിക്കക്കാർക്കു് അപഹാസ്യമായ പല കീഴടങ്ങലുകളും നടത്തുകയും പി. എൽ. 480-നോടു് രാജ്യത്തെ വ്യക്തമായി കെട്ടിമുറുക്കിയിടുകയും ചെയ്തു. മഹത്തായ നമ്മുടെ ഈ രാഷ്ട്രത്തെ അമേരിക്കൻഭക്ഷണത്തിനു നിസ്സഹായമായി കീഴടക്കിയതു് നമ്മുടെ ദേശീയവികാരങ്ങളെ വ്രണപ്പെടുത്തുകയും ജനങ്ങളിൽ അങ്ങേയററത്തെ വെറുപ്പുളവാക്കുകയുമുണ്ടായി. വിശക്കുന്ന ജനതയുടെ സ്വദേശാഭിമാനത്തെ അമേരിക്കൻഗോതമ്പു് നിശ്ശബ്ദമാക്കുമെന്നാണ് കോൺഗ്രസ്സ് കരുതിയതു്. ഇന്ത്യയ്ക്കു് പി. എൽ. 480 വഴി ഭക്ഷണം കൊടുക്കുന്നതു് കോൺഗ്രസ്സിന്റെ അധികാരം നിലനിർത്തുന്നതിനും ജനാധിപത്യശക്തികളുടെ മുന്നേററത്തെ തടഞ്ഞുനിറുത്തുന്നതിനും ആവശ്യമാണെന്നു് അമേരിക്കക്കാർ അവരുടെ പത്രങ്ങളിലും യു. എസ്സ്. സെനററിലും പരസ്യമായി പറയുകയുണ്ടായി. ഈ ലക്ഷ്യത്തോടുകൂടിയാണ് എസ്സ്. കെ. പട്ടീലിനെ വളർത്തുന്നതിനും, സി. സുബ്രഹ്മണ്യത്തെ സംരക്ഷിക്കുന്നതിനും അശോകമേത്തയ്ക്കു് തുടർച്ചയായി ഉപദേശവും ഉത്തരവും നല്കാനും, അമേരിക്ക ശ്രമിച്ചതു്. തിരഞ്ഞെടുപ്പിനു തൊട്ടുമുമ്പുള്ള വർഷം മുമ്പെങ്ങുമുണ്ടായിട്ടില്ലാത്ത തരത്തിൽ ഒരുകോടി ടൺ ഭക്ഷ്യസാധനങ്ങൾ അമേരിക്ക ഇന്ത്യയിലിറക്കി റിക്കാർഡു സൃഷ്ടിച്ചു. തിരഞ്ഞെടുപ്പുകാലത്തു് ഭക്ഷണവും പണവും നല്കാമെന്നു് പല വാഗ്ദാനങ്ങളും വാഷിംഗ്ടൺ പ്രഖ്യാപിച്ചു. എന്നാൽ, പണത്തെ സംബന്ധിച്ചിടത്തോളം വ്യക്തമായ ഉറപ്പു് തിരഞ്ഞെടുപ്പു കഴിയുന്നതുവരെ അവർ മാററിവെച്ചു.

നമ്മുടെ രാജ്യത്തിലെ ജനാധിപത്യപ്രസ്ഥാനങ്ങൾക്കെതിരായി, പ്രത്യേകിച്ച് അദ്ധ്വാനിക്കുന്ന ജനതക്കെതിരായി, നാലു വർഷക്കാലത്തെ 'അടിയന്തിരാവസ്ഥഭരണ'വും രാജ്യരക്ഷാനിയമത്തിൻെറ അഴിഞ്ഞാട്ടവും കഴിഞ്ഞാണ് തിരഞ്ഞെടുപ്പു നടന്നത്. രാജ്യരക്ഷാനിയമം ഉപയോഗിച്ച് ആയിരക്കണക്കിന് രാഷ്ട്രീയപ്രവത്തകരേയും, ട്രേഡ്യൂണിയൻപ്രവത്തകരേയും തുറുങ്കിലടച്ചു. രാജ്യമാസകലം പൗരാവകാശങ്ങളും ജനാധിപത്യാവകാശങ്ങളും ചവുട്ടിമെതിക്കപ്പെട്ടു. 1965-ൽ തമിഴ്നാട്ടിലെ ഭാഷാപ്രക്ഷോഭണത്തെ അടിച്ചമത്തുന്നതിനായി രാജ്യരക്ഷാനിയമത്തിൻെറ ഭീകരഭരണം അഴിച്ചുവിട്ടു. അതേവഷം, ഇന്ത്യാ-പാകിസ്ഥാൻയുദ്ധകാലത്ത് ന്യൂനപക്ഷവിഭാഗങ്ങളിൽപ്പെട്ട ഏതാണ്ട് 2000 ആളുകളെ തടങ്കലിൽവെച്ചു. ഇവരിൽ പത്രാധിപന്മാരും നിയമസഭാസാമാജികന്മാരും ഉൾപ്പെടെയുള്ള പല പ്രശസ്തവ്യക്തികളും ഉണ്ടായിരുന്നു. ആസ്സാം കുന്നുകളിലെ ജനങ്ങളുടെ പ്രശ്നം ആദ്യം തെററായി കൈകാര്യം ചെയ്തു. എന്നിട്ട് മദ്ദനംകൊണ്ടു തകക്കാമോ എന്നു നോക്കി. യൂ. പി-യിൽ നടന്നതുപോലെ ഗവമ്മെൻറുജീവനക്കാരെ ജയിലിലിലടക്കുകയും പീഡിപ്പിക്കുകയും ചെയ്തു. രാജ്യവ്യാപകമായി വളന്നുവന്ന വിദ്യാത്ഥിപ്രക്ഷോഭണത്തെ പോലീസിൻെറ ലാത്തിയും വെടിയുണ്ടയുംകൊണ്ട് സക്കാർ നേരിട്ടു. ചുരുക്കത്തിൽ, കഷ്ടപ്പെടുന്ന എല്ലാവിഭാഗം ജനങ്ങളും നഗ്നമായ മദ്ദനനടപടികൾക്കും രാജ്യരക്ഷാനിയമത്തിനും വിധേയരാകേണ്ടിവന്നു. കോൺഗ്രസ് ഭരണകൂടത്തിൻെറ ഇത്തരം ജനാധിപത്യവിരുദ്ധമായ നടപടികൾക്കെതിരായി പൊതുജനാഭിപ്രായം വളരെ ശക്തിയായി വളന്നുവന്നു.

ലോകസമാധാനത്തിലും ചേരിചേരായ്മയിലും കോളണിവിരോധത്തിലും അധിഷ്ഠിതമായ ഇന്ത്യയുടെ വിദേശനയം കോൺഗ്രസ്സിൻെറ പ്രശസ്തിയെ നിലനിറുത്തുന്നതിൽ ഒരു പങ്കു വഹിച്ചിട്ടുണ്ട്. ജവഹർലാൽ നെഹ്റു തൻെറ തിരഞ്ഞെടുപ്പുപ്രചരണങ്ങളിൽ ഇതു് വളരെയധികം പ്രയോജനപ്പെടുത്തിയിരുന്നു. ലോകസംഭവഗതികളിൽ നമ്മുടെ രാഷ്ട്രം തെല്ലു പ്രധാനപ്പെട്ട ഒരു പങ്കുവഹിക്കുന്നുണ്ടെന്നും നമ്മുടെ ജനത ന്യായമായി അഭിമാനംകൊണ്ടിരുന്നു. എന്നാൽ അടുത്ത കാലത്തായി ഇന്ത്യയുടെ വിദേശനയത്തിൽ വളരെയധികം

ഒത്തുതീപ്പുകളുണ്ടായിരിക്കുന്നു. അതിൻെറ ഫലമായി അന്തർദ്ദേശീയരംഗത്തു് ഇന്ത്യയെ ഒരു ശക്തിയായി ലോകത്താരും കണക്കാക്കുന്നില്ല. വിദേശനയപ്രശ്നങ്ങളിൽ അമേരിക്കൻനയങ്ങളുമായി യോജിച്ചുപോകുവാൻ കോൺഗ്രസ്സുഗവണ്മെൻറു്, പ്രത്യേകിച്ചു് ഇന്ദിരാഗാന്ധിയുടെ നേതൃത്വത്തിൽ, നടത്തിയ വദ്ധമാനമായതോതിലുള്ള ശ്രമങ്ങൾ നമ്മുടെ ജനങ്ങളിൽ പ്രബുദ്ധരായവരുടെ ഇടയിൽ വളരെ വെറുപ്പിനു് ഇടയാക്കുകയും കോൺഗ്രസ്സിൻെറ പ്രശസ്തിക്കു് കോട്ടംതട്ടിയ്ക്കുകയും ഉണ്ടായി. കൂട്ടത്തിൽ പറയട്ടെ, ഇക്കഴിഞ്ഞ നാലാംപൊതുതിരഞ്ഞെടുപ്പു കാലത്തു് വിദേശപ്രശ്നങ്ങളെപ്പററി കോൺഗ്രസ് നേതാക്കൾ വളരെക്കുറച്ചു പാമശിക്കപ്പെട്ടതും യാദൃച്ഛികസംഭവമല്ല. വിദേശനയം അവരുടെ ഒരു തുറുപ്പുചീട്ടല്ലെന്നു് അവക്കു് വ്യക്തമായി ബോദ്ധ്യപ്പെട്ടിട്ടുണ്ടു്.

മൂന്നും നാലും പൊതുതിരഞ്ഞെടുപ്പുകൾക്കിടയ്ക്കു് ഉന്നതകേന്ദ്രങ്ങളിൽതന്നെ വളരെയധികം അഴിമതികൾ വെളിച്ചത്തു കൊണ്ടുവരപ്പെട്ടിട്ടുണ്ടു്. ഇക്കഴിഞ്ഞ അഞ്ചു വഷങ്ങൾക്കുള്ളിൽ അഞ്ചു കോൺഗ്രസ് മുഖ്യമന്ത്രിമാർ തുറന്നുകാണിക്കപ്പെട്ടിട്ടുണ്ടു്. (ഒരുകാലത്തു് കോൺഗ്രസ്സിൻെറ സംരക്ഷണയിലുണ്ടായിരുന്ന ബക്ഷി ഗുലാംമുഹമ്മദ് ഉൾപ്പെടെയാണിതു്.) അടിയന്തിരാധികാരങ്ങൾ അഴിമതിയെ വളത്തുകമാത്രമാണു് ചെയ്തതു്. കോൺഗ്രസ്ഗവണ്മെൻറു തുടൻവന്ന നയങ്ങളുടെ ഫലമായി കുത്തകക്കാർ വളൻു. ഈ കുത്തകകളുടെ കയ്യിൽ ഭയാനകമാംവിധം സാമ്പത്തികാധികാരം കുന്നുകൂടാനും തുടങ്ങി. ഈ വസ്തുതയും ജനങ്ങൾക്കു ബോദ്ധ്യമായി. ഔദ്യോഗിക കുത്തകക്കമ്മീഷൻെറ റിപ്പോർട്ടും അതിലെ നിഗമനങ്ങളും ജനങ്ങളുടെ മുമ്പാകെയുണ്ടായിരുന്നു. കോൺഗ്രസ്ഗവണ്മെൻറുകളുടെ കുത്തകകൾക്കനുകൂലമായ നയങ്ങളെ വെളിച്ചത്തു കൊണ്ടുവരുവാൻ ഈ റിപ്പോർട്ട വലിയൊരു പങ്കുവഹിച്ചിട്ടുണ്ടു്. കുത്തകമുതലാളിത്തത്തിനും കുത്തകമുതലാളിത്തത്തെ വളത്തിയ ഭരണാധികാരിവർഗ്ഗത്തിനും എതിരായ ജനരോഷം തിരഞ്ഞെടുപ്പുപശ്ചാത്തലത്തിലെ ഒരു പ്രധാനപ്പെട്ട വസ്തുതയായിരുന്നു. ഇതുകൊണ്ടുതന്നെ കാൺഗ്രസ്സിൻെറ കപടസോഷ്യലിസ്റ്റ്പ്രഖ്യാപനങ്ങൾ നഗ്നമായി തുറന്നു കാണിക്കപ്പെട്ടു.

തിരഞ്ഞെടുപ്പിനു തൊട്ടുമുമ്പുള്ള മാസങ്ങളിൽ കോൺഗ്രസ്സ്പാർട്ടികളുള്ളിലെ തമ്മിലടിയും പിളർപ്പുകളും പൂർവ്വാധികം വർദ്ധിച്ചിരുന്നു. സംഘടനയുടെ പിളർപ്പിന്റെ ഒരു വെള്ളപ്പൊക്കംതന്നെ ആരംഭിച്ചിട്ടുണ്ട്. സ്വാധീനശക്തിയുള്ള പല നേതാക്കന്മാരും കോൺഗ്രസ്സ്പ്രവർത്തകരും കോൺഗ്രസ്സ് വിട്ടു പോയി. ശ്രീ. അജയ്മുക്കർജിയുടെ നേതൃത്വത്തിൽ പശ്ചിമ ബംഗാളിൽ ബംഗളാകോൺഗ്രസ്സ് രൂപംകൊണ്ടതാണ് ഇതുമായി ബന്ധപ്പെട്ട ഏററവും പ്രധാനപ്പെട്ട സംഭവം. കോൺഗ്രസ്സിന്റെ പതനത്തിനും ബംഗാളിലെ രാഷ്ട്രീയസ്ഥിതിഗതികൾതന്നെ മാററുന്നതിനും ബംഗളാകോൺഗ്രസ്സിനു് ചരിത്രപരമായൊരു പങ്കാണുണ്ടായിരുന്നതു്. ജനകോൺഗ്രസ്സ്, ജനതാകോൺഗ്രസ്സ്, ജനക്രാന്തിദളം എന്നുതുടങ്ങിയ വിവിധ പേരുകളിലാണ് മററു പല സംസ്ഥാനങ്ങളിലും കോൺഗ്രസ്സ് പാർട്ടിക്കകത്തെ പിളർപ്പ് വളന്നതു്. ദേശീയബൂർഷ്വാസികൾക്കുള്ളിൽ വളന്നുവരുന്ന ഭിന്നിപ്പും കോൺഗ്രസ്സ്പാർട്ടികളുള്ളിലെ ഭിന്നതയുമാണ്, ഭാഗികമായിട്ടെങ്കിലും ഈ സംഭവവികാസങ്ങൾ പ്രതിഫലിപ്പിച്ചതു്. ബൂർഷ്വാനയങ്ങളുടെ തകച്ച്യയാണ് ഈ പ്രക്രിയയ്ക്കു് വേഗത വർദ്ധിപ്പിച്ചതു്. നെഹ്റുവിന്റെ മരണശേഷം, കോൺഗ്രസ്സുകാക്കിടയിലും സംഘടനയിലുംതന്നെ കോൺഗ്രസ്സ് ഹൈക്കമാണ്ടിന്റെ പ്രശസ്തിക്കും അധികാരശക്തിക്കും വേഗത കുറഞ്ഞുവരികയായിരുന്നു. പരസ്യമായ ഭിന്നിപ്പ്, കലാപം, കാലുമാററം എന്നിവയുടെ വേലിയേററങ്ങൾ കോൺഗ്രസ്സുപാർട്ടിയുടെതന്നെ പൊതുജനാടിസ്ഥാനത്തെ സാരമായി ബാധിച്ചു. ഈ വേലിയേററങ്ങളെ നിയന്ത്രിക്കാൻ കോൺഗ്രസ്സ് ഹൈക്കമാണ്ടിനെക്കൊണ്ടു കഴിയാതായി.

തിരഞ്ഞെടുപ്പിനുമുമ്പുണ്ടായിട്ടുള്ള മററെല്ലാററിനേക്കാളും മുഴച്ചുനില്ക്കുന്നവസ്തുത രാജ്യവ്യാപകമായി വളന്നുവന്ന അനിതരസാധാരണമായ ബഹുജനസമരങ്ങളും ബഹുജനമുന്നേററവുമാണ്. ഈ ബഹുജനസമരങ്ങളുടെ ഒരു സവിശേഷത, അവ മിക്ക സ്ഥലങ്ങളിലും ഉശിരൻസമരങ്ങളായിരുന്നുവെന്നു മാത്രമല്ല, കൂടുതൽ വിപുലമായ തോതിൽ ഗവണ്മെൻറുജീവനക്കാരൾപ്പെടെയുള്ള ജനങ്ങളെ അണിനിരത്തിയെന്നുള്ളതാണ്.

ഈ സമരങ്ങളുടെയെല്ലാം മുൻപന്തിയിൽ തൊഴിലാളി വർഗ്ഗവും ഇടതുപക്ഷപാർട്ടികളും പ്രത്യേകിച്ച് നമ്മുടെ പാർട്ടിയും ഉണ്ടായിരുന്നു. ഈ ബഹുജനസമരങ്ങളുടെ ആക്കവും വ്യാപ്തിയും രാഷ്ട്രീയാന്തരീക്ഷത്തെ ചൂടുപിടിപ്പിക്കുകയും പൊതുജനങ്ങളുടെ അതൃപ്തിയേയും ബോധത്തേയും ഒരു ഉയന്ന പതനത്തിലേയ്ക്കു് വളത്തുകയുമുണ്ടായി. മിക്കപ്പോഴും ഈ ബഹുജനസമരങ്ങളിൽനിന്നുതന്നെയാണ് "കോൺഗ്രസ്സ് തുലയട്ടെ" എന്ന മുദ്രാവാക്യം സ്വമേധയാ ഉയന്നുവന്നതു് (ഉദാ: യു. പി. യിലും ബീഹാറിലും). ഭരണാധികാരവർഗ്ഗത്തിൻെറ കരുതിക്കൂട്ടിയുള്ള മദ്ദനനടപടികൾക്കെതിരായി ഉയന്നുവന്ന ബന്ത്കളും പണിമുടക്കങ്ങളും അതുപോലുള്ള മററു ബഹുജനസമരങ്ങളും തിരഞ്ഞെടുപ്പുസമരത്തിനു് ജനങ്ങളെ സജ്ജരാക്കി. നാണയവില കുറച്ചതിനെതിരായി 1966 സെപ്തംബർ ഒന്നാംതീയതി നമ്മുടെ പാർട്ടി സംഘടിപ്പിച്ച പാർലമെൻററിലേയ്ക്കുള്ള ജനങ്ങളുടെ „ഗ്രേററ് മാച്ച്", ജനതയുടെ സ്വദേശാഭിമാനപരമായ ഉണർവ്വിനു് മഹത്തായൊരു സംഭാവനതന്നെയായിരുന്നു.

ഇന്ദിരസക്കാർ രാജിവയ്ക്കണം എന്ന ദേശീയമുദ്രാവാക്യം ആദ്യം ഉയത്തിയതും നമ്മുടെ പാർട്ടിതന്നെയാണ്.

ഇടതുപക്ഷപാർട്ടികളും തൊഴിലാളിവർഗ്ഗവും സജീവമായി മുൻകയ്യെടുത്ത അന്നത്തെ ബഹുജനസമരങ്ങൾ ഇല്ലായിരുന്നെങ്കിൽ തിരഞ്ഞെടുപ്പിൽ കോൺഗ്രസ്സിനെ തുടച്ചുനീക്കുന്നതിനുള്ള ആ മഹാപ്രവാഹത്തിൻെറ കെട്ടഴിച്ചുവിടാൻ പററുമായിരുന്നില്ല എന്നുള്ള കാര്യം ഉറപ്പിച്ചുപറയേണ്ടിയിരിക്കുന്നു. കോൺഗ്രസ്സുവാഴ്ചയ്ക്കെതിരായി ജനങ്ങളുടെ മഹത്തായ വിധിയെഴുതുന്നതിനു് തിരഞ്ഞെടുപ്പിനെ സ്വാധീനിച്ച ഏററവും പ്രധാനപ്പെട്ട വസ്തുത ഈ ബഹുജനസമരങ്ങൾതന്നെയായിരുന്നു.

ചുരുക്കത്തിൽ, അധികാരിവർഗ്ഗത്തിൻെറ നയങ്ങളുടെ കുഴപ്പവും, ദേശീയബൂർഷ്വാസിയ്ക്കിടയിലുണ്ടായ ഭിന്നിപ്പും, കോൺഗ്രസ്സിനുള്ളിലെ പിളർപ്പും, വളന്നുവന്ന അതൃപ്തിയും ബഹുജനസമരങ്ങളുമെല്ലാമാണ് നമ്മുടെ നാട്ടിൽ തിരഞ്ഞെടുപ്പുകാലത്തുണ്ടായിരുന്ന രാഷ്ട്രീയപശ്ചാത്തലം. വിവിധ

പാർട്ടികളുടെ ബലാബലങ്ങളുടെ അടിസ്ഥാനത്തിൽ ഈ അതൃപ്തിയുടേയും ബഹുജനസമരങ്ങളുടേയും നേട്ടങ്ങൾ എല്ലാ രാഷ്ട്രീയപാർട്ടികൾക്കുമുണ്ടായിട്ടുണ്ട്.

## കോൺഗ്രസ്സിൻെറ തകർച്ച

സ്വാതന്ത്ര്യസമരകാലത്ത് കോൺഗ്രസ്സിന് അനുപമമായ പ്രശസ്തിയുണ്ടായിരുന്നു. എല്ലാ പൊതുനിയോജകമണ്ഡലങ്ങളിലും അവർ വമ്പിച്ച വിജയങ്ങളും നേടിയിരുന്നു. എന്നാൽ, സ്വാതന്ത്ര്യലബ്ധിക്കുശേഷം, ഒരു ഭരണാധികാരകക്ഷിയെന്ന നിലയ്ക്ക് കേന്ദ്രത്തിലും സംസ്ഥാനങ്ങളിലും ഉള്ള കോൺഗ്രസ്സിൻെറ പ്രവൃത്തികളുടെ അടിസ്ഥാനത്തിൽ ബഹുജനങ്ങൾ അതിനെ വിലയിരുത്താൻ തുടങ്ങി. ബഹുജനങ്ങൾക്ക് കോൺഗ്രസ്സിൽനിന്നു വിട്ടുപോകുവാൻ അധികനാൾ വേണ്ടിവന്നില്ല. സ്വതന്ത്രഭാരതത്തിൽ 1951-52 കാലത്തു നടന്ന പൊതുതിരഞ്ഞെടുപ്പിൽതന്നെ ഇതു വ്യക്തമായി കാണുകയുണ്ടായി. മൊത്തത്തിൽ പോൾചെയ്ത വോട്ടിൻെറ 43 ശതമാനം വോട്ടുകൾ മാത്രമാണ് കോൺഗ്രസ്സിന് നേടുവാൻ കഴിഞ്ഞതു്. ഡൽഹി, കുച്ച്, സൗരാഷ്ട്ര, ഭോപ്പാൽ എന്നീ ചെറിയ സംസ്ഥാനങ്ങളിൽ മാത്രമാണ് പോൾചെയ്ത വോട്ടിൻെറ ഭൂരിപക്ഷം കോൺഗ്രസിനു നേടാൻ കഴിഞ്ഞതു്. മദ്രാസ്, തിരു-കൊച്ചി എന്നീ സംയുക്തസംസ്ഥാനങ്ങളിൽ യഥാക്രമം 375 സീററുകളിൽ 152-ം, 108-ൽ 44-ം സീററുകൾ മാത്രമാണ് കോൺഗ്രസ്സിനു നേടാൻ കഴിഞ്ഞതു്. ഹൈദ്രാബാദ്, പശ്ചിമബംഗാൾ, ത്രിപുര എന്നീ സംസ്ഥാനങ്ങളിൽ കോൺഗ്രസിനു വമ്പിച്ച തിരിച്ചടികളാണ് അനുഭവപ്പെട്ടതു്. (ത്രിപുരയിൽ 30-ൽ 13 സീററുകൾ മാത്രമാണ് നേടിയതു്. രണ്ടു ലോകസഭാസീററുകളിലും കോൺഗ്രസ്സ് പരാജയപ്പെട്ടു.) "വോട്ടിൻെറ സംഖ്യകൾ സൂചിപ്പിക്കുന്നതിലും വളരെക്കൂടുതലാണ് യഥാർത്ഥത്തിൽ കോൺഗ്രസിൻെറ സ്വാധീനത്തിനുണ്ടായിരിക്കുന്ന നഷ്ടം" എന്നാണ് നമ്മുടെ പാർട്ടി കേന്ദ്രക്കമ്മിററിയുടെ തിരഞ്ഞെടുപ്പുറെവ്യൂയിൽ പറഞ്ഞിരുന്നതു്. മാത്രമല്ല, "ചരിത്രത്തിലുണ്ടായിട്ടില്ലാത്ത നിലയിലുള്ള രാഷ്ട്രീയവും ധാർമ്മികവുമായ വലിയ പരാജയമാണ് കോൺഗ്രസ്സിനുണ്ടായിരിക്കുന്നതു്" എന്നും ആ റെവ്യൂയിൽ പറഞ്ഞിരുന്നു.

കോൺഗ്രസ്സിൻെറ അധഃപതനത്തിൻെറ ആരംഭം കുറിച്ചതിവിടെയാണ്. ചില താല്ക്കാലിക പ്രായോഗിക വിജയങ്ങളുണ്ടായിരുന്നിട്ടുണ്ടെങ്കിലും കോൺഗ്രസ്സിൻെറ ഈ അധോഗതി തുടരുകയാണുണ്ടായതു്. എന്നിരുന്നാലും 1957-ലെ രണ്ടാം പൊതുതിരഞ്ഞെടുപ്പുകാലത്തു് ലോക്‌സഭയിലേയ്ക്കു പോൾചെയ്ത 9 കോടി 20 ലക്ഷം വോട്ടുകളിൽ 47.78 ശതമാനവും, അസംബ്ളിയിലേയ്ക്കുള്ള വോട്ടുകളിൽ 45.41 ശതമാനവും കോൺഗ്രസ്സ് നേടുകയുണ്ടായി. ശതമാനത്തിലുള്ള ഈ വർദ്ധനവുകൊണ്ടു് അഖിലേന്ത്യാതോതിൽ കോൺഗ്രസിൻെറ നില മെച്ചപ്പെട്ടുവെന്നർത്ഥമില്ല. ബീഹാർ, ഒറീസ്സ, ആസ്സാം, മദ്ധ്യപ്രദേശ്, പഞ്ചാബ്, മൈസൂർ എന്നീ സംസ്ഥാനങ്ങളിലെ നിയമസഭാതിരഞ്ഞെടുപ്പുകളിൽ 23, 11, 5, 52, 54, 28 എന്നീ ക്രമത്തിൽ കോൺഗ്രസിനു് സീററുകൾ നഷ്ടപ്പെട്ടു. കേരളത്തിൽ ഭൂരിപക്ഷം നഷ്ടപ്പെട്ടു എന്നു മാത്രമല്ല, കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ നേതൃത്വത്തിലുള്ള മന്ത്രിസഭയ്ക്കുവേണ്ടി കോൺഗ്രസിനു് വഴിമാറിക്കൊടുക്കേണ്ടതായും വന്നു. യൂ. പി. യിലാണെങ്കിൽ നൂറിലധികം സീററുകൾ കാൺഗ്രസിനു കുറഞ്ഞു. മഹാരാഷ്ട്രയിൽ നിരവധി അസംബ്ളിസീററുകളും പല ലോക്‌സഭാസീററുകളും കോൺഗ്രസിനു് നഷ്ടപ്പെട്ടു. ജനാധിപത്യപ്രതിപക്ഷത്തിൻെറ കരുത്തു് പൊതുവേ വർദ്ധിച്ചു. കേരളഗവണ്മെൻറുൾപ്പെടെ ഈ ജനാധിപത്യപ്രതിപക്ഷത്തിൻെറ നിയന്ത്രണത്തിലായിരുന്നു. (ഇന്ത്യൻ കമ്മ്യൂണിസ്റ്റ്പാർട്ടിക്കും പ്രജാസോഷ്യലിസ്റ്റ്പാർട്ടിക്കുംകൂടി 356 അസംബ്ളിസീററുകൾ നേടാൻ കഴിഞ്ഞു. ജനാധിപത്യപ്രതിപക്ഷത്തിനു ലഭിച്ച സീററുകളുടെ എണ്ണം ഇതിലും എത്രയോ കൂടുതലായിരുന്നു. ലോക്‌സഭയിൽത്തന്നെ അതു് 75 ആയി ഉയർന്നു.)

1951-52-ലെ കണക്കുകളെ അപേക്ഷിച്ചു് മൂന്നാം പൊതുതിരഞ്ഞെടുപ്പിൻെറ മൊത്തത്തിലുള്ള ശതമാനം കുറഞ്ഞിരുന്നു. ലോക്‌സഭയിലേയ്ക്കുള്ള 11 കോടി 50 ലക്ഷം വോട്ടുകളിൽ 44 75 ശതമാനവും അസംബ്ളികളിലേയ്ക്കുള്ള 11 കോടി 6 ലക്ഷം വോട്ടുകളിൽ 44.38 ശതമാനവും മാത്രമാണു് പോൾ ചെയ്തതു്. രാജസ്ഥാനിലും മദ്ധ്യപ്രദേശത്തും ഭൂരിപക്ഷം അസംബ്ളി സീററുകൾ നേടാൻ അവർക്കു കഴിഞ്ഞില്ല. എന്നാൽ മഹാരാഷ്ട്ര, ഒറീസ്സാ, ആസ്സാം എന്നീ സംസ്ഥാനങ്ങളിൽ

കോൺഗ്രസിനു് കൂടുതൽ സീററുകൾ വീണ്ടെടുക്കാൻ കഴിഞ്ഞു. ഇതിൽ മഹാരാഷ്ട്രയിൽ കോൺഗ്രസിലേയ്ക്കുള്ള ആക്കം വമ്പിച്ചതായിരുന്നു. എന്നിരുന്നാലും മൊത്തത്തിലുള്ള 2855 അസംബ്ലിസീററുകളിൽ ഭരണകക്ഷിക്കു് 1083 സീററുകൾ നഷ്ടപ്പെട്ടു (ഈ കണക്കിൽ കേരളവും ഒറീസ്സയും ഉൾപ്പെടുന്നില്ല). ലോക്സഭയിൽ ആകെയുണ്ടായിരുന്ന 489 സീററുകളിൽ കോൺഗ്രസിനു നേടാൻ കഴിഞ്ഞതു് 357+7 ആയിരുന്നു. (ഇതിൽ 7 സീററു് എതിരില്ലാതെ ലഭിച്ചതാണു്). കോൺഗ്രസിൻെറ തകർച്ചയുടെ കണക്കു് താഴെ പറയുംപ്രകാരമാണു്.

| സംസ്ഥാനം | ഒന്നാം തിരഞ്ഞെടുപ്പിനു ശേഷം | മൂന്നാം തിരഞ്ഞെടുപ്പിനു ശേഷം | പോൾചെയ്ത വോട്ടിൻെറ ശതമാനം |
|---|---|---|---|
| ബീഹാർ | 210 | 185 | 41.35 |
| മദ്ധ്യപ്രദേശം | 232 | 142 | 38.50 |
| മൈസൂർ | 151 | 139 | 50.22 |
| പഞ്ചാബു് | 120 | 90 | 43.72 |
| രാജസ്ഥാൻ | 119 | 88 | 39.99 |
| യൂ. പി. | 286 | 218 | 36.18 |

ലോക്സഭയിലും സംസ്ഥാനനിയമസഭകളിലും കൂടി പ്രതിപക്ഷത്തിനു കിട്ടിയ സീററുകൾ, പ്രതിപക്ഷത്തിനു മൊത്തത്തിൽ തിരഞ്ഞെടുപ്പിൽ ലഭിച്ച പിന്തുണ യഥാതഥമായി പ്രതിഫലിപ്പിക്കുന്നില്ലെന്നുള്ളതാണു് വസ്തുത. ഇതിനൊരു കാരണം കഴിഞ്ഞ തിരഞ്ഞെടുപ്പിൽ വളരെക്കൂടുതൽ സ്വതന്ത്രന്മാർ ഉണ്ടായിരുന്നുവെന്നതാണു്. മാത്രമല്ല, പല സ്ഥലങ്ങളിലും പ്രതിപക്ഷപാർട്ടികൾ പരസ്പരം മത്സരിച്ചതിനെത്തുടർന്നു് വോട്ടുകൾ ഭിന്നിച്ചുപോയി. പ്രതിപക്ഷപാർട്ടികൾക്കു സ്വാധീനമുണ്ടായിരുന്ന പല സീററുകളും കാൺഗ്രസിനു നേടാൻ കഴിഞ്ഞു. ബഹുജനങ്ങളോടും സമ്മതിദായകരോടുമുള്ള കടമ നിറവേററുന്നതിൽ പരാജയപ്പെട്ടാൽ ഒരുകാലത്തുണ്ടായ വിജയങ്ങൾ പിന്നീടു് പരാജയത്തിൽചെന്നു കലാശിക്കാനിടയാകുമെന്നു്, നമ്മുടെ പാർട്ടി നല്കിയിരുന്ന മുന്നറിയിപ്പു് എത്രയോ ശരിയായിരുന്നുവെന്നാണു് ഇതു കാണിക്കുന്നതു്. സത്യത്തിൽ ന്നാംപൊതുതിരഞ്ഞെടുപ്പിൻെറ ഫലങ്ങൾ എന്താണു വെളിപ്പെടുത്തുന്നതു്? നമ്മുടെ രാജ്യത്തെ സംഘടിതജനാധിപത്യ

പ്രസ്ഥാനം ബഹുജനങ്ങളുടെ വളൻവരുന്ന അതൃപ്തി വേണ്ടത്ര കണക്കിലെടുക്കാതെ വളരെ പിന്നണിയിൽ നിന്നിരുന്നുവെന്നാണ്. അതിൻെറ ഫലമായി, സ്വതന്ത്രാപ്പാർട്ടി, ജനസംഘം തുടങ്ങിയ കക്ഷികൾക്കു് ബഹുജനങ്ങളുടെ അതൃപ്തി മുതലെടുത്തു്, നേട്ടങ്ങളുണ്ടാക്കുവാൻ അവസരം നല്കി. രാജസ്ഥാൻ, മദ്ധ്യപ്രദേശം, ഗുജറാത്തു്, ഉത്തരപ്രദേശം, ബീഹാർ, ഒറീസ്സാ എന്നീ സംസ്ഥാനങ്ങൾ ഈ പാർട്ടികളുടെ ശക്തികേന്ദ്രങ്ങളായി ഉയൻവന്നു. തൊഴിലാളിവർഗ്ഗപ്രസ്ഥാനത്തിൻെറ ചില മേഖലകളൊഴിച്ചു് മററു മേഖലകളിൽ സംഘടിത ജനാധിപത്യ പ്രസ്ഥാനത്തിൻെറ സ്വാധീനം മന്ദീഭവിച്ചതായി കാണപ്പെട്ടു.

മിക്ക സംസ്ഥാനങ്ങളിലും കാൺഗ്രസ്സിനു തോല്ക്കേണ്ടിവന്നിട്ടുണ്ടെങ്കിലും മൂന്നാം പൊതുതിരഞ്ഞെടുപ്പു്, ആ സംഘടനയ്ക്കു് ഈ രാജ്യത്തുണ്ടായിരുന്ന അതിൻെറ നിലയ്ക്കു് കാര്യമായ കുറവൊന്നും വരുത്തിയിരുന്നില്ല. കാൺഗ്രസ്നേതൃത്വത്തിൻെറ തലയിൽ ഈ വസ്തുത കടന്നുകൂടി. ഭാവിയെപ്പററി വളരെ കൂടുതൽ വിശ്വാസം അവക്കുള്ളതായിട്ടാണ് തോന്നിയതു്. കാൺഗ്രസിൻെറ ഭരണകൂത്തകയ്ക്കു നേരിയ ചലനംപോലുമുണ്ടായില്ല. എന്നിരുന്നാലും ഒരു വസ്തുത കാണാമായിരുന്നു. സോഷ്യലിസത്തെപ്പററിയും, മഹത്തായ പല പദ്ധതികളും ആവിഷ്കരിച്ച, ഇല്ലെങ്കിൽ ആവിഷ്കരിച്ചുകൊണ്ടിരുന്ന, രണ്ടാം പഞ്ചവത്സരപദ്ധതിയെപ്പററിയും മററുമുള്ള അവരുടെ ഗിരിപ്രസംഗങ്ങൾ ജനങ്ങളെ ആവേശഭരിതരാക്കിയില്ല. ഭാഷയുടെ അടിസ്ഥാനത്തിലുള്ള പുനഃസംഘടനയുടെ ഫലമായിട്ടാണ് മഹാരാഷ്ട്രയിൽ കാൺഗ്രസിനു നേട്ടമുണ്ടായതു്. ആസാമിൽ അതിരുകടന്ന ഭാഷാഭ്രാന്തും വർഗ്ഗീയതയുമാണ് കാൺഗ്രസ്സുകാർ തിരഞ്ഞെടുപ്പുവിജയത്തിനുവേണ്ടി ചൂഷണം ചെയ്തതു്. ആന്ധ്രാപ്രദേശ്, പശ്ചിമബംഗാൾ, മഹാരാഷ്ട്ര എന്നിവിടങ്ങളിലെ നമ്മുടെ ശക്തികേന്ദ്രങ്ങളിൽ കൃഷകപ്രസ്ഥാനത്തിൻെറ തളർച്ച കാൺഗ്രസ്സുകാക്കു് കൂടുതൽ സീററു നേടാൻ സഹായകരമായി.

കാൺഗ്രസ്പാർട്ടിയെ സംബന്ധിച്ചിടത്തോളം നാലാം പൊതുതിരഞ്ഞെടുപ്പു് ഏതാണ്ടു് ഒരു 'ഭൂമികുലുക്കം'തന്നെ ഉണ്ടാക്കിയെന്നു പറയാം. ഞെട്ടിക്കുന്ന തിരഞ്ഞെടുപ്പുഫല

ങ്ങൾ. ഉദാഹരണത്തിന്ന് കാൺഗ്രസിനു കിട്ടിയ വോട്ടിൻെറ ശതമാനംതന്നെ ഒന്നു പരിശോധിക്കുക. മൂന്നാം തിരഞ്ഞെടുപ്പിൽ ലോക്സഭയിലേക്കുള്ള വോട്ടിൽ 47.78 ശതമാനത്തിൽ നിന്ന് 44.72 ശതമാനമായി കുറഞ്ഞു. അസംബ്ളിമണ്ഡലങ്ങളിലെ വോട്ടിംഗിൽ 45.41 ശതമാനത്തിൽനിന്ന് 44.38 ശതമാനമായി കുറഞ്ഞു. കാൺഗ്രസിൻെറ ലോക്സഭാസീററുകൾ 371-ൽനിന്ന് 358 ആയി കുറഞ്ഞു, അസംബ്ളികളിൽ 1893-ൽനിന്ന് 1759 ആയും കുറഞ്ഞു, 1957-ൽ ലോകസഭയിൽ കോൺഗ്രസിന്ന് 123-ൻെറ ഭൂരിപക്ഷമുണ്ടായിരുന്നു. എന്നാൽ മൂന്നാംതിരഞ്ഞെടുപ്പു കഴിഞ്ഞപ്പോൾ അതു് 153 ആയി. അതുപോലെ അസംബ്ളികളിൽ 1083 എന്നതു് 1113 ആയി. അതായതു് വോട്ടിംഗ്ശതമാനം കുറഞ്ഞെങ്കിലും ലോക്സഭയിലും അസംബ്ളികളിലും അതിൻെറ അംഗസംഖ്യ താരതമ്യേന വർദ്ധിച്ചു.

നാം റെവ്യൂചെയ്യുന്ന തിരഞ്ഞെടുപ്പിലാണെങ്കിൽ (നാലാം പൊതുതിരഞ്ഞെടുപ്പു്) കോൺഗ്രസിന്ന് അസംബ്ളികളിൽ 40.10 ശതമാനവും ലോക്സഭയിൽ 39.57 ശതമാനവുമായി വോട്ടിംഗ് കുറയുകയാണുണ്ടായതു്. അതായതു് അസംബ്ളികളിലേയ്ക്കുള്ള വോട്ടിംഗിൽ കോൺഗ്രസിന്ന് 4.28 ശതമാനം കുറഞ്ഞു, ലോക്സഭയിലെ സീററുകളുടെ കണക്കു നോക്കിയാൽ അതു് 358-ൽനിന്ന് 281 ആയി കുറഞ്ഞു. മറെറാരുവിധത്തിൽ പറഞ്ഞാൽ ലോക്സഭയിലേക്കുള്ള വേ ട്ടിംഗിൽ കോൺഗ്രസിന്ന് 18.7 ശതമാനം സീററു കുറഞ്ഞു. വോട്ടിൽ 5.15 ശതമാനവും. അസംബ്ളികളിലെ നില പരിശോധിച്ചാൽ 1759-ൽനിന്ന് 1690 ആയി കുറഞ്ഞു. (മൂന്നാം തിരഞ്ഞെടുപ്പിൽ ആകെ 2855 അസംബ്ളിസീററുകൾ ഉണ്ടായിരുന്നെങ്കിൽ ഇപ്പോൾ അതു് 3352 സീററുകളാണെന്നും വിസ്മരിക്കരുതു്.) കഴിഞ്ഞ മൂന്നു തിരഞ്ഞെടുപ്പുകളുടെ ഫലങ്ങളും അതിൽ കോൺഗ്രസിന്ന് വോട്ടിലും സീററിലും കിട്ടിയ ശതമാനങ്ങളുടെ തുല്യതയും പരിശോധിച്ചാൽ അതു് അസാധാരണമാണെന്നു കാണാൻ കഴിയും. വിവിധ സംസ്ഥാനങ്ങളിൽ കോൺഗ്രസിനു ലഭിച്ച വോട്ടിൻെറ ഫലങ്ങൾ ഒന്നോടിച്ചുനോക്കിയാൽ തന്നെ ഇതിൻെറ കാരണമെന്താണെന്നു വ്യക്തമാകും.

# കോൺഗ്രസ്സിന്റെ വോട്ടിംഗ്ഫലങ്ങൾ

| | 1967 | | | | 1962 | | | |
|---|---|---|---|---|---|---|---|---|
| | അസംബ്ളി | ലോക്‌സഭ | വോട്ടിംഗ്ശതമാനം അസംബ്ളി | വോട്ടിംഗ്ശതമാനം ലോക്‌സഭ | അസംബ്ളി | ശതമാനം | ലോക്‌സഭ | ശതമാനം |
| ആന്ധ്ര | 165 (285) | 35 (41) | 45.00 | 48.00 | 171 | 47.25 | 34 | 45.16 |
| ആസ്സാം | 73 (119) | 10 (14) | 43.44 | 45.89 | 79 | 47.25 | 9 | 45.16 |
| ബീഹാർ | 128 (318) | 34 (53) | 33.12 | 35.12 | 185 | 41.35 | 39 | 43.89 |
| ഗുജറാത്ത് | 92 (167) | 11 (24) | 45.89 | 49.38 | 113 | 50.84 | 16 | 52.16 |
| ഹരിയാന | 48 (81) | 7 (9) | 40.00 | 44.06 | — | — | — | — |
| കേരളം | 9 (135) | 1 (19) | 35.40 | 36.16 | — | — | 6 | 34.28 |
| മദ്ധ്യപ്രദേശ് | 167 (296) | 24 (37) | 40.66 | 40 69 | 139 | 38.54 | 24 | 39.55 |
| മദ്രാസ് | 49 (234) | 3 (39) | 41.52 | 41.69 | 139 | 46.14 | 30 | 45.26 |
| മഹാരാഷ്ട്ര | 202 (269) | 37 (45) | 47 91 | 46.20 | 215 | 51.22 | 41 | 52.89 |
| മൈസൂർ | 126 (214) | 18 (27) | 49 56 | 48 76 | 136 | 50.22 | 25 | 52.61 |
| ഒറീസ്സ | 30 (139) | 6 (20) | 30.65 | 33.22 | — | — | 13 | 55.53 |
| പഞ്ചാബ് | 48 (102) | 9 (13) | 37.42 | 37.12 | 90 | 43.72 | 14 | 37.58 |

| | അസംബ്ളി | | ലോക്സഭ | | വോട്ടിംഗ് ശതമാനം അസംബ്ളി | ലോക്സഭ | അസംബ്ളി | ശതമാനം | ലോക്സഭ | ശതമാനം |
|---|---|---|---|---|---|---|---|---|---|---|
| രാജസ്ഥാൻ | 89 | (182) | 10 | (23) | 41.44 | 39 26 | 87 | 40.02 | 14 | 37.58 |
| ഉത്തര പ്രദേശ് | 198 | (425) | 47 | (85) | 32 10 | 33.53 | 240 | 36.35 | 61 | 38.20 |
| പശ്ചിമ ബംഗാൾ | 127 | (280) | 14 | (40) | 40.24 | 39 80 | 156 | 41.29 | 22 | 46.78 |
| ഡൽഹി | — | — | 1 | (7) | — | 38.79 | — | — | | |
| ഹിമാചൽ | | | | | | | | — | 5 | 50 68 |
| പ്രദേശ് | 33 | (55) | 4 | (4) | 42.57 | 47.84 | — | — | 4 | 68.65 |
| മണിപ്പൂർ | 16 | (28) | 0 | (2) | 32.53 | 32.68 | — | — | 1 | 30.93 |
| ത്രിപുര | 27 | (30) | 2 | (2) | 57.94 | 58 20 | — | — | 0 | 42.81 |
| പോണ്ടിച്ചേരി | — | — | 1 | (1) | — | 39.80 | — | — | — | — |
| ജമ്മുകാഷ്മീർ | 31 | (58) | 3 | (4) | — | 50.52 | — | — | — | — |

[മത്സരിച്ച സീററുകളാണ് ബ്രാക്കററിൽ കൊടുത്തിട്ടുള്ളത്.]

മുകളിൽ കൊടുത്തിട്ടുള്ള പട്ടികയിൽനിന്നു് താഴെപ്പറയു ന്ന വസ്തുതകൾ വെളിവാകുന്നുണ്ടു്:—മദ്രാസ്സ്, ഉത്തരപ്രദേശം, ബീഹാർ, പശ്ചിമബംഗാൾ, ഗുജറാത്തു് എന്നീ സംസ്ഥാന ങ്ങളിലെ അസംബ്ളിവോട്ടിംഗിൽ കോൺഗ്രസിനു് ഏററവും കടുത്ത പരാജയങ്ങൾ നേരിട്ടിട്ടുണ്ടു്. 1962-ൽ അസംബ്ളി കളിലേക്കു തിരഞ്ഞെടുപ്പുനടക്കാത്ത ഒറീസായിലും കേരള ത്തിലും കോൺഗ്രസിനു് സീററുകൾ നന്നേ കുറഞ്ഞു. മദ്ധ്യ പ്രദേശത്തും ത്രിപുരയിലും മാത്രമാണു് കോൺഗ്രസിൻെറ സ്ഥിതി അല്പം അഭിവൃദ്ധിപ്പെട്ടതു്. ത്രിപുരയിൽ ഐക്യ മുന്നണിയെ കോൺഗ്രസ് പരാജയപ്പെടുത്തുകയാണുണ്ടായതു്. അൻപതു ശതമാനമോ അതിൽ കൂടുതലോ വോട്ടുകൾ കോൺഗ്ര സിനു നേടാൻ കഴിഞ്ഞതു് ത്രിപുരയിൽ മാത്രമാണു്. പൊതുവേ, ഇക്കഴിഞ്ഞ തിരഞ്ഞെടുപ്പിൽ അസംബ്ളികളേ ക്കാൾ ലോക്സഭാതിരഞ്ഞെടുപ്പുകളിലേക്കാണു് കോൺഗ്ര സിൻെറ കളി മെച്ചപ്പെട്ടിരുന്നതായി കാണുന്നതു്. കേരളം, മദ്രാസ്സ്, പശ്ചിമബംഗാൾ, യൂ. പി, ഒറീസ്സാ, ഡൽഹി എന്നിവിടങ്ങളിൽ കോൺഗ്രസിനു് കടുത്ത പ്രഹരങ്ങളാ ണേററിട്ടുള്ളതു്. ഒരു സീററെങ്കിലും കൂടുതൽ നേടാൻ കോൺ ഗ്രസിനു കഴിഞ്ഞതു് ആന്ധ്രയിലും ആസ്സാമിലും മാത്രമാണു്. ത്രിപുരയിലാണെങ്കിൽ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ്പാർട്ടിയിൽ നിന്നു് രണ്ടു സീററും കോൺഗ്രസ് പിടിച്ചെടുത്തു. പൊതുവേ അസംബ്ളികളിലേക്കുള്ള തിരഞ്ഞെടുപ്പുകളിലാണു് ജനങ്ങൾ ക്കു് കോൺഗ്രസിനോടുള്ള കടുത്തരോഷം കൂടുതൽ പ്രകടമായി ക്കണ്ടതു്. അസംബ്ളികളിൽ ഭൂരിപക്ഷം സീററുകളും നഷ്ട പ്പെട്ടു് പുറകോട്ടടിക്കപ്പെട്ട കോൺഗ്രസ്പാർട്ടി, ബീഹാർ, പഞ്ചാബ്, യൂ. പി. എന്നിവിടങ്ങളിൽ ലോക്സഭയിലേ ക്കുള്ള ഭൂരിപക്ഷം സീററുകളും നേടി. പ്രതിപക്ഷപ്പാർട്ടി കൾക്കു് അസംബ്ളികളിൽ കിട്ടിയ സീററുകൾക്കു തുല്യമായി ലോക്സഭാവോട്ടിംഗിലും ലഭിച്ചിരുന്നെങ്കിൽ, കോൺഗ്രസ് പാർട്ടിക്കു് കേന്ദ്രത്തിലും ഭൂരിപക്ഷം നഷ്ടപ്പെട്ടുമായിരുന്നു.

ഇടതുപക്ഷ ജനാധിപത്യപ്രസ്ഥാനങ്ങളിൽനിന്നാണു് കോൺഗ്രസിനു് ഏററവും ഉരത്ത അടിയേററിട്ടുള്ളതു്—(കേര

ളം, പശ്ചിമബംഗാൾ, മദ്രാസ്സ്, ബീഹാർ, ഒരതിത്തിവരെയെങ്കിലും യു. പി., പഞ്ചാബ്ബ്). പഞ്ചാബും രാജസ്ഥാനും മററൊരുതരത്തിലേ കണക്കിലെടുക്കാൻ പററൂ.

ചില സംസ്ഥാനങ്ങളിൽ ഭാഗികമായി മാത്രമാണ് ഐക്യമുന്നണി രൂപീകരിച്ചിരുന്നതെങ്കിലും പൊതുവേ തിരഞ്ഞെടുപ്പിൽ കോൺഗ്രസിൻെറ പൊളിച്ചിലിനുള്ള ഒരു കാരണം ഐക്യമുന്നണികളുടെ ആവിർഭാവംതന്നെയാണ്. (കേരളം, മദ്രാസ്സ്, മഹാരാഷ്ട്ര, പഞ്ചാബ , പശ്ചിമബംഗാൾ, ബീഹാർ, യു. പി., ആസാം.) തിരഞ്ഞെടുപ്പുധാരണകളുമെല്ലാം കോൺഗ്രസ്സേതരവോട്ടുകൾ ഭിന്നിപ്പിക്കാതിരിക്കുന്നതിനു സഹായകരമായിരുന്നു. മാത്രവുമല്ല ഇത്തവണ തനിസ്വതന്ത്രന്മാർ കുറവായിരുന്നു. (തിരഞ്ഞെടുപ്പുകമ്മീഷൻ സ്വതന്ത്രർ എന്നു വിളിക്കുന്ന കമ്മ്യൂണിസ്റ്റ്പാർട്ടിസ്ഥാനാത്ഥികളല്ല.) അതുകൊണ്ടു് കുറച്ചു് വോട്ടുകളെ ഭിന്നിപ്പിക്കുവാനേ അവക്കു കഴിഞ്ഞിട്ടുള്ളു. (കേരളം, മദ്രാസ്സ്, പഞ്ചാബ്ബ്, പശ്ചിമബംഗാൾ). ബംഗളാ കോൺഗ്രസ്സ്ഥാനാത്ഥികളേയും മററു പ്രാദേശികപ്പാർട്ടികളേയും സ്വതന്ത്രന്മാരുടെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും അവക്കെല്ലാംകൂടി 17.74 ശതമാനം വോട്ടുകൾ മാത്രമാണു് ലഭിച്ചതു്. ഇത്തവണ മുസ്ലിംജനതയിൽ നല്ലൊരുവിഭാഗം കോൺഗ്രസിൽനിന്നു് മാറിയാണ് വോട്ടു ചെയ്തതു്.

പശ്ചിമബംഗാൾ, ബീഹാർ, ഒറീസാ, കേരളം എന്നിവിടങ്ങളിൽ കോൺഗ്രസ്സ്പാർട്ടിയുടെ സംഘടനാപരമായ തകർച്ചയും കാലുമാററങ്ങളുമെല്ലാം കോൺഗ്രസിൻെറ പരാജയകാരണങ്ങളായിരുന്നു. പശ്ചിമബംഗാളിൽ സംഘടിതഇടതുപക്ഷപ്രസ്ഥാനങ്ങൾക്കു് സ്വാധീനമില്ലാതിരുന്ന ഗ്രാമീണപ്രദേശങ്ങളിൽ കോൺഗ്രസിൻെറ അടിത്തറ തോണ്ടുവാൻ ബംഗളാ കോൺഗ്രസിനു് കഴിഞ്ഞു. അതുപോലെ പട്ടണപ്രദേശങ്ങളിലെ കോൺഗ്രസിൻെറ ശക്തികേന്ദ്രങ്ങളെപ്പോലും ബംഗളാ കോൺഗ്രസിനു സ്വാധീനിക്കാൻ കഴിഞ്ഞു. കേരളത്തിലാണെങ്കിൽ കോൺഗ്രസിനകത്തെ പിളർപ്പു് ഐക്യമുന്നണിയുടെ വിജയത്തിനു വളരെ സഹായകരമായിരുന്നു.

കോൺഗ്രസ്സിന്റെ പരാജയത്തിന്റെ ഒരു സവിശേഷത, അതിന്റെ പഴയ കേന്ദ്രങ്ങളായ ബീഹാർ, യു. പി., മദ്രാസ്, ഒറീസ്സാ എന്നിവിടങ്ങളിൽ കൂടുതൽ സീററുകൾ നഷ്ടപ്പെട്ടു വെന്നതാണ്. അതോടൊപ്പം ആന്ധ്‌റയിലും ത്രിപുരയിലും ജനാധിപത്യശക്തികളുടേതായിരുന്ന പല സീററുകളിലും കോൺഗ്രസ്സ് ജയിക്കുകയും ചെയ്തു. രാജ്യത്തെ വ്യാവസായിക മേഖലകളിലും തൊഴിലാളിമണ്ഡലങ്ങളിലും കോൺഗ്രസ്സിനു പരാജയമാണുണ്ടായതു്. വിശേഷിച്ച് കേരളം, മദ്രാസ്, മഹാരാഷ്ട്രം, പശ്ചിമബംഗാൾ, ഡൽഹി എന്നിവിടങ്ങളിൽ.

കാമരാജ്, എസ്. കെ. പട്ടീൽ, സി. സുബ്രഹ്മണ്യം, ബിജു പട്നായിക്, ഗുരുമുഖ്സിംഗ് മുസാഫിർ, ഭക്തവത്സലം, പി. സി. സെൻ തുടങ്ങിയവരുടെ പരാജയത്തോടുകൂടി കോൺഗ്രസ്സുനേതൃത്വത്തിന്റെ പ്രശസ്തിതന്നെ—അങ്ങനെ എന്തെങ്കിലും ഒന്നു ശേഷിച്ചിരിപ്പുണ്ടായിരുന്നെങ്കിൽ—തകർന്നു പോയി. കേന്ദ്രത്തിലെയും സംസ്ഥാനങ്ങളിലെയുമായി ഏതാണ്ടു 90 മന്ത്രിമാർ, നാലു മുഖ്യമന്ത്രിമാരുൾപ്പെടെ, തിരഞ്ഞെടുപ്പിൽ പരാജയപ്പെട്ടു. മദ്രാസ്സിൽ ഒരു മന്ത്രിയൊഴിച്ച് എല്ലാവരും തോല്ക്കുകയാണുണ്ടായതു്. ചില കാര്യങ്ങളിൽ അല്പം പുരോഗമനചിന്താഗതി പുലർത്തിപ്പോന്ന പല പ്രശസ്തവ്യക്തികളും തോററുപോയി. കോൺഗ്രസ്സിനോടുള്ള വെറുപ്പ് അത്ര കടുത്തതായിരുന്നു.

തിരഞ്ഞെടുപ്പിൽ കൂടുതൽ വോട്ടും സീററും നേടുന്നതിനായി മദ്ധ്യപ്രദേശത്തു്, രാജകുടുംബത്തിലെ അംഗങ്ങളെയാണ് കോൺഗ്രസ്സ്സ്ഥാനാത്ഥികളായി നിറുത്തിയതു്. ഇതിൽ സ്വതന്ത്രാപാർട്ടിയെ തോല്പിക്കാൻതന്നെ അവക്കു കഴിഞ്ഞു. കോൺഗ്രസ്സിനെതിരായുള്ള ജനങ്ങളുടെ ചിന്താഗതിയും പിന്നോക്കംനിൽക്കുന്ന ജനവിഭാഗങ്ങളുടെ ചിന്താഗതികളും ചൂഷണംചെയ്യുവാനാണ് ഈ സ്ഥാനാത്ഥികളെക്കൊണ്ടുദ്ദേശിച്ചിരുന്നതു്. എന്നാൽ രാജസ്ഥാൻ, ഗുജറാത്തു്, ഒറീസ്സാ എന്നിവിടങ്ങളിൽ ഇതേ നാണയത്തിൽതന്നെ തിരിച്ചുകിട്ടി. അവിടങ്ങളിലെ ഫ്യൂഡൽ-അർദ്ധഫ്യൂഡൽശക്തികളെ മുഴവൻ സ്വതന്ത്രാപാട്ടി സംഘടിപ്പിച്ചു. രാജ്യത്തെയൊട്ടാകെ എടുത്തുനോക്കുകയാണെങ്കിൽ ജന്മിത്വത്തിനേയും മററും കൂടുതൽ ആശ്രയി

ച്ച് (രാജാക്കന്മാരേയും അവരുടെ സിൽബന്തികളേയും ഒഴിച്ച്) വൻകിടഭൂപ്രഭുക്കന്മാരുടെ സഹായത്തോടെ തിരഞ്ഞെടുപ്പിൽ മത്സരിച്ചതു് കോൺഗ്രസ്പാർട്ടീതന്നെയാണു്. അതു കൊണ്ടു് തിരഞ്ഞെടുപ്പിൽ രാജാക്കന്മാരുടെ പങ്കിനെപ്പററി കോൺഗ്രസ്സുകാരുടെ അട്ടഹാസങ്ങൾ വെറും കഴമ്പില്ലാത്തവയാണു്. കോൺഗ്രസ്സിൻെറ ഈ ചപ്പടാച്ചി ആരും അത്ര ഗൌരവമായി പരിഗണിച്ചിട്ടില്ല. ചില സ്ഥലങ്ങളിൽ കോൺഗ്രസ്സിനെതിരായി രാജാക്കന്മാർ അവരുടെ ദംഷ്ട്രകൾ കാട്ടുന്നുണ്ടെങ്കിൽ അതിൻെറ കാരണം കോൺഗ്രസ്സുതന്നെ അവരുടെ അധികാരവും സ്വത്തും നിലനിർത്താൻ സഹായിച്ചതാണു്. പശ്ചിമബംഗാളിലും മററു സ്ഥലങ്ങളിലും കോൺഗ്രസ്സിനെ സഹായിക്കാൻ ബിർളായെപ്പോലുള്ളവരാണു് മുന്നോട്ടുവന്നതു്. രാജസ്ഥാനിൽ ബിർളാ കോൺഗ്രസ്സിനെ എതിർക്കാൻ തയ്യാറായി മുന്നോട്ടുവരികയാണുണ്ടായതു്. രാജസ്ഥാൻ, ഒറീസ്സാ, ഗുജറാത്തു്, മദ്ധ്യപ്രദേശ് എന്നിവിടങ്ങളിൽ കോൺഗ്രസ്സിനു് തിരിച്ചടി ഉണ്ടായതിനുകാരണം, ഈ രാജകുടുംബങ്ങളുടെ എതിർപ്പാണെന്നുള്ളതു സത്യമാണെങ്കിലും കോൺഗ്രസ്സിനോടുതന്നെ ജനങ്ങൾക്കു കടുത്ത ശത്രുതയില്ലായിരുന്നെങ്കിൽ ഈ രാജാക്കന്മാർ ഇത്രത്തോളം വിജയിക്കുമായിരുന്നില്ല.

കോൺഗ്രസ്സിൻെറ നയങ്ങൾക്കും അവരുടെ പ്രവൃത്തികൾക്കും എതിരായി ജനങ്ങളിൽ വളൎന്നുവന്ന അതൃപ്തിയും വെറുപ്പുമാണു്, കോൺഗ്രസ്സിനെ പരാജയപ്പെടുത്തിയതു്. ഈ വസ്തുത എ. ഐ. സി. സി. കേന്ദ്രങ്ങൾപോലും ഭാഗികമായി അംഗീകരിക്കുന്നുണ്ടു്. ഈ കേന്ദ്രങ്ങളുടെ അഭിപ്രായത്തിൽ കോൺഗ്രസ്സിൻെറ പരാജയത്തിനു കാരണം, ജനവിരുദ്ധവും ജനാധിപത്യവിരുദ്ധവുമായ കോൺഗ്രസിൻെറ നയങ്ങളല്ല, പിന്നെയോ, കോൺഗ്രസ്സിൻെറ നയങ്ങൾ നടപ്പിൽവരുത്തുന്നതിൽ അവർ പരാജയപ്പെട്ടതാണത്രെ. കോൺഗ്രസിൻെറ തകച്ച് ശ്ശുത്തരവാദിയായ അവരുടെ നയങ്ങളെപ്പററി കണ്ണടക്കുവാൻ അവൎക്കു കഴിയുന്നതല്ല. രാജ്യരക്ഷാചട്ടങ്ങൾകൊണ്ടു് നഗ്നതാണ്ഡവമാടുന്നതിൽ കുപ്രസിദ്ധനും, ഗോവധവിരുദ്ധവർഗ്ഗീയ പ്രക്ഷോഭണത്തിൻെറയും പഞ്ചാബിസുബയുടെയും ചരടുവ

ലിക്കാരുടെ പ്രണേതാവും മററുമായ (ഇതെല്ലാം തിരഞ്ഞെടുപ്പി നെ സ്വാധീനിച്ചിരുന്നു) മുൻആഭ്യന്തരവകുപ്പുമന്ത്രി ശ്രീ. ഗുൽസാരിലാൽനന്ദ 'തിരഞ്ഞെടുപ്പുപാഠങ്ങളെ' സംബന്ധി ച്ചു സമപ്പിച്ച റിപ്പോർട്ട് ഏതാണ്ട് സത്യസന്ധമായിത്തന്നെ ഇപ്രകാരം പറയുന്നു:—

"ജനങ്ങൾക്കു മനസ്സിലാവാത്തതരത്തിൽ സാധനവില വദ്ധിച്ചതും ജനങ്ങളിൽ വലിയൊരു വിഭാഗത്തിന് തന്മൂല മുണ്ടായിരിക്കുന്ന ബുദ്ധിമുട്ടുകളുമാണ് ഇന്നത്തെ സാമ്പത്തികി സ്ഥിതിയുടെ ഏററവും എടുത്തുപറയത്തക്ക സവിശേഷത. അന്യായങ്ങൾക്കും അനീതികൾക്കും എതിരായി ജനങ്ങൾക്കുണ്ടാ യിരുന്ന പരാതികൾ പലപ്പോഴും ആരും ചെവിക്കൊണ്ടിരുന്നി ല്ല. നിലവിലുള്ള അഴിമതികളുടേയും കുഴപ്പങ്ങളുടേയുംനേരെ നാം എതിർപ്പോ ഉല്ക്കണ്ഠപോലുമോ പ്രദർശിപ്പിച്ചിരുന്നില്ല. സാമൂഹ്യവിരുദ്ധവും സദാചാരവിരുദ്ധവുമായ നടപടികൾ നമ്മുടെ സാമ്പത്തികപുരോഗതിയേയും നമ്മുടെ സാമൂഹ്യലക്ഷ്യ ങ്ങൾ സാക്ഷാത്ക്കരിക്കുന്നതിനേയും എങ്ങിനെ തടസ്സപ്പെടുത്തി യെന്ന് ആരും വിലയിരുത്തിയിരുന്നില്ല.

ഭരണത്തിൻെറ ചട്ടക്കൂട്ട് അഴിച്ചുപണിയുവാനോ പരി ഷ്കരിക്കുവാനോ നാം വേണ്ടത്ര ശ്രദ്ധിച്ചില്ല. അതുകൊണ്ട് ഗവണ്മെൻറിൻെറ നയങ്ങളും പരിപാടികളും നടപ്പിലാക്കുന്ന തിൽ തടസ്സങ്ങൾ നേരിട്ടു. പൊതുമേഖലയുടെ നടത്തിപ്പിലും സാമ്പത്തികനിയന്ത്രണത്തിലും മററും ഗവണ്മെൻറ് ഏറെറടു ത്തിരുന്ന ഉത്തരവാദിത്വം വിജയകരമായി നടപ്പിലാക്കുന്നതിന് ഗവണ്മെൻറിനു കഴിഞ്ഞില്ല. അതുപോലെ സാമ്പത്തിക സ്ഥിതി പൊതുവെ വളരെ മോശമായിരുന്നു. നാണയവില വെട്ടിക്കുറച്ചുകൊണ്ടുള്ള തീരുമാനം വന്നപ്പോൾ അതു് രാഷ്ട്ര ത്തിന് വളരെ വേദനാജനകമായിരുന്നു. നാണയവിലക്കുറ വിൻെറ സാമ്പത്തികഭവിഷ്യത്തുകൾകൊണ്ടുമാത്രം അതിനെ വിലയിരുത്തുന്നതു ശരിയാണെന്നു തോന്നുന്നില്ല. ഈ സംഭവ ങ്ങളുടെയെല്ലാം മൊത്തത്തിലുള്ള ഫലവും അതു ജനങ്ങളിൽ ഉളവാക്കുന്ന ഫലവും എന്താണെന്നു് നാം ശ്രദ്ധിച്ചില്ലെന്നുമാത്ര മല്ല മുന്നറിയിപ്പുകൾക്കും താക്കീതുകൾക്കും നാം തീരെ വിലകല്പി ച്ചതുമില്ല."

ഇതിൻെറയെല്ലാം അനന്തരഫലങ്ങൾ പൂർണ്ണമായിട്ടുണ്ടെന്നോ, ഈ സ്ഥിതിഗതികൾ സംജാതമാക്കിയ ശക്തികൾ അവരുടെ കഴിവു മുഴവൻ പ്രയോഗിച്ചുകഴിഞ്ഞുവെന്നോ ധരിക്കരുതു്. നമ്മുടെ രാഷ്ട്രീയജീവിതത്തിൽ ആരംഭിച്ചിരിക്കുന്ന ഈ പുതിയ ഘട്ടത്തിൻേറയും പുതിയ പ്രക്രിയയുടേയും അവസാനം ഇനിയും ആയിട്ടില്ല. ഈ പോക്കു് തടഞ്ഞില്ലെങ്കിൽ ഇതിനിയും വളരാനാണു് സാദ്ധ്യത.

ജനാധിപത്യവിരുദ്ധവും ജനവിരോധപരവുമായ കോൺഗ്രസ്ഗവണ്മെൻറിൻെറ നയപരിപാടികളും അഴിമതികളുടെ കുംഭകോണങ്ങളും ആണു് കോൺഗ്രസ്സിനെതിരായി ബഹുജനങ്ങളുടെ വിരോധം ആളിക്കത്തിച്ചതെന്നുള്ളതിനു് വലിയ വാദമുഖങ്ങളൊന്നും ആവശ്യമില്ല. കോൺഗ്രസ്സിതരഗവണ്മേൻറുകളുടെ ഭാവിപ്രവത്തനത്തിനു് സഹായകരമായ നിലയ്ക്കു് ഒരു വസ്തുത ഇവിടെ ഊന്നിപ്പറയേണ്ടിയിരിക്കുന്നു. ബഹുജനങ്ങളുടെ ദൈനംദിനജീവിതപ്രശ്നങ്ങളെ സംബന്ധിച്ച കാര്യത്തിൽ കോൺഗ്രസ്സ്സക്കാരിനുണ്ടായിരുന്ന നയങ്ങളാണു് പ്രധാനമായും കാൺഗ്രസ്സിൻെറ പരാജയത്തിനിടയാക്കിയതു്. സാധനങ്ങളുടെ വദ്ധിച്ചുവരുന്ന വിലക്കയററമാണെന്നു തോന്നുന്നു ഈ പരാജയത്തിനിടയാക്കിയ ഏററവുംവലിയ സഹായകരമായ വസ്തുത. നമ്മുടെ ദേശീയമായ അന്തസ്സു് കോൺഗ്രസ്സിൻെറ ഹസ്തങ്ങളിൽ സുരക്ഷിതമല്ലെന്നു് നമ്മുടെ ജനത ആദ്യമായി കാണുകയുണ്ടായി. രൂപയുടെ വില വെട്ടിക്കുറച്ച തോടുകൂടി ജനങ്ങൾക്കെതിരായ അവസാനത്തെ പ്രഹരവുമായി.

നാലാമതു പൊതുതിരഞ്ഞെടുപ്പിനെ ലോകപരിതഃസ്ഥിതികളിൽനിന്നു വേറിട്ടുകാണാൻ പററുകയില്ല. ഇന്ത്യയോടു് അമേരിക്കയ്ക്കുള്ള പുത്തൻകൊളോണിയലിസ്റ്റ്ഉദ്ദേശങ്ങൾക്കും ഏഷ്യൻമേഖലയിൽത്തന്നെ അടുത്തകാലത്തായി അമേരിക്കയ്ക്കുള്ള തന്ത്രങ്ങൾക്കും ഏററ പ്രഹരംതന്നെയായിരുന്നു തിരഞ്ഞെടുപ്പുഫലങ്ങൾ. വിസ്തൃതമായ ഈ മേഖലയിൽ ആക്രമണപരവും പുത്തൻകൊളോണിയലിസ്ററുമായ ഉദ്ദേശലക്ഷ്യങ്ങൾ നടപ്പിലാക്കുന്നതിനു് ഇന്ത്യയെ കരുവാക്കുവാനും കോൺഗ്രസ്സു ഭരണകൂടത്തെ പ്രയോജനപ്പെടുത്തുവാനും അമേരിക്കക്കാർ

വളരെ മുതൽമുടക്കിയിരുന്നു. ഇന്ത്യയുടെ കോളണിവിരുദ്ധ-സാമ്രാജ്യത്വവിരുദ്ധനയത്തിൻെറ വായ്ത്തലമടക്കുവാനും അതു സ്തംഭിപ്പിക്കുവാനും ഉന്നംവച്ചുകൊണ്ടു് അമേരിക്കക്കാർ പ്രവത്തിച്ചിരുന്നതും ഇതേ ലക്ഷ്യം വച്ചുകൊണ്ടുതന്നെയാണു്. നീചമായ ഈ ഉദ്ദേശങ്ങളോടുകൂടിത്തന്നെ അമേരിക്ക ഇന്ത്യൻ തിരഞ്ഞെടുപ്പിലും വലിയതോതിൽ ഇടപെടുകയുണ്ടായി. തിരഞ്ഞെടുപ്പുഫലങ്ങളും കോൺഗ്രസ്സിൻെറ ദയനീയമായ പരാജയവും കാണിക്കുന്നതു് അമേരിക്കയുടെ ഈ കളി ഈ രാജ്യത്തു് അത്ര നിഷ്പ്രയാസം വിജയിക്കാൻപോകുന്നില്ലെന്നാണു്. രൂക്ഷമായ എതിപ്പിനെ നേരിടാതെ അമേരിക്കയുമായി കൂട്ടുചേരുവാൻ ഇന്ത്യൻദേശീയബൂർഷ്വാസിയെ നമ്മുടെ ജനത അനുവദിക്കാൻപോകുന്നില്ലെന്നുള്ളതാണു വസ്തുത. കോൺഗ്രസ്സിനെതിരായിട്ടുണ്ടായ മഹത്തായ തിരഞ്ഞെടുപ്പുവിജയങ്ങളുടെ ക്രിയാത്മകമായ അന്തർദേശീയപ്രാധാന്യം ഇതിലാണു് സ്ഥിതിചെയ്യുന്നതു്.

കോൺഗ്രസിൻെറ തകച്ചയെ വിലയിരുത്തുമ്പോൾ, ഇന്നത്തെ സ്ഥിതിഗതികളുടെ ചില പ്രധാനപ്പെട്ട വസ്തുതകൾ കൂടി നാം കണക്കിലെടുക്കേണ്ടതുണ്ടു്. വോട്ടിംഗിൻെറ അടിസ്ഥാനത്തിൽ ഏററവുംവലിയ ഏകകക്ഷി ഇന്നും കോൺഗ്രസ്സുതന്നെയാണെന്നുള്ള വസ്തുതയാണു് നാം ആദ്യമായി കാണേണ്ടതു്. പതിനൊന്നു സംസ്ഥാനങ്ങളിൽ കോൺഗ്രസിനു് അസംബ്ളിവോട്ടിംഗിൽ 40 ശതമാനത്തിൽ കൂടുതൽ വോട്ടുകളുണ്ടു്. ഇതിൽത്തന്നെ അഞ്ചു സംസ്ഥാനങ്ങളിൽ 45 ശതമാനമോ അതിലേറെയോ വോട്ടുകൾ കോൺഗ്രസിനുണ്ടു്. എല്ലാ അസംബ്ളിമണ്ഡലങ്ങളിലും മത്സരിച്ചതിൻെറ അടിസ്ഥാനത്തിലാണു് ഇത്രയും വോട്ടുകൾ നേടിയതെന്നുള്ളതു് ഒരു സത്യമാണു്. എന്നാൽ പോൾ ചെയ്ത 150,966,365 വോട്ടുകളിൽ 57,153,632 വോട്ടുകൾ കോൺഗ്രസുപാട്ടിക്കു ലഭിച്ചു എന്ന വസ്തുത (40.10 ശതമാനം) യാതൊരു കാരണവശാലും കുറച്ചു കാണാൻ പാടില്ലാത്തതാണു്. മറേറതു പാട്ടിയേക്കാളും രാജ്യത്തിൻെറ എല്ലാ മുക്കിലും മൂലയിലും വ്യാപിച്ചുകിടക്കുന്നതും കോൺഗ്രസുപാട്ടിയാണു്. കേരളത്തിലും തമിഴ്നാട്ടിലുംമാത്രമാണു് സംയുക്തകക്ഷികൾ കോൺഗ്രസിനെ പരാജയപ്പെടുത്തിയ

തു്. കോൺഗ്രസിൻെറ ശക്തികേന്ദ്രങ്ങൾ ഇപ്പോഴും ഗ്രാമപ്രദേശങ്ങളാണെന്നു് കാണാവുന്നതാണു്. ഈ ഗ്രാമപ്രദേശങ്ങളിൽ ത്തന്നെയാണു് നമ്മുടെ സംഘടിതജനാധിപത്യപ്രസ്ഥാനങ്ങൾ നന്നേ ക്ഷീണിച്ചിട്ടുള്ളതെന്നുള്ളതും വിസ്മരിക്കരുതു്. മദ്ധ്യപ്രദേശത്തെ ഫലങ്ങൾ എന്താണു് കാണിക്കുന്നതു്? നഷ്ടപ്പെട്ടുപോയ സ്ഥലങ്ങൾ വീണ്ടെടുക്കാൻ കോൺഗ്രസ്സിനുള്ള ശക്തി ഇനിയും നശിച്ചിട്ടില്ല—വിശേഷിച്ച് പ്രതിപക്ഷപ്പാർട്ടികൾ തമ്മിൽ തല്ലി തലകീറുകയാണെങ്കിൽ! ആന്ധ്റാപ്രദേശത്തിലെ തിരഞ്ഞെടുപ്പുഫലങ്ങൾ അവസാനംപറഞ്ഞതിൻെറ ദുഃഖകരമായ ഒരുദാഹരണമാണു്. കഴിഞ്ഞ പതിനഞ്ചുവർഷത്തെ നേട്ടങ്ങളെയും, ഭിന്നിച്ചുപോയ ത്രിപുര-ജനകോൺഗ്രസുൾപ്പെടെയുള്ള എല്ലാ പ്രതിപക്ഷപ്പാർട്ടികളുടെ ഐക്യത്തേയും നിഷ്പ്രഭമാക്കുവാൻ ഒററയടിക്കു് ത്രിപുരയിൽ കോൺഗ്രസ്സിനു കഴിഞ്ഞു. ഭരണകക്ഷിയുടെ രാഷ്ട്രീയ ഉപജാപങ്ങൾ ഇവിടെ വിജയിച്ചു എന്നാണർത്ഥം.

മഹാരാഷ്ട്രയും, മൈസൂറും കോൺഗ്രസിൻെറ പിടിയിൽ തന്നെ അമന്നിരിക്കുകയാണു്. മഹാരാഷ്ട്രയിലാണെങ്കിൽ 1962-ലെ തിരഞ്ഞെടുപ്പിൽ 51.22 ശതമാനം വോട്ടു കോൺഗ്രസിനു ലഭിച്ചെങ്കിൽ ഇക്കഴിഞ്ഞതവണ 47.91 ശതമാനമാണു ലഭിച്ചതു്. അസംബ്ളിസീററാണെങ്കിൽ 215-ൽനിന്നു് 202 സീററായി ചുരുങ്ങി. ഈ വസ്തുത നമ്മുടെ പ്രസ്ഥാനം വളരെ ശ്രദ്ധിച്ചു മനസ്സിലാക്കേണ്ടതാണു്. ഇന്ത്യയുടെ രാഷ്ട്രീയവും സാമ്പത്തികവുമായ ചട്ടക്കൂട്ടിൽ മഹാരാഷ്ട്രക്കു് അതിൻേറതായ പ്രാധാന്യമുണ്ടു്. മദ്ധ്യപ്രദേശാണു് കോൺഗ്രസിൻെറ മറെറാരു ശക്തിദുർഗ്ഗം. ഈ നാലു സംസ്ഥാനങ്ങളിലെ ലോകസഭാസീററുകൾ കോൺഗ്രസിനു് 25 ശതമാനമെങ്കിലും കുറഞ്ഞിരുന്നെങ്കിൽ കേന്ദ്രത്തിൽ കോൺഗ്രസിനു് ഇന്നു് ഭൂരിപക്ഷമുണ്ടാകുമായിരുന്നില്ല. ആന്ധ്ര, മഹാരാഷ്ട്ര, മൈസൂർ എന്നീ സംസ്ഥാനങ്ങളിൽ ജനാധിപത്യപാർട്ടികൾ ബഹുജനങ്ങൾക്കിടയിലുള്ള പ്രവർത്തനം അഭിവൃദ്ധിപ്പെടുത്തിയാൽമാത്രമേ ഈ സ്ഥിതിക്കു മാററംവരുത്താൻ പററുകയുള്ളു.

## സ്വതന്ത്രാപാർട്ടിയുടേയും ജനസംഘത്തിന്റേയും തള്ളിക്കയററം

1951-52 ലെ പൊതുതിരഞ്ഞെടുപ്പുകാലത്തു് ജനസംഘത്തിനു് 28,66,566 വോട്ടുകളാണു് ലഭിച്ചതു്. അതായതു്, 2.67 ശതമാനം വോട്ടു്! ലോക്‌സഭയിലേക്കുള്ള പോളിംഗിൽ ജനസംഘത്തിനു് 32,46,288 വോട്ടുകൾ, അല്ലെങ്കിൽ 3.1 ശതമാനം വോട്ടുകളാണു ലഭിച്ചതു്. ഹിന്ദുമഹാസഭ, രാമരാജ്യപരിഷത്തു് എന്നീ ഗ്രൂപ്പുകളും പാർട്ടികളുമായി യോജിച്ചപ്പോഴും ലോക്‌സഭയിൽ പത്തുസീററുകളും, അസംബ്ളികളിൽ 87 സീററുകളുമാണു് അവക്കു് നേടാൻകഴിഞ്ഞതു്. മൊത്തത്തിലുള്ള പോളിംഗ് 4.5 ശതമാനം, 7.3 ശതമാനം എന്നീ ക്രമത്തിലാണു്. ഈ 87 അസംബ്ളിസീററുകളിൽ 51 എണ്ണം രാജസ്ഥാനിലും മദ്ധ്യഭാരതത്തിലുമാണു്. ഒറീസ്സായിലെ ഗണതന്ത്രപരിഷത്തു് 7.6 ലക്ഷം വോട്ടുകളും 31 സീററുകളും നേടി. കോൺഗ്രസിനു് തീരെ സ്വാധീനമില്ലാതിരുന്ന നാലു ജില്ലകളിലാണു് പരിഷത്തിനു് ഈ വിജയമുണ്ടായതു്. കോൺഗ്രസ്‌വിരുദ്ധവോട്ടുകളിൽ ഭൂരിപക്ഷവും ഇടതുപക്ഷ–ജനാധിപത്യപ്പാർട്ടികൾക്കാണു് ലഭിച്ചതു്. ഇടതുപക്ഷത്തിന്റെ നേട്ടങ്ങളുടെ മുമ്പിൽ, ജനസംഘത്തിന്റേയും അതിന്റെ സഖ്യശക്തികളുടേയും വിജയം നിഷ്പ്രഭമാണു്.

രണ്ടാം പൊതുതിരഞ്ഞെടുപ്പുകാലത്തു് ജനസംഘത്തിനു് വലിയ അഭിവൃദ്ധി നേടാൻ കഴിഞ്ഞു. പാർലമെൻറുതിരഞ്ഞെടുപ്പിൽ ജനസംഘത്തിനു് 67 ലക്ഷം വോട്ടുകൾ ലഭിച്ചു. എന്നാൽ ലോക്‌സഭയിൽ അതിന്റെ അംഗസംഖ്യ മൂന്നിൽനിന്നു് നാലായിമാത്രമാണുയന്നതു്. ജനസംഘം നാലുപാടും വ്യാപിക്കാൻ തുടങ്ങി. ജനസംഘം, റിപ്പബ്ളിക്കൻപാർട്ടി (ആർ. ആർ. പി), എച്ചു്. എം. എന്നീ പാർട്ടികളുടെ മൊത്തത്തിലുള്ള വോട്ടുകൾ 87 ലക്ഷമായി ഉയന്നു. അതേസമയം ഈ പാർട്ടികൾക്കു് മുൻതിരഞ്ഞെടുപ്പിൽ ലഭിച്ചതു് 63.6 ലക്ഷം വോട്ടുകളായിരുന്നു. കൂടുതൽ വോട്ടുകൾ

നേടാൻ കഴിഞ്ഞതു് ജനസംഘത്തിനുതന്നെയായിരുന്നു. ഒറീസ്സായിലെ ഗണതന്ത്രപരിഷത്തു് 1952-ൽ 8 ലക്ഷം വോട്ടുകൾ നേടിയപ്പോൾ കഴിഞ്ഞ തിരഞ്ഞെടുപ്പിൽ 13.9 ലക്ഷം വോട്ടുകളാണു നേടിയതു്. നിയമസഭയിലാണെങ്കിൽ 31 സീററുകളിൽനിന്നു് 51 സീററുകളായി ഗണതന്ത്രപരിഷത്തിൻെറ സ്ഥാനം ഗണ്യമായി ഉയൎന്നു. പണ്ടു് 5 ലോക്സഭാസീററുകളുണ്ടായിരുന്നിടത്തു് 7 സീററുകളായി. ഗണതന്ത്രപരിഷത്തു് അതിൻെറ സ്വാധീനശക്തി വളൎത്തുകയും കോൺഗ്രസിനോടുള്ള ജനങ്ങളുടെ വെറുപ്പു് മുതലെടുക്കുകയും ചെയ്യുന്നതായി കാണപ്പെട്ടു. ബീഹാറിലെ രാംഗാർരാജാവിൻെറ ജനതാപരിഷത്തു് നിയമസഭയിലെ 11 സീററുകളിൽനിന്നു് 23 ആയി അഭിവൃദ്ധിപ്പെട്ടു. ഇതൊക്കെയുണ്ടായിട്ടും കോൺഗ്രസിനെ വെല്ലുവിളിച്ചുകൊണ്ടു് പ്രധാനപ്രതിപക്ഷമായി രംഗത്തു വന്നതു് ഇടതുപക്ഷപാർട്ടികളാണു്. പാർലമെൻറിലേക്കുള്ള തിരഞ്ഞെടുപ്പിൽ ജനാധിപത്യപ്രതിപക്ഷത്തുള്ള പാർട്ടികൾ ക്കെല്ലാംകൂടി (31 മില്യൻ) മൂന്നുകോടി പത്തുലക്ഷം വോട്ടുകളും 75 സീററുകളും നേടാൻ കഴിഞ്ഞിട്ടുണ്ടു്.

പ്രതിപക്ഷകക്ഷികളിൽ ഇടതുപക്ഷപാർട്ടികളാണു് നേതൃത്വത്തിൽ മുദ്രപതിപ്പിച്ചതു്. ഇതിൽതന്നെ ഇന്ത്യൻകമ്മ്യൂണിസ്റ്റ് പാർട്ടിയാണു് ഏററവും പ്രബലമായി വളൎന്നതു്. വലതുപക്ഷപാർട്ടികളിലേക്കു വോട്ടു തിരിഞ്ഞുപോയിട്ടുണ്ടെന്നും അന്നു് ആരും പറഞ്ഞില്ല. എന്നാൽ രണ്ടാംപൊതുതിരഞ്ഞെടുപ്പു് ഒരു മുന്നറിയിപ്പായിരുന്നു. ജനാധിപത്യപ്രസ്ഥാനം ക്ഷീണിച്ചുകിടന്ന സ്ഥലങ്ങളിൽ വലതുപക്ഷപാർട്ടികൾ വളരാൻ തുടങ്ങിയിരുന്നു. യു. പി-യിലും മദ്ധ്യപ്രദേശത്തും ജനസംഘത്തിനു് അസംബ്ളിയിലേക്കു ലഭിച്ച വോട്ടുകൾ യഥാക്രമം 21,57,833 (9.84 ശതമാനവും) 7,33,315 (9.89ശതമാനവും) ആയിരുന്നു. 1957-ലെ ലോക്സഭയിലേക്കുള്ള വോട്ടിംഗ് കണക്കുകൾ 33,85,247 (14.79 ശതമാനവും) 10,62,936 (13.96 ശതമാനവും) ആയിരുന്നു. ബീഹാർ, പഞ്ചാബ്, രാജസ്ഥാൻ, മൈസൂർ, മഹാരാഷ്ട്ര, ഡൽഹി എന്നിവിടങ്ങളിൽ ജനസംഘം മുന്നോട്ടു വന്നിരുന്നു.

മൂന്നാം പൊതുതിരഞ്ഞെടുപ്പിൽ ജനസംഘം മുന്നോട്ടുകയറിയെന്നു മാത്രമല്ല അതിൻെറ മുദ്ര പതിപ്പിക്കുകയും ചെയ്തു. അസംബ്ളിതിരഞ്ഞെടുപ്പുകളിൽജനസംഘത്തിനു 63,70,893 വോട്ടും (6.07 ശതമാനം) 116 സീററും കിട്ടി. 1957-ലാണെങ്കിൽ 46 സീററുകളും, 1952-ൽ 35 സീററുകളുമാണ് ലഭിച്ചിരുന്നതു്. ലോക്സഭയിലേക്കുള്ള വോട്ടിംഗിലും ജനസംഘത്തിൻെറ വോട്ട് 71,49,824 (5.39 ശതമാനം) ൽ നിന്നു് 74,15,170 (6.44 ശതമാനം) ആയി അല്പം വദ്ധിച്ചു. സീററുകളാണെങ്കിൽ നാലിൽനിന്നു് 14 ആയി വദ്ധിച്ചു. യു. പി-യിൽനിന്നു് 49 അസംബ്ളിസീററും 3 ലോക്സഭാസീററുകളുമാണു ജന സംഘത്തിനുലഭിച്ചതു്. നാലു സംസ്ഥാനങ്ങളിൽ ജനസംഘത്തിനു് പാർലമെൻറുസീററുകളും അഞ്ചു സംസ്ഥാനങ്ങളിൽ അസംബ്ളിസീററുകളും ലഭിക്കുകയുണ്ടായി. ജനസംഘം മത്സരിച്ച എല്ലാ സംസ്ഥാനങ്ങളിലും അവക്കു് ഗണ്യമായ തോതിൽ കൂടുതൽ വോട്ടുകൾ ലഭിച്ചു. പശ്ചിമബംഗാൾ, പഞ്ചാബ് എന്നിവിടങ്ങളിൽ മാത്രമാണു് ഇതിൽനിന്നു വ്യത്യസ്തമായ അനുഭവം ഉണ്ടായതു്. അവിടെ അവക്കു് വോട്ടു നന്നേ കുറഞ്ഞു.

മൂന്നാം പൊതുതിരഞ്ഞെടുപ്പുകാലത്താണു് സ്വതന്ത്രാപാട്ടി ആദ്യമായി പ്രത്യക്ഷപ്പെട്ടതു്. അന്നു് അവക്കു് അസംബ്ളികളിൽ 77,88,335 (7.42 ശതമാനം) വോട്ടുകളും 166 സീററുകളും പാർലമെൻററിലേക്കുള്ള വോട്ടിംഗിൽ 90,85,254 (7.89 ശതമാനം) വോട്ടുകളും 18 സീററുകളും ലഭിച്ചിരുന്നു. ഒറീസ്സായിലെ ഗണതന്ത്രപരിഷത്തു് (പിന്നീട് സ്വതന്ത്രാപാർട്ടിയിൽ ലയിച്ചു) 37 അസംബ്ളിസീററുകളും 4 പാർലമെൻറുസീററുകളും സ്വതന്ത്രാക്കു നേടിക്കൊടുത്തു. ബിഹാർ, രാജസ്ഥാൻ, ഗുജറാത്തു്, ആന്ധ്റപ്രദേശ്, യു. പി. എന്നിവിടങ്ങളിൽനിന്നാണു് സ്വതന്ത്രാപാർട്ട്ക്കു് അസംബ്ളിസീററുകൾ നേടാൻ കഴിഞ്ഞതു്. ബീഹാറിലെ രാംനഗർ രാജാവും അദ്ദേഹത്തിൻെറ 50 എം. എൽ. ഏ-മാരും സ്വതന്ത്രാപാർട്ടിയിൽ ചേന്നതുകൊണ്ടു് ബീഹാറിൽ സ്വതന്ത്രാപാർട്ടിക്കു് 50 അസംബ്ളിസീററുകൾ ലഭിച്ചു. രാജസ്ഥാനിൽ 36, ഗുജറാത്തിൽ 26, ആന്ധ്റയിൽ 19, യു. പി-യിൽ 15, ബീഹാറും ഗുജറാത്തുംകൂടി 7, 4 എന്നീ ക്രമത്തിൽ

പാർലമെൻറുസീററുകൾ നേടി. രാജസ്ഥാനിലും യു. പി. യി ലും മൂന്നുവീതവും ആന്ധ്റയിൽ ഒരേഒരു സീററും മാത്രമാണ് അവക്കു ലഭിച്ചതു്. ജനാധിപത്യപ്രസ്ഥാനം തീരെ ഇല്ലാത്ത പ്രദേശങ്ങളും ജന്മിത്വത്തിൻെറ സ്വാധീനമേഖലകളുമാണ് സ്വതന്ത്രാപാർട്ടിയുടെ പ്രധാനശക്തികേന്ദ്രങ്ങൾ.

ജനസംഘം, സ്വതന്ത്രാ എന്നീ പാർട്ടികൾക്കു് ഈ നേട്ട ങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയും പി. എസ്സ്. പി–യുംകൂടി അവരവരുടെ ചിഹ്നത്തിൽ ലോക് സഭയിലേയ്ക്കു് 41 സീററുകൾ ( 29 + 12 ) നേടുകയുണ്ടായി. അസംബ്ളികളിലേയ്ക്കു് 302 സീററുകളും (153 + 149) നേടി. ഒറീസ്സയിലും കേരളത്തിലും അസംബ്ളിതിരഞ്ഞെടുപ്പും ഉണ്ടാ യിരുന്നില്ല. ജനസംഘത്തിൻേറയും സ്വതന്ത്രാപാർട്ടിയുടേയും ലോക്സഭയിലെ കൂട്ടായ അംഗസംഖ്യ 32–ം, അസംബ്ളി കളിൽ ആകെ 282–ം ആയിരുന്നു.

ഇന്ത്യൻപ്രതിപക്ഷത്തിലെ ഏററവും പ്രബലമായ ഘട കം ഇടതുപക്ഷജനാധിപത്യപാർട്ടികളാണ്. എങ്കിലും ജന സംഘവും സ്വതന്ത്രാപാർട്ടിയും, കമ്മ്യൂണിസ്റ്റ്–പി. എസ്സ്. പി. പാർട്ടികളെ അപേക്ഷിച്ചു് വളരെ വേഗതയിലാണ് വളൎന്ന തു്. ഇതിൽനിന്നു് വ്യത്യസ്തമാണ് ഡി. എം. കെ. ആകെ 35 ലക്ഷം വോട്ടുകളും 50 അസംബ്ളിസീററുകളുമാണ് ദ്രാവി ഡമുന്നേററകഴകം നേടിയതു്.

ചുരുങ്ങിയൊരുകാലംകൊണ്ടു് പെട്ടെന്നുള്ള വളൎച്ചമൂലം, ജനസംഘവും സ്വതന്ത്രാപാർട്ടിയും കോൺഗ്രസിൻെറശക്തികേ ന്ദ്രങ്ങളിൽ അതിനൊരു വെല്ലുവിളിയായി ഉയൎന്നിരിക്കുന്നു. (ഉദാ: യു. പി., മദ്ധ്യപ്രദേശ്, രാജസ്ഥാൻ, ഗുജറാത്ത്, ഒറീസ്സാ, ബീഹാർ). ഈ പാർട്ടികൾ പുതിയ മേഖലകളിലേയ്ക്കു് വ്യാപിക്കുകയായിരുന്നു. അസംതൃപ്തരായ ജനങ്ങൾ ഈ രണ്ടു പാർട്ടികളുടേയും സ്വാധീനവലയത്തിൽപെടുന്നതിൻെറ ആപ ത്തു് ചൂണ്ടിക്കാണിച്ചുകൊണ്ടു് എല്ലാ ജനാധിപത്യപ്രസ്ഥാന ങ്ങളുടേയും ശ്രദ്ധ ദേശീയകൌൺസിൽ ക്ഷണിക്കുകയുണ്ടായി. ഈ പാർട്ടികളുടെ വളൎച്ചയെ തടയുവാൻ ഇടതുപക്ഷപാർട്ടി കൾക്കു കഴിഞ്ഞില്ല എന്നുള്ളതാണ് മൂന്നാംതിരഞ്ഞെടുപ്പിൻെറ

ഫലങ്ങൾ തെളിയിക്കുന്നതു്. ബഹുജനങ്ങളുടെ അതൃപ്തി വളർന്നുവരുന്നതിൻെറ തോതു് അറിയുന്നതിലും ജനസംഘം-സ്വതന്ത്രാപാർട്ടികളുടെ വളർച്ചയെ അപേക്ഷിച്ചും ഇടതുപക്ഷപാർട്ടികൾ വളരെ പിറകിലാണെന്നു് തെളിഞ്ഞുകഴിഞ്ഞിരുന്നു.

മൂന്നും നാലും പൊതുതിരഞ്ഞെടുപ്പുകളുടെകാലത്തിനിടയ്ക്കു്, സ്വതന്ത്രാപാർട്ടി, ജനസംഘം എന്നീ പ ട്ടികളുടെ കേന്ദ്രങ്ങളിൽ ജനാധിപത്യപ്രസ്ഥാനം വളരെ മോശമായി. ഇപ്പോഴത്തെ സ്ഥിതി താഴെപ്പറയുന്നതുപോലെയാണു്:—

ജനസംഘത്തിൻെറ അസംബ്ളിവോട്ട് 6.4 മില്യനിൽ നിന്നു് (6.07 ശതമാനം) 12.45 മില്യനായി (8.74 ശതമാനം) ഉയൎന്നിട്ടുണ്ടു്. അസംബ്ളിസീററുകളാണെങ്കിൽ 116-ൽനിന്നു് 265 ആയി വൎദ്ധിച്ചു. 1962-ൽ ജനസംഘത്തിനു് ജയിക്കാൻ കഴിഞ്ഞ സീററുകൾ 5 സംസ്ഥാനങ്ങളിൽമാത്രമാണു്. (യു.പി., മദ്ധ്യപ്രദേശം എന്നിവിടങ്ങളിൽ 49, 41 എന്ന തോതിലായിരുന്നു.) ഇത്തവണത്തെ തിരഞ്ഞെടുപ്പിൽ 11 സംസ്ഥാനങ്ങളിൽ അവർ സീററുകൾ നേടിയിട്ടുണ്ടു് (ഹരിയാനയിൽ ഉൾപ്പെടെ). യു. പി-യിൽ ജനസംഘത്തിൻെറ സീററു് 97 ആയി വൎദ്ധിച്ചപ്പോൾ മദ്ധ്യപ്രദേശ്അസംബ്ളിയിൽ അവർ 18 ആയി കുറഞ്ഞു. (കോൺഗ്രസ്സാണിവിടെ നേടിയതു്.) പാർലമെൻറിലാണെങ്കിൽ ജനസംഘത്തിൻെറ വോട്ടുകൾ 7.4 മില്യനിൽനിന്നു് (6.44 ശതമാനം) 13.4 മില്യനായും (8.95 ശതമാനം) സീററുകൾ 14-ൽനിന്നു് 35 ആയും വൎദ്ധിച്ചിട്ടുണ്ടു്. ഈ സീററുകൾ ആറു സംസ്ഥാനങ്ങളിൽനിന്നാണു ലഭിച്ചതു്. ഡൽഹി, യു. പി., മദ്ധ്യപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ യഥാക്രമം 6, 12, 10 സീററുകളാണു ലഭിച്ചതു്. 1962-ൽ ലോക്സഭയിലേക്കുള്ള തിരഞ്ഞെടുപ്പിൽ ജനസംഘം ജയിച്ചതു് 4 സംസ്ഥാനങ്ങളിൽനിന്നാണു്. ഇതിൽതന്നെ യു. പി-യുടെ പങ്കു് 7 ആയിരുന്നു.

യു. പി., ബീഹാർ, രാജസ്ഥാൻ, മദ്ധ്യപ്രദേശ്, ഡൽഹി, ഹരിയാനാ എന്നീ സംസ്ഥാനങ്ങളി൪ പ്രധാനമായും, മററു സംസ്ഥാനങ്ങളിലും അങ്കുപിടിച്ച ജനസംഘം വളൎന്നു വരുന്നതായിട്ടാണു് തിരഞ്ഞെടുപ്പുഫലങ്ങൾ കാണിക്കുന്നതു്. ഹിന്ദിമേഖല മുഴുവൻ ജനസംഘത്തിൻെറ ശക്തികേന്ദ്രമായി

തുടരുന്നു. ഈ മേഖലകളിൽതന്നെയാണ് യഥാർത്ഥത്തിൽ ഇടതുപക്ഷപ്രസ്ഥാനങ്ങൾ ദുർബ്ബലമായിട്ടുള്ളതും. (ബീഹാറും യു. പി-യും ഒഴികെ.)

കൂട്ടതൽ തിരഞ്ഞെടുപ്പുവിജയങ്ങൾക്കായി സ്വതന്ത്രാ പാർട്ടി കഴിഞ്ഞ അഞ്ചു വർഷങ്ങളായി കരുത്തുനേടിയിരിക്കുന്നു. ഈ തിരഞ്ഞെടുപ്പിൽ സ്വതന്ത്രാപാർട്ടിക്ക് 94,81,995 അസംബ്ളി വോട്ടുകളും (6.66 ശതമാനം) 255 സീററുകളും നേടാൻ കഴിഞ്ഞിട്ടുണ്ട്. ലോക്സഭയിൽ സ്വതന്ത്രാപാർട്ടിയുടെ അംഗസംഖ്യ 42 ആയി ഉയന്നു. വോട്ട് 1,24,87,711 (8.59 ശതമാനം). മൂന്നാംപൊതുതിരഞ്ഞെടുപ്പുകഴിഞ്ഞപ്പോൾസ്വതന്ത്രാപാർട്ടിക്ക് 9 സംസ്ഥാനങ്ങളിൽ മാത്രമാണ് പ്രാതിനിദ്ധ്യമുണ്ടായിരുന്നതു്. എന്നാൽ ഇപ്പോൾ 12 സംസ്ഥാനഅസംബ്ളികളിൽ സ്വതന്ത്രാപാർട്ടിക്ക് പ്രാതിനിദ്ധ്യമുണ്ടു്. ഗുജറാത്തു് (64), ഒറീസ്സാ (49), രാജസ്ഥാൻ (49), ആന്ധ്ര (29), മദ്രാസ് (20) തുടങ്ങിയ സംസ്ഥാനങ്ങളാണ് സ്വതന്ത്രാപാർട്ടിയുടെ പ്രധാനശക്തികേന്ദ്രങ്ങൾ. ഗുജറാത്തു്, രാജസ്ഥാൻ, മദ്രാസ് (ഇവിടെ ഡി. എം. കെ-യുമായുള്ള കൂട്ടുകെട്ടുമൂലമാണ്), ആന്ധ്രപ്രദേശ്, ഒറീസ്സ എന്നിവിടങ്ങളിൽ സ്വതന്ത്രാപാർട്ടിയുടെ നേട്ടങ്ങൾ എടുത്തുപറയത്തക്കതാണ്. ബീഹാറൊഴിച്ച് മറെറല്ലാ സംസ്ഥാനങ്ങളിലും സ്വതന്ത്രാപാർട്ടിയുടെ നില അഭിവൃദ്ധിപ്പെട്ടിട്ടുണ്ടു്. (ബീഹാറിൽ സ്വതന്ത്രാപാർട്ടി അൻപതിൽനിന്നു് മൂന്നായി ചുരുങ്ങി; രാംഗാർരാജാവിൻെറ പാർട്ടി സ്വതന്ത്രാപാർട്ടിയിൽനിന്നു തെററിപ്പിരിഞ്ഞതുമൂലമാണീ കുറവുണ്ടായതു്.) കേരളം, പഞ്ചാബ്, മഹാരാഷ്ട്ര, ജമ്മു-കാശ്മീർ എന്നീ സംസ്ഥാനങ്ങളിൽ സ്വതന്ത്രാപാർട്ടിക്കു അസംബ്ളികളിൽ ഒരൊററ സീററുപോലുമില്ല. ലോക്സഭയിലേക്കു നടന്ന തിരഞ്ഞെടുപ്പിൽ സ്വതന്ത്രാപാർട്ടി പ്രധാനമായി വിജയിച്ചതു് ഗുജറാത്തു്, രാജസ്ഥാൻ, ഒറീസ്സാ, മദ്രാസ് എന്നീ സംസ്ഥാനങ്ങളിൽനിന്നാണ്. പഴയ നാട്ടുരാജാക്കന്മാർക്ക് സ്വാധീനമുള്ള സംസ്ഥാനങ്ങളാണ് ഇന്നും സ്വതന്ത്രാപാർട്ടിയുടെ ശക്തികേന്ദ്രങ്ങളായി തുടരുന്നതെന്നു് ഇക്കഴിഞ്ഞ തിരഞ്ഞെടുപ്പ് ഒരിക്കൽകൂടി തെളിയിച്ചു. പ്രഭുവർഗ്ഗത്തിൻെറ പിന്തുണയിലാണ് ഈ പാർട്ടിയുടെ ജയാപജയങ്ങൾ സ്ഥിതി ചെയ്യുന്നതു്. (ഉദാഹരണത്തിനു് ബീഹാർ). എന്തായാലും

സ്വതന്ത്രാപാർട്ടി പുതിയ മേഖലകളിലേക്കു കടന്നിരിക്കുന്നു എന്നുള്ളതാണ് വസ്തുത.

നാലാം പൊതുതിരഞ്ഞെടുപ്പിൻെറ ഒരു ഫലം സ്വതന്ത്രാപാർട്ടി പാർലമെൻററിലെ പ്രധാനപ്രതിപക്ഷവും, അസംബ്ളിസീററുകളുടെ അടിസ്ഥാനത്തിൽ ഇന്ത്യയിലെ രണ്ടാമത്തെ വലിയ പ്രതിപക്ഷപാർട്ടിയുമായി എന്നുള്ളതാണ്. സ്വതന്ത്രാപാർട്ടിയുടെ നേതാക്കന്മാരുടെ പ്രതീക്ഷകളൊന്നും ഇക്കഴിഞ്ഞ തിരഞ്ഞെടുപ്പിൽ സാക്ഷാത്കരിക്കപ്പെട്ടില്ല. (ലോക്സഭയിൽ 100 സീററുകൾ കയ്യടക്കുമെന്നും ഗുജറാത്തും രാജസ്ഥാനും ഒററയ്ക്കു പിടിക്കുമെന്നും അവർ അവകാശപ്പെട്ടിരുന്നു.) എന്നിരുന്നാലും ഈ പാർട്ടി നമ്മുടെ ദേശീയ-രാഷ്ട്രീയരംഗത്ത് ഒരു പ്രധാനശക്തിയായും വലിയ സ്ഥാനമുള്ള ഒരു പാർട്ടിയായും വളന്നു എന്നുള്ളതു് തക്കമററ സംഗതിയാണ്. സമ്മർദ്ദം ചെലുത്താനും വിലപേശാനും ഉപജാപങ്ങൾക്കും ഈ പാർട്ടിക്കുള്ള കഴിവ് വിപുലമായ തോതിൽ വദ്ധിച്ചിട്ടുണ്ട്. കേന്ദ്രത്തിൽ ഒരു കൂട്ടുഗവണ്മെൻറ് എന്ന ആശയം ആദ്യം ഉന്നയിച്ചതു് ഈ പാർട്ടിയുടെ നേതാക്കന്മാരാണ്. കോൺഗ്രസ്സിലെ വലിയൊരുവിഭാഗം സ്വതന്ത്രാപാർട്ടിയുടെ ആശയത്തോട്ട് അനുഭാവമുള്ളവരുമാണ്.

സ്വതന്ത്രാപാർട്ടിയേയും ജനസംഘത്തേയും കൂട്ടതൽ അടുപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരികയാണ്. ഇതിനു സ്വതന്ത്രാപാർട്ടിക്കാണ് കൂട്ടതൽ താല്പര്യം. ഈ രണ്ടു പാർട്ടികൾക്കുംകൂടി ലോക്സഭയിൽ 77 സീററുകളും 17.29 ശതമാനം വോട്ടുകളുമുണ്ട്. ഇവരുടെ യോജിപ്പിനു പല പ്രതിബന്ധങ്ങളുമുണ്ട്. ഈ രണ്ടു പാർട്ടികളും ഒരേ സാമൂഹ്യവും വർഗ്ഗപരവുമായ താല്പര്യങ്ങളെയല്ല പ്രതിനിധാനംചെയ്യുന്നതു്. വൻകിട മുതലാളിമാരോട്ടം രാജാക്കന്മാരോട്ടം വൻകിട ഭൂസ്വത്തുടമകളോട്ടം സർവ്വോപരി അമേരിക്കയോട്ടം കോത്തിണക്കപ്പെട്ടതാണ് സ്വതന്ത്രാപാർട്ടി: എന്നാൽ ജനസംഘത്തിനു് പ്രബലമായൊരു ബഹുജനാടിസ്ഥാനമുണ്ട്. ഈ വസ്തുത അവക്കു കണക്കിലെടുക്കാതിരിക്കാൻ കഴിയില്ല. ഇന്നും നിയമസഭാസീററുകൾക്കുവേണ്ടി രാജാക്കന്മാരുടെയും ജന്മിമാരുടെയും കാരുണ്യത്തിനു കാത്തുനില്ക്കുന്ന പാർട്ടിയാണ് സ്വത

ന്ത്രാപാർട്ടി. ഇതൊക്കെയാണ് ഈ രണ്ടുപാർട്ടികൾ തമ്മിലുള്ള വൈരുദ്ധ്യങ്ങൾ. ഇതു് അത്ര പെട്ടെന്നു പരിഹരിക്കാനാവില്ല. തിരഞ്ഞെടുപ്പുഫലങ്ങളുടെയും കോൺഗ്രസ്‌വിരുദ്ധമനോഭാവത്തിൻെറയും തള്ളിക്കയററത്തിൽ കമ്മ്യൂണിസ്റ്റ് വിരോധം അത്ര ഫലപ്രദമാകുന്നതുമില്ല.

ജനാധിപത്യപാർട്ടികളുടെ ദൗർബ്ബല്യമാണ് ഈ പാർട്ടികളുടെ പെട്ടെന്നുള്ള വളർച്ചയ്ക്കു കാരണമായതെന്നു പറയാതെ നിവൃത്തിയില്ല. കൂടുതൽ കൂടുതൽ ജന്മിത്വശക്തികളേയും വൻകിട മുതലാളിമാരേയും സംഘടിപ്പിച്ചുകൊണ്ടു് സ്വതന്ത്രാ പാർട്ടി മുന്നേറുമ്പോൾ, ഹിന്ദുവർഗ്ഗീയചിന്താഗതികളുടേയും, പഴയ പാരമ്പര്യങ്ങളുടെയും പേരിൽ ജനങ്ങളെ തട്ടിയുണർത്തി സ്വന്തം അണികളെ വളർത്തുവാനാണ് ജനസംഘം ശ്രമിക്കുന്നതു്. തിരഞ്ഞെടുപ്പിനുമുമ്പു് ഗോവധനിരോധനപ്രക്ഷോഭണം ആരംഭിച്ചതിൻെറ ഉദ്ദേശം ഇതായിരുന്നു. പട്ടണങ്ങളിലെ ഇടത്തരക്കാരാണ് (ഗ്രാമപ്രദേശങ്ങളിലെ ചെറുകച്ചവടക്കാർ ഉൾപ്പെടെ) ജനസംഘത്തിൻെറ പ്രേരകശക്തിയായി നിലകൊള്ളുന്നതു്.

കഴിഞ്ഞ മൂന്നു തിരഞ്ഞെടുപ്പുകളിലും കോൺഗ്രസ്സിനെ നേരിട്ട പ്രധാനപ്രതിപക്ഷം കമ്മ്യൂണിസ്റ്റ്പാർട്ടിയെ കേന്ദ്രീകരിച്ചുള്ള ഇടതുപക്ഷജനാധിപത്യകക്ഷികളായിരുന്നെങ്കിൽ, ഇന്നു് അതിനു് ആ സ്ഥാനമില്ല. ഇന്നു കോൺഗ്രസിനുള്ള വെല്ലുവിളി ഒരുവശത്തു് ഇടതുപക്ഷജനാധിപത്യശക്തികളും മറുവശത്തു് സ്വതന്ത്രാ-ജനസംഘം പാർട്ടികളുമായി പങ്കിട്ടിരിക്കുകയാണ്. കൂട്ടത്തിൽ പറയട്ടെ—കഴിഞ്ഞ ഫെബ്‌റുവരി മാസത്തിൽ തിരഞ്ഞെടുപ്പുഫലങ്ങൾ പ്രഖ്യാപിച്ചുകൊണ്ടിരുന്നപ്പോൾ, ലണ്ടനിലെ സായാഹ്നപത്രങ്ങൾ കൊടുത്ത തലക്കെട്ടുകൾ—"ഇന്ത്യൻ തിരഞ്ഞെടുപ്പിൽ അത്ഭുതങ്ങൾക്കു പുറമെ അത്ഭുതങ്ങൾ"—"ഇടതും വലതും ശ്രീമതി ഗാന്ധിക്കു പ്രഹരങ്ങൾ ഏല്പിക്കുന്നു" എന്നാണ്.

കോൺഗ്രസ്സിൻെറ ദുർഭരണത്തിനു ബദലുണ്ടാകണമെന്നാഗ്രഹിക്കുന്ന കോൺഗ്രസ്സിതരബഹുജനങ്ങൾ ഈ പ്രതിപക്ഷ പാർട്ടികൾ തമ്മിൽ ഏതെങ്കിലുംതരത്തിലുള്ള ഒരു ധാരണയു

ണ്ടാകണമെന്നാഗ്രഹിക്കുന്നതു് മനസ്സിലാക്കാൻ സാധിക്കുന്നതാണു്. ബഹുജനങ്ങൾ കാൺഗ്രസ്‌വിരുദ്ധചിന്താഗതിക്കാരായിക്കഴിഞ്ഞു. എന്നാൽ കോൺഗ്രസിനു ബദലായി ഒരു യഥാർത്ഥജനാധിപത്യഗവണ്മെൻറ് എങ്ങനെ ഉണ്ടാകുമെന്നു കാണുവാൻ തക്കവണ്ണം ബഹുജനങ്ങൾ എല്ലായിടത്തും എല്ലായ്പോഴും ബോധവാന്മാരായിരിക്കണമെന്നില്ല. ഇതു ബോദ്ധ്യപ്പെടുന്നതിനുള്ള രാഷ്ട്രീയധാരണ ബഹുജനങ്ങൾക്കുണ്ടാകണമെങ്കിൽ ബഹുജനങ്ങൾക്കു് അതിൻേറതായ അനുഭവങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു.

പ്രതിപക്ഷപാർട്ടികളിൽ ഏതു പാർട്ടിക്കാണു മററ പാർട്ടിയേക്കാൾ കൂടുതൽ വോട്ടുകിട്ടിയതെന്നുള്ളതല്ല പ്രശ്നം. കോൺഗ്രസിൻേറ ജനവിരോധപരവും ജനാധിപത്യവിരുദ്ധവുമായ നടപടികൾക്കെതിരായി ജനങ്ങളുടെ പ്രതിഷേധം രേഖപ്പെടുത്തുകയായിരുന്നു തിരഞ്ഞെടുപ്പിൽ. സ്വതന്ത്രാരാജാക്കന്മാരും വൻകിടകുത്തകക്കാരും പ്രതിനിധീകരിക്കുന്ന താല്പര്യങ്ങൾക്കോ ജനസംഘത്തിൻേറ ഹിന്ദുവർഗ്ഗീയതക്കോവേണ്ടിയായിരുന്നില്ല ബഹുജനങ്ങൾ വോട്ടു രേഖപ്പെടുത്തിയതു്.

അപകടകരമാംവിധം വളൎന്നുവരുന്ന വലതുപക്ഷപിന്തിരിപ്പൻ രാഷ്ട്രീയകക്ഷികളുടെ ആപത്തു് ഏതെങ്കിലുംതരത്തിൽ കുറച്ചുകാണണമെന്നല്ല ഇതുകൊണ്ടുദ്ദേശിക്കുന്നതു്.

## ഇടതുപക്ഷ ജനാധിപത്യശക്തികളും തിരഞ്ഞെടുപ്പും

ഒന്നും രണ്ടും പൊതുതിരഞ്ഞെടുപ്പുകളിൽ ജനാധിപത്യപ്രതിപക്ഷകക്ഷികളുടെ വിജയം അഭിമാനാർഹമായിരുന്നു. കോൺഗ്രസിനു പററിയ എല്ലാ നഷ്ടങ്ങളും ജനാധിപത്യപ്രതിപക്ഷത്തിൻേറ വിജയങ്ങളാക്കി മാററുവാൻ പ്രതിപക്ഷങ്ങൾക്കു കഴിഞ്ഞിരുന്നു. 1951-52-ലെ തിരഞ്ഞെടുപ്പിൽ, ഇന്ത്യൻ കമ്മ്യൂണിസ്റ്റ്‌പാർട്ടി, ഇടതുപക്ഷ ഐക്യമുന്നണി, ജനകീയജനാധിപത്യമുന്നണി എന്നിവയെല്ലാംകൂടി അറുപതു

ലക്ഷം വോട്ടുകൾ നേടി. സോഷ്യലിസ്റ്റ്പാർട്ടി, കെ. എം. പി. പി. തുടങ്ങിയ മററു ജനാധിപത്യപ്രതിപക്ഷകക്ഷികൾക്ക് ഒരുകോടി എൺപതുലക്ഷം വോട്ടുകൾ ലഭിച്ചു. മൊത്തത്തിൽ പോൾചെയ്ത വോട്ടിൻെറ 25 ശതമാനം ജനാധിപത്യപ്രതിപക്ഷശക്തികൾക്കു ലഭിച്ചിരുന്നു. എന്നാൽ ഈ കണക്കുകളിൽ കാണുന്നതിലെത്രയോ മടങ്ങു വലുതായിരുന്നു യഥാർത്ഥത്തിൽ രാഷ്ട്രീയമായും മററുമുണ്ടായ നേട്ടങ്ങൾ. മദ്രാസിലും തിരു-കൊച്ചിയിലും കോൺഗ്രസിനു ഭൂരിപക്ഷം ലഭിച്ചില്ല. സംയുക്ത മദ്രാസ്സംസ്ഥാനത്തിലെ ആന്ധ്റാവിഭാഗത്തു് കോൺഗ്രസിനു് 40 സീററു കിട്ടിയപ്പോൾ 41 സീററുകൾ നേടിയ കമ്മ്യൂണിസ്റ്റ്പാർട്ടി ഒന്നാമത്തെ പാർട്ടിയായിത്തീൻ്നു. ഹൈദ്രാബാദിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ്പാർട്ടിക്കും ജനകീയജനാധിപത്യ മുന്നണിക്കുംകൂടി 40 സീററുകൾ ലഭിച്ചു. ബംഗാളിൽ കമ്മ്യൂണിസ്റ്റ്പാർട്ടിക്കു മാത്രമായി 30 സീററുകൾ ലഭിച്ചു. ബീഹാറിലെ സോഷ്യലിസ്റ്റ്പാർട്ടിക്കു് അസംബ്ളിവോട്ടിൻെറ 18.2 ശതമാനവും 23 സീററുകളും ലഭിക്കുകയുണ്ടായി.

രണ്ടാമത്തു തിരഞ്ഞെടുപ്പുകാലത്തു് ജനാധിപത്യപ്രതിപക്ഷത്തിൻെറ വോട്ടു് 3 കോടി 10 ലക്ഷമായി ഉയന്നു. ആദ്യത്തെ ലോക്സഭയിൽ പ്രതിപക്ഷത്തിനു് 56 സീററുകളാണുണ്ടായിരുന്നതു്. രണ്ടാമത്തെ ലോക്സഭയിൽ 75 സീററുകൾ ജനാധിപത്യപ്രതിപക്ഷങ്ങൾക്കു നേടാൻ കഴിഞ്ഞു. കമ്മ്യൂണിസ്റ്റ്പാർട്ടിക്കുതന്നെയാണു് മുൻകയ്യുണ്ടായിരുന്നതു്. കേരളത്തിൽ ഗവണ്മെൻറു് രൂപീകരിച്ചതും കമ്മ്യൂണിസ്റ്റ്പാർട്ടിയാണു്.

മൂന്നാമത്തു പൊതുതിരഞ്ഞെടുപ്പിൽ ജനാധിപത്യപ്രതിപക്ഷകക്ഷികളുടെ വോട്ടിൽ ഏതാണ്ടല്പം കുറവുണ്ടായി. (കേരളത്തിലും ഒറീസ്സായിലും ഇടക്കാലതിരഞ്ഞെടുപ്പുകളുണ്ടായിരുന്നു; ലോക്സഭയിലെ സീററിലും കുറവുണ്ടായി). എന്നാൽ സംസ്ഥാനനിയമസഭകളിലേക്കുള്ള തിരഞ്ഞെടുപ്പിൽ മൊത്തത്തിൽ ജനാധിപത്യപ്രതിപക്ഷകക്ഷികൾക്കു് കൂടുതൽ സീററുകൾ നേടാൻ കഴിഞ്ഞു. രണ്ടാമത്തു തിരഞ്ഞെടുപ്പിനുശേഷം, മുൻപു സൂചിപ്പിച്ചതുപോലെ, ജനാധിപത്യപ്രതിപക്ഷകക്ഷികളുടെ പുരോഗതി മന്ദീഭവിച്ചിരുന്നു. എന്നിരുന്നാലും ജനസംഘം-സ്വതന്ത്രാപാർട്ടികളേക്കാൾ വളരെ മുമ്പിലായിരുന്നു ജനാധിപ

ത്യപ്രതിപക്ഷത്തിൻെറ നില. (ഇതിനുമുമ്പു നടത്തിയിട്ടുള്ള റിവ്യൂകളിൽ ഡി. എം. കെ-യെ, ജനാധിപത്യപ്രതിപക്ഷത്തിൻെറ കൂട്ടത്തിൽ നാം ഉൾപ്പെടുത്തിയിരുന്നില്ലെന്നുള്ള വസ്തുത ഇവിടെ സൂചിപ്പിച്ചുകൊള്ളട്ടെ.)

മൂന്നാം പൊതുതിരഞ്ഞെടുപ്പിൻെറ ഫലങ്ങളിൽനിന്ന് ഒരുകാര്യം വ്യക്തമായി. കോൺഗ്രസ് വിരുദ്ധചിന്താഗതിക്കാരായ ബഹുജനങ്ങൾ അവരുടെ പിന്തുണ ജനസംഘത്തിനും സ്വതന്ത്രാപ്പാർട്ടിക്കും നല്കുന്നതിനെ തടയുകയും, അവരെ ജനാധിപത്യപ്രസ്ഥാനത്തോട് അടുപ്പിക്കുകയും ചെയ്തില്ലെങ്കിൽ, കഴിഞ്ഞ രണ്ടു പൊതുതിരഞ്ഞെടുപ്പുകളിൽ ജനാധിപത്യപ്രതിപക്ഷത്തിനുണ്ടായിരുന്ന ആ മുൻകയ്യും നേതൃത്വവും വീണ്ടെടുക്കാൻ കഴിയുകയില്ലെന്ന് വ്യക്തമാണ്. നമ്മുടെ സംശയം അവസാനം ശരിയാണെന്നു തെളിവായി.

ഒരുവശത്ത് ഇടതുപക്ഷജനാധിപത്യപ്രതിപക്ഷവും മറുവശത്ത് ജനസംഘം-സ്വതന്ത്രാപാർട്ടിയുമായി ഉണ്ടായിരുന്ന ആ തുല്യത ജനസംഘ-സ്വതന്ത്രക്ക് അനുകൂലമായി പിന്നീട് മാറുകയാണുണ്ടായത്. ഇടതുപക്ഷ ജനാധിപത്യശക്തികൾ നാലാമതു പൊതുതിരഞ്ഞെടുപ്പിൽ നേടിയ മഹത്തായ രാഷ്ട്രീയ നേട്ടങ്ങളേയോ, തിരഞ്ഞെടുപ്പുവിജയങ്ങളേയോ കുറച്ചുകാട്ടുകയല്ല ഇതുകൊണ്ടു നാം ഉദ്ദേശിക്കുന്നത്. കോൺഗ്രസ്സിൻെറ ദുർഭരണത്തിനെതിരായി കടുത്ത കടന്നാക്രമണത്തിനു നേതൃത്വം നല്കി, സ്വതന്ത്രാ-ജനസംഘംപാർട്ടികളേക്കാൾ ശക്തിയും പ്രശസ്തിയും നേടി, തിരഞ്ഞെടുപ്പിൽ ജയിച്ചതും സത്യത്തിൽ ഇടതുപക്ഷജനാധിപത്യശക്തികളാണ്.

അഖിലേന്ത്യാപാർട്ടികളെ കണക്കിലെടുക്കുകയാണെങ്കിൽ സ്ഥിതി താഴെച്ചേർക്കുംപ്രകാരമാണ്:—

| | അസംബ്ളി വോട്ടുകൾ | ശതമാനം | സീറ്റുകൾ |
|---|---|---|---|
| എസ്സ്. എസ്സ്. പി. | 74,03,294 | 5.12 | 179 |
| മാർക്സിസ്റ്റ്പാർട്ടി | 66,07,235 | 4.64 | 126 |
| കമ്മ്യൂണിസ്റ്റ്പാർട്ടി | 60,79,240 | 4.27 | 122 |
| പി. എസ്സ്. പി. | 48,02,335 | 3.37 | 106 |
| ആർ. പി. ഐ. | 21,71,148 | 1.52 | 24 |
| ആകെ | 2,70,63,252 | 18.92 | 557 |

ബംഗളാകാൺഗ്രസ്സ്, ഡി. എം. കെ., ശാന്ത് അകാലിദളം, ഫോർവേഡ്ബ്ളോക്കു്, ആർ. എസ്. പി., കർഷക തൊഴിലാളിപ്പാർട്ടി എന്നിവയുടെ വോട്ടുകളൊന്നും മുകളിൽ കൊടുത്തിട്ടുള്ള ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. (എന്നാൽ ഈ പാർട്ടികളെല്ലാംതന്നെ ജനാധിപത്യമുന്നണിയിലെ പ്രധാനപ്പെട്ട ഘടകങ്ങളുമാണ്.)

ഉദാഹരണത്തിനു് ഡി. എം. കെ. ക്കു് 138 സീററുകളും 62,21,866 വോട്ടുകളും ലഭിച്ചു. (ഇതു് സംസ്ഥാനത്തെ വോട്ടിൻെറ 48.82 ശതമാനമാണ്. അല്ലെങ്കിൽ മൊത്തം അസംബ്ളിവോട്ടിൻെറ 4.41 ശതമാനമാണ്.) ബംഗളാകാൺഗ്രസ്സ് 34 സീററുകളിൽ ജയിച്ചിട്ടുണ്ട്.

രണ്ടു് അഖിലേന്ത്യാ വലതുപക്ഷപാർട്ടികൾക്കു കഴിഞ്ഞ തിരഞ്ഞെടുപ്പിൽ കിട്ടിയ വോട്ടിൻെറ കണക്കുകൾ ഇതാണ്,

| പാർട്ടി. | വോട്ട്. | ശതമാനം. | സീററുകൾ. |
|---|---|---|---|
| ജനസംഘം | 1,24,54,500 | 8.74 | 267 |
| സ്വതന്ത്രാ | 94,81,995 | 6.66 | 255 |
| ആകെ | 2,19,36,495 | 15.40 | 522 |

ഡി. എം. കെ. യേയും ബംഗളാകാൺഗ്രസ്സിനേയുംകൂടി കൂട്ടുകയാണെങ്കിൽ ജനാധിപത്യപ്രതിപക്ഷത്തിനു് 200 അസംബ്ളിസീററുകളുടെ കൂടുതലുണ്ടു്. ചെറിയ ജനാധിപത്യപാർട്ടികളെക്കൂടി കൂട്ടുകയാണെങ്കിൽ ഈ സംഖ്യ ഇതിലും കൂടുതലായിരിക്കും.

ലോക്സഭയിലെ കക്ഷിനില താഴെ ചേക്കുന്നു:—

| പാർട്ടി. | വോട്ട്. | ശതമാനം. | സീററുകൾ. |
|---|---|---|---|
| എസ്സ്.എസ്സ്.പി. | 1,28,51,242 | 8.59 | 23 |
| സി. പി. ഐ. | 72,77,708 | 4.80 | 23 |
| മാർക്സിസ്റ്റ്പാർട്ടി | 64,05,520 | 4.28 | 19 |
| പി. എസ്സ്. പി. | 44,46,738 | 2.97 | 13 |
| ആർ. ഐ. പി. | 37,44,879 | 2.50 | 1 |
| ആകെ | 3,47,26,087 | 23.14 | 79 |

ഈ സീററുകളോടൊപ്പം ബംഗളാകാൺഗ്രസ്സിൻേറയും ഡി. എം. കെ. യുടേയും സീററുകൾകൂടി ചേക്കുകയാണെങ്കിൽ, ലോക്സഭയിൽ 109 സീററുകളാകുന്നു. ആർ. എസ്. പി., കർഷകതൊഴിലാളിപാർട്ടി, ശാന്ത്അകാലിദളം, ഫോർവേഡ് ബ്ളാക്കു്, സോഷ്യലിസ്റ്റ് യൂണിററിസെൻറർ തുടങ്ങിയ പാർട്ടികൾക്കെല്ലാംകൂടി 10 സീററുകൾ പാർലമെൻറിലുണ്ട്. ഇതൊക്കെക്കൂടിയാകുമ്പോൾ സംഘടിത ഇടതുപക്ഷ-ജനാധിപത്യപാർട്ടികൾക്കു ലോക്സഭയിൽ 119 സീററുകളുണ്ട്. അതേസമയം സ്വതന്ത്രാ-ജനസംഘത്തിനോ?—

| പാർട്ടി. | വോട്ട്. | ശതമാനം. | സീററുകൾ. |
|---|---|---|---|
| സ്വതന്ത്രാ | 1,24,82,856 | 8.34 | 42 |
| ജനസംഘം | 1,33,97,065 | 8.95 | 35 |
| ആകെ | 2,58,79,921 | 17.29 | 77 |

സംസ്ഥാനലവലിലുള്ള ഐക്യമുന്നണികളുടെ ഘടകങ്ങളേയും പുരോഗമനവ്യക്തികളേയുംകൂടി കണക്കിലെടുക്കുകയാണെങ്കിൽ, താരതമ്യേന ഇടതുപക്ഷ-ജനാധിപത്യശക്തികൾക്കാണു് മുൻതൂക്കമെന്നുള്ളതിൽ തക്കമില്ല,

നാലാമതു പൊതുതിരഞ്ഞെടുപ്പിൽ ജനാധിപത്യപ്രതിപക്ഷം നല്ലതുപോലെ ശക്തിപ്പെട്ടിട്ടുണ്ടെന്നുള്ളതിനു തക്കമൊന്നുമില്ല. ഇടതുപക്ഷ-ജനാധിപത്യശക്തികളുടെ സ്ഥാനം പോൾ ചെയ്ത വോട്ടിൻെറയോ, വോട്ടിൻെറ ശതമാനത്തിൻെറയോ അടിസ്ഥാനത്തിൽമാത്രം അളക്കാൻ കഴിയുന്നതല്ല. നേരത്തേ സൂചിപ്പിച്ചിരുന്നതുപോലെ, ഇടതുപക്ഷ-ജനാധിപത്യശക്തികളിൽനിന്നാണു്, കാൺഗ്രസ്സിനു് ഏററവും കൂടുതൽ പ്രഹരങ്ങൾ കിട്ടിയതു്. കേരളത്തിൽ കമ്മ്യൂണിസ്റ്റ്കാക്കു് ഭൂരിപക്ഷമുള്ള ഒരു ഐക്യമുന്നണിയുടെ പ്രഹരമേററു് കാൺഗ്രസ്സ് ഏതാണ്ടു് തുടച്ചുനീക്കപ്പെട്ട നിലയിലായി. ബംഗാളിൽ കാൺഗ്രസ്സിനെ അധികാരത്തിൽനിന്നു താഴെയിറക്കി വ്യക്തമായൊരു ഇടതുപക്ഷസക്കാരിനെ ആ സംസ്ഥാനത്തിനു സംഭാവനചെയ്തതും ഇടതുപക്ഷപാർട്ടികളാണു്. ബീഹാറിലാണെ

ങ്കിൽ, ഇന്ത്യൻ കമ്മ്യൂണിസ്റ്റ്പാർട്ടിയും, എസ്സ്. എസ്സ്. പി-യുംകൂടി ചേർന്നാൽ (24 + 67 സീററുകൾ) ഐക്യമുന്നണിയിലെ മുഖ്യഘടകമായി. ഇതിനോടൊപ്പം മാർക്സിസ്റ്റ്പാർട്ടിയുടെ 4 സീററും, പി. എസ്. പി-യുടെ 18 സീററും, ജനക്രാന്തിദളത്തിലെ ജനാധിപത്യവിഭാഗത്തിൻെറ സീററും കൂട്ടാവുന്നതാണ്. പഞ്ചാബിൽ, ഐക്യമുന്നണിയിലെ മററു വിഭാഗങ്ങളെ അപേക്ഷിച്ച് ജനാധിപത്യവിഭാഗങ്ങൾ താരതമ്യേന കൂടുതൽ ശക്തന്മാരാണ്. ഉത്തരപ്രദേശത്തു് (യു. പി.) ഇടതുപക്ഷ ജനാധിപത്യവിഭാഗം 80 പേരുൾപ്പെടുന്ന ഒരു വിശാലമുന്നണിയാണ്, എന്നാൽ അവിടത്തെ നേതൃത്വം ജനസംഘത്തിനുതന്നെയാണ്. മദ്രാസ്സിൽ കാൺഗ്രസ്സിനെ ഏതാണ്ടു തറപററിച്ചിരിക്കുകയാണെന്നു പറയാം. ഡി. എം. കെ. മാത്രമാണ് അവിടുത്തെ ഗവണ്മെൻറു നിയന്ത്രിക്കുന്നതു്. ഒറീസ്സയിൽ മാത്രമാണ് ഒരു കാൺഗ്രസ്സിതര മന്ത്രിസഭ വലതുപക്ഷത്തിൻെറ കൈവശമുള്ളതു്. രാജസ്ഥാനിൽ കാൺഗ്രസ്സിനെ പരാജയപ്പെടുത്തിയതു സ്വതന്ത്രാ-ജനസംഘം കൂട്ടുകെട്ടാണ്.

നിലവിലുള്ള കാൺഗ്രസ്സിതരഗവണ്മെൻറുകളിൽ, ഭാവിക്കു രൂപംനൽകുവാൻ കഴിവുള്ളതു് ഇടതുപക്ഷ ജനാധിപത്യകക്ഷികളുടെ നേതൃത്വത്തിലുള്ള സർക്കാരുകൾക്കാണ്. ജനാധിപത്യപ്രസ്ഥാനത്തിൻെറ ഏററവും വലിയ ഒരു നേട്ടംതന്നെയാണിതു്.

കമ്മ്യൂണിസ്റ്റ്പാർട്ടി ഉൾപ്പെടെയുള്ള ഇടതുപക്ഷ ജനാധിപത്യപ്രതിപക്ഷകക്ഷികളുടെ പ്രഹരമേററാണ് നാലു മുഖ്യമന്ത്രിമാർ കഴിഞ്ഞ തെരഞ്ഞെടുപ്പിൽ പരാജയപ്പെട്ടതു്. കാൺഗ്രസ്‌നേതാക്കന്മാരിൽവച്ച് ഏററവും കുപ്രസിദ്ധി നേടിയവരും വെറുക്കപ്പെട്ടവരുമായ എസ്. കെ. പട്ടീൽ, അതുല്യഘോഷ്, സി. സുബ്രഹ്മണ്യം എന്നിവരെ ജനാധിപത്യകക്ഷികളാണു പരാജയപ്പെടുത്തിയതു്. പൊതുവേ പറഞ്ഞാൽ ഇടതുപക്ഷ ജനാധിപത്യകക്ഷികളുടെ നിലവാരം നിയമസഭകളിലും പാർലമെൻറിലും അഭിവൃദ്ധിപ്പെട്ടിട്ടുണ്ടു്. ഈ അഭിവൃദ്ധി പ്രതീക്ഷിച്ചത്രയുണ്ടെന്നു പറയാൻ സാദ്ധ്യമല്ല. ഇന്ത്യൻ കമ്മ്യൂണിസ്റ്റ്പാർട്ടിയിൽ ഭിന്നിപ്പുണ്ടായെങ്കിലും, ലോക്‌സഭയിലും

നിയമസഭകളിലും രണ്ടു കമ്മ്യൂണിസ്റ്റ്പാർട്ടികളുടെയും പ്രാതിനിദ്ധ്യം അഭിവൃദ്ധിപ്പെട്ടിട്ടുണ്ട്.

തിരഞ്ഞെടുപ്പിൻെറ ഫലമായും, നിരവധി സംസ്ഥാനങ്ങളിൽ കാൺഗ്രസ്സിതരമന്ത്രിസഭകൾ രൂപീകരിച്ചതിൻെറ ഫലമായും ഇടതുപക്ഷ ജനാധിപത്യപാർട്ടികളെപ്പററിയുള്ള മതിപ്പ് പതിന്മടങ്ങു വദ്ധിച്ചിട്ടുണ്ട്. ഏതു കാൺഗ്രസ്സ് വിരുദ്ധശക്തികളെ അപേക്ഷിച്ചും, ഇടതുപക്ഷ ജനാധിപത്യശക്തികൾക്ക് ഭാവികാര്യങ്ങളെ നിയന്ത്രിക്കുവാനും സ്വാധീനിക്കുവാനുമുള്ള ഒരു ഒന്നാംതരം സന്ദർഭം ഇതു നൽകുന്നുണ്ട്. ഇടതുപക്ഷപാർട്ടികൾ സംഘടിതതൊഴിലാളിവൎഗ്ഗത്തിലും ബഹുജനസംഘടനകളിലും അടിയുറച്ചവയായതുകൊണ്ട് ഇതു കൂടുതൽ സാദ്ധ്യമാണ്.

ഇന്നത്തെ സ്ഥിതിവച്ചു നോക്കുമ്പോൾ ഇടതുപക്ഷജനാധിപത്യശക്തികളുടെ തിരഞ്ഞെടുപ്പുഫലം, ചില പ്രത്യേകസ്ഥലങ്ങളിൽ ഒഴികെ, തീരെ തൃപ്തികരമായിരുന്നില്ലെന്നു നാം തുറന്നു സമ്മതിച്ചേ തീരൂ. ഇടതുപക്ഷ ജനാധിപത്യശക്തികളിൽ ഏററവും കൂടുതൽ വിജയം കരസ്ഥമാക്കിയതു് ഡി. എം. കെ–യും, എസ്സ്. എസ്സ്. പി–യുമാണ്. മററുള്ള പാർട്ടികൾ ഉദ്ദേശിച്ചത്ര മുന്നോട്ടു വന്നിട്ടില്ല.

ആന്ധ്ര, ഗുജറാത്തു്, മദ്ധ്യപ്രദേശ്, രാജസ്ഥാൻ, ത്രിപുര എന്നിവിടങ്ങളിൽ ജനാധിപത്യപ്രതിപക്ഷം പരാജയപ്പെടുകയാണുണ്ടായതു്. ഇന്ത്യൻ കമ്മ്യൂണിസ്റ്റ്പാർട്ടി, മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ്പാർട്ടി., എസ്സ്. എസ്സ്. പി., പി. എസ്സ്. പി. എന്നീ പാർട്ടികൾക്കാണ് ഈ പരാജയങ്ങൾ ഉണ്ടായിട്ടുള്ളതു്. പല സംസ്ഥാനങ്ങളിലും ഇടതുപക്ഷങ്ങളുടേയും ജനാധിപത്യശക്തികളുടെയും ഇടയിലുണ്ടായ ഭിന്നിപ്പും അനൈക്യവുമാണ് തിരഞ്ഞെടുപ്പിൽ വേണ്ടത്ര വിജയം കരസ്ഥമാക്കാൻ കഴിയാതെപോകാനുള്ള പ്രധാനകാരണം. ഉദാഹരണത്തിനു്, യു. പി–യിൽ ഇന്ത്യൻകമ്മ്യൂണിസ്റ്റ്പാൎട്ടി, എസ്. എസ്. പി., മാർക്സിസ്റ്റ്പാർട്ടി എന്നു തുടങ്ങിയ കക്ഷികൾതമ്മിലുണ്ടായ ഭിന്നിപ്പുമൂലം 55 അസംബ്ളിസീററുകളാണ് നഷ്ടപ്പെടേണ്ടി വന്നതു്. ആന്ധ്ര, പശ്ചിമബംഗാൾ എന്നീ സംസ്ഥാനങ്ങ

ളിൽ കമ്മ്യൂണിസ്റ്റ് അണികളിലുണ്ടായ ഭിന്നിപ്പുമൂലം പല സീററുകളും കാൺഗ്രസിനു കാഴ്ചവക്കേണ്ടിവന്നിട്ടുണ്ട്.

ജനാധിപത്യപ്രതിപക്ഷങ്ങളുടെ കൂട്ടത്തിൽ ദേശീയാടിസ്ഥാനത്തിൽ കമ്മ്യൂണിസ്റ്റ്പാർട്ടിക്കുണ്ടായിരുന്ന ആ പ്രഥമസ്ഥാനം നഷ്ടപ്പെട്ടു എന്നതാണ് നാലാംപൊതുതിരഞ്ഞെടുപ്പിൻെറ മറെറാരു സവിശേഷത. കഴിഞ്ഞകാലങ്ങളിൽനിന്നും തികച്ചും ഭിന്നമായ, നിഷേധാത്മകമായ, ഒരു സംഭവവികാസമാണിതു്. ഇപ്പോൾ കമ്മ്യൂണിസ്റ്റ്പാർട്ടിക്കും മാർക്സിസ്റ്റ് പാർട്ടിക്കും ലോക്സഭയിൽ നാലാംസ്ഥാനവും ആറാംസ്ഥാനവുമാണുള്ളതു്. ആന്ധ്രയിൽ ഒററക്കായാലും, കൂട്ടായായാലും പ്രധാനപ്രതിപക്ഷമെന്ന സ്ഥാനം കമ്മ്യൂണിസ്റ്റ്പാർട്ടിക്കു നഷ്ടപ്പെട്ടിരിക്കയാണ്.

## കമ്മ്യൂണിസ്റ്റ്പാർട്ടി

നാലാമതു പൊതുതിരഞ്ഞെടുപ്പിൽ കമ്മ്യൂണിസ്റ്റ്പാർട്ടിക്കുണ്ടായ നേട്ടങ്ങളേയും കോട്ടങ്ങളേയുംപററി വിലയിരുത്തുമ്പോൾ, പൊതുവായ രാഷ്ട്രീയസ്ഥിതിഗതികൾ മാത്രം കണക്കിലെടുത്താൽ പോരാ. കമ്മ്യൂണിസ്റ്റ്പ്രസ്ഥാനത്തിനകത്തും പാർട്ടിക്കുള്ളിൽത്തന്നെയും ഉണ്ടായ ഭിന്നിപ്പും അതിൻെറ ഭവിഷ്യത്തുകളുംകൂടി നാം കണക്കിലെടുക്കണം. പാർട്ടിയിലെതന്നെ ഒരു വലിയ വിഭാഗം പാർട്ടിയെവിട്ടു പുറത്തുപോയി. അവർ ഒരു എതിർപാർട്ടിതന്നെ രൂപീകരിച്ചു. പശ്ചിമബംഗാളിലും ആന്ധ്രയിലും മററു പല സംസ്ഥാനങ്ങളിലും ഈ എതിർപാർട്ടി നമുക്കെതിരായി അണിനിരക്കുകയും ചെയ്തുതോടുകൂടി, പിളർപ്പിനുശേഷം പാർട്ടിയുടെ നിലനിൽപുതന്നെ ഒരു പ്രശ്നമായി. പൊതുതിരഞ്ഞെടുപ്പിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി വളരെ ക്ഷയിക്കുമെന്നാണ് അധികംപേരും വിചാരിച്ചിരുന്നതു്. മാർക്സിസ്റ്റ്പാർട്ടിയുടെ നേതൃത്വമാകട്ടെ, ഇന്ത്യയിലെ കമ്മ്യൂണിസ്റ്റ്പ്രസ്ഥാനത്തിൻെറ ശരിയായ വക്താക്കൾ അവരായിരിക്കുമെന്നും, ഇന്ത്യൻ കമ്മ്യൂണിസ്റ്റ്പാർട്ടി വളരെ

നിസ്സാരമായൊരു ഘടകം മാത്രമാണെന്നും, അവരുടെ അണികളിൽ ധാരണ ഉണ്ടാകത്തക്കനിലയിൽ പ്രചരണം നടത്തിയിരുന്നു. എന്നാൽ ഇതൊന്നുമല്ല സംഭവിച്ചതു്. മൊത്തത്തിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ സ്ഥിതി നിസ്സാരമായിരുന്നില്ലെന്നു മാത്രമല്ല, മിക്ക സംസ്ഥാനങ്ങളിലും മാർക്സിസ്റ്റ്പാർട്ടിയേക്കാൾ മെച്ചപ്പെടുകയും ചെയ്തു. കേരളം, പശ്ചിമബംഗാൾ, തമിഴ്നാട്ട്, ത്രിപുര എന്നിവിടങ്ങളിൽ മാത്രമാണു് മാർക്സിസ്റ്റ്പാർട്ടിയ്ക്കു് ഇന്ത്യൻ കമ്മ്യൂണിസ്റ്റ്പാർട്ടിയേക്കാൾ കൂടുതൽ സീററുകളോ വോട്ടുകളോ നേടാൻ കഴിഞ്ഞതു്.

ലോക്സഭയിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ നില മെച്ചപ്പെട്ടിട്ടുണ്ടു്. അസംബ്ളികളിൽ, പിളർപ്പിനുശേഷം ഇന്ത്യൻ കമ്മ്യൂണിസ്റ്റ്പാർട്ടിയിൽ ശേഷിച്ച മൊത്തം മെമ്പറന്മാരേക്കാൾ കൂടുതൽ നിയമസഭാംഗങ്ങൾ ഇപ്പോൾ ഇന്ത്യൻ കമ്മ്യൂണിസ്റ്റ്പാർട്ടിക്കുണ്ടു്. പിളർപ്പിനുശേഷം ഇന്ത്യൻ കമ്മ്യൂണിസ്റ്റ്പാർട്ടിക്കു ലോക്സഭയിൽ ഉണ്ടായിരുന്നതു് 18 എം. പി. മാരാണു്. എന്നാൽ നാലാമത്തു തിരഞ്ഞെടുപ്പിനുശേഷം അതു് 23 (+1) സീററുകളായിട്ടുണ്ടു്. അസംബ്ളിസീററുകളുടെ എണ്ണം 110-ൽനിന്നു് 115 ആയും മാറിയിട്ടുണ്ടു് (പിളർപ്പിനുശേഷമുണ്ടായിട്ടുള്ള കേരളത്തിലെ ഇടക്കാലതിരഞ്ഞെടുപ്പിലെ 27 സീററുകളുൾപ്പെടെ). ഏഴ സംസ്ഥാനങ്ങളിലും ഒരു യൂണിയൻ അതിർത്തിസംസ്ഥാനത്തിലും അതിൻെറ നില തീർച്ചയായും മെച്ചപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ടു്. ഒരു യൂണിയൻ അതിർത്തിസംസ്ഥാനത്തിലും മററു രണ്ടു സംസ്ഥാനങ്ങളിലും മാത്രമേ കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ നില പിന്നോക്കമായിട്ടുള്ളു. അസംബ്ളിയിൽ കാതലായ നേട്ടങ്ങളുണ്ടായിട്ടുള്ളതു് ബീഹാറിലും ആസ്സാമിലും കേരളത്തിലും (ഇടക്കാലതിരഞ്ഞെടുപ്പിനെ അപേക്ഷിച്ചു്) മഹാരാഷ്ട്രയിലുമാണു്. ബീഹാർ, യു. പി., മഹാരാഷ്ട്ര, ആസ്സാം, മണിപ്പൂർ എന്നിവിടങ്ങളിലാണു് കമ്മ്യൂണിസ്റ്റ്പാർട്ടി അതിൻെറ പാർലമെൻറുസീററുകൾ അഭിവൃദ്ധിപ്പെടുത്തിയിട്ടുള്ളതു്.

ഇന്ത്യൻ കമ്മ്യൂണിസ്റ്റ്പാർട്ടിക്കു് വിവിധനിയമസഭകളിലുള്ള നില പരിശോധിച്ചാൽ, ഏററവും കൂടുതൽ സീററുക

ുള്ള ബീഹാറിനാണ് തിരഞ്ഞെടുപ്പുഫലങ്ങളെപ്പററി അഭിമാനിക്കാൻ കഴിയുന്നതു്.

നിയമസഭാസീററുകളിലേക്കു നടന്ന തിരഞ്ഞെടുപ്പിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ്പാർട്ടിക്കു ലഭിച്ച മൊത്തം വോട്ട് 60,79,240—അല്ലെങ്കിൽ 4.27 ശതമാനമാണ്. ലോക്സഭയിലേക്കാണെങ്കിൽ 72,77,708 വോട്ടുകൾ അല്ലെങ്കിൽ 4.80 ശതമാനം. കമ്മ്യൂണിസ്റ്റ്പാർട്ടി, ആകെ 612 നിയമസഭാസീററുകളിലും 101 ലോക്സഭാസീററുകളിലും മത്സരിക്കുകയുണ്ടായി. വിവിധ സംസ്ഥാനങ്ങളിലെ സ്ഥിതിഗതികൾ താഴെച്ചേർക്കുന്ന പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1967-ലെ തിരഞ്ഞെടുപ്പും ഇന്ത്യൻ കമ്മ്യൂണിസ്റ്റ്പാർട്ടിയും

| സംസ്ഥാനം | | വോട്ടുകൾ | ശതമാനം | മത്സരിച്ച സീററ് | ജയിച്ച സീററ് |
|---|---|---|---|---|---|
| ആന്ധ്റ | ലോക്സഭ | 15,51,223 | 11.42 | 20 | 1 |
| | അസംബ്ളി | 10,27,643 | 7.48 | 101 | 10 |
| ആസ്സാം | ലോ: സ: | 2,47,107 | 8.88 | 4 | 1 |
| | അ: | 1,52,482 | 4.90 | 22 | 7 |
| ബീഹാർ | ലോ: സ: | 12,62,158 | 9.35 | 17 | 5 |
| | അ: | 9,31,434 | 6.88 | 97 | 24 |
| ഗുജറാത്ത് | — | — | — | — | — |
| ഹരിയാന | ലോ: സ: | 51,758 | 1.70 | 3 | — |
| | അ: | 27,739 | 1.00 | 13 | — |
| ജമ്മു–കാശ്മീർ | — | — | — | — | — |
| കേരളം | ലോ: സ: | 5,01,322 | 7.90 | 3 | 3 |
| | അ: | 5,37,824 | 8.50 | 22 | 19 |
| മദ്ധ്യപ്രദേശം | ലോ: സ: | 1,31,533 | 1.42 | 6 | — |
| | അ: | 96,576 | 1.06 | 31 | 1 |
| മദ്രാസ് | ലോ: സ: | 2,73,253 | 1.77 | 6 | — |
| മഹാരാഷ്ട്ര | ലോ: സ: | 7,01,074 | 4.90 | 7 | 2 |
| | അ: | 6,69,827 | 5.13 | 41 | 10 |

| സംസ്ഥാനം | | വോട്ടുകൾ | ശതമാനം | മത്സരിച്ച സീററു് | ജയിച്ച സീററു് |
|---|---|---|---|---|---|
| മൈസൂർ | ലോക്സഭ | — | — | — | — |
| | അസംബ്ളി | 47,956 | 0.65 | 7 | 2 |
| ഒറീസ്സ | ലോ: സ: | 1,56,282 | 3.85 | 3 | — |
| | അ: | 2,00,158 | 5.04 | 30 | 7 |
| പഞ്ചാബ് | ലോ: സ: | 1,83,341 | 4.26 | 3 | 0 |
| | അ: | 2,05,916 | 4.85 | 20 | 5 |
| രാജസ്ഥാൻ | ലോ: സ: | 20,987 | 0.30 | 1 | — |
| | അ: | 64,327 | 0.95 | 20 | 5 |
| ഉത്തർപ്രദേശ് | ലോ: സ: | 7,10,462 | 3.26 | 17 | 5 |
| | അ: | 7,32,776 | 3.43 | 96 | 14 |
| പശ്ചിമ ബംഗാൾ | ലോ: സ: | 11,55,171 | 8.99 | 11 | 5 |
| | അ: | 10,39,790 | 8.05 | 62 | 16 |
| ഹിമാചൽ പ്രദേശം | ലോ: സ: | 16,205 | 4.89 | 1 | — |
| | അ: | 24,744 | 3.54 | 16 | 2 |
| മണിപ്പൂർ | ലോ: സ: | 91,131 | 28.05 | 1 | 1 |
| | അ: | 17,062 | 5.47 | 6 | 1 |
| ത്രിപുര | ലോ: സ: | — | — | — | — |
| | അ: | 34,562 | 7.97 | 7 | 1 |
| പോണ്ടിച്ചേരി | ലോ: സ: | 42,725 | 26.69 | 1 | — |
| ഡൽഹി, ചാണ്ടിഗർ, ദാദ്രാഹവേലി, ആന്തമാൻ നിക്കോബാർ, ലക്ഷദ്വീപുകൾ | | — | — | — | — |
| ആകെ | ലോ:സ: | 72,77.708 | 4.80 | 104 | 23 |
| | അ: | 59,52,563 | 4.23 | 612 | 122 |

ഏററവും വലിയ പരാകോട്ടടി ഉണ്ടായതു് ആന്ധ്രാസംസ്ഥാനത്താണ്. തമിഴ്നാട്ടിൽ ഒരു സീററും നഷ്ടപ്പെട്ടില്ല.

കാരണം, മൂന്നാം പൊതുതിരഞ്ഞെടുപ്പിൽ നമുക്കു നേടാൻ കഴിഞ്ഞിരുന്ന രണ്ടു സീററും നിലനിർത്തുവാൻ നമുക്കു കഴിഞ്ഞു. എന്നാൽ പാർട്ടിക്കു ലഭിച്ച 2,56,140 വോട്ടുകൾ കാണിക്കുന്നതു് രാഷ്ട്രീയമായി വലിയ പരാജയമുണ്ടായി എന്നാണു്. ഈ രണ്ടു സംസ്ഥാനങ്ങളിലാണു് യഥാർത്ഥത്തിൽ പാർട്ടിയുടെ തിരഞ്ഞെടുപ്പുഫലം വളരെ മോശമായിപ്പോയതു്. എന്നാൽ ഈ പരാജയങ്ങൾക്കുള്ള കാരണങ്ങൾ പലതാണു്. മററു സംസ്ഥാനങ്ങളിൽ പാർട്ടി അതിൻെറ നില ഏറെക്കുറെ നിലനിർത്തുകയോ അല്ലെങ്കിൽ അല്പം അഭിവൃദ്ധിപ്പെടുത്തുകയോ ചെയ്തിട്ടുണ്ടു്. രാജസ്ഥാൻ, മൈസൂർ, ത്രിപുര എന്നിവിടങ്ങളിൽ പാർട്ടിയുടെ അടിത്തറതന്നെ ഉലഞ്ഞതുപോലെ തോന്നി.

ബീഹാറിൽ നമ്മുടെ അസംബ്ളിസീററുകൾ ഇരട്ടിച്ചിട്ടുണ്ടെന്നും ലോക്‌സഭാസീററുകളിലെ പ്രാതിനിദ്ധ്യം അഞ്ചിരട്ടി ആയിട്ടുണ്ടെന്നും നേരത്തേ സൂചിപ്പിക്കുകയുണ്ടായല്ലോ. മൂന്നാം തിരഞ്ഞെടുപ്പിൽ, ആസ്സാമിലെ അസംബ്ളി വോട്ടിങ്ങിൽ കമ്മ്യൂണിസ്റ്റ്പാർട്ടി പാടെ തിരസ്കരിക്കപ്പെടുകയാണുണ്ടായതു്. എന്നാൽ ഇത്തവണ കമ്മ്യൂണിസ്റ്റ്പാർട്ടിയുടെതന്നെ ചിഹ്നത്തിൽ ഏഴു സീററുകൾ നേടാൻ കഴിഞ്ഞുവെന്നു മാത്രമല്ല നിയമസഭയിലെ ഏററവും വലിയ പ്രതിപക്ഷഗ്രൂപ്പ് ആകുവാനും പാർട്ടിക്കു കഴിഞ്ഞു. (പി. എസ്. പി–ക്കു് 5–ം എസ്. എസ്. പി–ക്കു് 4–ം സീററുകളുണ്ടു്.) പാർട്ടിപിന്തുണയുള്ള സ്വതന്ത്രന്മാരുൾപ്പെടെയാകുമ്പോൾ ആസ്സാമിലെ പ്രധാനപ്പെട്ട പ്രതിപക്ഷം കമ്മ്യൂണിസ്റ്റ്പാർട്ടിയാണു്. മണിപ്പൂരും ആസ്സാമും ലോക്‌സഭയിലേക്കു് ഓരോ കമ്മ്യൂണിസ്റ്റ്മെമ്പറന്മാരെ തിരഞ്ഞെടുത്തയച്ചതു് ഇതാദ്യമായിട്ടാണു്. പാർട്ടി ഒന്നിച്ചുനിന്നിരുന്ന കാലത്തുപോലും നമുക്കു നേടാൻ കഴിയാതിരുന്ന കാര്യമാണിതു്. 1962–ൽ നമുക്കു നഷ്ടപ്പെട്ട സീററ്, മണിപ്പൂരിൽ നാം തിരിച്ചെടുത്തു. കേരളത്തിൽ ഐക്യമുന്നണിയുടെ ഫലമായി നമുക്കു 19 സീററുകൾ നേടാൻകഴിഞ്ഞു, ഇടക്കാലതിരഞ്ഞെടുപ്പിൽ നമുക്കുണ്ടായിരുന്നതു് 3 സീററുകൾ മാത്രമാണു്. ലോക്‌സഭയിലേക്കു മത്സരിച്ച 3 സീററുകളിലും നാം വിജയിച്ചു. മഹാരാഷ്ട്രയിലാണെങ്കിൽ അസംബ്ളിയിൽ നാലും ലോക്‌സഭയിൽ രണ്ടും സീററുകൾ നമുക്കു കൂടുതൽ കിട്ടിയിട്ടുണ്ടു്. (1962–ലെ തിരഞ്ഞെടുപ്പിൽ മഹാരാഷ്ട്രയിൽനിന്നു

ലോക്സഭയിലേക്ക് ഒരൊററ കമ്മ്യൂണിസ്റ്റ്കാരനെപ്പോലും തിരഞ്ഞെടുത്തിരുന്നില്ല.) ഒറീസ്സായിൽ മുൻപ് നമുക്കുണ്ടായിരുന്ന സീററിനേക്കാൾ മൂന്നു സീററുകൂടി ഇത്തവണ കിട്ടി. മൂന്നാംതിരഞ്ഞെടുപ്പിനുശേഷമുണ്ടായിരുന്നത്രയും അസംബ്ളി അംഗങ്ങൾതന്നെ ഇത്തവണയും നമുക്കു യൂ. പി. യിലുണ്ട്. എന്നാൽ ലോക്സഭയിലേക്ക് യൂ. പി. ഇത്തവണ 5 അംഗങ്ങളെ അയച്ചിട്ടുണ്ട്; അവർ പാർട്ടിചിഹ്നത്തിൽതന്നെ മത്സരിച്ചു ജയിച്ചവരുമാണ്. 1962-ൽ രണ്ടുപേർ മാത്രമാണ് യൂ. പി. യിൽ ലോക്സഭയിലേക്കു ജയിച്ചിരുന്നത്. നേരിയ വോട്ടിൻെറ വ്യത്യാസത്തോടുകൂടിയാണ് പല അസംബ്ളിസീററുകളും നമുക്കു നഷ്ടപ്പെട്ടത്. പിളപ്പുകാലത്തു നമുക്കു നഷ്ടപ്പെട്ട രണ്ടു സീററുകളും നാം വീണ്ടെടുത്തിട്ടുണ്ട്. ഹിമാചലപ്രദേശ് അസംബ്ളിയിൽ പഴയതുപോലെ രണ്ടു സീററുകൾ ഇത്തവണയും നമുക്കുണ്ട്.

മുകളിൽകൊടുത്ത കണക്കുകളിൽനിന്ന് കമ്മ്യൂണിസ്റ്റ് പാർട്ടി തിരഞ്ഞെടുപ്പുകളെ സംബന്ധിച്ചിടത്തോളം, ഏഴു സംസ്ഥാനങ്ങളിൽ വെറും നിസ്സാരശക്തിയാണെന്നു വ്യക്തമാകുന്നുണ്ട്. ആ സംസ്ഥാനങ്ങളിലെ അസംബ്ളിതിരഞ്ഞെടുപ്പിൽ രണ്ടുശതമാനം വോട്ടുകൾപോലും പാർട്ടിക്കു നേടാൻ കഴിഞ്ഞില്ല. (പാർട്ടിചിഹ്നത്തിനുവേണ്ടി ഔദ്യോഗികമായ അംഗീകാരം കിട്ടണമെങ്കിൽ 4 ശതമാനം വോട്ടുകളാണു വേണ്ടത്.) യൂ. പി-യിലാണെങ്കിൽ ഇപ്പോഴും 3.43 ശതമാനമാണ്. കെട്ടിവച്ച പണം നഷ്ടപ്പെടുന്ന സ്ഥാനാത്ഥികളുടെ വോട്ടുകൾ ഇതിലേക്കു കണക്കിലെടുക്കുകയില്ല. കെട്ടിവച്ച പണം നേടാൻപോലും വോട്ടു വാങ്ങാത്ത സ്ഥാനാത്ഥികളുടെ വോട്ട്, സംസ്ഥാനാടിസ്ഥാനത്തിൽ ഒരു പാർട്ടിയെ അംഗീകരിക്കുന്നതിനുവേണ്ടിയുള്ള കണക്കെടുപ്പിൽ ഉൾപ്പെടുത്തുകയേയില്ല.

തിരഞ്ഞെടുപ്പുകളെ സംബന്ധിച്ച് സംസ്ഥാനകമ്മിററികളുടെ അവലോകനം നടന്നിട്ടില്ലാത്തതുകൊണ്ട്, വിശദാംശങ്ങളിലേക്കു കടക്കുവാൻ പ്രയാസമുണ്ട്. എന്നിരുന്നാലും ചില കാര്യങ്ങൾ ഇവിടെ സന്ദർഭവശാൽ സൂചിപ്പിച്ചുകൊള്ളട്ടെ.

തിരഞ്ഞെടുപ്പുചിത്രത്തിൻെറ നല്ല വശത്തുനിന്നു നമുക്കാരംഭിക്കാം. ബീഹാറിൽ വളരെ ശക്തിയുള്ള ഒരു പാർട്ടിയായിട്ടാണ് തിരഞ്ഞെടുപ്പോട്ടുകൂടി നാം രംഗത്തു വന്നിട്ടുള്ളത്. ബീഹാറിലെ നമ്മുടെ പാർട്ടിയുടെ പ്രശംസനീയമായ ഈ സംഭാവന ഇല്ലാതിരുന്നെങ്കിൽ ഇന്ത്യയിലെ മൊത്തം സ്ഥിതി അഭിവൃദ്ധിപ്പെടുത്തുവാൻ പാർട്ടിക്കു കഴിയുമായിരുന്നില്ല. പാർട്ടിയിലെ ഭിന്നിപ്പും, മൂക്കുമുറിച്ചുംശകുനംമുടക്കണമെന്ന മാർക്സിസ്റ്റ്പാർട്ടിനയവും മററും കണക്കിലെടുക്കുമ്പോഴാണ് ഈ തിരഞ്ഞെടുപ്പുനേട്ടങ്ങളുടെ മഹത്വം കൂടുതൽ മനസ്സിലാകുന്നത്. തിരഞ്ഞെടുപ്പുവിജയത്തിൽക്കൂടി മാത്രമല്ല ബീഹാറിലെ പാർട്ടി അതിൻെറ സ്വാധീനം വളർത്തിയിട്ടുള്ളത്. ബഹുജനങ്ങളുടെ ഇടയ്ക്ക് പാർട്ടിക്കുള്ള പ്രശസ്തിയും സ്ഥാനവും വളരെ വദ്ധിച്ചിട്ടുണ്ട്. ബീഹാർ, യു. പി. തുടങ്ങിയ വിപുലമായ ഹിന്ദിമേഖലയിൽനിന്നു ലോക്സഭയിലേക്ക് ആദ്യമായി പാർട്ടിയുടെ വക്താക്കളുണ്ടായി. യു. പി-യിലെ നമ്മുടെ പാർട്ടിക്ക് സംഘടനാപരമായ ദൗർബല്യങ്ങളുണ്ടെങ്കിൽക്കൂടിയും തിരഞ്ഞെടുപ്പിൽ നല്ലനിലയിലാണ പ്രവർത്തിച്ചത്.

ആസ്സാമിലെ നമ്മുടെ പാർട്ടി വളരെ ശരിയായ ഒരു രാഷ്ട്രീയനയമാണ് പിന്തുടന്നത്. അതുകൊണ്ട് ഭിന്നിപ്പിനു ശേഷമുണ്ടായ കുഴപ്പങ്ങൾ പരിഹരിച്ച് നല്ല ഫലങ്ങൾ ഉളവാക്കുവാൻ കഴിഞ്ഞു. ലോക്സഭാതിരഞ്ഞെടുപ്പിൽ പശ്ചിമബംഗാളിലെ നമ്മുടെ പാർട്ടി നല്ലതുപോലെ വിജയിച്ചിട്ടുണ്ട്. എന്നാൽ അസംബ്ളിതിരഞ്ഞെടുപ്പുഫലങ്ങളെ സംബന്ധിച്ച് ഇതു പറയുവാൻ നിവൃത്തിയില്ല. പാർട്ടിചെയർമാനെ ലോക്സഭയിലേക്കു വിജയിപ്പിച്ചുകൊണ്ട് മഹാരാഷ്ട്രയിലെ പാർട്ടിഘടകം നല്ലൊരു നേട്ടമുണ്ടാക്കി. ലോക്സഭയിൽ മറെറാരു സീററുകൂടി മഹാരാഷ്ട്ര നേടുകയുണ്ടായി. പഞ്ചാബിലെ മുൻമുഖ്യമന്ത്രിയെ നമ്മുടെ പാർട്ടിസ്ഥാനാത്ഥി പരാജയപ്പെടുത്തി. അതു് നമ്മുടെ പ്രശസ്തി വദ്ധിപ്പിക്കുവാൻ സഹായിച്ചു. പഞ്ചാബിൽ ഐക്യമുന്നണി രൂപീകരിക്കുന്നതിൽ ക്രിയാത്മകമായ പങ്കു വഹിക്കുവാൻ നമ്മുടെ പാർട്ടിക്കു കഴിഞ്ഞു. കേരളത്തിൽ മാർക്സിസ്റ്റ്പാർട്ടിയുടെ തലതിരിഞ്ഞതും ന്യായരഹിതവുമായ നിലപാടിനെതിരായി, യുക്തിപൂർവ്വവും ദീർഘവീക്ഷണത്തോടുകൂടിയുള്ളതുമായ കമ്മ്യൂണിസ്റ്റ്

പാർട്ടിയുടെ നയം, നല്ല ഫലങ്ങളുണ്ടാക്കിയിട്ടുണ്ടെന്നു മാത്രമല്ല, കടുത്ത കമ്മ്യൂണിസ്റ്റ്‌വിരുദ്ധന്മാരുടെ പ്ലാനെല്ലാം പൊളിക്കാനും അതു സഹായിക്കുകയുണ്ടായി. മലബാർവിഭാഗത്തു് ഒരൊററ സീററുപോലും നമ്മുടെ പാർട്ടിക്കു നൽകിയിരുന്നില്ലെങ്കിലും ഐക്യമുന്നണിസ്ഥാനാത്ഥികൾക്കുവേണ്ടി നമ്മുടെ സഖാക്കൾ ആത്മാത്ഥമായി പ്രവത്തിച്ചു. പാർട്ടിയെപ്പററി നല്ല മതിപ്പുണ്ടാക്കുവാൻ ഇതു സഹായകമായി. കമ്മ്യൂണിസ്റ്റ്‌പാർട്ടിയും മാർക്സിസ്റ്റ്‌പാർട്ടിയും തമ്മിലുള്ള ബന്ധം അഭിവൃദ്ധിപ്പെട്ടു. തിരഞ്ഞെടുപ്പുമത്സരത്തിൽനിന്നു പാടെ ഒഴിച്ചുനിത്തിയതുകൊണ്ടു്, വലിയ തകർച്ചയുണ്ടാകുമെന്നുള്ള നമ്മുടെ സഖാക്കളുടെ ഭയപ്പാടിനെ അസ്ഥാനത്താക്കിക്കൊണ്ടു്, പാർട്ടിഅംഗസംഖ്യ ഗണ്യമായ തോതിൽ വദ്ധിക്കുകയുണ്ടായി.

നമ്മുടെ തിരഞ്ഞെടുപ്പുഫലങ്ങൾ എവിടെയെല്ലാമാണു് തൃപ്തികരമല്ലാതായിട്ടുള്ളതെന്നും മോശമായിട്ടുള്ളതെന്നും നാം ഇപ്പോൾത്തന്നെ രേഖപ്പെടുത്തേണ്ടിയിരിക്കുന്നു. നമ്മുടെ പാട്ടി ദുർബ്ബലമായിട്ടുള്ള രാജസ്ഥാൻ, ഗുജറാത്തു്, മൈസൂർ എന്നീ സംസ്ഥാനങ്ങളിൽ തിരഞ്ഞെടുപ്പുഫലങ്ങൾ ഒരിക്കലും ശോഭനമായിരുന്നിട്ടില്ല. എന്നാൽ പാർട്ടിക്കു ശക്തിയായ ബഹുജന അടിത്തറയുള്ള സംസ്ഥാനത്തിലെ പരാജയത്തെപ്പററി നാം വളരെ ഗൗരവമായി പരിശോധിക്കേണ്ടിയിരിക്കുന്നു.

കമ്മ്യൂണിസ്റ്റ്‌പ്രസ്ഥാനത്തിൻെറ ഏററവും ശക്തിമത്തായൊരു കേന്ദ്രമാണു് ആന്ധ്രപ്രദേശം. പാർട്ടിയിലെ ഭിന്നിപ്പിനുശേഷവും അവിടത്തെ നമ്മുടെ പാർട്ടിഘടകം വളരെ ശക്തിമത്താണു്. ഈ പശ്ചാത്തലത്തിൽ ആന്ധ്രയിലെ ജനാധിപത്യപ്രതിപക്ഷം, തിരഞ്ഞെടുപ്പിൽ ഇതിലും മെച്ചപ്പെട്ട ഫലം കാണിക്കേണ്ടതും കാൺഗ്രസ്‌ഭരണത്തെ താഴെയിറക്കേണ്ടതുമായിരുന്നു.

ഈ രാഷ്ട്രീയസന്ദർഭത്തെപ്പററി നമ്മുടെ പാർട്ടിയ്ക്കറിവുണ്ടായിരുന്നു. അതുകൊണ്ടുതന്നെയാണു് ഇടതുപക്ഷ-ജനാധിപത്യപാർട്ടികളുടേയും വ്യക്തികളുടേയും ഐക്യം ഊട്ടിയുണ്ടാക്കി കാൺഗ്രസ്സിനെ നേരിടുവാനും അതിനെ പരാജയപ്പെടുത്തുവാനും നമ്മുടെ പാർട്ടി ശ്രമിച്ചതു്.

കമ്മ്യൂണിസ്റ്റ്പ്രസ്ഥാനത്തിനു പുറമേയുള്ള ഇടതുപക്ഷ ജനാധിപത്യശക്തികൾ നന്നേ ദുർബ്ബലമായിട്ടുള്ള ആന്ധ്റയെപ്പോലുള്ള സംസ്ഥാനത്ത്, രണ്ടു കമ്മ്യൂണിസ്റ്റ്പാർട്ടികളുടെയും ഐക്യമെന്നു പറഞ്ഞാൽ അതിനു പ്രത്യേകപ്രാധാന്യമാണുള്ളത്. അതുകൊണ്ടു് തിരഞ്ഞെടുപ്പിനു് ഏതാണ്ടു് ആറുമാസം മുമ്പുതന്നെ ഐക്യത്തിനുവേണ്ടി മാർക്സിസ്റ്റ്പാർട്ടിയെ നാം സമീപിക്കുകയുണ്ടായി. അനാവശ്യവിമർശനങ്ങൾ ഒഴിവാക്കി തിരഞ്ഞെടുപ്പിൽ ഒരു പൊതുപരിപാടി ആവിഷ്ക്കരിക്കാനും പരസ്പരം പിന്താങ്ങുവാനുമുള്ള നിർദ്ദേശങ്ങളുമായിട്ടാണു മാർക്സിസ്റ്റ്പാർട്ടിയുമായി സംഭാഷണം നടത്തിയതു്. എന്നാൽ മാർക്സിസ്റ്റ്പാർട്ടി ഈ നിർദ്ദേശങ്ങളെല്ലാം നിരാകരിച്ചു. തിരഞ്ഞെടുപ്പിൽ സീററുകളുടെ പ്രശ്നത്തിൽ ചില നീക്കുപോക്കുകൾ വരുത്തുന്ന കാര്യത്തെപ്പററി മാത്രമാണു് അവർ സംസാരിച്ചതു്.

രാഷ്ട്രീയസ്ഥിതിയെപ്പററി മാർക്സിസ്റ്റ്പാർട്ടിക്കു തികച്ചും അവസരവാദപരമായ ഒരു നിലപാടാണു് ഉണ്ടായിരുന്നതു്. ആന്ധ്റാസംസ്ഥാനത്തു് കാൺഗ്രസ്സ്പാർട്ടിയെ അധികാരത്തിൽനിന്നു് താഴെയിറക്കാൻ കഴിയുമെന്നു് അവർ വിശ്വസിച്ചിരുന്നില്ല. അവരുടെ പാർട്ടിസെക്രട്ടറി എം. ഹനുമന്തറാവു തന്നെ ഇക്കാര്യം തിരഞ്ഞെടുപ്പു കഴിഞ്ഞപ്പോൾ 'ജനശക്തി'യിൽ എഴുതിയ ലേഖനത്തിൽ പ്രസ്താവിക്കുകയുണ്ടായി.

"കോൺഗ്രസ്സിനെ തോല്പിക്കണമെങ്കിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയെ തോല്പിക്കണം" എന്ന പിളർപ്പൻ ആശയങ്ങളാണു് അവരെ നയിച്ചതു്. തിരഞ്ഞെടുപ്പിനുമുമ്പു് അവരുടെ നേതാവു് നാഗിറെഡ്ഡിതന്നെ ഈ നയം പരസ്യമായി പ്രഖ്യാപിച്ചിരുന്നു.

സീററുകളെ സംബന്ധിച്ചു സംസാരിച്ച അവസരത്തിൽ തന്നെ അവക്കു് അവരുടെ പാർട്ടിയുടെ ശക്തിയെപ്പററി വളരെ അതിർകടന്ന വിശ്വാസവും, നമ്മുടെ പാർട്ടിയെപ്പററി പരിഹാസനിർഭരമായ സമീപനവുമാണുള്ളതെന്നു് നമുക്കു ബോദ്ധ്യപ്പെട്ടു.

നമ്മുടെ പാർട്ടിയെ തകർക്കുകയെന്ന ലക്ഷ്യമാണ് അവർ തിരഞ്ഞെടുപ്പിൽ അനുവർത്തിച്ചുവന്നതു്. ഈ ലക്ഷ്യം സാക്ഷാൽക്കരിക്കുന്നതിനുവേണ്ടി സ്വതന്ത്രാ, കാൺഗ്രസ് ഗ്രൂപ്പുകളുമായി അവർ പരസ്യമായും രഹസ്യമായും ധാരണകളുണ്ടാക്കി. കാൺഗ്രസിനെതിരായല്ല, നമ്മുടെ പാർട്ടിക്കെതിരായിട്ടാണ് അവരുടെ ആക്രമണത്തിൻെറ വായ്ത്തല തിരിച്ചുവച്ചിരുന്നതു്. ഇത്തരത്തിലൊരു നയം അവർ പിന്തുടന്നുകൊണ്ടു്, മദ്ധ്യസ്ഥന്മാരായിവന്ന എസ്. എസ്. പി. യും നമ്മളും മററും ന്യായമായി ഉന്നയിച്ച പല നിർദ്ദേശങ്ങളും അവർ പാടെ നിരാകരിച്ചു. 1965-ലെ കേരള ഉപതിരഞ്ഞെടുപ്പുഫലം ആന്ധ്റയിലും ആവർത്തിക്കുമെന്നു് അവർ തുടരെത്തുടരെ പ്രഖ്യാപിച്ചുകൊണ്ടിരുന്നു. നമ്മുടെ പാർട്ടിയെ വെറുക്കുന്നതിനുവേണ്ടി അവരുടെ പാർട്ടിഅണികളെ കുത്തിത്തിരിച്ചു. തിരഞ്ഞെടുപ്പിൽ അവർ ജയിക്കുമെന്ന വ്യാമോഹത്തിലാണ് ഇപ്രകാരം ചെയ്തതു്.

മാർക്സിസ്റ്റ്പാർട്ടി ആകാശക്കോട്ടകെട്ടി, തീയോട്ട കളിക്കുകയാണെന്നു് നമ്മൾ അന്നേതന്നെ അവരോടു പറഞ്ഞു. പരസ്പരമുള്ള വഴക്കു് ഇരുപാർട്ടികൾക്കും ദോഷകരമാണെന്നും, അതു് ജനങ്ങളെ വീണ്ടും കാൺഗ്രസിനു കാഴ്ചവയ്ക്കുമെന്നും ജനാധിപത്യപ്രസ്ഥാനത്തിനു് കടുത്ത പ്രഹരമാണെന്നും നാം പറയുകയുണ്ടായി.

ഏതെങ്കിലുംതരത്തിൽ ഒരു ഒത്തുതീർപ്പു് ഉണ്ടാക്കുന്നതിനുവേണ്ടിയുള്ള ശ്രമത്തിൽ, അവസാനം നാം 65 സീററുകളുടെ ഒരു ലിസ്റ്റ് അവക്കു സമർപ്പിച്ചു. നമ്മുടെ ശക്തിയുടെ അടിസ്ഥാനത്തിൽ മത്സരിച്ചു ജയിക്കാമെന്നു് നമുക്കഭിപ്രായമുള്ള സീററുകൾ മാത്രമാണ് നാം ആവശ്യപ്പെട്ടതു്. ഈ ലിസ്റ്റിൽനിന്നു് നമ്മുടെ ശക്തികേന്ദ്രങ്ങളായ പതിനഞ്ചു മണ്ഡലങ്ങൾ അവർ ആവശ്യപ്പെട്ടു.

നമ്മോടു് ഏതെങ്കിലുംതരത്തിൽ ഒരൊത്തുതീർപ്പുണ്ടാക്കണമെന്നല്ല; ഏതുതരത്തിലും കമ്മ്യൂണിസ്റ്റ്പാർട്ടിയെ നേരിടണമെന്ന മനോഭാവമാണ് അവരിലുണ്ടായിരുന്നതു്.

കൃഷ്ണാജില്ലയിൽപ്പോലും പ്രാദേശികമായ വിട്ടുവീഴ്ചകൾക്കും ചില പിന്മാററങ്ങൾക്കുംവേണ്ടി നാം സ്വീകരിച്ച നടപടികൾ

അവർ തള്ളിക്കളഞ്ഞു. അവർ നൽകിയിരുന്ന വാക്കുപാലും പാലിക്കാതെ നമുക്കെതിരായി അവർ രണ്ടു സ്ഥാനാത്ഥികളെ രണ്ടു സീററിൽ നിറുത്തി മത്സരിച്ചു. ഇത്തരത്തിൽ പിന്മാറാനും ഒത്തുതീപ്പിനുംവേണ്ടി നാം നടത്തിയ ശ്രമങ്ങൾ നമ്മുടെ പരാജയബോധത്തിൻെറ ലക്ഷണമായി അവർ കണക്കാക്കി.

ഈ പശ്ചാത്തലത്തിൽ മാർക്സിസ്റ്റ്പാർട്ടിയുമായി ആന്ധ്റായിൽ ഒരേററുമുട്ടലും തക്കവും ഒഴിച്ചുകൂടാൻവയ്യാതായി.

ഇരുപാർട്ടികളും തമ്മിലുണ്ടായ ഈ സംഘട്ടനത്തിനു് മാർക്സിസ്റ്റ്പാർട്ടിയെത്തന്നെയാണു കുററപ്പെടുത്തേണ്ടതു്. നമ്മുടെ ഏററവും ശക്തികേന്ദ്രമായ ഒരു നിയോജകമണ്ഡലത്തിൽ ഒരു സ്ഥാനാത്ഥിയെ കൊണ്ടുനിത്താൻപോലും അവർ ധൈര്യപ്പെട്ടു. അവക്കു് അവിടെ ലഭിച്ചതു് വെറും 350 വോട്ടുകൾ മാത്രമാണു്! നമ്മുടെ നിലപാടു് ശരിയായിരുന്നുവെന്നു് തിരഞ്ഞെടുപ്പുഫലങ്ങൾ വ്യക്തമാക്കിയിട്ടുണ്ടു്:

—ഇരുപാർട്ടികൾക്കും ഏതാണ്ടു് തുല്യശക്തിയാണുള്ളതു്, അതേസമയം നമുക്കു് അവരേക്കാൾ അല്പം കൂടുതൽ സ്വാധീനമുണ്ടു്.

—ഈ സംസ്ഥാനത്തിലെ കമ്മ്യൂണിസ്റ്റ്പ്രസ്ഥാനത്തിൻെറ വക്താവായി അവക്കു ഞെളിയാൻ സാദ്ധ്യമല്ല.

—അവരുടെ അഹന്തയും, പൊങ്ങച്ചത്തോടുകൂടിയുള്ള സമീപനവും, തെററായ രാഷ്ട്രീയനയവുംമൂലം ജനാധിപത്യപ്രസ്ഥാനത്തെ ഏററവും നീചമായ നിലയിൽ പിളന്നു; മാത്രവുമല്ല ആന്ധ്റയിൽ കോൺഗ്രസിനെ അധികാരത്തിൽനിന്നടിച്ചിറക്കാനുള്ള ഒരു സന്ദർഭവും നഷ്ടപ്പെടുത്തി.

ആന്ധ്റയിലെ കമ്മ്യൂണിസ്റ്റ്പ്രസ്ഥാനത്തിലെ ഭൂരിപക്ഷത്തിൻെറ പിന്തുണ തങ്ങൾക്കാണെന്നുള്ള അവരുടെ പ്രചരണത്തിൻെറ 'പൊയ്മുഖം' ഒററയടിക്കു് തിരഞ്ഞെടുപ്പുഫലങ്ങൾ തകത്തുകളഞ്ഞു. അവരുടെ അണികൾ നടുങ്ങിപ്പോയി.

എന്നാൽ ഇതിൻെറ ഫലങ്ങൾ എന്തെല്ലാമാണെന്നു വ്യക്തമായി മനസ്സിലാക്കണം. പിളപ്പിൻെറ ആശയവും പരസ്പരസംഘട്ടനത്തിൻെറ രാഷ്ട്രീയവും കോൺഗ്രസിൻെറ ദുർഭരണം നീട്ടിക്കൊണ്ടുപോകുവാനേ സഹായിച്ചിട്ടുള്ളു.

ഇരുപാർട്ടികളും തിരഞ്ഞെടുപ്പിൽ ഭയങ്കരമായി പരാജയപ്പെട്ടെങ്കിലും, ആന്ധ്റയിൽ തിരഞ്ഞെടുപ്പിനുശേഷമുള്ള സ്ഥിതികൾ കാണിക്കുന്നതു് കാൺഗ്രസിനൊരു ഉറച്ച ഭരണം തുടരാൻ കഴിയുകയില്ലെന്നാണു്. കാൺഗ്രസ്പാർട്ടിക്കുള്ളിൽ തന്നെ കാലുമാററങ്ങളുണ്ടു്, അസംബ്ളിയിൽ ജനകാൺഗ്രസ് രൂപമെടുത്തിട്ടുണ്ടു്, ജനങ്ങൾക്കിടയിലാണെങ്കിൽ അസംതൃപ്തി വളരുകയാണു്. ഇതെല്ലാമാണു് കാൺഗ്രസിനൊരു ഉറച്ച ഭരണം നടത്തുവാനുള്ള പ്രതിബന്ധങ്ങൾ.

ഒരു ബദൽ ഭരണകൂടത്തിനും, സാമ്പത്തികആശ്വാസത്തിനുംവേണ്ടി ജനങ്ങളെ അണിനിരത്തി ഒരു പരിപാടിയുടെ അടിസ്ഥാനത്തിൽ നിയമസഭയ്ക്കകത്തും പുറത്തും പ്രതിപക്ഷ പാർട്ടികൾ യോജിക്കണമെന്നു് ആഹ്വാനംചെയ്യാൻ നമ്മുടെ പാർട്ടി മുൻകയ്യെടുത്തിട്ടുണ്ടു്.

മാർക്സിസ്റ്റ്പാർട്ടിയുടെ രാഷ്ട്രീയവും ആശയപരവുമായ നിലപാടുകൾക്കു് കടുത്ത പ്രഹരങ്ങൾ ഏററിട്ടുണ്ടു്. പക്ഷെ അതിൻെറ നേതൃത്വം ഇതൊന്നും മനസ്സിലാക്കിയിട്ടില്ല.

നമ്മുടെ പാർട്ടിക്കും വലിയ കുറവുകളും പരാജയങ്ങളും സംഭവിച്ചിട്ടുണ്ടെന്നു നാം മനസ്സിലാക്കേണ്ടതാണു്.

നാം ആവശ്യപ്പെട്ട 65 സീററുകളിൽതന്നെ ഏതാണ്ടു് നാലഞ്ചു സീററുകളിൽ നമ്മുടെ വിലയിരുത്തൽ തെററിപ്പോയി. നല്ലഗൊണ്ട, കമ്മം, ഗുണ്ടൂർ, കൃഷ്ണ, പശ്ചിമഗോദാവരി എന്നീ ജില്ലകൾ കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ ശക്തികേന്ദ്രങ്ങളാണു്. എന്നാൽ ഈ സ്ഥലങ്ങളിൽ മാർക്സിസ്റ്റ്പാർട്ടിയെ അപേക്ഷിച്ചു് നമ്മുടെ പ്രവർത്തനം താരതമ്യേന മോശമായിരുന്നു.

പാർട്ടി മത്സരിച്ച സീററുകളിലെ തിരഞ്ഞെടുപ്പുഫലങ്ങൾ പരിശോധിച്ചാൽ ചില വസ്തുതകൾ നമുക്കു ബോദ്ധ്യമാകും. ഏതാണ്ടു് 20 സീററുകളിൽ നമ്മുടെ മത്സരം അനാവ

ശ്യമായിരുന്നു. അതു് നമ്മുടെ ശക്തിയെ ദുർബ്ബലപ്പെടുത്താനും മററു ചില നിയോജകമണ്ഡലങ്ങളിൽ നമുക്കുണ്ടായിരുന്ന സാദ്ധ്യതകളെ ഇല്ലാതാക്കുവാനും മാത്രമേ ഉപകരിച്ചിട്ടുള്ളൂ.

എസ്. എസ്. പി., പി. എസ്. പി., ആർ. പി. ഐ. എന്നീ പാർട്ടികളുമായി ഐക്യമുണ്ടാക്കാൻ വേണ്ട നടപടികൾ എടുക്കുന്നതിൽ നാം പരാജയപ്പെട്ടു. മാത്രവുമല്ല, എസ്. എസ്. പി, ആർ. പി. ഐ. എന്നീ പാർട്ടികളോടു നാം നൽകിയിരുന്ന വാഗ്ദാനങ്ങൾ ലംഘിക്കുവാനും ആ കക്ഷികൾക്കെതിരായി രണ്ടു സ്ഥാനാർത്ഥികളെ നിറുത്തി മത്സരിക്കുവാനും നാം മുതിർന്നു.

കുറേക്കാലങ്ങളായി നമ്മെ പിന്തുടരുന്ന ആ സംഘടനാപരവും രാഷ്ട്രീയവുമായ ദൗർബ്ബല്യവും, ബഹുജനസമരങ്ങളുടെ അഭാവവും, നമ്മുടെ നേതൃത്വത്തിലുള്ള ബഹുജനസംഘടനകളുടെതന്നെ ശോചനീയാവസ്ഥയും മററുമാണു് തിരഞ്ഞെടുപ്പിൽ ഈ പരാജയമുണ്ടാകുവാൻ കാരണമായതു്.

തമിഴ നാട്ടിലാണെങ്കിൽ മാർക്സിസ്റ്റ്പാർട്ടിക്കു് 4300 മെമ്പറന്മാരുണ്ടായിരുന്നപ്പോൾ നമുക്കു് 15015 മെമ്പറന്മാരുണ്ടെന്നു് നാം അവകാശപ്പെട്ടിരുന്നു (പാർട്ടിഭിന്നിപ്പിനുശേഷം). നേരത്തേ പ്രസ്താവിച്ചതുപോലെ ഇവിടെ തിരഞ്ഞെടുപ്പുരംഗത്തും രാഷ്ട്രീയരംഗത്തും നമുക്കു വലിയ പരാജയമാണുണ്ടായതു്. തെല്ലാശ്വാസത്തിനു വകനൽകുന്ന ഒന്നുംതന്നെ നമ്മുടെമുമ്പിൽ ഇല്ലെന്നുള്ളതാണു് മറെറാരു വസ്തുത. ആന്ധ്റയിൽ അസംബ്ളിവോട്ടിൻെറ 7.48 ശതമാനം നമുക്കു നേടാൻ കഴിഞ്ഞു. (തമിഴ്നാട്ടിൽ നാം മത്സരിച്ച സീററിൻെറ മൂന്നിരട്ടി സീററുകളിൽ നാം ആന്ധ്റയിൽ മത്സരിച്ചു എന്നുള്ള വസ്തുത ശരിയാണു്.) എന്നാൽ തമിഴ്നാട്ടിൽ നമുക്കു ലഭിച്ച വോട്ടു് വെറും 1.68 ശതമാനമാണു്, അതായതു്, 2,56,140 വോട്ടു്!— വേദനാജനകമായൊരു വസ്തുതയാണിതു്. നാം മത്സരിച്ച 32 സീററുകളിൽ 23 എണ്ണത്തിലും നമുക്കു കെട്ടിവച്ച പണം നഷ്ടപ്പെട്ടു നമ്മെ പരാജയപ്പെടുത്താൻ മാർക്സിസ്റ്റ്പാർട്ടിയുടെയോ മറേറതെങ്കിലും പാർട്ടിയുടേയോ നേതൃത്വത്തിൽ നടത്തിയ ഗൂഢാലോചനയൊന്നുമല്ല നമ്മുടെ പരാജയത്തിനു കാരണമായതു്. സംസ്ഥാനനേതൃത്വത്തിൻെറ തെററായ തിരഞ്ഞെടുപ്പുതന്ത്രവും

തെററായ രാഷ്ട്രീയധാരണയുംമൂലം സ്വയം തുടച്ചുനീക്കപ്പെട്ടു വാൻ അനുവദിച്ചു എന്നുള്ളതാണ് വസ്തുത. തമിഴ്നാട്ടിൽ കാൺഗ്രസിനെ ഏതാണ്ട് പരിപൂർണ്ണമായി പരാജയപ്പെടുത്തിയപ്പോൾ, നമ്മുടെ പാർട്ടിയുടെ നില ഇത്ര ശോചനീയമായിപ്പോയതു് ഞെട്ടിപ്പിക്കുന്നൊരു വസ്തുതയാണ്. രാഷ്ട്രീയരംഗത്തു് നാം പരിപൂർണ്ണമായി, വ്യാപകമായ തോതിൽ, ഒററപ്പെട്ടു പോയതുകൊണ്ടുതന്നെയാണ് തമിഴ്നാട്ടിൽ നമുക്കീ സ്ഥിതി വന്നുകൂടിയതു. അവിടെ നമുക്കു പററിയ തെററു് അത്യന്തം ഗൗരവതരവും അടിസ്ഥാനപരവുമാണ്.

പശ്ചിമബംഗാളിൻ നമ്മുടെ പാർട്ടിയുടെ രാഷ്ട്രീയനയം ബഹുജനങ്ങളുടെ ദൃഷ്ടിയിൽ വിജയിച്ചിരിക്കുകയാണ്. ഈ മഹത്തായ വിജയം ജനാധിപത്യപ്രസ്ഥാനത്തിൻെറ ഭാവിക്കു മാത്രമല്ല കമ്മ്യൂണിസ്റ്റ്പ്രസ്ഥാനത്തിൻെറ ഐക്യത്തിനും സഹായകരമാണ്.

ഹൗറാ, ബറാക്ക്പൂർ എന്നിവിടങ്ങളിലെ സ്റ്റാററസ് മത്സരങ്ങളിൽ പരാജയപ്പെട്ടെങ്കിലും, ലോക്സഭയിലേയ്ക്കുള്ള മത്സരത്തിൽ നമ്മുടെ വിജയം അഭിനന്ദനാർഹമാണ്. എന്നാൽ അസംബ്ളിഫലങ്ങൾ, നാം മിതമായി പ്രതീക്ഷിച്ചിരുന്നതിൽനിന്നുതന്നെ എത്രയോ വിദൂരമായിരുന്നു. പണ്ട് 13 സീററുകൾ ഉണ്ടായിരുന്ന അസംബ്ളിയിൽ ഇപ്പോൾ നമുക്കുള്ളതു് 16 ആണ്. എന്നാൽ അസംബ്ളിയുടെ മൊത്തം സീററു് 252-ൽനിന്നു് 280 ആയി കൂടിയിട്ടുണ്ട്. കാൺഗ്രസിൻെറ സീററുകളാണെങ്കിൽ 160-ൽനിന്നു 127 ആയി കുറയുകയുംചെയ്തു. പശ്ചിമബംഗാളിലെ 16 ജില്ലകളിൽ ഏതാണ്ട് നാലു ജില്ലകളിൽ മാത്രമാണ് നാം ജയിച്ചതു്. (മിഡ്നാപ്പൂർ 8, കൽക്കട്ടാ 4, ഇരുപത്തിനാലു പർഗാനാ 3, നാദിയാ 1.) ബഹുജനങ്ങളുടെ ഇടയിലുണ്ടായ ഉണർവ്വിൻെറയും കാൺഗ്രസിൻെറ പരാജയത്തിൻെറയും ആ പശ്ചാത്തലത്തിൽ, നമ്മുടെ നേട്ടങ്ങൾ തൃപ്തികരമാണെന്നു പറയാൻ നിവൃത്തിയില്ല. ഐക്യമുന്നണിയിൽ നമ്മുടെ പാർട്ടിക്ക് മൂന്നാംസ്ഥാനമാണുള്ളതു്. 44 സീററുകളുള്ള മാർക്സിസ്ററുപാർട്ടിക്കാണ് ഒന്നാംസ്ഥാനം. 34 സീററുകളുള്ള ബംഗളാകാൺഗ്രസ്സിനു് രണ്ടാംസ്ഥാനവും. ഹൗറാ, ഹൂഗ്ലി, അസൻസോൾ,

റാണിഗഞ്ച്, ദുർഗാപ്പൂർ എന്നീ പശ്ചിമബംഗാളിലെ വ്യാവസായികമേഖലകളിൽ നമ്മുടെ പാർട്ടി തോററുപോയി എന്നുള്ളതാണ് ഏററവും വേദനാജനകമായ വസ്തുത. നമുക്കു കിട്ടിയ വോട്ടുകൾ നന്നേ കുറവായിരുന്നു. മാത്രമല്ല ചില സീററുകൾ കാൺഗ്രസ് നേടുകയും ചെയ്തു.

മൂന്നു സ്റ്റേററുകളിലെ തിരഞ്ഞെടുപ്പുഫലങ്ങൾ ഞാൻ മുകളിൽ പരാമർശിച്ചതു് ഈ മൂന്നു സ്റ്റേററുകളിലെ അനുഭവങ്ങൾക്കും അതിൻേറതായ പ്രത്യേകതകളുള്ളതുകൊണ്ടാണ്. പശ്ചിമബംഗാളിലെ തിരഞ്ഞെടുപ്പുഫലം രാഷ്ട്രീയമായി മറെറാരു നിലയിൽതന്നെ കണക്കിലെടുക്കണമെന്നുള്ളതിൽ തക്മില്ല. ഇന്നത്തെ നിലയ്ക്കു് പശ്ചിമബംഗാളിൽ നമുക്കു ലഭിച്ച രാഷ്ട്രീയനേട്ടം മഹത്തരമാണ്. ആന്ധ്റയിൽ നടന്നതു് ഇതുപോലാണെന്നു പറയുവാൻ നിവൃത്തിയില്ല.

## പാർട്ടിയിലെ ഭിന്നിപ്പും തിരഞ്ഞെടുപ്പും

കമ്മ്യൂണിസ്റ്റ്പാർട്ടിയിൽ 1964-ലുണ്ടായ പിളർപ്പിനുശേഷം ആദ്യം നടന്നതാണ് നാലാമതു പൊതുതിരഞ്ഞെടുപ്പ്. തിരഞ്ഞെടുപ്പുഫലങ്ങളാണെങ്കിൽ ഭിന്നിപ്പിൻെറ തത്വശാസ്ത്രത്തെ പരിപൂർണ്ണമായി ഖണ്ഡിക്കുന്നവയാണ്. ഈ ഭിന്നിപ്പുമൂലമുണ്ടായ ദ്രോഹവും തകർച്ചയുംപോലെ മറെറാന്നുംതന്നെ ഇന്നാട്ടിലെ കമ്മ്യൂണിസ്റ്റ്പാർട്ടിയേയും ഇടതുപക്ഷപ്രസ്ഥാനത്തേയും ബാധിച്ചിട്ടില്ല. പാർട്ടിയിലെ പിളർപ്പ് കാൺഗ്രസ് പാർട്ടിയേയും മററു പിന്തിരിപ്പൻപാർട്ടികളേയും സഹായിച്ചിട്ടുണ്ടു്. തിരഞ്ഞെടുപ്പുസമരത്തിൽ തൊഴിലാളിവർഗ്ഗത്തിൻെറ താല്പര്യങ്ങളേയും നേട്ടങ്ങളേയും ആ പിളർപ്പ് ഗൌരവതരമായി ബാധിച്ചിട്ടുണ്ടു്. കഴിഞ്ഞ മൂന്നു തിരഞ്ഞെടുപ്പുകളിലും കൂടി കമ്മ്യൂണിസ്റ്റ്പ്രസ്ഥാനം കരസ്ഥമാക്കിയ എല്ലാ നേട്ടങ്ങളേയും തകക്കുന്നതിനും സ്വതന്ത്രാപ്പാർട്ടിയെ പാർലമെൻറിലെ പ്രഥമപ്രതിപക്ഷപാർട്ടിയായി ഉയർത്തുന്നതിനും ആ പിളർപ്പു

സഹായിച്ചു. ഇതൊന്നും ഇന്നൊരു തർക്കവിഷയമേയല്ല. തിരഞ്ഞെടുപ്പുഫലങ്ങളുടെ ബോർഡിൽതന്നെ ഇതൊക്കെ വലിയ അക്ഷരത്തിൽ എഴുതിവച്ചിട്ടുണ്ട്. ഈ സ്ഥിതി വരുത്തിയതിനു് ജനങ്ങൾ സ്വാഭാവികമായി നമ്മെ—രണ്ടു കമ്മ്യൂണിസ്റ്റ്പാർട്ടികളേയും—പഴിക്കുകയാണ്. പാർട്ടിയോടുള്ള മമതയും സ്നേഹവുംകൊണ്ടാണു് ജനങ്ങൾ ഇങ്ങിനെ കുററപ്പെടുത്തുന്നതു്.

കമ്മ്യൂണിസ്റ്റ്പാർട്ടിക്കെതിരായി മാർക്സിസ്ററുപാർട്ടി ആവിഷ്കരിച്ച തിരഞ്ഞെടുപ്പുതന്ത്രമാണു്, പാർട്ടിപ്പിളർപ്പിന്റെ ആ ചീത്തവശങ്ങളെയെല്ലാം കൂടുതൽ വളർത്തിയതു്. തിരഞ്ഞെടുപ്പുസമരങ്ങളിൽപോലും ഈ ഭിന്നിപ്പിന്റെ ദ്രോഹവശങ്ങൾ ആവുന്നത്ര കുറയ്ക്കാൻ ശ്രമിക്കാതെ നമ്മുടെ പാർട്ടിയെ കഴിയുന്നത്ര സ്ഥലങ്ങളിൽ താഴ്ത്തിക്കെട്ടാനാണു് മാർക്സിസ്റ്റ്പാർട്ടി ശ്രമിച്ചതു്. ഒരുകാലത്തു് യോജിച്ചുനിന്ന ഇന്ത്യൻ കമ്മ്യൂണിസ്റ്റ്പ്രസ്ഥാനത്തിന്റെ യഥാർത്ഥവക്താക്കളും അവകാശികളും തങ്ങളാണെന്നു് ഇന്നാട്ടിലെ ജനങ്ങളേയും അന്തർദ്ദേശീയ കമ്മ്യൂണിസ്റ്റ്പ്രസ്ഥാനത്തേയും ബോദ്ധ്യപ്പെടുത്താനുള്ള ശ്രമത്തിലാണു് മാർക്സിസ്റ്റ്പാർട്ടി ഈ നയം സ്വീകരിച്ചതു്. തിരഞ്ഞെടുപ്പിൽ രണ്ടു കമ്മ്യൂണിസ്റ്റ്പാർട്ടികളും യോജിക്കണമെന്നുള്ള തത്വം അവർ സ്വീകരിച്ചതേയില്ല. ചില സ്ഥലങ്ങളിൽമാത്രമാണു് ഇതിൽനിന്നു വ്യത്യസ്തമായിരുന്നതു്. അവരുടെ പാർട്ടിയുടെ ശക്തിയെപ്പററി ഊതിവീർപ്പിച്ച അഭിപ്രായങ്ങൾ വച്ചുപുലർത്തുകയായിരുന്നു ഈ തുരപ്പൻഅടവിന്റെ ഒരു സവിശേഷത. അവരുടെ ശക്തി പെരുപ്പിച്ചു കാണിക്കാതെ കൂടുതൽ സീററിനുവേണ്ടിയുള്ള അവകാശവാദങ്ങൾ അവർക്കു പുറപ്പെടുവിക്കാൻ പററുകയില്ലല്ലോ. അത്തരത്തിലുള്ള അവകാശവാദങ്ങൾ പുറപ്പെടുവിക്കാതെ നമ്മുടെ ശക്തികേന്ദ്രങ്ങളിൽപോലും അവർക്കു സീററു് അവകാശപ്പെടാനും അവിടെ മത്സരിക്കാനും നമ്മുടെ വോട്ടു കുറയ്ക്കാനും മററു മാർഗ്ഗമില്ലല്ലോ. മാർക്സിസ്റ്റ്പാർട്ടി ഈ പ്രശ്നത്തെ സമീപിച്ചതു് ഈ തരത്തിലാണു്.

പാർട്ടിയിലെ ഭിന്നിപ്പിനെപ്പോലെതന്നെ, മാർക്സിസ്റ്റ്പാർട്ടിയുടെ ഈ തിരഞ്ഞെടുപ്പുതന്ത്രവും ഇന്നു പരസ്യമായി തുറന്നു

കാട്ടപ്പെട്ടിട്ടുണ്ട്. മാത്രവുമല്ല മാർക്സിസ്റ്റ്പാർട്ടിക്കു് ഇതിന്റെ പിഴയും ഒടുക്കേണ്ടിവന്നിട്ടുണ്ട്. കേരളം, ആന്ധ്രാ, തമിഴ്നാട്ട്, പശ്ചിമബംഗാൾ എന്നീ നാലു സംസ്ഥാനങ്ങളിൽ മാത്രമാണ് നാലോ അതിൽ കൂടുതലോ ശതമാനം വോട്ടുകൾ നേടി, തിരഞ്ഞെടുപ്പുചിഹ്നം അംഗീകരിപ്പിക്കുവാൻ കഴിഞ്ഞതു്. എന്നാൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ്പാർട്ടി തിരഞ്ഞെടുപ്പിൽ മത്സരിച്ച 16 സംസ്ഥാനങ്ങളിൽ 13 സംസ്ഥാനങ്ങളിലും തിരഞ്ഞെടുപ്പുചിഹ്നം അംഗീകാരം നേടിയിട്ടുണ്ട്. മാർക്സിസ്റ്റ്പാർട്ടി 9 സംസ്ഥാനങ്ങളിൽ മാത്രമാണ് പ്രാതിനിദ്ധ്യം നേടിയതു്. ബഹുജനപിന്തുണയിൽ മാർക്സിസ്റ്റ്പാർട്ടിയുടെ നിലവാരം എന്താണെന്നു് താഴെപ്പറയുന്ന പട്ടിക വെളിപ്പെടുത്തുന്നുണ്ട്:

## മാർക്സിസ്റ്റ്പാർട്ടിക്കു ലഭിച്ച വോട്ടുകൾ

| സംസ്ഥാനം | | ലഭിച്ച വോട്ടുകൾ | ശതമാനം | മത്സരിച്ച സീററുകൾ | ജയിച്ച സീററുകൾ |
|---|---|---|---|---|---|
| ആന്ധ്രാ | ലോക്സഭ | 10,03,485 | 7.39 | 11 | — |
| | അസംബ്ളി | 10,71,252 | 7.79 | 84 | 9 |
| ആസ്സാം | ലോ: | — | — | — | — |
| | അ: | 61,165 | 1.97 | 13 | — |
| ഗുജറാത്തു് | — | — | — | — | — |
| ഹരിയാന | ലോ: | 25,479 | 0.83 | 2 | — |
| | അ: | 10,839 | 0.50 | 7 | — |
| ജമ്മു-കാശ്മീർ | — | — | — | — | — |
| കേരളം | ലോ: | 15,40,027 | 24.56 | 9 | 9 |
| | അ: | 14,76,456 | 23.50 | 59 | 52 |
| മദ്ധ്യപ്രദേശ് | ലോ: | — | — | — | — |
| | അ: | 24,981 | 0.26 | 10 | — |
| മദ്രാസ് | ലോ: | 10,57,542 | 6.85 | 5 | 4 |
| | അ: | 6,23,114 | 4.09 | 22 | 11 |
| മഹാരാഷ്ട്ര | ലോ: | — | — | — | — |
| | അ: | 1,26,330 | 0.92 | 11 | 1 |
| മൈസൂർ | ലോ: | 1,23,313 | 1.60 | 2 | — |
| | അ: | 65,993 | 0.90 | 9 | — |

| സംസ്ഥാനം | | ലഭിച്ച വോട്ടുകൾ | ശതമാനം | മത്സരിച്ച സീററുകൾ | ജയിച്ച സീററുകൾ |
|---|---|---|---|---|---|
| ഒറീസ്സാ | ലോ: | — | — | — | — |
| | അ: | 46,577 | 1.17 | 10 | 1 |
| പഞ്ചാബ്യ് | ലോ: | 81,008 | 1.88 | 2 | — |
| | അ: | 1,38,857 | 3.27 | 12 | 3 |
| രാജസ്ഥാൻ | ലോ: | 1,68,516 | 2.43 | 3 | — |
| | അ: | 77,912 | 1.15 | 21 | — |
| ഉത്തർപ്രദേശ് | ലോ: | 2,60,332 | 1.20 | 5 | 1 |
| | അ: | 2,54,704 | 1.19 | 56 | 1 |
| പശ്ചിമ ബംഗാൾ | ലോ: | 20,12,162 | 15.66 | 16 | 5 |
| | അ: | 23,51,732 | 18.20 | 135 | 43 |
| ത്രിപുര | ലോ: | 1,83,175 | 40.66 | 2 | — |
| | അ: | 93,739 | 21.62 | 16 | 2 |
| മണിപ്പൂർ | അ: | 20,93 | 0.67 | 5 | — |
| ഹിമാചൽ പ്രദേശം | — | — | — | — | — |
| ചണ്ടിഗാർ | ലോ: | 1,580 | 3.20 | 1 | — |
| ദാദ്രാ-ഹവേലി | ലോ: | 4,248 | 19.00 | 1 | — |
| ഡൽഹി, പോണ്ടിച്ചേരി, ആന്തമാൻ നിക്കോബാർ, ലക്ഷദ്വീപുകൾ | | — | — | — | — |
| ആകെ | ലോ: | 64,05,520 | 4.28 | 61 | 19 |
| | അ: | 66,07,235 | 4.64 | 495 | 126 |

കമ്മ്യൂണിസ്റ്റ് പാർട്ടിക്കകത്തുണ്ടായ ഭിന്നിപ്പ് തിരഞ്ഞെടുപ്പിനെ എങ്ങിനെ ബാധിച്ചു എന്ന വിപുലമായ പ്രശ്നം പരിശോധിക്കുമ്പോൾ താഴെപ്പറയുന്ന കണക്കുകൾ ആദ്യമായി പരിശോധിക്കുന്നതു കൊള്ളാം. ലോക്സഭയിലേക്കു നടന്ന

തിരഞ്ഞെടുപ്പിൽ ഇരുപാർട്ടികൾക്കും ലഭിച്ച വോട്ടിൻേറയും സീററിൻേറയും കണക്കുകളാണിതു്:—

| പാർട്ടി. | വോട്ടുകൾ. | ശതമാനം. | സീററുകൾ. |
|---|---|---|---|
| ഇന്ത്യൻ കമ്മ്യൂണിസ്റ്റ്പാർട്ടി | 70,53,217 | 4.85 | 23 |
| മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ്പാർട്ടി | 65,02,614 | 4.47 | 19 |
| ആകെ | 1,35,55,831 | 9.32 | 42 |

പാർട്ടിയിലെ ഭിന്നിപ്പിനുശേഷവും ഇരുപാർട്ടികൾക്കുംകൂടി മൊത്തം ലഭിച്ച വോട്ടു് സ്വതന്ത്രാപാർട്ടിക്കു ലഭിച്ച വോട്ടിൻെറ അത്രയുംതന്നെയുണ്ടു് (9.33 ശതമാനം). ഇതു് ജനസംഘത്തിനു ലഭിച്ച വോട്ടിൽനിന്നും കൂടുതലുമാണു്—(8.59 ശതമാനം). ഒന്നാമത്തെ പ്രതിപക്ഷപ്പാർട്ടികൾക്കു ലഭിച്ച സീററുകളുടെ അത്രയുംതന്നെ കമ്മ്യൂണിസ്ററുപാർട്ടികൾക്കു രണ്ടിനുംകൂടി ലഭിച്ചിട്ടുണ്ടു്. പാർട്ടിയിലെ ഭിന്നിപ്പില്ലായിരുന്നെങ്കിൽ കമ്മ്യൂണിസ്ററുപാർട്ടിക്കു് ഇന്നു ലഭിച്ചതിലുമേറെ വോട്ടുകൾ ലഭിക്കുമായിരുന്നു എന്ന വസ്തുത പ്രത്യേകം ഊന്നിപ്പറയേണ്ടതായിട്ടില്ല. അതുപോലെതന്നെ, ഭിന്നിപ്പില്ലായിരുന്നെങ്കിൽ, സ്വതന്ത്രാപാർട്ടിയേക്കാളും കൂടുതൽ സീററു നേടി പാർലമെൻററിലെ പ്രധാന പ്രതിപക്ഷപ്പാർട്ടിയായി കമ്മ്യൂണിസ്ററുപാർട്ടിയെ അംഗീകരിക്കുമെന്നുള്ളതും അഭിപ്രായവ്യത്യാസമുള്ള കാര്യമല്ല.

കമ്മ്യൂണിസ്റ്റ്പാർട്ടിക്കു് വോട്ടു ലഭിക്കുന്നതിനുണ്ടായ മാന്ദ്യത്തിനു കാരണം പാർട്ടിക്കുള്ളിലെ പിളർപ്പും മാർക്സിസ്ററുപാർട്ടിയുടെ തിരഞ്ഞെടുപ്പുതന്ത്രവുമാണു്. 1962-ലെ തിരഞ്ഞെടുപ്പിനെ അപേക്ഷിച്ചു് കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ വോട്ടിംഗിൽ കുറവുവന്നിട്ടുണ്ടു്. (ശതമാനത്തിൽ അതു് കുറവാണു്). ഏററവും വലിയ ദ്രോഹംചെയ്തതു് ആന്ധ്രാപ്രദേശത്താണു്. സീററുകളുടെകാര്യത്തിൽപ്പോലും മററു് ഏതു പ്രതിപക്ഷപ്പാർട്ടികളെ അപേക്ഷിച്ചും കമ്മ്യൂണിസ്റ്റ്പാർട്ടി അവിടെ എക്കാലവും ശക്തിമത്തായിരുന്നു. 15,51,223 വോട്ടുകൾ നേടിയ ഇന്ത്യൻ കമ്മ്യൂ

ണിസ്റ്റുപാർട്ടി ലോക്സഭയിൽ ഒരു സീററാണു നേടിയതു്! ഇന്ത്യൻ പാർലമെൻറുതിരഞ്ഞെടുപ്പിൽ ഇതൊരു അപൂർവ്വ സംഭവമാണു്. 10,03,485 വോട്ടുകൾ നേടിയ മാർക്സിസ്റ്റു പാർട്ടി ഒരൊററ സീററിൽപ്പോലും ജയിച്ചില്ല. ആന്ധ്റയിലെ കമ്മ്യൂണിസ്റ്റുപ്രസ്ഥാനം നമുക്കു് 2.5 മില്യൻ വോട്ടുകൾ നേടിത്തന്നു. എന്നാൽ ഒരൊററ സീററുമാത്രമാണു് നമുക്കു് ലഭിച്ചതു്. 1962-ൽ 2.5 മില്യൻ വോട്ടുകൾ ലഭിച്ച ഇന്ത്യൻ കമ്മ്യൂണിസ്റ്റുപാർട്ടി, ലോക്സഭയിലേക്കു് ഏഴു സീററുകൾ നേടുകയുണ്ടായി. 10,27,643 വോട്ടുകളുള്ള ഇന്ത്യൻ കമ്മ്യൂണിസ്റ്റുപാർട്ടിക്കു് അസംബ്ളിയിലേക്കു് 10 സീററുകളിലാണു് ജയിക്കാൻ കഴിഞ്ഞതു്. 10,71,252 വോട്ടുകളുള്ള മാർക്സിസ്റ്റുപാർട്ടിക്കു് അസംബ്ളിയിൽ 9 സീററുകളും ലഭിച്ചു. ഇരു പാർട്ടികൾക്കുംകൂടി എഴുപതിൽപ്പരം സീററുകളിൽ കെട്ടിവച്ച പണം നഷ്ടപ്പെട്ടിട്ടുണ്ടു്. കമ്മ്യൂണിസ്റ്റുപാർട്ടികൾക്കു ലഭിച്ച വോട്ടു പരിശോധിച്ചാൽ പൊതുവേ 4.26 ശതമാനം വോട്ടു് ഇത്തവണ കുറഞ്ഞിട്ടുണ്ടെന്നു മനസ്സിലാക്കാവുന്നതാണു്.

കമ്മ്യൂണിസ്റ്റുപാർട്ടിയും മാർക്സിസ്റ്റുപാർട്ടിയും തമ്മിൽ മത്സരിച്ചതുകൊണ്ടുമാത്രം പശ്ചിമബംഗാളിൽ 21 സീററു് കോൺഗ്രസ്സു് കരസ്ഥമാക്കിയിട്ടുണ്ടു്. എന്നാൽ ഇതുമാത്രമല്ല നിഷേധാത്മകമായ വശം. മൂന്നാമതു പൊതുതിരഞ്ഞെടുപ്പുകാലത്തു്, 24.96 ശതമാനം വോട്ടുകൾ നേടിയ കമ്മ്യൂണിസ്റ്റു പാർട്ടിയുടെ ചിഹ്നത്തിനു് 49 സീററുകൾ നേടാൻ കഴിഞ്ഞു. എന്നാൽ ഇത്തവണത്തെ വോട്ടിംഗ് താഴെക്കൊടുക്കുന്നവിധത്തിലാണു്.

| പാർട്ടി. | വോട്ടുകൾ. | ശതമാനം. | സീററുകൾ. |
|---|---|---|---|
| സി. പി. ഐ. | 10,39,790 | 8.05 | 16 |
| സി. പി. എം. | 23,51,732 | 18.20 | 43 |

വോട്ടറന്മാരുടെ വർദ്ധനവിൻെറ വെളിച്ചത്തിൽ, വോട്ടിലും ശതമാനത്തിലും ഉണ്ടായിട്ടുള്ള ഈ വർദ്ധനവു് വെറും തുച്ഛമാണു്. തിരഞ്ഞെടുപ്പിൽ ഇരുപാർട്ടികളും യോജിച്ചിരുന്നെങ്കിൽ, ഒരു യോജിച്ച ഐക്യമുന്നണി ബംഗാളിൽ ഉടലെടുക്കുമായിരുന്നു.

മററു പ്രതിപക്ഷപ്പാർട്ടികളുടെ തിരഞ്ഞെടുപ്പുനേട്ടങ്ങൾ കണക്കിലെടുക്കുമ്പോൾ കമ്മ്യൂണിസ്ററുപാർട്ടിയുടേയും മാർക്സിസ്ററുപാർട്ടിയുടേയും നേട്ടങ്ങൾ താരതമ്യേന ചെറുതാണെന്നു മനസ്സിലാകും. ഈ നേട്ടങ്ങൾ കുറയ്ക്കുന്നതിനുള്ള ഉത്തരവാദിത്വം മാർക്സിസ്ററുപാർട്ടിയുടേതാണ്. പൊതുകമ്മ്യൂണിസ്റ്റ്പ്രസ്ഥാനത്തിൻെറ വളർച്ചയേക്കാൾ ഇന്ത്യൻ കമ്മ്യൂണിസ്ററുപാർട്ടിയുടെ തകർച്ചയാണ് തങ്ങളുടെ ലക്ഷ്യമെന്ന് മാർക്സിസ്ററു നേതാക്കൾ പരസ്യമായി പ്രഖ്യാപിച്ചിരുന്നു.

കമ്മ്യൂണിസ്റ്റ്പ്രസ്ഥാനത്തിനകത്തുണ്ടായ പിളർപ്പും ഭിന്നിപ്പും ബീഹാറിലും, യു. പി-യിലും മററു സംസ്ഥാനങ്ങളിലും വലിയ നഷ്ടങ്ങളുണ്ടാക്കിയിട്ടുണ്ട്. ഇതിനുമുമ്പ് നമുക്കുണ്ടായിരുന്ന മൊത്തം അസംബ്ളിസീററുകളുടെ നേരേപകുതിതന്നെ ആന്ധ്ററയിലും പശ്ചിമബംഗാളിലും ഈ ഭിന്നിപ്പുകൊണ്ട് നമുക്ക് നഷ്ടപ്പെട്ടു. ആ സംസ്ഥാനങ്ങളിലുണ്ടായ നഷ്ടങ്ങൾ നികത്തുവാൻ മററു സംസ്ഥാനങ്ങളെക്കൊണ്ട് സാദ്ധ്യമല്ല.

താരതമ്യേന അവക്കു കൂടുതൽ വോട്ടുകൾ ലഭിച്ച സ്ഥലങ്ങളിലെ വോട്ടുകളുടെ കണക്ക് ഉദ്ധരിച്ചുകൊണ്ട് മാർക്സിസ്റ്റ്കാർ സവ്വകുററവും നമ്മുടെനേക്കു തിരിച്ചുവിടാൻ ശ്രമിക്കുകയാണ്. നാം മത്സരിച്ചുകൂടാത്ത സ്ഥലത്ത് നാം മത്സരിച്ചില്ലെന്നോ, നമ്മുടെ ശക്തി ഉള്ളതിൽകൂടുതൽ കണ്ടില്ലെന്നോ ഒന്നും നമുക്കു വാദമില്ല. ശക്തിയെ സംബന്ധിച്ചുള്ള വിലയിരുത്തലിലല്ല അവരും നമ്മളും തമ്മിലുള്ള വ്യത്യാസം കിടക്കുന്നതു്. രാഷ്ട്രീയമായ സമീപനത്തിലാണ്, പരസ്പരമുള്ള സമീപനത്തിലാണ്, അഭിപ്രായവ്യത്യാസം കിടക്കുന്നതു്.

മാർക്സിസ്ററുപാർട്ടിയുടെ ജനറൽ സെക്രട്ടറി മുതൽ താഴോട്ടുള്ള എല്ലാ നേതാക്കന്മാരും അവരുടെ പ്രഖ്യാപനങ്ങളിൽ ഈ രഹസ്യം ഒളിച്ചുവച്ചിരുന്നില്ല. റിവിഷനിസ്ററുകളെ തിരഞ്ഞെടുപ്പിൽ തോല്പിക്കുകയാണ് തങ്ങളുടെ തിരഞ്ഞെടുപ്പുലക്ഷ്യങ്ങളെന്ന് അവർ പരസ്യമായി പറഞ്ഞിരുന്നു. കോൺഗ്രസ്സിനെ തോല്പിക്കുന്നതിനേക്കാൾ പ്രാധാന്യം കമ്മ്യൂണിസ്ററുപാർട്ടിയെ തോല്പിക്കുന്നതിനാണ് മാർക്സിസ്റ്റ്പാർട്ടിയുടെ ചില ഉന്നത നേതാക്കന്മാർ കൊടുത്തിരുന്നതെന്നുള്ളതു് ഇന്നൊരു രഹസ്യമല്ല. ആന്ധ്ററയിലും പശ്ചിമബംഗാളിലും മററു ചില

സംസ്ഥാനങ്ങളിലും തിരഞ്ഞെടുപ്പുപ്രചരണം ഏതാണ്ട് ഈ സ്പിരിട്ടിൽത്തന്നെയാണ് അവർ നടത്തിയിരുന്നത്. 'നിലവിലുള്ള സീററുകൾ' എന്ന തത്വം അവർ അംഗീകരിക്കാതിരുന്നത് സന്ദർഭവശാലൊന്നുമല്ല. നേരേമറിച്ച് പശ്ചിമബംഗാളിലെ നമ്മുടെ എല്ലാ ലോക്‌സഭാസീററുകളും വേണമെന്ന് അവർ ആവശ്യപ്പെട്ടുകയും ഒടുവിൽ ആ സീററുകളിൽ അവർ മത്സരിക്കുകയുമാണു ചെയ്തതു്. ആന്ധ്രയിലും അവരെ നിയന്ത്രിച്ച തത്വം ഇതുതന്നെയായിരുന്നു.

വ്യക്തിപരമായ കേസ്സുകളിലേയ്ക്കു കടക്കേണ്ട കാര്യമില്ല. നമ്മെ എതിർത്തുകൊണ്ടു് അവർ സ്വീകരിച്ച ഈ നയത്തിനോടും യോജിച്ച തിരഞ്ഞെടുപ്പുസമരത്തെ എതിർക്കുന്ന അവരുടെ നയത്തോടും നാം ശക്തിയായി പല സ്ഥലത്തും എതിർപ്പു പ്രകടിപ്പിച്ചു. ഈ നയത്തിൻെറ ദൂഷിച്ച ഫലങ്ങൾ ഇരു പാർട്ടികളുടേയും പരസ്പരബന്ധങ്ങളെയോ അവകാശങ്ങളെയോ മാത്രമല്ല ബാധിച്ചതു്. ഇടതുപക്ഷ–ജനാധിപത്യക്യാമ്പിനെ മുഴുവൻ ഇതിൻെറ ദൂഷ്ഫലം പരോക്ഷമായി ബാധിക്കുകയുണ്ടായി.

ഉദാഹരണത്തിനു്: ബംഗളാകോൺഗ്രസിനെപ്പററി മാർക്സിസ്ററുപാർട്ടി ആദ്യം തെററായി വിലയിരുത്തുകയും ഒടുവിൽ അവരുടെ പങ്കിനെ ആക്ഷേപിക്കുകയുംചെയ്തു. ബംഗളാകോൺഗ്രസ്സിനു് 34 സീററുകൾമാത്രമാണു് മാർക്സിസ്ററുപാർട്ടി കൊടുക്കാമെന്നു പറഞ്ഞതു്. അതേസമയം അതിൻെറ നാലിരട്ടി സീററാണു് മാർക്സിസ്ററുപാർട്ടി അവകാശപ്പെട്ടതു്. പശ്ചിമബംഗാളിലും മററു സംസ്ഥാനങ്ങളിലും ഇടതുപക്ഷ ഐക്യം ഊട്ടിയുണ്ടാക്കുന്നതിനു് മാർക്സിസ്ററുപാർട്ടിയുടെ നയം തടസ്സങ്ങൾ സൃഷ്ടിച്ചു. കമ്മ്യൂണിസ്ററുപ്രസ്ഥാനത്തിലുണ്ടായ പിളർപ്പു് ചൂഷണംചെയ്യുന്നതിനു് ഐക്യവിരോധികളെ ഇതു് കൂടുതൽ സഹായിച്ചു. കമ്മ്യൂണിസ്ററുപാർട്ടിയോടു് മാർക്സിസ്ററുപാർട്ടി വച്ചുപുലർത്തിയ ഈ പ്രത്യേകനയത്തിൻെറ ഫലമായി ഇടതുപക്ഷ–ജനാധിപത്യഐക്യം ഊട്ടിയുണ്ടാക്കുന്നതിനു് തൊഴിലാളിവർഗ്ഗത്തിനും അവരുടെ രാഷ്ട്രീയപ്പാർട്ടിയായ കമ്മ്യൂണിസ്ററുപാർട്ടിക്കും അതിൻെറ മുഴുവൻ പങ്കും വഹിക്കാൻ കഴിഞ്ഞില്ല. ഇതുകൊണ്ടു് ബഹുജനങ്ങളുടെ ഉത്സാഹം

തന്നെ പല സ്ഥലത്തും തണുത്തുപോയി. ഇരുപാർട്ടികളും തമ്മിൽ മത്സരിച്ചതിൻെറ ഫലമായി തൊഴിലാളിശക്തികേന്ദ്രങ്ങളായ ചില നിയോജകമണ്ഡലങ്ങളിൽ കോൺഗ്രസ് ജയിക്കുകയുമുണ്ടായി.

ഇന്ത്യൻ കമ്മ്യൂണിസ്ററുപാർട്ടിയും മാർക്സിസ്ററുപാർട്ടിയും തമ്മിൽ പരസ്പരം മത്സരിച്ചതുകൊണ്ടും പാർട്ടികളുള്ളിൽ ഭിന്നിപ്പുണ്ടായതുകൊണ്ടുമാണ് തങ്ങളുടെ കക്ഷിക്ക് രക്ഷകിട്ടിയതെന്ന് ആന്ധ്റയിലെ കോൺഗ്രസുകാർ പരസ്യമായി പറയുന്നതു് അതിശയോക്തിപരമൊന്നുമല്ല. "യഥാർത്ഥ മാർക്സിസ്റ്റ്-ലെനിനിസ്ററു"കളെന്നവകാശപ്പെടുന്ന ഒരു വിഭാഗക്കാരുടെ പ്രത്യേകനയവും പെരുമാററവുംമൂലം ഇടതുപക്ഷത്തിൻെറയും കമ്മ്യൂണിസ്ററുപ്രസ്ഥാനത്തിൻെറയും അടിത്തറയായ ഒരു സംസ്ഥാനം ദയനീയമായി പരാജയപ്പെട്ടതു് എല്ലാവർക്കും ഉൽക്കണ്ഠയുളവാക്കുന്നതാണ്. രാജ്യം മുഴുവൻ കോൺഗ്രസ്സിനെതിരായി അണിനിരന്നിരുന്ന ഒരു കാലഘട്ടത്തിലാണ് ഈ സംഭവമുണ്ടായതെന്നോർക്കുമ്പോഴാണ് ഇതിൽ കൂടുതൽ ഖേദമുണ്ടാകുന്നതു്.

## മാർക്സിസ്റ്റ്പാർട്ടിയുടെ കമ്മ്യൂണിസ്റ്റ് പാർട്ടിവിരുദ്ധതിരഞ്ഞെടുപ്പുലക്ഷ്യം പരാജയപ്പെട്ടു

തിരഞ്ഞെടുപ്പിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ്പാർട്ടിക്കെതിരായി മാർക്സിസ്ററുപാർട്ടിക്കുണ്ടായിരുന്ന ആ ലക്ഷ്യങ്ങളൊക്കെ ആശയപരവും സംഘടനാപരവും രാഷ്ട്രീയവുമായ എല്ലാ രംഗങ്ങളിലും പരാജയപ്പെട്ടിരിക്കയാണ്. മാർക്സിസ്ററുപാർട്ടിയുടെ നേതൃത്വം ഈ വസ്തുത എത്രത്തോളം മനസ്സിലാക്കിട്ടുണ്ടെന്നറിഞ്ഞുകൂട. കേരളത്തിലെ ഇടക്കാലതിരഞ്ഞെടുപ്പിൽ മാർക്സിസ്ററുപാർട്ടിക്കുണ്ടായ വിജയത്തോളമില്ലെങ്കിലും, ഇക്കഴിഞ്ഞ തിരഞ്ഞെടുപ്പിൽ, ബംഗാളിലും ആന്ധ്റായിലുമെങ്കിലും മാർക്സിസ്ററുപാർട്ടിക്കു നല്ല ജയമുണ്ടായിരുന്നെങ്കിൽ, ആ പാർട്ടിയിൽ

ഇപ്പോൾതന്നെ ശക്തിമത്തായിട്ടുള്ള ആ വരട്ടുതത്വവാദഗതിയും പിളപ്പൻചിന്താഗതികളും കൂട്ടതൽ വദ്ധിക്കുമായിരുന്നു. തിരഞ്ഞെടുപ്പിനു മുമ്പുതന്നെ അവർ പുറപ്പെടുവിച്ച പ്രസ്താവനകളിൽനിന്ന് ഈ വസ്തുത മനസ്സിലാക്കാവുന്നതാണ്. 1965-ലെ തിരഞ്ഞെടുപ്പുവിജയത്തെത്തുടന്ന് അസംബ്ളി പിരിച്ചുവിടുകയുണ്ടായെങ്കിലും, ആ വിജയംകൊണ്ട് മാർക്സിസ്ററുപാർട്ടിക്കു കൂടുതൽ പാകതയല്ല ഉണ്ടായതു്. 1965-ലെ കേരളവിജയംകൊണ്ട് മതിമറന്നുപോയ മാർക്സിസ്ററുകാർ, അവക്കു ശക്തിയുണ്ടെന്ന് അവർ കരുതിയിരുന്ന സ്ഥലത്തൊക്കെ കേരളം ആവത്തിക്കുമെന്നുപോലും വിചാരിച്ചിരുന്നു. 'റിവിഷനിസ്റ്റുകളെ ഒഴിവാക്കുക' എന്നതായിരുന്നു അവരുടെ നയം—എന്നു പറഞ്ഞാൽ കമ്മ്യൂണിസ്ററുപാർട്ടിയെ ഒഴിവാക്കുക എന്നാണ് അവർ ഉദ്ദേശിച്ചതു്. കോൺഗ്രസ്സിനേയും കമ്മ്യൂണിസ്ററുപാർട്ടിയേയും തോല്പിക്കുക എന്ന അവരുടെ പ്രഖ്യാപിതമുദ്രാവാക്യം ഫലത്തിൽ കോൺഗ്രസ്‌വിജയത്തിനു കളമൊരുക്കുക എന്നതിലാണ് ചെന്നുകലാശിച്ചതു്. പാർട്ടിയിലെ പിളപ്പുകാരണം ഇടതുപക്ഷജനാധിപത്യശക്തികൾക്കു് വലിയ നഷ്ടങ്ങളുണ്ടായിട്ടുണ്ട്. ഇക്കാര്യത്തിൽ അങ്ങേയററത്തെ ഖേദവുമുണ്ട്. ഈ പിളപ്പ് അവസാനിപ്പിക്കുവാൻ കഴിവുള്ളതെല്ലാം നാം ചെയ്യേണ്ടതുമാണ്. എന്നാൽ, മറെറാരുതരത്തിൽ പറഞ്ഞാൽ, സംതൃപ്തിക്കുള്ള കാരണങ്ങളുമുണ്ട്. "കേരളം ആവത്തിപ്പിക്കുക" എന്ന മുദ്രാവാക്യത്തിനും അതിൻെറ പുറകിലുണ്ടായിരുന്ന ആശയപരവും രാഷ്ട്രീയവുമായ ആവേശത്തിനും കിട്ടിയ ഏററവും വലിയ പ്രഹരവുമായിരുന്നു തിരഞ്ഞെടുപ്പ്. നിലവിലുള്ള സ്ഥിതിഗതികളിൽ കമ്മ്യൂണിസ്ററുപ്രസ്ഥാനത്തിൻെറ താല്പര്യത്തിന് ഇത്തരത്തിലൊരു അനുഭവം ആവശ്യമായിരുന്നു.

വാചകങ്ങൾകൊണ്ടു മൂടിവയ്ക്കാൻ പ്രയാസമുള്ളതരത്തിൽ ആശയപരമായും രാഷ്ട്രീയമായും പരാജയപ്പെട്ടതിനുശേഷം, മാർക്സിസ്ററുപാർട്ടിയുടെ നേതൃത്വത്തിലെ ഒരു വിഭാഗത്തിലും അവരുടെ അണികളിലും ഒരു ആത്മപരിശോധന ആരംഭിച്ചിട്ടുള്ളതു് ഈ പശ്ചാത്തലത്തിലാണ്. ഇതു് സ്വയംവിമർശനത്തിനുവേണ്ടിയുള്ള ഒരു ഭാഗികശ്രമമാണെന്നു തോന്നുന്നു.

അടിസ്ഥാനപരമായ ചില തെററുതിരുത്തലുകൾ ഇല്ലാതെ ആ പാർട്ടിയിൽ കാര്യമായ മാററങ്ങൾ ഉണ്ടാകുമെന്നു കരുതുന്നതു് വെറും വ്യാമോഹം മാത്രമാണു്. പാർട്ടിയിൽ ഭിന്നിപ്പുണ്ടായതു് ഇന്ത്യൻ കമ്മ്യൂണിസ്ററുപ്രസ്ഥാനത്തിൻെറ വളർച്ചയ്ക്കാവശ്യമാണെന്ന സിദ്ധാന്തം അവർ വച്ചുപുലർത്തുന്ന കാലത്തോളം, ഈ വിപത്തിൽനിന്നവർ രക്ഷപെടാൻ പോകുന്നില്ല.

ചുരുക്കത്തിൽ കമ്മ്യൂണിസ്ററ് അണികളിൽ അനൈക്യവും പിളർപ്പും വളർത്തേണ്ടതാണെന്നുള്ള ധാരണയും രാഷ്ട്രീയ അഭിപ്രായവും തിരസ്കരിച്ചു എന്നുള്ളതാണു് നാലാമതു പൊതു തിരഞ്ഞെടുപ്പുസമരവും അതിൻെറ ഫലങ്ങളും വ്യക്തമായി പ്രഖ്യാപിക്കുന്നതു്. ഐക്യത്തിൻെറ വക്താക്കളാണു് ഏററവും കൂടുതൽ ശക്തിപ്പെട്ടതു്. കമ്മ്യൂണിസ്ററുപ്രസ്ഥാനത്തിൻെറയും കമ്മ്യൂണിസ്ററുകാരുടേയും ഐക്യത്തിനുവേണ്ടി മഹത്തായ സാദ്ധ്യതകളാണു് തിരഞ്ഞെടുപ്പു സംഭാവന ചെയ്തിട്ടുള്ളതു്. ഐക്യത്തിൻെറ ശക്തികളെയാണു് തിരഞ്ഞെടുപ്പു കൂടുതൽ ശക്തിപ്പെടുത്തിയിട്ടുള്ളതു്.

## പാർട്ടിലൈനും നിലപാടും ശരിയെന്നു തെളിഞ്ഞു

നമ്മുടെ ജനാധിപത്യപ്രസ്ഥാനത്തെ അഭിമുഖീകരിക്കുന്ന അടിയന്തിരപ്രശ്നങ്ങളോടുള്ള നയവും നമ്മുടെ അടിസ്ഥാനപരമായ നയങ്ങളും പരീക്ഷിക്കുന്നതിനു് തിരഞ്ഞെടുപ്പു് ഒരു അവസരമായിരുന്നു. ഈ പ്രശ്നങ്ങളിൽതന്നെയാണു് മാർക്സിസ്റ്റു് പാർട്ടിയുമായി വളരെ കടുത്ത ഒരു സംഘട്ടനം ഉണ്ടായതും. നമ്മുടെ നയവും തന്ത്രവും 'റിവിഷനിസ്റ്റാ'ണെന്നു് അവർ പരസ്യമായി ആക്ഷേപിച്ചു. കോൺഗ്രസ്സ് ദുർഭരണത്തിനെതിരായുള്ള നമ്മുടെ സമരത്തിൻെറ ആത്മാർത്ഥതയെപ്പോലും അവർ ചോദ്യംചെയ്തു. അടുത്തകാലത്തെ ഏററവും വലിയ രാഷ്ട്രീയ സമരമായ നാലാംപൊതുതിരഞ്ഞെടുപ്പിൻെറ പശ്ചാത്തലത്തിൽ അടിസ്ഥാനപരമായ നമ്മുടെ നിലപാടു് നമുക്കു പരിശോധിക്കാം.

ദേശീയജനാധിപത്യവിപ്ലവത്തിൻെറ കടമകൾ പൂത്തിയാക്കുന്നതിനായി ഒരു ദേശീയജനാധിപത്യമുന്നണി രൂപീകരിക്കണമെന്നതാണ് നമ്മുടെ പരിപാടി. ഈ മുന്നണിയിൽ ദേശീയബൂഷ്വാവിഭാഗങ്ങൾ ഉൾപ്പെടെയുള്ള എല്ലാ ജനാധിപത്യവർഗ്ഗങ്ങൾക്കും യോജിക്കാവുന്നതും, അവരെ യോജിപ്പിക്കേണ്ടതുമാണെന്നും നമ്മുടെ പരിപാടിയിൽ പറയുന്നുണ്ട്. ദേശീയജനാധിപത്യത്തെപ്പററിയുള്ള നമ്മുടെ ധാരണയെ മാർക്സിസ്റ്റ് പാർട്ടി പലപ്പോഴും വികൃതമാക്കിയും വളച്ചൊടിച്ചുമാണ് അവതരിപ്പിക്കാറുള്ളതു്. സാമൂഹ്യ-സാമ്പത്തികമാററങ്ങൾക്ക് അടിത്തറ പാകുന്നതിനുതകുന്ന താത്വികപശ്ചാത്തലമാണ് ഈ മുന്നണിയുടെ വിവക്ഷയിലുള്ളതു്. ഇന്നത്തെ മുതലാളിത്തപരമായ വികാസക്രമം നാം പാടെ തള്ളിക്കളയുന്നു. പകരം മുതലാളിത്തേതരമായ മാർഗ്ഗമാണ് നമ്മുടെ പരിപാടിയിൽ വ്യക്തമാക്കിയിട്ടുള്ളതു്.

ഇടതുപക്ഷ-ജനാധിപത്യശക്തികളുടെ ഐക്യത്തിനാണ് നാം പ്രാധാന്യം നല്കുന്നതു്. ദേശീയബൂഷ്വാസിയ്ക്കിടയിലുണ്ടായിട്ടുള്ള വിടവുകളേയും ബഹുജനങ്ങളിൽ വളന്നുവരുന്ന നിരാശയേയും കണക്കിലെടുത്തുകൊണ്ടു്, കോൺഗ്രസിനേയും ജനാധിപത്യപ്രതിപക്ഷത്തേയും പിന്തുടരുന്ന ജനവിഭാഗങ്ങളെ യോജിപ്പിക്കേണ്ട ആവശ്യകതയെപ്പററി ഞങ്ങൾ ശക്തിയായി ഊന്നിപ്പറഞ്ഞിട്ടുണ്ടു്. ഇപ്പോഴും അതു തറപ്പിച്ചുപറയുകയും ചെയ്യുന്നു,

പുതിയ കാലഘട്ടത്തിൽ സമാധാനപരമായ പരിവത്തനത്തിനു് സാദ്ധ്യതയുണ്ടെന്നു് നമ്മുടെ പരിപാടി ഊന്നിപ്പറയുന്നു. ഇതൊരു തന്ത്രപരമായ പ്രഖ്യാപനമൊന്നുമല്ല. ഈ പുതിയ കാലഘട്ടത്തിലെ സാദ്ധ്യതയെപ്പററിയുള്ള താത്വികപ്രസ്താവന കൂടിയാണിതു്. പാർലമെൻറിൽ ഉറച്ച ഒരു ഭൂരിപക്ഷം നേടുന്നതിനുള്ള സാദ്ധ്യതയെപ്പററി പരിപാടി പ്രതിപാദിക്കുന്നു. ഒരു ബഹുജനവിപ്ലവപ്രസ്ഥാനത്തെ അടിസ്ഥാനമാക്കി പാർലമെൻറിലെ ഭൂരിപക്ഷം ഉപയോഗിച്ചു് പരിവത്തനം ഉണ്ടാക്കാമെന്നും നമ്മുടെ പരിപാടിയിൽ പറയുന്നു. രണ്ടു സാദ്ധ്യതകൾ നമ്മുടെ മുമ്പിലുള്ളതിൽ ഒന്നുമാത്രമാണ് മേൽപറഞ്ഞതു്.

സമാധാനപരമായ മാർഗ്ഗത്തിനുവേണ്ടി ജനാധിപത്യത്തെ ശക്തിപ്പെടുത്തുകയും വിപുലമാക്കുകയും ചെയ്യുക എന്നതാണ് ഈ പശ്ചാത്തലത്തിൽ നമ്മുടെ നയം. ദേശീയജനാധിപത്യ ഘട്ടത്തിൽ ദേശീയബൂർഷ്വാസിയും തൊഴിലാളിവർഗ്ഗവും തമ്മിൽ അധികാരം പങ്കിട്ടെടുക്കുമെന്ന് പരിപാടിയിൽ പറയുന്നുണ്ട്. ഈ ഘട്ടത്തിൽ തൊഴിലാളിവർഗ്ഗത്തിന്റെ പ്രത്യക്ഷമായ നേതൃത്വമുണ്ടായിരിക്കയില്ല. എന്നാൽ ഈ അധികാരം പങ്കുചേരുന്ന കാലഘട്ടത്തിൽതന്നെ തൊഴിലാളിവർഗ്ഗത്തിന് നേതൃത്വത്തിലേയ്ക്കുയരാനുള്ള പ്രവർത്തനം കൂടുതൽ കൂടുതൽ നടത്തുന്നതായിരിക്കും. അതുപോലെ സോഷ്യലിസത്തിലേയ്ക്കുള്ള പരിവർത്തനത്തിന്റെ കാര്യം വരുമ്പോൾ, ചൂഷകവർഗ്ഗം സ്വമേധയാ അധികാരം അടിയറവയ്ക്കുകയില്ലെന്നുള്ള വസ്തുതയും നമ്മുടെ പരിപാടി ശരിക്കും കണക്കിലെടുത്തിട്ടുണ്ട്.

ഈ പരിപാടിയുടെയും രാഷ്ട്രീയനയത്തിന്റെയും വെളിച്ചത്തിൽ ബഹുജനങ്ങളെ തിരഞ്ഞെടുപ്പിന് അണിനിരത്താനും അതുപോലെ, ബഹുജനസമരത്തിനായി ബഹുജനപ്രസ്ഥാനം കെട്ടിപ്പടുക്കാനും നമ്മൾ ശ്രമിച്ചിട്ടുണ്ട്. ഈ രണ്ടു കാര്യത്തിലും കമ്മ്യൂണിസ്റ്റുകാരുടെ ഐക്യത്തിന്, യോജിച്ച സമരത്തിന്, നാം പ്രത്യേകം പ്രാധാന്യം നൽകിയിട്ടുണ്ട്. മാർക്സിസ്റ്റുപാർട്ടിയും കമ്മ്യൂണിസ്റ്റ്പാർട്ടിയും തമ്മിലുള്ള അഭിപ്രായവ്യത്യാസങ്ങളുടെ മേഖലകളേക്കാൾ അഭിപ്രായൈക്യത്തിനുള്ള മേഖലയാണ് വിപുലമായിട്ടുള്ളതെന്ന് കമ്മ്യൂണിസ്റ്റ്പാർട്ടി പലപ്പോഴും വ്യക്തമാക്കിയിട്ടുണ്ട്. അതുപോലെതന്നെ യോജിച്ച കൂട്ടായ സമരം സാദ്ധ്യമാണെന്നു മാത്രമല്ല ആവശ്യമാണെന്നും കമ്മ്യൂണിസ്റ്റ്പാർട്ടി പറഞ്ഞിട്ടുണ്ട്. എന്നാൽ മാർക്സിസ്റ്റുപാർട്ടി അപ്രകാരം പറഞ്ഞിട്ടില്ലെന്നുള്ളതു് ശ്രദ്ധേയമാണ്. ഇങ്ങനെ നോക്കുമ്പോൾ, ഇടതുപക്ഷ–ജനാധിപത്യശക്തികളുടെ ഐക്യത്തിന്, പ്രത്യേകിച്ച് ഇരുകമ്മ്യൂണിസ്റ്റ്പാർട്ടികളുടേയും ഐക്യത്തിന്, അനുകൂലമായ നിലയിലാണ് നമ്മുടെ മുഴുവൻ തിരഞ്ഞെടുപ്പുസമരതന്ത്രവും ആവിഷ്കരിച്ചിരുന്നതെന്ന് വ്യക്തമാകും.

"ഇടതുപക്ഷ–ജനാധിപത്യഐക്യ"ത്തിനുവേണ്ടി 1966 നവംബറിൽ കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ ദേശീയകൗൺസിൽ പുറപ്പെടുവിച്ച ഒരഭ്യർത്ഥനയിൽ ഇപ്രകാരം പറഞ്ഞിരുന്നു:

"മാർക്സിസ്റ്റ്പാർട്ടിയുടെ തിരഞ്ഞെടുപ്പുതന്ത്രത്തെപ്പററി, പ്രത്യേകിച്ച് ഇന്ത്യൻ കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ നേരേയുള്ള അവരുടെ നയത്തെപ്പററി, മാർക്സിസ്റ്റ്പാർട്ടിയുടെ നേതൃത്വം പുനഃപരിശോധിക്കണമെന്ന്, ഇന്ത്യൻ കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ ദേശീയകൗൺസിൽ ഒരിക്കൽക്കൂടി അഭ്യർത്ഥിക്കുന്നു. കമ്മ്യൂണിസ്റ്റ്പ്രസ്ഥാനത്തിലുള്ള അഭിപ്രായവ്യത്യാസങ്ങളോ, ആശയരംഗത്തുള്ള അഭിപ്രായവ്യത്യാസങ്ങളോ. അല്ലെങ്കിൽ ഞങ്ങളുടെ പാർട്ടിയോട്ട് മാർക്സിസ്റ്റ്പാർട്ടിനേതൃത്വം, നിർഭാഗ്യവശാൽ വച്ചുപുലത്തുന്ന പ്രതികാരമോ വിദ്വേഷമോ, അടുത്ത തിരഞ്ഞെടുപ്പിൽ നമ്മുടെ മഹത്തായ ലക്ഷ്യം കൈവരിക്കുന്നതിന് തടസ്സമാകരുത്."

ദേശീയബൂർഷ്വാസിയിലെ ഒരു വലിയ വിഭാഗം ഉൾപ്പെടെയുള്ള സ്വരാജ്യസ്നേഹികളേയും ജനാധിപത്യശക്തികളേയും, ഒരു കൂട്ടായ മുന്നണിയിൽ കൊണ്ടുവരുന്നതിന് വലിയ സാദ്ധ്യതകളുണ്ടെന്ന് തിരഞ്ഞെടുപ്പു തെളിയിക്കുകയുണ്ടായി. ജനാധിപത്യപ്രതിപക്ഷത്തിന്റെ ഭാഗമായ, കോൺഗ്രസ്സിതര ബഹുജനങ്ങളേയും കോൺഗ്രസിന്റെ പിറകിലുള്ള ബഹുജനങ്ങളേയും യോജിപ്പിച്ച് അണിനിരത്താമെന്നുള്ള നമ്മുടെ സിദ്ധാന്തത്തേയും ഈ തിരഞ്ഞെടുപ്പ് ശരിവയ്ക്കുകയുണ്ടായി. (ഈ അഭിപ്രായത്തെ മാർക്സിസ്റ്റ്പാർട്ടി എപ്പോഴും പരിഹസിച്ചിരുന്നു എന്ന വസ്തുത സ്മർത്തവ്യമാണ്.) നമ്മുടെ സിദ്ധാന്തം ശരിയാണെന്ന് പ്രകടമായി പ്രഖ്യാപിക്കുന്നതാണ്, തിരഞ്ഞെടുപ്പിനുശേഷം ഉടലെടുത്ത കോൺഗ്രസ്സിതരഗവണ്മെൻറുകൾ. ശ്രീ: അജയ്മുക്കർജിയുടെ നേതൃത്വത്തിൽ മാർക്സിസ്റ്റ് നേതാക്കന്മാരായ ജ്യോതിബാസു, ഹരേകൃഷ്ണകോനാർ, നിരഞ്ജൻസെൻ തുടങ്ങിയവരും നമ്മുടെ സഖാക്കളും ഇന്നു മന്ത്രിമാരാണ്. ഇത്തരത്തിലുള്ള ശക്തികളുടെ യോജിപ്പിന്റെ ഫലമായി കേന്ദ്രത്തിലൊരു കോൺഗ്രസ്സിതരമന്ത്രിസഭ രൂപീകരിക്കാൻ സാദ്ധ്യതയുണ്ടെന്ന് വാദത്തിനുവേണ്ടി അംഗീകരിക്കുക—എന്നാൽ അത്തരമൊരു ഗവണ്മെൻറിന് "അദ്ധ്വാനിക്കുന്ന വിഭാഗത്തിന്റെ നേതൃത്വ"മില്ല എന്നു പറഞ്ഞ് ആ ഗവണ്മെൻറിൽനിന്ന് മാർക്സിസ്റ്റ്നേതാക്കന്മാർ മാറിനില്ക്കുമോ?

വാസ്തവം പറഞ്ഞാൽ, മാർക്സിസ്ററുകാർ ഈ കോൺഗ്രസ്സിതര മന്ത്രിസഭകളിൽ പങ്കെടുക്കുന്നതുതന്നെ അവരുടെ തെററും അപകടകരവുമായ ധാരണകളെ അവർ തിരസ്കരിച്ചതിൻെറ തെളിവാണ്. ഈ വസ്തുത മാർക്സിസ്ററുകാർ അംഗീകരിച്ചാലും ഇല്ലെങ്കിലും യഥാർത്ഥസ്ഥിതി ഇങ്ങിനെയാണ്.

ദേശീയജനാധിപത്യത്തെപ്പററി നമുക്കുണ്ടായിരുന്ന ആ ധാരണകൾ അടിസ്ഥാനപരമായി സ്ഥാപിക്കുവാൻ കഴിഞ്ഞു എന്ന വസ്തുതയും നാം ഈയവസരത്തിൽ കാണണം. ജനാധിപത്യപ്രസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഇന്നാട്ടിലെ രാഷ്ട്രീയജീവിതം ദേശീയജനാധിപത്യത്തിൻെറ മാർഗ്ഗത്തിലൂടെയാണ് നീങ്ങുന്നതു്; അല്ലാതെ മാർക്സിസ്ററുപാർട്ടിയുടെ ആ വരട്ടുതത്വവാദപരമായ ധാരണകളുടെ അടിസ്ഥാനത്തിലല്ല. അവരുടെ പല ധാരണകളും തെററാണെന്നു തെളിഞ്ഞുവരികയാണ്. ഭാഗ്യവശാൽ ഈ വസ്തുത അവരുടെ ചില പ്രഖ്യാപനങ്ങളിലും ചെയ്തികളിലും പരസ്യമായി അംഗീകരിച്ചുതുടങ്ങിയിട്ടുണ്ടു്.

ബംഗളാകോൺഗ്രസിനെപ്പററിയുണ്ടായ അനുഭവത്തെക്കുറിച്ചു് ഈയവസരത്തിൽ പ്രത്യേകം എടുത്തുപറയേണ്ടിയിരിക്കുന്നു. ബംഗളാകോൺഗ്രസിൻെറ ആവിർഭാവത്തേയും അതിൻെറ വമ്പിച്ച സാദ്ധ്യതകളേയുംപററി നമ്മുടെ പാർട്ടി നേരത്തേ തന്നെ കാണുകയുണ്ടായി. മാത്രവുമല്ല ബംഗളാകോൺഗ്രസിനെ ഇടതുപക്ഷപ്രസ്ഥാനത്തിലേയ്ക്കു് അടുപ്പിക്കുന്നതിനും നാം പരമാവധി ശ്രമിക്കുകയുണ്ടായി. മാർക്സിസ്ററുപാർട്ടി ബംഗളാകോൺഗ്രസിനെപ്പററി വളരെ പരിഹാസത്തോടുകൂടിയ ഒരു സമീപനമാണ് സ്വീകരിച്ചതു്. വർഗ്ഗ–അവസരവാദിത്വവും സെക്റേറിയൻചിന്താഗതിയും മാർക്സിസ്ററുകാരുടെ പ്രവൃത്തികളിൽ കാണാമായിരുന്നു. ബംഗളാകോൺഗ്രസ് ഐക്യമുന്നണിയിൽ മാർക്സിസ്ററുപാർട്ടിയുടെ നേതൃത്വം സ്വീകരിക്കണമെന്നുവരെ അവർ ആവശ്യപ്പെട്ടു. അവസാനം അവരെ 'ഔദ്യോഗികകോൺഗ്രസാ'ണെന്നു പറഞ്ഞു് ആക്ഷേപിച്ചു. ബംഗളാകോൺഗ്രസുമായി സഖ്യത്തിനു ശ്രമിച്ച നമ്മുടെ പാർട്ടിയെ ശകാരിക്കുകയും ചെയ്തു. 1966 നവംബർ 17-ാംതീയതി

പശ്ചിമബംഗാൾ മാർക്സിസ്ററുപാർട്ടിയുടെ സംസ്ഥാനകമ്മിററി പാസ്സാക്കിയ പ്രമേയത്തിൽ ഇപ്രകാരം പറയുന്നു:

"അടുത്തകാലത്തുമാത്രമാണ് ബംഗളാകോൺഗ്രസ് രൂപമെടുത്തതു്. കേന്ദ്രഗവണ്മെൻറിൻെറയും കോൺഗ്രസിൻെറയും അടിസ്ഥാനപരമായ നയങ്ങൾക്കെതിരായി അവർ ഇനിയും സംസാരിക്കുകപോലും ചെയ്തിട്ടില്ല. ബഹുജനസമരങ്ങളിൽ അവരുടെ പങ്ക് എന്താണെന്നു് ജനങ്ങൾ ഇനിയും വിധിയെഴുതാനിരിക്കുന്നതേയുള്ളു. വലതു റിവിഷനിസ്ററുപാർട്ടിയുടെ പരിപാടി, ബൂർഷ്വാസിക്കു് അടിയറവയ്ക്കുന്ന പരിപാടിയാണെന്നു് ഞങ്ങൾ പലപ്രാവശ്യം വിശദീകരിച്ചിട്ടുള്ളതാണ്. വൻകിട ബൂർഷ്വാസിയുടെ നേതൃത്വത്തിൽ അവർ പലപ്പോഴും 'പുരോഗമനവാദികളെ' കണ്ടെത്താറുണ്ട്; അവരുമായി യോജിക്കണമെന്നും അവർ പറയുന്നു."

"ബംഗളാകാൺഗ്രസിനു 35 സീററുകൾ വാഗ്ദാനം ചെയ്തുകൊണ്ടു" ജനുവരി 22-ാം തീയതി ജയ്പ്പൂരിൽവച്ചു പത്രപ്രവത്തകരോടു സംസാരിച്ചപ്പോൾ ബി. ടി. രണദിവേ പറഞ്ഞതു് ഇപ്രകാരമാണ്—"ബംഗളാകാൺഗ്രസ് രണ്ടു ജില്ലകളിൽ മാത്രമേയുള്ളു." രണദിവേ ഇപ്പോൾ എന്തു പറയുമോ ആവോ!

ബംഗളാകാൺഗ്രസ് എന്ന പ്രതിഭാസത്തോടു് മാർക്സിസ്റ്റ് പാട്ടികളുണ്ടായിരുന്ന ആ സമീപനം മുഴുവൻ അവസരവാദപരമായിരുന്നു. മാർക്സിസവും ലെനിനിസവുമായി ആ സമീപനത്തിനു് യാതൊരു ബന്ധവുമില്ലായിരുന്നു. പശ്ചിമബംഗാളിലെ കാൺഗ്രസ്സക്കാരിനെ തറപററിക്കാനും ആ സംസ്ഥാനത്തെ രാഷ്ട്രീയാന്തരീക്ഷം ഉഷാറാക്കുവാനും സഹായിച്ചതു് ബംഗളാകാൺഗ്രസിൻെറ ചരിത്രപരമായ ആവിർഭാവം തന്നെയാണ്. രാജ്യമാസകലം അത്തരത്തിലുള്ള സംഭവവികാസങ്ങൾ ഉണ്ടാകുവാൻവേണ്ടി ജനങ്ങൾ, മാർക്സിസ്ററുകാരും അവരുടെ അനുഭാവികളും ഉൾപ്പെടെയുള്ളവർ, ഉററുനോക്കിക്കൊണ്ടിരിക്കയാണ്. പശ്ചിമബംഗാളിൽ കാൺഗ്രസിനെ പരാജയപ്പെടുത്താൻ കഴിയുമെന്നു്, ഇത്രയൊക്കെ വിപ്ലവം പറയുന്ന മാർക്സിസ്റ്റ്കക്ഷിക്കു് വിശ്വാസമില്ലായിരുന്നു എന്നതു് ഇവിടെ എടുത്തുപറയേണ്ടിയിരിക്കുന്നു. കാൺഗ്രസിനെ പരാ

ജയപ്പെടുത്താനുള്ള സാദ്ധ്യതയുണ്ടെന്ന് ഒടുവിൽ അവർ സമ്മതി ച്ചെങ്കിലും "കാൺഗ്രസിനെ തിരഞ്ഞെടുപ്പിൽ തോല്പിച്ചാൽ ത്തന്നെയും ഒരു ബദൽഗവണ്മെൻറ് രൂപീകരിക്കുന്നതിൽ ചെന്നുകലാശിക്കുമെന്നു കരുതുന്നതു് വെറും വ്യാമോഹമാണെ" ന്നും അവർ വാദിച്ചുകളഞ്ഞു. (മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ്പാർട്ടി യുടെ പശ്ചിമബംഗാൾകമ്മിററിയുടെ (1966 നവംബർ 17-ലെ പ്രമേയത്തിൽനിന്നു്.) അവർ കേരളത്തിൻെറ ഉദാഹരണമാ ണ് എടുത്തുകാണിച്ചതു്. പക്ഷെ മാറിയ രാഷ്ട്രീയപരിതഃ സ്ഥിതി കണക്കിലെടുത്തില്ല. നമ്മുടെ പാർട്ടിയാണെങ്കിൽ, ഇത്തരത്തിലുള്ള പരാജയവാദത്തിനൊന്നും കൂട്ടുനിന്നില്ല.

തിരഞ്ഞെടുപ്പിൽക്കൂടി പാർലമെൻറിൽ ഭൂരിപക്ഷം നേടു ന്നതിനുള്ള യഥാർത്ഥസാദ്ധ്യതകളും നാലാമതു പൊതുതിരഞ്ഞെ ടുപ്പു ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. കമ്മ്യൂണിസ്റ്റ്പാർട്ടി, മാർക്സിസ്റ്റ് പാർട്ടി, എസ്സ്. എസ്സ്. പി. എന്നീ കക്ഷികൾ തമ്മിൽ വോട്ടു കൾ ഭിന്നിപ്പിക്കാതിരുന്നെങ്കിൽ, ഈ തിരഞ്ഞെടുപ്പിൽതന്നെ ഒരു ഭൂരിപക്ഷം കരസ്ഥമാക്കുവാനുള്ള സാദ്ധ്യതയുണ്ടായിരുന്നു എന്നതാണ് വസ്തുത. എന്നാൽ അത്തരത്തിലുള്ള ഒരു ഭൂരിപ ക്ഷം, അതിൻെറ രാഷ്ട്രീയസ്വഭാവത്തിലോ വർഗ്ഗപരമായ ഉള്ള ടക്കത്തിലോ ഒരു ദേശീയജനാധിപത്യഭൂരിപക്ഷത്തിൻേറ താകുമായിരുന്നില്ലെന്നുള്ളതും ശരിയാണ്.

ബഹുജനപ്രസ്ഥാനങ്ങളെ അടിസ്ഥാനപ്പെടുത്തി ഇടതു പക്ഷ-ജനാധിപത്യകക്ഷികൾ പാർലമെൻറിൽ ഒരു നിർണ്ണായക മായ ഭൂരിപക്ഷം നേടുകയാണെങ്കിൽ, അതു് സമാധാനപരമാ യൊരു പരിവർത്തനത്തിനു് വഴിതെളിക്കും. യഥാർത്ഥത്തിൽ ഇത്തരത്തിലൊരു സമാധാനപരമായ പരിവർത്തനം ദേശീയവും അന്തർദ്ദേശീയവുമായ നിരവധി വസ്തുതകളെ ആധാരമാക്കിയാ ണ് സ്ഥിതിചെയ്യുന്നതു്. സോവ്യററ് കമ്മ്യൂണിസ്റ്റ്പാർട്ടി യുടെ ഇരുപതാംകാൺഗ്രസിൽ ഈ പ്രശ്നത്തെപ്പററി അംഗീ കരിച്ച ധാരണകളെയാണ് ലോകകമ്മ്യൂണിസ്റ്റ്പ്രസ്ഥാനത്തി ലുള്ള വരട്ടുതത്വവാദികൾ ഖണ്ഡിതമായി നിഷേധിച്ചിട്ടു ള്ളതു്. സമാധാനപരമായൊരു പാതയ്ക്കുവേണ്ടി പ്രവർത്തിക്കു ന്നതിനുള്ള വിശ്വാസവും കരുത്തും ഈ തിരഞ്ഞെടുപ്പ് നമുക്കു് പ്രദാനംചെയ്തിട്ടുണ്ടു്. മറെറാരു സാദ്ധ്യതയുടെ അപകടം

ഇതോടെ ഒഴിവാക്കപ്പെട്ടന്നോ അതു് കണക്കിലെടുക്കേണ്ടെന്നോ ഇതുകൊണ്ടു് അത്ഥമാക്കേണ്ടതില്ല.

തൊഴിലാളിവർഗ്ഗത്തിൻെറ നേതൃത്വത്തെപ്പററിയും അധികാരം പങ്കിടുന്നതിനെപ്പററിയും മററുമുള്ള പ്രശ്നങ്ങളിൽ മാർക്സിസ്റ്റ്പാർട്ടിക്കുണ്ടായിരുന്ന സിദ്ധാന്തങ്ങൾ തിരഞ്ഞെടുപ്പുഫലങ്ങൾ പാടേ നിഷേധിച്ചിരിക്കുകയാണ്. തൊഴിലാളിവർഗ്ഗത്തിൻെറ നേതൃത്വം സ്ഥാപിച്ചിട്ടില്ലാത്ത ഒരു വിശാലജനാധിപത്യമുന്നണിയും, ആ മുന്നണിയിൽ ജനാധിപത്യവിപ്ലവത്തിൻെറ കടമകളായ സാമ്രാജ്യവിരുദ്ധ ജന്മിവിരുദ്ധ സമരങ്ങൾ നടത്തുന്നതിനു് ഓരോ ഘട്ടത്തിലും വ്യക്തമായ പരിപാടികളും പ്രവത്തനങ്ങളുംവഴി തൊഴിലാളിവർഗ്ഗത്തിൻെറ നേതൃത്വം ക്രമാനുഗതമായി സ്ഥാപിക്കാനുള്ള സാദ്ധ്യതയുണ്ടെന്നാണു് പൊതുവേയുള്ള കാഴ്ചപ്പാടു്.

ഇടതുപക്ഷ-ജനാധിപത്യശക്തികളുടെ ഐക്യത്തിനുവേണ്ടിയുണ്ടായ ആ ആവേശവും, ആ ഐക്യം സാക്ഷാത്കരിക്കപ്പെട്ട സ്ഥലങ്ങളിൽ ജനങ്ങളുടെ ഇടയിലുണ്ടായ ആവേശകരമായ പിന്തുണയും നമ്മുടെ പാർട്ടിയുടെ നിലപാടിനോടുള്ള ശക്തിയായ അംഗീകാരമായിട്ടുവേണം കണക്കാക്കാൻ. കൃത്യമായി പറഞ്ഞാൽ പൊതുതിരഞ്ഞെടുപ്പുതന്നെ മാർക്സിസ്റ്റ്പാർട്ടിയുടെ നയത്തിൻെറ ഒരു നിഷേധമായിരുന്നു. കമ്മ്യൂണിസ്റ്റ്പ്രസ്ഥാനത്തിലെ പിളപ്പിനും ഭിന്നിപ്പിനും സാരാംശത്തിൽ എതിരായിരുന്നു തിരഞ്ഞെടുപ്പുഫലം. കമ്മ്യൂണിസ്റ്റ്പാർട്ടിയെ തിരഞ്ഞെടുപ്പിൽ താഴ്ത്തിക്കെട്ടി, പാർട്ടിക്കെതിരായി ഏററവും വലിയ വൃത്തികെട്ട പ്രചരണം നടത്തുമ്പോഴും മാർക്സിസ്റ്റ്-കമ്മ്യൂണിസ്റ്റ്പാർട്ടികളുൾപ്പടെയുള്ള ഐക്യമുന്നണിക്കുവേണ്ടി മാർക്സിസ്റ്റ്നേതാക്കൾ പലപ്പോഴും പ്രസംഗത്തിലെങ്കിലും പറയേണ്ടിവന്നിരുന്നു. ബഹുജനങ്ങളുടെ മുമ്പിൽ നില്ക്കാൻ ഈ ഐക്യപ്രസംഗം ആവശ്യമായിരുന്നു. 1966-ൽതന്നെ, റിവിഷനിസ്ററുകളുമായി യാതൊരു ബന്ധവുമില്ലെന്നു പശ്ചിമബംഗാളിൽ അവർ പ്രഖ്യാപിക്കുകയുണ്ടായി. എന്നാൽ അവരുടെ ഈ പരസ്യപ്രസ്താവനകളെല്ലാം അവക്കു പുനഃപരിശോധിക്കേണ്ടിവന്നു. അന്യായവും ആക്കും ബോദ്ധ്യപ്പെടാത്തതുമായ വാദമുഖങ്ങൾ, സീററുകളെ സംബന്ധിച്ചു് ഉന്നയിച്ചാണു്

മാർക്സിസ്റ്റ്പാർട്ടിനേതാക്കന്മാർ ഇലക്ഷൻഐക്യം തകർക്കാൻ ശ്രമിച്ചതു്. ഐക്യം പൊളിക്കുന്നതിനു് ഇതായിരുന്നു അവരുടെ പ്രധാനപ്പെട്ട ഒരടവും.

നമ്മെ കാൺഗ്രസിൻെറ വാലാണെന്നു മാർക്സിസ്റ്റ്കാർ ആക്ഷേപിച്ചു. മാത്രമല്ല നമ്മൾ കാൺഗ്രസിനെ എതിർക്കുന്നതിൻെറ അടിസ്ഥാനംതന്നെ മാർക്സിസ്റ്റ്നേതാക്കന്മാർ പല സ്ഥലത്തും, പൊതുയോഗത്തിൽവച്ചുതന്നെ, ചോദ്യംചെയ്കയുണ്ടായി. ജയ്പ്പൂരിൽവച്ചു് ബി. ടി. രണദിവേ പറഞ്ഞു, "തിരഞ്ഞെടുപ്പുകാലത്തു് കാൺഗ്രസ്വിരുദ്ധപ്രസംഗങ്ങളിൽ വ്യാപൃതരാകുന്നതിനു വളരെ പ്രയാസമൊന്നുമില്ല." (കമ്മ്യൂണിസ്റ്റ്പാർട്ടിയെ ഉദ്ദേശിച്ചാണു് ഇപ്രകാരം പറഞ്ഞതു്.) ഇത്തരം പ്രചരണങ്ങൾ ഉത്തരവാദിത്വമുള്ള ഒരു രാഷ്ട്രീയ പാർട്ടിക്കു ചേരാത്ത അപവാദവ്യവസായമാണെന്നു് ഇതിനകം തെളിഞ്ഞുകഴിഞ്ഞിരിക്കുന്നു. കമ്മ്യൂണിസ്റ്റ്പാർട്ടിയെ ഇത്തരത്തിൽ ആക്ഷേപിക്കുന്നതുകൊണ്ടു് ഫലത്തിൽ മാർക്സിസ്റ്റ്നേതാക്കന്മാർ കാൺഗ്രസിനെ സഹായിക്കുകയാണു് ചെയ്യുന്നതെന്നു് അവർ അറിഞ്ഞില്ല. ഈ രാജ്യത്തിലെ കമ്മ്യൂണിസ്റ്റ്പ്രസ്ഥാനത്തിൻെറ പേരിൽ കാൺഗ്രസിനെ നേരിടുന്നതിനു് രാജ്യവ്യാപകമായി ബുദ്ധിമുട്ടുകൾ സഹിച്ചതു് കമ്മ്യൂണിസ്റ്റ്പാർട്ടിയായിരുന്നു എന്നു് തിരഞ്ഞെടുപ്പുഫലങ്ങൾതന്നെ വ്യക്തമാക്കുന്നുണ്ടു്.

ഒരു ചുരുങ്ങിയ പരിപാടിയുടെ അടിസ്ഥാനത്തിൽ എല്ലാ ഇടതുപക്ഷ–ജനാധിപത്യശക്തികളും പുരോഗമനവാദികളായ വ്യക്തികളുംകൂടി ഒരു ഐക്യമുന്നണി രൂപീകരിക്കണമെന്നു് 1965 മുതൽ നമ്മുടെ പാർട്ടി ഊന്നിപ്പറഞ്ഞിരുന്നു. 1966–ലും 65–ലും ഡൽഹിയിൽ സമ്മേളിച്ച ഇടതുപക്ഷപാർട്ടികളുടെ യോഗത്തിൽ നമ്മുടെ പാർട്ടി ഈ നിർദ്ദേശം ആവർത്തിച്ചാവർത്തിച്ച് ഉന്നയിക്കുകയുണ്ടായി. എന്നാൽ എസ്സ്. എസ്സ്. പി., മാർക്സിസ്റ്റ്പാർട്ടി എന്നീ കക്ഷികൾ നമ്മുടെ നിർദ്ദേശത്തെ അത്ര കാര്യമായി പരിഗണിച്ചില്ല. പ്രത്യേകിച്ചും യോജിച്ച മിനിമം പരിപാടിയുടെ പ്രശ്നത്തിൽ അവർ യോജിച്ചതേയില്ല. എന്നാൽ മിനിമംപരിപാടിയുടെ അടിസ്ഥാനത്തിലുള്ള ഐക്യമുന്നണിയെപ്പററി ഇപ്പോൾ എല്ലാവരും പറയാറുണ്ടു്; ഞൊടിയിടകൊണ്ടു് അത്തരം പരിപാടികളും ആവിഷ്കരിക്കാറുണ്ടു്.

നമ്മുടെ നേട്ടങ്ങളും കോട്ടങ്ങളും എന്തുതന്നെ ആയിരുന്നാലും ശരി—നമുക്കു് തീച്ച്യായും കുറവുകളുണ്ടായിരുന്നു—നമ്മുടെ നയവും പാർട്ടിയുടെ കൊടിയും നമ്മുടെ സഖാക്കൾ ഈ തിരഞ്ഞെടുപ്പുസമരത്തിൽ, പാട്ടിയുടെ അന്തസ്സിനു ചേന്ന തരത്തിൽതന്നെ ഉയത്തിപ്പിടിച്ചു. അക്കാര്യത്തിൽ നമ്മുടെ സഖാക്കൾ ദേശീയകൗൺസിലിൻെറ ഹാർദ്ദമായ അഭിനന്ദനങ്ങൾക്കു് അർഹരാണു്.

## തിരഞ്ഞെടുപ്പു് എന്താണു വെളിപ്പെടുത്തിയതു്?

ദേശീയജനാധിപത്യവിപ്ലവശക്തികളുടെ മഹത്തായ മുന്നേററത്തെയാണു് തിരഞ്ഞെടുപ്പു് രേഖപ്പെടുത്തിയതെന്നുള്ളതു് തക്കമററ സംഗതിയാണു്. ഈ വിപ്ലവശക്തികൾ പിന്തിരിപ്പൻശക്തികളെ അപേക്ഷിച്ചു് രാഷ്ട്രീയമായി മുൻപന്തിയിലാണെന്നു നേരത്തേതന്നെ നാം കാണുകയുണ്ടായി. എന്നാൽ പിന്തിരിപ്പൻശക്തികളും വളൎന്നുകൊണ്ടിരിക്കയാണെന്നുള്ളതും നാം മനസ്സിലാക്കുന്നു. ഈ തിരഞ്ഞെടുപ്പിൽ ഇടതുപക്ഷ-ജനാധിപത്യപ്രസ്ഥാനത്തിൻെറ ഗൗരവതരമായ പോരായ്മകളും ദൗർബല്യങ്ങളും ഒരിക്കൽക്കൂടി വ്യക്തമാവുകയുണ്ടായി. ദേശീയമായ അടിസ്ഥാനത്തിൽതന്നെ, അനതിവിദൂരഭാവിയിൽ കേന്ദ്രത്തിലും കാൺഗ്രസ്സ്പാട്ടിയെ അധികാരത്തിൽ നിന്നു മാററുന്നതിനുവേണ്ടിയും ഒരു ദേശീയ ബദൽഗവണ്മെൻറിനുവേണ്ടിയും ഉഗ്രമായ സമരം ആരംഭിച്ചിരിക്കുന്ന ഈ കാലഘട്ടത്തിൽ ഈ വസ്തുതകൾ നമുക്കു് ഗൗരവമായി പരിഗണിക്കേണ്ടിയിരിക്കുന്നു. ആദ്യമായി നമ്മുടെതന്നെ ദൗർബല്യങ്ങളേയും കുറവുകളേയുംകുറിച്ചു് നമുക്കു് പരിശോധിക്കാം. ഇതു് നമ്മുടെ ഭാവിപ്രവത്തനങ്ങൾക്കു് മാൎഗ്ഗദർശിയായിരിക്കും.

ഈ രേഖ തയാറാക്കുന്ന അവസരത്തിൽ സംസ്ഥാന കൗൺസിലുകളുടെ തിരഞ്ഞെടുപ്പു്അവലോകനങ്ങളൊന്നുംതന്നെ തയ്യാറായിട്ടില്ല. അതുകൊണ്ടു് നമുക്കു് പൊതുവായ ചില

താല്ക്കാലിക അനുമാനങ്ങളിൽമാത്രമാണ് എത്തിച്ചേരാൻ കഴിയുന്നതു്. വിശദാംശങ്ങളിലേക്കു കടന്നു് പരിശോധിക്കേണ്ട ചുമതല യഥാർത്ഥത്തിൽ സ്റ്റേററുകൗൺസിലുകൾക്കുള്ളതാണു്. എന്തായാലും തിരഞ്ഞെടുപ്പിനുമുമ്പുള്ള രാഷ്ട്രീയ സ്ഥിതിഗതികളെപ്പററിയുണ്ടായിരുന്ന നമ്മുടെ ധാരണയിൽ നിന്നു് നമുക്കാരംഭിക്കാം. ഇന്ത്യൻ കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ തിരഞ്ഞെടുപ്പുപ്രകടനപത്രികയിൽ ഇപ്രകാരം രേഖപ്പെടുത്തിയിട്ടുണ്ടു്:—

> ''വെറുക്കപ്പെട്ട കോൺഗ്രസ്ഭരണം അവസാനിപ്പിക്കാനും ദേശീയ—ജനാധിപത്യവിപ്ലവം പൂർത്തിയാക്കുന്നതിലേക്കു് മുന്നോട്ടുപോകാനും വേണ്ട എല്ലാ വസ്തുനിഷ്ഠ സാഹചര്യങ്ങളും ഇന്നു് മുമ്പെന്നത്തേക്കാളും പരിപക്വമായിക്കൊണ്ടുവരികയാണു്. എല്ലാ ഇടതുപക്ഷ—ജനാധിപത്യശക്തികളുടേയും ഐക്യം ഊട്ടിയുണ്ടാക്കുകയും ഇന്നു നാട്ടിലുണ്ടായിട്ടുള്ള അഭൂതപൂർവ്വമായ ബഹുജനമുന്നേററത്തിനു് സോദ്ദേശവും ധീരവുമായ ഒരു നേതൃത്വം നൽകുകയുമാണു് ഇന്നത്തെ ആവശ്യം. ഈ ദുസ്സഹമായ കോൺഗ്രസ്സ്ദുർഭരണം ഇന്നു് ഇവിടെവെച്ചുതന്നെ അവസാനിപ്പിക്കണമെന്നു് നമ്മുടെ വിപുലജനവിഭാഗങ്ങൾ അഗാധമായി ആശിക്കുന്നു. 1967 ഫെബ്റുവരിയിലെ നാലാം പൊതുതിരഞ്ഞെടുപ്പു് ജനങ്ങളുടെ മുമ്പിൽ ഒരു വെല്ലുവിളിയായിട്ടാണു വന്നിരിക്കുന്നതു്. ആ വെല്ലുവിളിയെ നേരിടുന്നതിനു് ആവശ്യമായ രാഷ്ട്രീയബോധം അവർ കാണിക്കുമോ? കോൺഗ്രസ്സിനെതിരായി വോട്ടുചെയ്തു് അതിനെ അധികാരത്തിൽനിന്നു് പുറത്താക്കാൻ അവർ മുന്നോട്ടുപോരുമോ?''

സ്ഥിതിഗതികളെ സംബന്ധിച്ചുണ്ടായിരുന്ന ഈ വിവക്ഷ ശരിയാണെന്നു തിരഞ്ഞെടുപ്പുഫലങ്ങൾ തെളിയിച്ചു. ഈ ധാരണ നമ്മുടെ പാർട്ടിക്കുണ്ടായിരുന്നു എന്നതിൽ നാം അഭിമാനിക്കുന്നു. വരാൻപോകുന്ന തിരഞ്ഞെടുപ്പുസമരത്തെപ്പററി ഇത്ര വിശ്വാസവും സമരമനോഭാവവും, മാർക്സിസ്റ്റ്പാർട്ടിയുടെ തിരഞ്ഞെടുപ്പുപ്രകടനപത്രികയിൽപ്പോലും കാണാൻ കഴിയുകയില്ല. ജനാധിപത്യപ്രതിപക്ഷത്തെ ശക്തിപ്പെടുത്തുക എന്ന

തായിരുന്നു അവരുടെ പ്രധാനപ്പെട്ട മുദ്രാവാക്യം. എന്നാൽ സാദ്ധ്യതകളെക്കുറിച്ചു വളരെ കുറച്ചാണു കണ്ടിട്ടുള്ളതെന്നു് നമ്മളും സമ്മതിച്ചേതീരൂ. ജനാധിപത്യപ്രതിപക്ഷത്തെ ക്കൊണ്ടു് കേരളത്തിലും വേണ്ടിവന്നാൽ പശ്ചിമബംഗാളിലും കാൺഗ്രസ്സിനെ പരാജയപ്പെടുത്താമെന്നാണു് നാം ധരിച്ചിരു ന്നതു്. പാർട്ടിയുടെ നാഷണൽകൗൺസിലിൽതന്നെ വളരെ വാദപ്രതിവാദങ്ങൾ നടക്കുകയുണ്ടായി. വസ്തുനിഷ്ഠസാഹച ര്യങ്ങളുടെ വളർച്ചയും പാകതയും എത്രത്തോളമുണ്ടെന്നുള്ളതി ലാണു് ചർച്ചകൾ നടന്നതു്. യഥാർത്ഥസ്ഥിതിഗതികളെ നാം ഊതിവീർപ്പിച്ചു കാണുകയാണെന്നുപോലും പല സഖാ ക്കളും പറയുകയുണ്ടായി. സാമ്പത്തികസ്ഥിതിഗതികളെ കുറച്ചുകാണുവാനുള്ള ഒരു പ്രവണത നേരത്തേ ഉണ്ടായിരുന്നു. എന്നാൽ 1966 ജൂണിൽ ഹൈദ്രബാദിൽ ചേന്ന ദേശീയ കൗൺസിൽയോഗത്തിൽവച്ചു് വ്യക്തമായ ചില തീരുമാന ങ്ങളിൽ നാം ചെന്നെത്തുകയുണ്ടായി. തിരഞ്ഞെടുപ്പുസമര ത്തിനു് ആവശ്യമായ കാഴ്ചപ്പാടു നൽകിയതും ഹൈദ്രബാദ് ദേശീയകൗൺസിൽ സമ്മേളനമാണു്. ഈ കാഴ്ചപ്പാടു് പില്ക്കാ ലത്തു് വിപുലപ്പെടുത്തുകയാണുണ്ടായതു്. തമിഴ്നാട്ടിലെ പാർട്ടിനേതൃത്വത്തിൻെറ ഒരു വിഭാഗം ഹൈദ്രാബാദ്പ്രമേയ ത്തോടു വിയോജിക്കുകയുണ്ടായി. തമിഴ്നാട്ടിൽ പാർട്ടിയെ അഭിമുഖീകരിച്ച കടമകൾക്കനുസരണമായി പ്രവർത്തിക്കുവാൻ കഴിയാതെപോയതു്, ഒരുപക്ഷെ, ഈ പ്രമേയത്തോടുള്ള വിയോജിപ്പുകൊണ്ടായേക്കാം.

നമ്മുടെ പ്രമേയത്തിൻെറ വില കുറച്ചുകാണാനുള്ള കാര ണമെന്താണു്? ബഹുജനങ്ങളുടെ ദൈനംദിനജീവിതത്തോടും അവരോടുതന്നെയും നമുക്കുള്ള ചുരുങ്ങിയ ബന്ധംകൊണ്ടുത ന്നെയാണു് ഇതുണ്ടായതു്. ദേശീയബൂർഷ്വാസികൾക്കിടയിൽ ഉണ്ടായിട്ടുള്ള കുഴപ്പങ്ങളെ സംബന്ധിച്ചു് നമുക്കുണ്ടായിരുന്ന തെററായ ധാരണകളും ഇതിനുത്തരവാദിയാണു്. കാൺഗ്രസ്സ് നേതൃത്വത്തിൻെറ കഴിവുകളെപ്പററി, ഉള്ളതിലേറെ കൂടുതൽ ധാരണ നമുക്കുണ്ടായിരുന്നു. 'പാർട്ടിജീവിത'ത്തിൽ നടന്ന വാദപ്രതിവാദങ്ങൾ വെളിവാക്കിയതുപോലെ ഇടതുപക്ഷ ഐ ക്യത്തിൻെറ മഹത്തായ സാദ്ധ്യതകളെപ്പററി ആദ്യകാലത്തു നമുക്കു വളരെ കുറച്ചു മതിപ്പേ ഉണ്ടായിരുന്നുള്ളു.

മിനിമംപരിപാടിയുടെ അടിസ്ഥാനത്തിൽ, അഖിലേന്ത്യാവ്യാപകമായി, ഒരു ഐക്യമുന്നണി കെട്ടിപ്പടുക്കുന്നതിനു ശരിയായ മുൻകയ്യാണ് നാം സ്വീകരിച്ചതു്. 1965-ലും 66-ലും ഡെൽഹിയിൽ കൂടിയ ഇടതുപക്ഷകക്ഷികളുടെ യോഗം ഇക്കാര്യത്തിൽ ക്രിയാത്മകമായ പ്രസ്താവനകളൊക്കെ പുറപ്പെടുവിച്ചപ്പോൾ, പ്രഥമഘട്ടത്തിൽ നമുക്കു വിജയമുണ്ടായി. എന്നാൽ ഈ പ്രശ്നത്തിൽ നമുക്കുണ്ടായിരുന്ന മുൻകൈയ്, നേതൃത്വനിലവാരത്തിലുള്ള ചർച്ചകളിൽ മാത്രമായി ഒതുക്കിനിർത്തി ബഹുജനഐക്യത്തിൻെറ പ്രശ്നം ദേശവ്യാപകമായ ഒരു രാഷ്ട്രീയപ്രക്ഷോഭണത്തിൽകൂടി നാം ഉന്നയിക്കേണ്ടതായിരുന്നു. ഇടതുപക്ഷപാർട്ടിനേതാക്കന്മാരുടെ തർണ്ണപ്പനും തകർപ്പനുമായ മനോഭാവത്തെ മാററുന്നതിനും നേരായ മാർഗ്ഗത്തിലേക്കു നീക്കുന്നതിനുംവേണ്ടി ബഹുജനങ്ങളെ നാം അണിനിരത്തേണ്ടതായിരുന്നു. മിനിമംപരിപാടിയിലേയ്ക്കും ഐക്യത്തിനുംവേണ്ടി ബഹുജനാഭിപ്രായം നാം സംഘടിപ്പിച്ചില്ലെന്നു മാത്രമല്ല ഈ ഐക്യത്തിന് നാം അഭിമുഖീകരിക്കേണ്ടിവന്ന പ്രശ്നങ്ങളെന്തെന്ന് നാട്ടുകാരെ പറഞ്ഞു ബോദ്ധ്യപ്പെടുത്തുവാനും നമുക്കു കഴിഞ്ഞില്ല.

## നമ്മുടെ തിരഞ്ഞെടുപ്പുലക്ഷ്യങ്ങളും അനുഭവങ്ങളും

അടുത്തതായി, നമ്മുടെ തിരഞ്ഞെടുപ്പുലക്ഷ്യങ്ങളെപ്പററി പരിശോധിക്കാം: കോൺഗ്രസ്സിൻെറ അധികാരകുത്തകയെ ദുർബ്ബലപ്പെടുത്തി, തകർക്കുക; നിയമസഭകളിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെയും ജനാധിപത്യപ്രതിപക്ഷത്തിൻെറയും ശക്തി വർദ്ധിപ്പിക്കുക; വലതുപക്ഷപിന്തിരിപ്പൻപാർട്ടികളെ തറപററിക്കുക—ഇതായിരുന്നു നമ്മുടെ ലക്ഷ്യങ്ങൾ.

കോൺഗ്രസ്സിനെ സംബന്ധിച്ചിടത്തോളം നമ്മുടെ ലക്ഷ്യം യാഥാർത്ഥ്യത്തോടുകൂടിയതും സത്യസന്ധവുമായിരുന്നു എന്നുള്ള

തിൽ അഭിപ്രായവ്യത്യാസത്തിനിടയില്ല. പാർട്ടിയെക്കുറിച്ചും ജനാധിപത്യപ്രതിപക്ഷത്തെ സംബന്ധിച്ചും പറഞ്ഞിരുന്നതിലും രണ്ടഭിപ്രായമില്ല. വലതുപക്ഷപിന്തിരിപ്പൻകക്ഷികളെ പൊളിയ്ക്കുമെന്നുള്ള തിരഞ്ഞെടുപ്പുമുദ്രാവാക്യം, അതെത്ര അഭികാമ്യമായിരുന്നെങ്കിലും, ഇന്നത്തെ സ്ഥിതിഗതികളിൽ പ്രായോഗികമായിരുന്നില്ല. ആ മുദ്രാവാക്യം വെറുമൊരു 'ചപ്പടാച്ചി'പാച്ചിലായിപ്പോയെന്നുമാത്രമല്ല പല സ്ഥലങ്ങളിലും ചില്ലറ നീക്കുപോക്കുകൾ ചെയ്യുന്നതിനു് തടസ്സവുമായിരുന്നു. ഈ മുദ്രാവാക്യം കർശനമായി നടപ്പാക്കിയിരുന്നെങ്കിൽ നാം വളരെ ദുർബലമായ സ്ഥലങ്ങളിൽപോലും വലതുപക്ഷപാർട്ടികളെ എതിർക്കുകയും കോൺഗ്രസ് വിരുദ്ധവോട്ടുകളെ ഭിന്നിപ്പിച്ചു്, കോൺഗ്രസ്സിനെ ജയിപ്പിക്കുവാൻ സഹായിക്കുകയും ചെയ്യേണ്ടിവന്നേനെ. ഈ മുദ്രാവാക്യത്തിൻെറ മറെറാരു വശം, ചില സന്ദർഭങ്ങളിൽ 'പുരോഗമനകോൺഗ്രസ്സ്'കാരെ പിന്താങ്ങുക, ഇല്ലെങ്കിൽ തിരഞ്ഞെടുപ്പിൽനിന്നുതന്നെ നാം പിന്മാറുക എന്നുമാകാവുന്നതാണു്. ഇങ്ങിനെയായിരുന്നെങ്കിൽ അതിൻെറ ഫലമെന്താകുമായിരുന്നു? ചില വലതുപക്ഷസ്ഥാനാർത്ഥികളെ ഇതുകൊണ്ടു തോല്പിക്കാൻ നമുക്കു കഴിഞ്ഞേക്കും. ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി കോൺഗ്രസിനെ സഹായിക്കുന്നു എന്ന ധാരണ നാട്ടിലുടനീളം ഉണ്ടാകുമെന്നതാണു് ഇതിൻെറ ഫലം. കോൺഗ്രസ് വിരുദ്ധവോട്ടുകൾ ഭിന്നിപ്പിക്കുവാൻവേണ്ടി മാത്രമുള്ള നമ്മുടെ മത്സരങ്ങൾ തമിഴ്നാട്ടിലുണ്ടായ അനുഭവങ്ങളാണുണ്ടാക്കുക, തിരഞ്ഞെടുപ്പിനു തൊട്ടുമുമ്പു് "വോട്ടു് അസാധുവാക്കുക" എന്ന മുദ്രാവാക്യം മേൽപ്പറഞ്ഞ ഫലമാണുണ്ടാക്കിയതു്. പാർട്ടിയോ അതിൻെറ സഖ്യകക്ഷികളോ മത്സരിക്കാത്ത നിയോജകമണ്ഡലങ്ങളിലും ഡി. എം. കെ., സ്വതന്ത്രാ, കാൺഗ്രസ് എന്നീ പാർട്ടികൾ മത്സരിക്കുന്ന മണ്ഡലങ്ങളിലും പാർട്ടി വോട്ടുചെയ്യേണ്ടായെന്നു്, ഫെബ്രുവരി രണ്ടാംവാരത്തിൽ ജനശക്തിയിൽകൂടി തമിഴ്നാട്ടുപാർട്ടിനേതൃത്വം ആഹ്വാനം ചെയ്തു. രണ്ടുദിവസത്തിനുശേഷം പത്രത്തിൽകൊടുത്ത ഒരു തിരുത്തിൽ ഡി. എം. കെ. യെ, നിരോധിച്ച സംഘടനകളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തിയിട്ടില്ലെന്നു പറഞ്ഞിരുന്നു.

ഏതെങ്കിലും പ്രതിപക്ഷപാർട്ടികളെ പൊളിക്കണമെന്നുള്ള ഒരു മനോഭാവമല്ല ജനങ്ങളുടെ ഇടയിലുണ്ടായിരുന്നതു്. കാൺഗ്രസിനെത്തന്നെ പൊളിക്കണമെന്നതായിരുന്നു ജനങ്ങളുടെ ചിന്താഗതി. ജനങ്ങളുടെ ചിന്താഗതി നമ്മുടെ പാർട്ടി ശരിക്കും മനസ്സിലാക്കി. അതുകൊണ്ടു് തമിഴ്നാട്ടിലൊഴിച്ചു് മറെറങ്ങും കൃത്രിമമായ ധാരണയിൽനിന്നുളവായ 'പൊളിക്കുക' എന്ന അടവു് എടുത്തുപ്രയോഗിച്ചില്ല.

കാൺഗ്രസിനെ തോല്പിക്കുന്നതിനാവശ്യമായ വിട്ടുവീഴ്ചകളും പാർട്ടിക്കു് കുറെ സീററുകൾ നേടുന്നതിനാവശ്യമായ പ്രവർത്തനങ്ങളും നടത്താതിരുന്നതു് തിരഞ്ഞെടുപ്പുതന്ത്രത്തെപ്പററി വ്യക്തിനിഷ്ഠമായി ഉണ്ടായിരുന്ന ചില ധാരണകളുടെ ഫലമായിട്ടാണു്. ഭാഗ്യവശാൽ തെററായ ധാരണകളുടെ അടിസ്ഥാനത്തിലുണ്ടായിരുന്ന എതിർപ്പു് പരാജയപ്പെടുകയുണ്ടായി.

നമ്മുടെ നാട്ടിലെ രാഷ്ട്രീയസ്ഥിതി വളരെ കുഴഞ്ഞുമറിഞ്ഞതാണെന്നുള്ള വസ്തുത നാം ഇപ്പോഴെങ്കിലും മനസ്സിലാക്കണം. ഇടതുപക്ഷ-ജനാധിപത്യശക്തികളുടെ വളർച്ചയാണെങ്കിൽ വളരെ അസമമായിട്ടാണു കാണുന്നതു്. ഏതെങ്കിലുമൊരു മൂന്നിനപരിപാടികൊണ്ടു് പരിഹരിക്കാവുന്ന രീതിയിൽ അത്രയ്ക്കു ലളിതമല്ല പ്രശ്നങ്ങൾ. മിക്ക സംസ്ഥാനങ്ങളിലും അഞ്ചു സീററെങ്കിലും നേടാൻ നാം അശക്തരാണു്. അങ്ങിനെയുള്ള സംസ്ഥാനങ്ങളിൽ വലതുപക്ഷപിന്തിരിപ്പൻ പാർട്ടികളെ പരാജയപ്പെടുത്തുമെന്നുള്ള നമ്മുടെ തിരഞ്ഞെടുപ്പു ലക്ഷ്യം, നാം കാൺഗ്രസ്അനുഭാവികളാണെന്നു പ്രചരിപ്പിക്കപ്പെടുന്നതിനോ ഇല്ലെങ്കിൽ കാൺഗ്രസ്‌വിരോധശക്തികളുടെ എതിർപ്പിനിടയാക്കുന്നതിനോ മാത്രമേ സഹായകരമാകൂ എന്നതാണു് യാഥാർത്ഥ്യം. ഗുജറാത്തു്, ഒറീസ്സാ, യു. പി., മദ്ധ്യപ്രദേശ്, രാജസ്ഥാൻ എന്നിവിടങ്ങളിൽ കാൺഗ്രസിൻെറ കടുത്ത ശത്രുക്കളാണെന്ന നിലപാടു് നിലനിർത്തിക്കൊണ്ടുതന്നെ വലതുപക്ഷ പിന്തിരിപ്പന്മാരെ എതിർത്തുതോല്പിക്കാൻ വേണ്ടത്ര ശക്തി സംഭരിക്കുകയാണു് ജനാധിപത്യപ്രസ്ഥാനവും പാർട്ടിയും ആദ്യമായി ചെയ്യേണ്ടതു്. എന്നാൽ വലതുപക്ഷപിന്തിരിപ്പൻപാർട്ടികളെ എതിർക്കാൻ കഴിയുന്നിടത്തു് നാം എതിർക്കരുതെന്നതല്ല ഇതിൻെറ അർത്ഥം. അതുപോലെതന്നെ, നമുക്കു

മത്സരിക്കാൻ കഴിവില്ലാത്ത സ്ഥലത്തു് കാൺഗ്രസിനെതിരായി വലതുപക്ഷപിന്തിരിപ്പൻപാർട്ടികളെ സജീവമായി പിന്താങ്ങണമെന്നും ഇതുകൊണ്ടു് അർത്ഥമാക്കരുതു്.

കാൺഗ്രസിൻെറ ഭരണകുത്തക പൊളിക്കണമെന്നും വലതുപക്ഷപിന്തിരിപ്പൻപാർട്ടികളെ തകർക്കുകയെന്നും ഒരേ ശ്വാസത്തിൽ പറയുന്നതു് ശരിയല്ലെന്നുവേണം ഒരു ഹ്രസ്വകാല വീക്ഷണത്തിൽനിന്നു മനസ്സിലാക്കാൻ. ഈ രണ്ടു കടമകളും ഒരേ സമയത്തു ചെയ്തുതീർക്കുവാൻ കഴിയുകയില്ലെന്നു് തിരഞ്ഞെടുപ്പു തെളിയിച്ചിരിക്കുന്നു. ഇതിലേതെങ്കിലും ഒരു കടമ മാത്രമേ ഫലപ്രദമായി നിർവഹിക്കാൻ പാറൂ; ബഹുജനങ്ങൾ ചെയ്തതും അതാണു്. കാൺഗ്രസിനെ പരാജയപ്പെടുത്തി പൊളിക്കുക എന്നതായിരുന്നു ആ കടമ.

നമ്മുടെ ആഗ്രഹത്തിൽനിന്നാണു് താത്വികമായ നമ്മുടെ നിലപാടു് ഉയർന്നുവന്നതു്, അല്ലാതെ നിലവിലുള്ള സ്ഥിതിഗതികളിലെ യാഥാർത്ഥ്യങ്ങളിൽനിന്നോ, ബഹുജനങ്ങളുടെ ചിന്താഗതിക്കനുസരിച്ചോ ആയിരുന്നില്ല. കാൺഗ്രസ്‌വിരുദ്ധ ചിന്താഗതി, വിപ്ലവകരമായ പുരോഗമനചിന്താഗതിയായി വളരുന്നതിനുമുമ്പു് പല സംസ്ഥാനങ്ങളിലേയും ജനങ്ങൾക്കു പുതിയ അനുഭവങ്ങൾഉണ്ടാകണം. ജനങ്ങൾ ഇടതുപക്ഷപാർട്ടികളുടെസ്വാധീനവലയത്തിൽ വരുന്നതിനുമുമ്പു് ഇതെല്ലാം ആവശ്യമാണു്. ഗവണ്മെൻറു് മാറണംഎന്നു് ശക്തിയായി ആഗ്രഹിക്കുന്ന ജനങ്ങൾക്കു്, ബീഹാർ, യു. പി. എന്നിവിടങ്ങളിലെ കാൺഗ്രസ്സിതരമന്ത്രിസഭകളിൽ നാം പങ്കെടുത്തില്ലെങ്കിൽ, അതു തീരെ മനസ്സിലാവുകയില്ല. ഈ സംസ്ഥാനങ്ങളിലേതെങ്കിലും ഒരിടത്തു് ഇടക്കാലതിരഞ്ഞെടുപ്പുണ്ടാവുകയാണെങ്കിൽ, എല്ലാ കാൺഗ്രസ്സിതരപാർട്ടികളുടേയും ഐക്യമുന്നണി വേണമെന്നായിരിക്കും ജനങ്ങൾ ആവശ്യപ്പെടുന്നതെന്നുള്ളതിൽ തെല്ലു സംശയംപോലും ഉണ്ടാകേണ്ട. അതുപോലെ നിലവിലുള്ള ബഹുജനചിന്താഗതിക്കു് എതിരായി നില്ക്കുന്നവർ പൂർണ്ണമായി തുടച്ചുനീക്കപ്പെടുമെന്നുള്ളതിലും തർക്കംവേണ്ട.

ജനസംഘവും മററുമായി ഒത്തുതീർപ്പുകൾ വേണമെന്നു് എസ്സ്. എസ്സ്. പി. നിർദ്ദേശിക്കുകയുണ്ടായി. ജനസംഘം,

സ്വതന്ത്രാ എന്നിവ ഉൾപ്പെടെയുള്ള ഐക്യമുന്നണിയെ നാം സ്വീകരിക്കാതിരുന്നതു് തികച്ചും ശരിയായിരുന്നു. എന്നാൽ പരസ്പരധാരണയോടു നമുക്കുണ്ടായിരുന്ന ആ സമീപനം അല്പം അയവില്ലാത്തതായിപ്പോയി. അത്തരത്തിലുള്ള എന്തെങ്കിലും ഒത്തുതീർപ്പുകളോ ധാരണകളോ നമ്മെപ്പററി ബഹുജനങ്ങളുടെ ഇടയിലുള്ള മതിപ്പു് കുറയ്ക്കുകയേയുള്ളു എന്നാണു് നാം കരുതിയതു്. ഇത്തരത്തിലുള്ള ധാരണകൾകൊണ്ടു് ഏതെങ്കിലും ഇടതുപക്ഷപാർട്ടികൾക്കു് എന്തെങ്കിലും കോട്ടങ്ങളുണ്ടായിട്ടുണ്ടെന്നു തോന്നുന്നില്ല. ചില പാർട്ടികൾ തീർച്ചയായും ഇതുകൊണ്ടു് നേടിയിട്ടുണ്ടു്. അയവേറിയ ഒരു നിലപാടു് നാം സ്വീകരിക്കേണ്ടതായിരുന്നു. പല സ്ഥലങ്ങളിലും "എതിർപ്പുമില്ല—മത്സരവുമില്ല" എന്ന ഒരു നിലപാടു് നമുക്കു സ്വീകരിക്കാൻ കഴിയുമായിരുന്നു. "വലതുപക്ഷ പിന്തിരിപ്പൻപാർട്ടികളെ പൊളിക്കുക" എന്നു പരസ്യമായി പ്രഖ്യാപിക്കുകയും മറുവശത്തു് നിശ്ശബ്ദമായിരിക്കയും ചെയ്യുക പ്രയാസമായിരുന്നു.

പാർട്ടിയും ജനാധിപത്യപ്രസ്ഥാനവും ദുർബലമായിട്ടുള്ള സംസ്ഥാനങ്ങളിലെ ഏകാംഗമണ്ഡലങ്ങളിൽ ബഹുമുഖഎതിർപ്പിൽക്കൂടി തിരഞ്ഞെടുപ്പിൽ ജയിക്കാൻ കഴിവില്ലെങ്കിൽ ആ സ്ഥലങ്ങളിൽ ഇടതുപക്ഷജനാധിപത്യശക്തികളുടെ താല്പര്യം സംരക്ഷിക്കുന്നതിനുവേണ്ടി ഒത്തുതീർപ്പുകൾ ആവശ്യമാണെന്നു നാം നേരത്തെ മനസ്സിലാക്കേണ്ടതായിരുന്നു. വലിയൊരു വിഭാഗം കാൺഗ്രസ് വിരുദ്ധജനങ്ങൾ സ്വതന്ത്രാ–ജനസംഘം പാർട്ടികളുടെ സ്വാധീനവലയത്തിൽ കഴിയുകയും ഈ പാർട്ടികൾ കാൺഗ്രസ് വിരുദ്ധശക്തികളുടെ കേന്ദ്രമായി നില്ക്കുകയും ചെയ്യുന്ന സംസ്ഥാനങ്ങളിൽ നമുക്കു് ഇത്തരത്തിലൊരു നിലപാടു് സ്വീകരിക്കേണ്ടിവരും. തിരഞ്ഞെടുപ്പിനുശേഷമുള്ള സ്ഥിതിഗതികൾ ഇതു കൂടുതൽ വ്യക്തമാക്കിയിട്ടുണ്ടു്. രാജസ്ഥാൻ അസംബ്ളിയിൽ നമുക്കുണ്ടായിരുന്ന ഏകാംഗത്തെ, കാൺഗ്രസ്സിതരമന്ത്രിസഭ രൂപീകരിക്കുമെന്ന സ്വതന്ത്രാപാർട്ടിയുടെ പ്രഖ്യാപനത്തിനു് കരുവാക്കാൻ നാം അനുവദിക്കേണ്ടതായിവന്നു. അതേസമയത്തു് മഹർവാൾ ലക്ഷ്മണസിങ്ങും സഖാവു് എച്ച്. കെ. വ്യാസുംകൂടി നൂററിനാല്പത്തിനാലു

ലംഘിച്ച് കുറച്ചുനേരത്തേയ്ക്കാണെങ്കിലും അറസ്റ്റ്വരിക്കേണ്ടിവന്നു.

ജനസംഘത്തിൻെറ വളൻവരുന്ന ബഹുജനാടിസ്ഥാനത്തെ കണക്കിലെടുത്തുകൊണ്ടല്ല നാം ജനസംഘത്തെ വിലയിരുത്തിയതെന്നു് പറയേണ്ടിയിരിക്കുന്നു. നിരാശരായ പെററിബൂർഷ്വാകൾ, വിദ്യാത്ഥികൾ, കച്ചവടക്കാർ, കടയുടമസ്ഥന്മാർ, ഉദ്യോഗസ്ഥവിഭാഗം എന്നിവയെല്ലാം ജനസംഘത്തിൻെര ബഹുജന അടിത്തറയിൽ ഉൾപ്പെടുന്നുണ്ട്. ഈ ബഹുജനാടിസ്ഥാനം ജനസംഘത്തിൻെറ നേതൃത്വത്തിൽ സ്വാധീനം ചെലുത്താതിരിക്കാൻ സാദ്ധ്യമല്ല. ജനസംഘത്തിനകത്തുതന്നെയും അഭിപ്രായഭിന്നതകൾ വളൻവരാം. ആർ. എസ്സ്. എസ്സ്. വർഗ്ഗീയമൂരാച്ചികളുടെ കേന്ദ്രമായി വളൻവരാനും സാദ്ധ്യതയുണ്ട്. ആർ. എസ്സ്. എസ്സിനുപോലും ഈ മാററത്തിൻെറ ആഘാതം അനുഭവപ്പെടുന്നുണ്ട്. കമ്മ്യൂണിസ്റ്റ് കാരോടൊത്തു ജനസംഘം എന്തുകൊണ്ട് മന്ത്രിസഭകളിൽ തുടരുന്നു എന്ന ചോദ്യത്തിനു മറുപടിയായി ജനസംഘത്തിൻെറ മുഖപത്രമായ "ഓർഗനൈസർ" അതിൻെറ മുഖപ്രസംഗത്തിൽക്കൂടി വിശദീകരിച്ചതിപ്രകാരമാണു്: "എല്ലാവരും ഭാരതത്തിൻെറ സന്തതികളാണു്; എല്ലാവരും ഭാരതീയരുടെ അഭ്യുദയത്തിനുവേണ്ടി പ്രവത്തിക്കുന്നവരുമാണു്." ഇതിൻെറ അത്ഥം ജനസംഘം അതിൻെറ അടിസ്ഥാനപരമായ സ്വഭാവം മാററിയിട്ടുണ്ടെന്നാണോ? അല്ല. എന്നാൽ 1957-ൽ നാം ജനസംഘത്തെ നോക്കിയിരുന്നതുപോലെതന്നെയാണു് നാം ഇപ്പോഴും ജനസംഘത്തെ കാണുന്നതു്. ലക്ഷക്കണക്കിനു് കാൺഗ്രസ്സ് വിരുദ്ധബഹുജനങ്ങൾ ഈ പാട്ടിയുടെ സ്വാധീനവലയത്തിൽ വന്നുവീഴുന്ന ആ പ്രതിഭാസത്തെ നാം പൂണ്ണമായി പരിശോധിച്ചതുമില്ല. ഡെൽഹിയിലും യൂ. പി. യിലുമുണ്ടായ സംഭവവികാസങ്ങൾ നമ്മുടെ കണ്ണുതുറപ്പിക്കേണ്ടതാണു്. 1962-ൽ ജനസംഘംസ്ഥാനാത്ഥിയെ തോല്പിക്കുന്നതിനായി, ലോക്സഭയിലേയ്ക്കു് ഡെൽഹിയിൽ കാൺഗ്രസ്സ്ഥാനാത്ഥിയെ നാം പിന്താങ്ങി. 1967-ൽ ഡെൽഹി നഗരസഭാകൗൺസിലിൽനിന്നു കാൺഗ്രസ് അപ്രത്യക്ഷമായി, അതുപോലെ നമ്മളും നീക്കംചെയ്യപ്പെട്ടു.

ജനസംഘം തിരഞ്ഞെടുപ്പുകളിൽ വിജയം കൈവരിക്കുന്നതിന്റെ പ്രധാനപ്പെട്ട അടിസ്ഥാനമെന്താണെന്ന് സ്വാഭാവികമായി നാം മനസ്സിലാക്കിയിട്ടില്ല. അതുപോലെതന്നെ സ്വതന്ത്രാപാർട്ടിയുടെ തിരഞ്ഞെടുപ്പുവിജയത്തിന്റെ കാരണവും നാം ശരിക്കു ധരിച്ചിട്ടില്ല.

ഐക്യത്തെ സംബന്ധിച്ചിടത്തോളം അടിസ്ഥാനപരമായി നമ്മുടെ പാർട്ടി സ്വീകരിച്ച നിലപാട് ശരിയായിരുന്നു. ആ ഐക്യം ഊട്ടിയുണ്ടാക്കുവാൻ നാം നമ്മുടെ എല്ലാ കഴിവുകളും വിനിയോഗിച്ചു. എന്നാൽ ഗൗരവതരമായ ചില കുറവുകൾ ഈയവസരത്തിൽ ഇവിടെ രേഖപ്പെടുത്തേണ്ടിയിരിക്കുന്നു. ആന്ധ്റയിലും, പശ്ചിമബംഗാളിലും, മാർക്സിസ്റ്റ്പാർട്ടിയുടെ പ്രകോപനപരമായ നയങ്ങളുടെ മുമ്പിൽ നാം ഏതാണ്ടൊരു വ്യക്തിനിഷ്ഠനിലപാടാണ് സ്വീകരിച്ചതു്.

ബംഗളാകാൺഗ്രസ്സും ഫാർവേർഡ് ബ്ളാക്കും നമ്മളും തമ്മിൽ കൂടുതൽ അടുത്തുവരുന്ന ഒരു നല്ലവശം പശ്ചിമബംഗാളിൽ ഉണ്ടായി. ആന്ധ്റയിൽ വളരെയധികം സീററുകളെ സംബന്ധിച്ചു് നമുക്കു് ഊതിവീർപ്പിച്ച ധാരണകളാണുണ്ടായിരുന്നതു്. അതു തിരഞ്ഞെടുപ്പുഫലത്തിൽ വ്യക്തമായി. (ജനങ്ങൾ മറെറാരു വിശദീകരണവും സ്വീകരിക്കാൻ പോകുന്നില്ല,) സീററുകളെ സംബന്ധിച്ചിടത്തോളം നാം ന്യായമായ ഒരു നിലപാട്ട് ആദ്യം സ്വീകരിക്കുകയുണ്ടായി. എന്നാൽ അവസാനഘട്ടമായപ്പോൾ മാർക്സിസ്റ്റ്പാർട്ടിയുമായി നാം ഒരു കഴുത്തറുപ്പൻമത്സരത്തിൽ ഏർപ്പെട്ടുപോയി. നമ്മെ തുടച്ചുനീക്കുന്നതിനായി നമുക്കെതിരായി മാർക്സിസ്റ്റ്പാർട്ടി ഒരു യുദ്ധംതന്നെ പ്രഖ്യാപിച്ചുകളഞ്ഞു. അവരുടെ ആ നയത്തെയാണ് നമുക്കു പരാജയപ്പെടുത്താനുണ്ടായിരുന്നതു്. അവരിൽനിന്നും വിഭിന്നമായ നയവും പ്രവർത്തനവുംകൊണ്ടു് അവരെ തോല്പിക്കേണ്ടതായിരുന്നു. തിരഞ്ഞെടുപ്പിൽ നമ്മുടെ പാർട്ടിയുടെ നില സംരക്ഷിക്കാൻ വേണ്ട നടപടികൾ എടുത്തതു് തികച്ചും ശരിതന്നെയാണ്. അക്കാര്യത്തിൽ എന്തെങ്കിലും അയവുണ്ടാകുവാൻ സാദ്ധ്യമല്ല.

മാർക്സിസ്റ്റുകാരും നമ്മളും തമ്മിലുണ്ടായ തർക്കത്തിൽ, ആ തർക്കം വർദ്ധിപ്പിക്കുമാറു്, ൪൦ അസംബ്ളിസീററുകളിൽ

മത്സരം എന്നതു് 100 സീററുകളിലേയ്ക്കു് നമ്മുടെ സഖാക്കൾ ഉയർത്തി. നേരത്തേ ഉന്നയിച്ചിരുന്ന 80 സീററുകൾപോലും അത്ര ന്യായമാണെന്നു പറയാൻ നിവൃത്തിയില്ല. ഏതാണ്ടു് 3000 വോട്ടുകൾക്കു താഴെ ലഭിച്ച പത്തു സീററുകളിൽ നാം മത്സരിച്ചു. (ആന്ധ്റയിൽ ഇത്ര കുറച്ചു വോട്ടു ലഭിക്കുന്നതു് അസാധാരണമാണു്.) കെട്ടിവച്ച പണം നഷ്ടപ്പെട്ട സീററുകളും വളരെ കൂടുതലായിരുന്നു. കമ്മ്യൂണിസ്ററുകാർക്കു് ആന്ധ്റയിൽ കെട്ടിവച്ച തുക നഷ്ടപ്പെടുന്നതും സാധാരണയായ സംഭവമല്ല.

വിവിധ നിയോജകമണ്ഡലങ്ങളിൽ താരതമ്യേന നമുക്കാണു് കൂടുതൽ ശക്തിയെന്നു് തെളിയിക്കാനാണു് ഈ മത്സരങ്ങൾ നടത്തിയതെങ്കിൽ, അക്കാര്യത്തിലും നാം വിജയിച്ചിട്ടില്ല. കമ്മ്യൂണിസ്റ്റ്പാർട്ടിയും മാർക്സിസ്റ്റ്പാർട്ടിയും തമ്മിൽ നേരിട്ടു മത്സരം നടന്ന ആകെയുള്ള 53 മണ്ഡലങ്ങളിൽ, 34 സീററുകളിൽ മാർക്സിസ്ററുകാർക്കാണു് കൂടുതൽ വോട്ടു ലഭിച്ചതെന്നു നേരത്തേതന്നെ നാം കാണുകയുണ്ടായി. നമുക്കാണെങ്കിൽ 19 സീററുകളിലാണു് കൂടുതൽ വോട്ടു ലഭിച്ചതു്. ശക്തിയെപ്പററി സംസാരിച്ചതു് നമ്മൾതന്നെയാണു്; ഈ തിരഞ്ഞെടുപ്പുഫലങ്ങളുടെ അടിസ്ഥാനത്തിൽ ജനങ്ങൾ നമ്മെ വിലയിരുത്താൻ ശ്രമിക്കും. ഇരുപാർട്ടികളും ജനങ്ങളെ മാനിച്ചില്ല എന്നു് വിമർശനമുണ്ടായാൽ അതു സ്വാഭാവികമാണു്. അവരുടെ പാർട്ടിയുടെ നയം പ്രത്യേകിച്ചും ഈ വിമർശനം അർഹിക്കുന്നുണ്ടു്. കമ്മ്യൂണിസ്റ്റ്പാർട്ടിവിരുദ്ധനടപടികളാണു് മാർക്സിസ്റ്റ്പാർട്ടി അടിസ്ഥാനപരമായി സ്വീകരിച്ചിരുന്നതു്. നമ്മുടെ നയം ഇതായിരുന്നില്ല. അതുകൊണ്ടു് അത്തരത്തിലുള്ള ആരോപണങ്ങൾ നമുക്കെതിരായി ആരെങ്കിലും ഉന്നയിച്ചാൽ അതു നാം വളരെ ഗൗരവമായി കണക്കിലെടുക്കണം. ലോക്‌സഭാസീററുകളിലേയ്ക്കു് 11 നിയോജകമണ്ഡലങ്ങളിലും ഇരുപാർട്ടികളും തമ്മിൽ മത്സരിച്ചതിൽ, ഏഴു സീററുകളിൽ മാർക്സിസ്റ്റ്പാർട്ടിക്കു് കൂടുതൽ വോട്ടുകൾ ലഭിച്ചു. എന്നാൽ നമ്മുടെ പാർട്ടിക്കു് നാലു സീററുകളിലാണു് കൂടുതൽ വോട്ടു ലഭിച്ചതു്. (മാർക്സിസ്റ്റ്പാർട്ടി 11 സീററുകളിൽ മത്സരിച്ചപ്പോൾ നാം 20 സീററുകളിലാണു് മത്സരിച്ചതു്.) അവർ ഒരു സീററിലും വിജയിക്കുകയുണ്ടായില്ല എന്നതു ശരിതന്നെ. എന്നാൽ

നാം ജയിച്ച ഒരു സീററ് അത്തരത്തിലുള്ള മത്സരമൊന്നും ഇല്ലാതിരുന്ന സീററാണ്.

ഇരുപതു സീററു കുറച്ചു മത്സരിച്ചാൽ മതിയായിരുന്നു എന്നാണ് ആന്ധ്റാ പാർട്ടികൗൺസിലിൻെറ ഇപ്പോഴത്തെ അഭിപ്രായമെന്നറിയുന്നു. ഇതിൽനിന്ന് പാട്ടി 25 ശതമാനത്തോളമെങ്കിലും കൂടുതൽ സീററുകളിൽ, അന്യായമായി, മത്സരിച്ചു എന്ന് സമ്മതിക്കേണ്ടിയിരിക്കുന്നു. പാട്ടിയുടെ ശക്തി എത്രത്തോളം നഷ്ടപ്പെട്ടുപോയെന്ന് ഇതിൽനിന്ന് ഊഹിക്കാവുന്നതേയുള്ളു.

ഐക്യത്തിനും പരസ്പരസഹായത്തിനുംവേണ്ടി നമ്മുടെ പാട്ടി ഉണയിച്ച നിർദ്ദേശങ്ങൾ പാടേ നിഷേധിച്ച് ഒരു ശത്രുതാമനോഭാവം മാർക്സിസ്റ്റ്പാട്ടി കാണിച്ചതുകൊണ്ട് ആന്ധ്റയിലെ നമ്മുടെ പാട്ടി എസ്. എസ്. പി., ആർ, എസ്. പി., റിപ്പബ്ളിക്കൻ, പ്രജാപാട്ടി എന്നീ പാട്ടികളുമായും പുരോഗമനവ്യക്തികളുമായും സഖ്യമുണ്ടാക്കാൻ പരമാവധി ശ്രമിക്കേണ്ടതായിരുന്നു. ഈ കത്തവ്യം തികച്ചും അവഗണിക്കപ്പെട്ടു. എസ്. എസ്. പി. യും റിപ്പബ്ളിക്കൻപാർട്ടിയുമായി ഒരു തരത്തിലുള്ള ഐക്യമുന്നണി ഉണ്ടാക്കിയിരുന്ന സ്ഥലത്തുപോലും രണ്ടു സീററിൻെറ തക്കത്തിൽ ആ ഐക്യവും തകന്നുപോയി. ഈ രണ്ടു സീററ് നേരത്തേ അവക്കു കൊടുക്കാമെന്ന് നാം സമ്മതിച്ചിരുന്നതും പിന്നീട് നാം തിരിച്ചാവശ്യപ്പെട്ടതുമാണ്.

മാർക്സിസ്റ്റ്പാർട്ടിക്ക് നമ്മെ ദ്രോഹിക്കുവാനുള്ള കഴിവ് കുറച്ചുകാണുകയോ ഇല്ലെങ്കിൽ നമ്മുടെ ശക്തിയെപ്പററി വളരെ അതിശയോക്തിപരമായ ധാരണയുണ്ടാകയോ ചെയ്യാതെ ഇത്തരത്തിലുള്ള ഒരു സമീപനം ഉണ്ടാവുക സാദ്ധ്യമല്ല. മാർക്സിസ്റ്റ് പാട്ടിയെ നാം നേരിട്ടതു് മററു പാർട്ടികളെയും ഗ്രൂപ്പുകളെയും നമുക്കു ചുററും അണിനിരത്താൻ ശ്രമിച്ചുകൊണ്ടല്ല, പിന്നെയോ കൂടുതൽ സ്ഥാനാത്ഥികളെ നിറുത്തിക്കൊണ്ടാണെന്നുള്ളതു് വിചിത്രമാണ്. ഇത്തരത്തിലുള്ള ഒരു സമീപനംകൊണ്ടു് മാർക്സിസ്റ്റ്പാർട്ടിയേക്കാൾ നമുക്കുണ്ടായിരുന്ന രാഷ്ട്രീയമേന്മയ്ക്കു ഇടിവുണ്ടായിരിക്കണം. ബഹുജനങ്ങളുടെ മുമ്പിൽ ഏതാണ്ടു്

മാർക്സിസ്റ്റുകാരെപ്പോലെതന്നെയാണ് നമ്മളും പെരുമാറിയത്.

പരമ്പരാഗതമായി നമ്മോടൊത്തുനിന്നിട്ടുള്ള കുറെ ബഹുജനങ്ങളെയെങ്കിലും ഇതു നിരാശരാക്കിയിട്ടുണ്ടാകും. അതുകൊണ്ട് അവരിൽ പലരും വോട്ടിംഗിൽ പങ്കെടുക്കാതിരിക്കയോ കോൺഗ്രസ്സുൾപ്പെടെയുള്ള മററു പാർട്ടികൾക്ക് വോട്ടുചെയ്യുകയോ ചെയ്തിട്ടുണ്ടെങ്കിൽ അതിൽ അതിശയിച്ചിട്ടു കാര്യമില്ല. ബഹുജനങ്ങൾ രാഷ്ട്രീയപാർട്ടികളെ വിലയിരുത്തുന്നത് പ്രധാനമായും അവരുടെ പ്രവത്തനങ്ങളുടെ അടിസ്ഥാനത്തിലാണ്.

ആന്ധ്റയിലെ തൊഴിലാളികേന്ദ്രങ്ങളിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയും മാർക്സിസ്റ്റ്പാർട്ടിയും പരാജയപ്പെട്ടു എന്നുള്ളതാണ് അവിടത്തെ തിരഞ്ഞെടുപ്പുഫലങ്ങളുടെ മറെറാരു വേദനാജനകമായ വസ്തുത. നമ്മെ സംബന്ധിച്ചിടത്തോളം ഇതു വളരെ ഗൗരവതരമായൊരു വസ്തുതയാണ്. എന്തെന്നാൽ, തൊഴിലാളിപ്രസ്ഥാനങ്ങളിലും ട്രേഡ്യൂണിയനുകളിലും തീർച്ചയായും നമുക്കാണു കൂടുതൽ സ്വാധീനമുള്ളതു്. തൊഴിലാളിവർഗ്ഗത്തെ രാഷ്ട്രീയബോധമുള്ളവരാക്കുന്ന കാര്യത്തിൽ നാം പരാജയപ്പെട്ടുവെന്നേ ഇതിനർത്ഥമുള്ളു. കാർഷിക തൊഴിലാളിമേഖലകളിൽ മാർക്സിസ്റ്റ്പാർട്ടി താരതമ്യേന കൂടുതൽ മെച്ചപ്പെട്ട നിലയിൽ പ്രവത്തിച്ചിട്ടുണ്ടു്. എന്നാൽ കാർഷികതൊഴിലാളിമേഖലയിലും നിരാശയുണ്ടായിരുന്നു. കോൺഗ്രസ്സിനകത്തെ ഗ്രൂപ്പുവഴക്കിലാണ് നാം കൂടുതൽ ഊന്നിയിരുന്നതു്; മാർക്സിസ്റ്റു പാർട്ടിയും അപ്രകാരംതന്നെയാണ് കരുതിയതു്. പക്ഷെ പൊതുവേ ഉണ്ടായ കുഴപ്പങ്ങൾ പരമ്പരാഗതമായ കമ്മ്യൂണിസ്റ്റ്വോട്ടുകൾ താറുമാറാക്കപ്പെട്ടു.

ഏതായാലും നമ്മെക്കാൾ കൂടുതൽ ശക്തി തങ്ങൾക്കാണെന്നുള്ള മാർക്സിസ്റ്റ്പാർട്ടിയുടെ പ്രചരണം ഈ തിരഞ്ഞെടുപ്പു പൊളിച്ചു. രണ്ടു കമ്മ്യൂണിസ്റ്റ്പാർട്ടികളും ആന്ധ്റയിൽ ഇത്ര മങ്ങാനുള്ള കാരണം തിരഞ്ഞെടുപ്പിനുമുമ്പ് അവിടെ വളരെക്കുറച്ച് ബഹുജനസമരങ്ങളേ ഉണ്ടായിരുന്നുള്ളു എന്നതാണ്. ആന്ധ്റയിലെ തിരഞ്ഞെടുപ്പുഫലങ്ങൾ ചൂണ്ടിക്കാണിക്കുന്നതെന്താണ്? രണ്ടു് കമ്മ്യൂണിസ്റ്റ്പാർട്ടികളും യോജിച്ചില്ലെങ്കിൽ ഈ നാട്ടിലെ ഇടതുപക്ഷ-ജനാധിപത്യശക്തിക

ളുടെ ഭാവി വിളറിയതാണെന്നുള്ള ശക്തിയായ മുന്നറിയിപ്പാണ് ആന്ധ്ര നൽകുന്നത്. അസംബ്ളിയിലേക്കും ലോക്സഭയിലേക്കും നടന്ന വോട്ടിംഗിൽ കുറവുവന്നിട്ടുള്ള വസ്തുത വിസ്മരിക്കാതിരിക്കുക. അസംബ്ളിയിൽ 1962-ൽ 19.53 ശതമാനം വോട്ടു കിട്ടിയതു് 1967 ആയപ്പോൾ 15.50 ശതമാനമായി കുറഞ്ഞു. അതുപോലെ ലോക്സഭയിലേക്കുള്ളവോട്ടിംഗ് 1962-ൽ 21.04 ശതമാനത്തിൽനിന്നു് 1967-ൽ 18.68 ശതമാനമായി കുറഞ്ഞു. ഈ സ്ഥിതിഗതികൾ അഭിവൃദ്ധിപ്പെടുത്തുന്നതിനു് ആരാണോ മുൻകൈയെടുക്കുന്നതു്, ബഹുജനങ്ങളുടെ മുമ്പിൽ, അവരുടെ പ്രശസ്തിയാണ് വദ്ധിക്കാൻ പോകുന്നതു്. തിരഞ്ഞെടുപ്പിൻെറ പാഠങ്ങൾ നാം എങ്ങനെ സ്വീകരിച്ചു എന്നു് ബഹുജനങ്ങൾ ശ്രദ്ധിക്കുമെന്നുള്ളതു തീർച്ചയാണ്.

പശ്ചിമബംഗാളിൽ നമ്മുടെ പാർട്ടി, മാർക്സിസ്ററു പാർട്ടിയുമായി തിരഞ്ഞെടുപ്പുസഖ്യത്തിനുവേണ്ടിയുള്ള സംഭാഷണങ്ങളിലോ അതിനുവേണ്ടിയുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിലോമാത്രം ഒതുങ്ങിനിന്നില്ല. തിരഞ്ഞെടുപ്പിനെ സംബന്ധിച്ചിടത്തോളം മാർക്സിസ്റ്റ്പാർട്ടി നമ്മോടു് ഒരു ശത്രുതാമനോഭാവമാണ സ്വീകരിച്ചിട്ടുള്ളതെന്നു വ്യക്തമായതോടുകൂടി സഖ്യശക്തികളെ കണ്ടുപിടിക്കാൻ നമ്മുടെ സഖാക്കൾ പ്രത്യേകം ശ്രമിക്കുകയുണ്ടായി. ഇതിൻെറ ഫലമാണ് 63 സീററുകൾ നേടിയ ജനകീയ-ഇടതുപക്ഷഐക്യമുന്നണി. അതേസമയം മാർക്സിസ്റ്റ്പാർട്ടിയുടെ അധീനതയിലുള്ള ഇടതുപക്ഷഐക്യമുന്നണിക്കു് 61 സീററുകൾ മാത്രമാണ ലഭിച്ചതു്. നിലവിലുള്ള പരിതഃസ്ഥിതികളിൽ ഇതൊരു വലിയ നേട്ടമായിരുന്നു. മൊത്തത്തിൽ കാൺഗ്രസ്സിനെ പരാജയപ്പെടുത്തുന്നതിനു് ഈ നേട്ടം വളരെ സഹായകരമായിരുന്നു. പശ്ചിമബംഗാളിലെ പർട്ടി നമ്മുടെ അഭിനന്ദനം അർഹിക്കുന്നുണ്ടു്.

എന്നാൽ പശ്ചിമബംഗാൾപാർട്ടിക്കുള്ളിലും ചില ലോക്സഭാസീററുകളെ സംബന്ധിച്ചു് അയവില്ലാത്തതും അയഥാത്ഥവുമായ ചില ചിന്താഗതികൾ പ്രകടമായിരുന്നു. ശക്തിയുടെപേരിൽ അയവില്ലാത്ത നയം സ്വീകരിച്ചാലതു ന്യായീകരിക്കാവുന്നതാണ്. എന്നാൽ രണ്ടു സീററുകളെ സംബ

ന്ധിച്ചിടത്തോളം—ഹൗറായും ബാരക്ക്പൂരും—ഈ അയവി ല്ലാത്ത നയം വളരെ അതിശയോക്തിപരമായിപ്പോയി എന്നു പിന്നീടു വ്യക്തമായി. ഹൗറായിലെ സീററ് നമ്മിൽനിന്നു് കാൺഗ്രസ്സ് പിടിച്ചെടുത്തു. മാർക്സിസ്റ്റ്കാരെ അപേക്ഷിച്ച് നമ്മുടെ വോട്ട് അവിടെ വളരെ കുറവായിരുന്നു. താഴെപ്പറ യുന്ന അസംബ്ളിനിയോജകമണ്ഡലങ്ങളിൽ ഒന്നിൽപോലും മാർക്സിസ്റ്റ്പാർട്ടിയേക്കാൾ കൂടുതൽ വോട്ടുകൾ നമ്മുടെ സ്ഥാനാ ർത്ഥികൾക്കു കിട്ടിയില്ല. ഏഴ് അസംബ്ളിസീററുകളും കാൺഗ്ര സ്സിനു ലഭിച്ചു. ബാരക്ക്പൂർ നിയോജകമണ്ഡലം നമ്മുടെ നല്ലൊരു മണ്ഡലമായിട്ടാണ് കരുതിയിരുന്നതു്. എന്നാൽ ഈ സീററിൽ മാർക്സിസ്റ്റ്പാർട്ടി വിജയിക്കുകയാണുണ്ടാ യതു്. ഈ പാർലമെൻറുമണ്ഡലത്തിലെ ഒരു അസംബ്ളി സീററിൽ മാത്രമാണ് മാർക്സിസ്റ്റ്കാരേക്കാൾ കൂടുതൽ വോട്ടു നമുക്കു ലഭിച്ചതു്. ഈ മണ്ഡലത്തിലെ തോൽവി രാഷ്ട്രീയ മായും മററുവിധേനയുംകൂടി വലിയൊരു പരാജയംതന്നെയായി രുന്നു. അലിപൂർ പാർലമെൻറുസീററുപോലും വളരെ അപ കടകരമായ സ്ഥിതിയിലായിരുന്നു. ഒടുവിൽ അറുനൂറു് വോട്ടിൻെറ നേരിയ ഭൂരിപക്ഷത്തോടുകൂടി നാം കഷ്ടിച്ചു ജയിക്കുകയാണുണ്ടായതു്.

നമ്മുടെ ശക്തിയെപ്പററി അതിർകടന്ന ധാരണ ഇല്ലായി രുന്നുവെങ്കിൽ ഈ സീററുകളുടെ കാര്യത്തിൽ ഏതെങ്കിലുംതര ത്തിലുള്ള ഫലപ്രദമായ ഒത്തുതീർപ്പുകൾ പൊതുവായ ഐക്യ ത്തിൻെറപേരിൽ ഉണ്ടാക്കുവാൻ കഴിയുമായിരുന്നു. ഒരു ഐക്യ മുന്നണി കെട്ടിപ്പടുക്കുന്നതാണ് പ്രധാനകടമയെന്നിരിക്കെ പാർലമെൻറുസീററുകളുടെപേരിൽ അയവില്ലാത്ത ഒരു സമീ പനം നാം വച്ചുപുലർത്തിയതു് ശരിയായിരുന്നില്ല. ആ ഐക്യ മുന്നണി ഉണ്ടായിരുന്നെങ്കിൽ കാൺഗ്രസ്സിനെ പരാജയപ്പെടു ത്തുവാനും അസംബ്ളിയിൽ നമ്മുടെ 16 അംഗസംഖ്യ വദ്ധി പ്പിക്കുവാനും കഴിയുമായിരുന്നു.

പാർലമെൻറുതിരഞ്ഞെടുപ്പിനു പ്രത്യേക പരിഗണനയു ണ്ടായിരുന്നുഎന്നവസ്തുതശരിയാണ്. എന്നാൽ കോൺഗ്രസ്സിനെ പൂർണ്ണമായി പരാജയപ്പെടുത്തുന്ന മൊത്തത്തിലുള്ള ഐക്യമുന്ന ണിയ്ക്കാണ് കൂടുതൽ പ്രാധാന്യമുണ്ടായിരുന്നതു്. സമാന്തരമായി

പ്രവത്തിച്ച രണ്ട് ഇടതുപക്ഷമുന്നണികളുണ്ടായിരുന്നിട്ടപോലും കാൺഗ്രസിനെ തിരഞ്ഞെടുപ്പിൽ തോൽപ്പിക്കുവാനും ഒരു കാൺഗ്രസ്സിതരമന്ത്രിസഭയെ അധികാരത്തിൽ കൊണ്ടുവരുവാനും കഴിഞ്ഞു എന്നുള്ളതുകൊണ്ട നമ്മുടെ തിരഞ്ഞെടുപ്പു ധാരണകളും നടപടികളും കുററമററതായിരുന്നെന്നോ, നമുക്കു കിട്ടിയ അസംബ്ളിസീററുകൾ തൃപ്തികരമാണെന്നോ അത്ഥമാക്കരുതു്. എല്ലാ കമ്മ്യൂണിസ്റ്റ്കാരെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു ഐക്യമുന്നണി-ഏതാനും സീററുകളുടെമാത്രം ഒരു പ്രശ്നമല്ലതു്. അതിലും വളരെ വലുതാണു് അതിലടങ്ങിയിട്ടുള്ള കാര്യങ്ങൾ.

കമ്മ്യൂണിസ്റ്റ്പാർട്ടിയും മാർക്സിസ്റ്റ്പാർട്ടിയും തമ്മിൽ മത്സരംനടന്ന പല നിയോജകമണ്ഡലങ്ങളിലും മാർക്സിസ്റ്റ്പാർട്ടിയെ അപേക്ഷിച്ച് നമ്മുടെ പാർട്ടിയാണു് കൂടുതൽ തെററായ വിലയിരുത്തലുകൾ നടത്തിയിരുന്നതെന്നു് തിരഞ്ഞെടുപ്പുഫലങ്ങൾ പരിശോധിച്ചാൽ വ്യക്തമാകുന്നതാണു്. ഈ തെററായ വിലയിരുത്തൽ, ഒഴിവാക്കാവുന്ന പല മത്സരങ്ങളിലും നമ്മെ കൊണ്ടെത്തിച്ചു. ബർദ്വാനിലും ഇരുപത്തിനാലു പർഗാനായിലുമാണു് തെററായ വിലയിരുത്തൽകൊണ്ടുള്ള മത്സരം ഏററവും വൃത്തികെട്ട രീതിയിലുണ്ടായതു്. മാർക്സിസ്റ്റു പാർട്ടിയും നമ്മളും തമ്മിൽ ഏററുമുട്ടിയ 38 സീററുകളിൽ 28 എണ്ണത്തിൽ മാർക്സിസ്റ്റ്പാർട്ടി കൂടുതൽ വോട്ടു കരസ്ഥമാക്കി; കമ്മ്യൂണിസ്റ്റ്പാർട്ടി 10 സീററുകളിലും (പാർട്ടിചിഹ്നത്തിൽ). ഈ മത്സരംകൊണ്ടുമാത്രം 21 സീററുകൾ കാൺഗ്രസ്സിനു കൊടുക്കേണ്ടിവന്നു. ആദ്യത്തെ ലിസ്റ്റ് പ്രഖ്യാപിച്ചതിനുശേഷവും കൂടുതൽ സീററുകൾ കരസ്ഥമാക്കുവാനുള്ള ഒരു പ്രവണതയുണ്ടായിരുന്നു. പക്ഷെ ഈ പ്രവണത പൊതുവേ നിയന്ത്രിക്കുകയുണ്ടായി. എന്നിരുന്നാലും ഈ തരത്തിലുള്ള മത്സരങ്ങൾകൊണ്ട് ഏതാനും സീററുകൾകൂടി കരസ്ഥമാക്കി. അതുപോലെ അസംബ്ളിയിലേക്കുള്ള മത്സരം പാർലമെൻറു സീററിലേക്കുള്ള നമ്മുടെ വിജയസാദ്ധ്യതകളെ തീർച്ചയായും സ്വാധീനിക്കുമെന്ന തെററായ ധാരണയും നമുക്കുണ്ടായിരുന്നു.

മാർക്സിസ്റ്റ്കാരേക്കാൾ നമുക്കു പ്രാബല്യമുണ്ടെന്നു കരുതുന്ന വ്യവസായമേഖലയിൽനിന്നാണു് നമുക്കു് ഏററവും

കനത്ത പ്രഹരമുണ്ടായതു്. അസൻസോൾമേഖലയിൽ ഹിരാപൂരിൽ ഒഴിച്ച് മററെല്ലായിടത്തും നമുക്കു കെട്ടിവച്ച തുക നഷ്ടപ്പെട്ടു. ബാരക്ക്പൂർ മേഖലയിൽ എല്ലാ സീററുകളും നഷ്ടപ്പെട്ടു. അതുപോലെതന്നെയാണു് ഹൗറായിലും ഹൂഗ്ലിയിലും. ഇതിൽ ചില സീററുകൾ മാർക്സിസ്ററുകാർക്കു ലഭിച്ചു; ചിലതു് കാൺഗ്രസ്സിനും. തൊഴിലാളികളുടെ ഇടയിൽ നമുക്കുള്ള സ്വാധീനം വളരെ കുറവാണെന്നു് ഇതു വ്യക്തമാക്കി. ചിലപ്പോൾ നമ്മുടെ വിലയിരുത്തലുകൾ അപകടകരമാം വിധം തെററായിരുന്നു. ട്രേഡ്യൂണിയൻപ്രവത്തനമുള്ളതുകൊണ്ടു് നമുക്കു തൊഴിലാളികളുടെ ഇടയിൽ മെച്ചപ്പെട്ട നിലയുണ്ടെന്നു് നാം തെററായി ധരിച്ചുപോയി. 24 പർഗാനായിൽ നമ്മുടെ പാട്ടിയുടെ പ്രവത്തനവും സ്വാധീനവും അടുത്തകാലത്തായി വളരെ മെച്ചപ്പെട്ടിട്ടുണ്ടെന്നാണു് നാം ധരിച്ചിരുന്നതു്. ആ ജില്ലയിൽ മാർക്സിസ്റ്റുപാട്ടിക്കാരേക്കാൾ കൂടുതലില്ലെങ്കിലും അവരോടൊപ്പം ഉണ്ടെന്നായിരുന്നു നമ്മുടെ വിലയിരുത്തൽ. നമ്മുടെ പാർട്ടിയുടെ ചിഹ്നത്തിൽ ഏററവും കൂടുതൽ സ്ഥാനാത്ഥികളെ നിറുത്തി മത്സരിച്ചതു് അവിടെയാണു്. ബോൾഷേവിക്ക്പാർട്ടിയുടെ നാലു സ്ഥാനാത്ഥികൾ ഉൾപ്പെടെ ആകെ 17 സ്ഥാനാത്ഥികൾ അവിടെ മത്സരിച്ചു. എന്നാൽ അവിടെ നമുക്കു ജയിക്കാൻ കഴിഞ്ഞതു് വെറും മൂന്നു സീററുകളിലാണു്. അതേസമയത്തു് മാർക്സിസ്ററുപാട്ടി 18, കാൺഗ്രസ് 12, ബംഗളാകാൺഗ്രസ് 9 എന്നിങ്ങനെ സീററുകൾ നേടി. 42 സീററുകളിൽ കാൺഗ്രസ്സിനു് 33 ഉണ്ടായിരുന്നിടത്തു്, ഇപ്പോൾ 50-ൽ 12 ആയി കുറഞ്ഞു.

പശ്ചിമബംഗാളിലെ മിക്ക ജില്ലകളിലും കമ്മ്യൂണിസ്റ്റ് പാർട്ടിക്കു് സംഘടനാപരമായിട്ടുള്ള ദൗർബല്യമാണു് ഏററവും പ്രധാനമായി തെരഞ്ഞെടുപ്പു വെളിച്ചത്തു കൊണ്ടുവന്നതു്. എന്നിരുന്നാലും തിരഞ്ഞെടുപ്പ് നമ്മുടെ രാഷ്ട്രീയപ്രശസ്തിയെ വദ്ധിപ്പിച്ചിട്ടുണ്ടു്. വളരെവേഗം പാർട്ടിക്കു വളരുവാനുള്ള സാദ്ധ്യതകളുമുണ്ടായിട്ടുണ്ടു്. പശ്ചിമബംഗാൾ തിരഞ്ഞെടുപ്പിൽ നമ്മുടെ പാർട്ടിയുടെ നേട്ടം പ്രധാനമായും രാഷ്ട്രീയമാണു്. ഇതു് കൊച്ചുനേട്ടമൊന്നുമല്ല. കാൺഗ്രസ്സിനെ തറപററിക്കുവാൻ ഇന്ത്യൻ കമ്മ്യൂണിസ്റ്റ്പാർട്ടി വഹിച്ച മഹത്തായ പങ്ക്

ജനങ്ങൾ മനസ്സിലാക്കുന്നുണ്ട്. പ്രബലനായ അതുല്യഘോഷിനെ നമ്മുടെ സ്ഥാനാർത്ഥിയാണ് പരാജയപ്പെടുത്തിയതു്. മഹത്തായ വിജയങ്ങളുടെ നടുവിൽ പരാജയങ്ങളെപ്പററിയോ കീർത്തികേട്ട ചില സീററുകളിലെ പരാജയത്തെക്കുറിച്ചോ പൊതുജനങ്ങൾ അത്ര ശ്രദ്ധിച്ചില്ല.

തമിഴ്നാട്ടിൽ പാർട്ടിപരിപാടിയെപ്പററി, നമ്മുടെ ചില ഉയന്ന നേതാക്കന്മാക്കുപോലും തെററായ ധാരണകളാണുള്ളതെന്നു് തിരഞ്ഞെടുപ്പു തെളിയിച്ചിരിക്കുന്നു. മാററങ്ങൾക്കു വിരുദ്ധമായ പിടിവാശി ഏതാണ്ടു് അവസാനംവരെ തുടന്നു. 1966 നവംബറിൽ ഡി. എം. കെ. യോടുള്ള സമീപനത്തെക്കുറിച്ചു കോയമ്പത്തൂരിൽവച്ചു പാസ്സാക്കിയ പ്രമേയം യഥാർത്ഥത്തിൽ നടപ്പിലാക്കിയില്ല. ഡി. എം. കെ. യെ ഒരു വലതുപക്ഷ പാർട്ടിയായി അംഗീകരിക്കുന്ന ആ നയം പിന്നെയും തുടന്നു. ഡി. എം. കെ. യുമായി സംഭാഷണം നടത്തുന്നതിനായി നാം ആദ്യം ഒരു രജിസ്റ്റേർഡ് കത്തയച്ചു; മറുപടിക്കു കാത്തിരുന്നു. പക്ഷെ ആ മറുപടി ഒരിക്കലും വരികയുണ്ടായില്ല. ഡി. എം. കെ. യുടെ നേതൃത്വത്തിലുള്ള മുന്നണിക്കെതിരെ പിടിച്ചുനില്ക്കാനുള്ള നമ്മുടെ കരുത്തിനെയും കഴിവിനെയുംപററി നമുക്കു് അമിതമായ ധാരണയാണുണ്ടായതു്. കോൺഗ്രസ്സിൻെറ കഴിവിനെപ്പററിയും അമിതമായ ധാരണയാണു നമുക്കുണ്ടായതു്. ഡി. എം. കെ., മാർക്സിസ്റ്റ്പാർട്ടി, കോൺഗ്രസ്സ്‌വിരുദ്ധമുന്നേററം എന്നിവയെയെല്ലാം വളരെ വിലകുറച്ചാണു് നാം കണ്ടതു്. ഡി. എം. കെ. യുമായി ധാരണയിലെത്തിയെന്നു് മാർക്സിസ്റ്റ്പാർട്ടി പ്രഖ്യാപിച്ചപ്പോൾ നാം കരുതി അവർ വമ്പുപറയുകയായിരുന്നെന്നു്. ഡി. എം. കെ. യുമായിവേണം നാം ആദ്യമായി തെരഞ്ഞെടുപ്പുസംഭാഷണത്തിലേർപ്പെടേണ്ടതെന്നു മാർക്സിസ്റ്റ്പാർട്ടി പറഞ്ഞപ്പോൾ നാം അതത്ര കാര്യമായെടുത്തില്ല. നമ്മൾ പൂർണ്ണമായും ഒററപ്പെട്ടു.

നമ്മുടെ ചില പ്രവർത്തനങ്ങൾകൊണ്ടു്, ഇന്ത്യൻ കമ്മ്യൂണിസ്റ്റ്പാർട്ടി ഒരു 'കാൺഗ്രസ്‌പിന്താങ്ങി'യാണെന്ന ധാരണ ഉണ്ടാക്കി. ഡി. എം. കെ. യോടു് നമ്മുടെ ചില നേതാക്കന്മാക്കുണ്ടായിരുന്ന വ്യക്തിനിഷ്ഠമായ സമീപനങ്ങളുടെ ഫലമായി ഡി. എം. കെ. പ്രശ്നത്തിൽ എന്തെങ്കിലും മാററം വരു

ത്തുവാൻ കഴിയാതായി. അവരുടെ ദൃഷ്ടിയിൽ ഡി. എം. കെ. ഒരു ജനാധിപത്യപ്രതിപക്ഷപാർട്ടിപോലുമായിരുന്നില്ല. വിലപ്പെട്ട സമയം നാം നഷ്ടപ്പെടുത്തി. ഒടുവിൽ മനസ്സില്ലാമനസ്സോടുകൂടി ധാരണയ്ക്കുവേണ്ടി ശ്രമിച്ചപ്പോഴേക്കും സമയം വളരെ വൈകിയിരുന്നു. ഡി. എം. കെ. യോടുള്ള സമീപനത്തിൽ കൂട്ടായ ഒരു മിനിമം പരിപാടി ആണ് സ്ഥാനത്തും അസ്ഥാനത്തും നാം ഊന്നിയിരുന്നത്. ഡി. എം. കെ. യുമായി ഒരു ധാരണ ഉണ്ടാക്കാതിരിക്കുന്നതിന് ഈ പരിപാടി ഒടുവിൽ ഒരു കാരണവുമായി. 'വോട്ടുകൾ അസാധുവാക്കുക' (ആർക്കും വോട്ടുചെയ്യാതിരിക്കുക) എന്ന ആഹ്വാനം ഇതിലെ ഏററവും അവസാനത്തെ നടപടിയായിരുന്നു. കോൺഗ്രസിനു പരോക്ഷമായി പിന്തുണ നൽകുക എന്നതായിരുന്നു ഈ ആഹ്വാനത്തിൻെറ അർത്ഥം. അധികാരത്തിലിരിക്കുന്ന കോൺഗ്രസിന്നെതിരായി വോട്ടുചെയ്തു മാത്രമേ അതിനെ അധികാരത്തിൽനിന്ന് താഴെയിറക്കാൻ സാദ്ധ്യമാകൂ. നമ്മുടെ ആഹ്വാനത്തിൻെറ ഫലം 234 നിയോജകമണ്ഡലങ്ങളിൽ 202-ലും കോൺഗ്രസ് വിരുദ്ധവോട്ടുകൾ യഥാർത്ഥത്തിൽ നശിപ്പിക്കുക എന്നതായിരുന്നു. ബഹുജനങ്ങളുമായി യാതൊരു ബന്ധവുമില്ലാത്തവരിൽനിന്നുമാത്രമേ ഇത്തരത്തിലുള്ള ഒരു ആഹ്വാനം ഉണ്ടാകാനൊക്കൂ. നമ്മുടെ തമിഴ്നാട്ടുസഖാക്കളെ സംബന്ധിച്ചിടത്തോളം തീർച്ചയായും ഇതായിരുന്നില്ല സ്ഥിതി. പ്രകടനപത്രികയേയും തിരഞ്ഞെടുപ്പുതന്ത്രത്തെയുംപററിയും പാർട്ടിനയത്തെ സംബന്ധിച്ചു പൊതുവേയും അവർക്കുണ്ടായിരുന്ന തെററായ ധാരണയുടെ ഫലമായിട്ടാണ് ഇതു സംഭവിച്ചത്. എന്തായാലും വിചിത്രമായ ഒരു ആഹ്വാനമായിരുന്നു അത്!

തമിഴ്നാട്ടിലെ കമ്മ്യൂണിസ്റ്റ്പ്രസ്ഥാനത്തിൻെറ അടിത്തറ നഷ്ടപ്പെടുന്നു എന്നാണ് തിരഞ്ഞെടുപ്പുഫലം കാണിക്കുന്നത്. കമ്മ്യൂണിസ്റ്റ്പാർട്ടിക്കും മാർക്സിസ്റ്റ്പാർട്ടിക്കുംകൂടി 1962-നെ അപേക്ഷിച്ച് ഇത്തവണ 3 ലക്ഷം വോട്ടുകൾ കുറച്ചാണ് കിട്ടിയത്. എന്നിട്ടും കോൺഗ്രസ്സിനെ തിരഞ്ഞെടുപ്പിൽ നാമാവശേഷമാക്കി. ഡി. എം. കെ. യുടെ സ്വാധീനത്തിലുള്ള ബഹുജനങ്ങളെ നമ്മുടെ പാർട്ടിയിലേക്കു സ്വാധീനിക്കാതെ, നമ്മുടെ പാർട്ടിയുടെ സ്വാധീനത്തിലുള്ള ജനങ്ങൾ ഡി. എം. കെ. യിലേക്കു മാറുന്നതായിട്ടാണു കാണുന്നത്. മധുര,

കോയമ്പത്തൂർ എന്നീ വ്യവസായമേഖലകളിലെ തിരഞ്ഞെടുപ്പു ഫലങ്ങൾ നമുക്കു മുന്നറിയിപ്പു നൽകത്തക്കവിധത്തിൽ നിരാശാജനകമാണ്. ഈ പ്രദേശങ്ങൾ മാർക്സിസ്റ്റ്പാർട്ടി എം. പി. മാരേയും, എം. എൽ. എ. മാരേയുംകൊണ്ട് ചുററപ്പെട്ടിരിക്കയാണെന്നുള്ള വസ്തുതയും ഓർത്തിരിക്കേണ്ടതാണ്.

കഴിഞ്ഞ മൂന്നു തിരഞ്ഞെടുപ്പുകളിലും ത്രിപുരയിൽ കമ്മ്യൂണിസ്റ്റ്പാർട്ടിക്ക് അഭിമാനാർഹമായ നേട്ടങ്ങളാണുണ്ടായതു്. 1962-ൽ കമ്മ്യൂണിസ്റ്റ്പാർട്ടി 5 ശതമാനം വോട്ടുകളും അവിടത്തെ രണ്ടു ലോക്സഭാസീററും നേടുകയുണ്ടായി. എന്നാൽ ഇത്തവണ ആ രണ്ടു സീററും മാർക്സിസ്ററുകാരിൽനിന്ന് കോൺഗ്രസ് നേടിയിരിക്കുന്നു. ത്രിപുര ജനകോൺഗ്രസ്സ് ഉൾപ്പെടെയുള്ള ഐക്യമുന്നണി ഉണ്ടായിട്ടുകൂടി കമ്മ്യൂണിസ്റ്റ് പാർട്ടിക്കും മാർക്സിസ്റ്റ്പാർട്ടിക്കുംകൂടി (1+2) മൂന്ന് അസംബ്ളിസീററുകളാണ് ലഭിച്ചതു്. ധേബാർകമ്മീഷൻെറ ശുപാർശകൾ നടപ്പിലാക്കുകയാണെങ്കിൽ ത്രിപുരയിൽ കുടിയേറിപ്പാക്കുന്ന ബംഗാളിഅഭയാത്ഥികളെ ഭൂമിയിൽനിന്ന് അടിച്ചിറക്കുമെന്ന ഭയം കോൺഗ്രസ് നല്ലതുപോലെ മുതലെടുക്കുകയുണ്ടായി. തിരഞ്ഞെടുപ്പിനു തൊട്ടുമുമ്പു് കിഴക്കൻ പാകിസ്ഥാനിൽനിന്നും ത്രിപുരയിൽ കുടിയേറിപ്പാർപ്പിച്ചിട്ടുള്ള ജനവിഭാഗത്തിന് കോൺഗ്രസ്മന്ത്രിസഭ ചില ആനുകൂല്യങ്ങൾ നൽകുകയുണ്ടായി. ത്രിപുര ജനകോൺഗ്രസ് ഒരു ബാദ്ധ്യതയായിരുന്നു. ഒരു മുൻമന്ത്രിയായിരുന്ന ജനകോൺഗ്രസ്സിൻെറ നേതാവു് അഴിമതിക്കാരനെന്ന് അറിയപ്പെട്ടിരുന്ന ആളാണ്. ഐക്യമുന്നണി രൂപീകരിക്കുന്നതിനുമുമ്പ് നമ്മൾ കോൺഗ്രസ്സിൻെറ പിന്താങ്ങികളാണെന്നു മാർക്സിസ്റ്റ്കാർ നടത്തിയ പ്രചരണം പരമ്പരാഗതമായി നമ്മുടെ പിന്നിൽ അണിനിരന്നിരുന്ന ജനതയെ നിരുത്സാഹരാക്കി. ഐക്യമുന്നണി രൂപീകരിച്ചതിനുശേഷവും ഈ ജനത നമ്മിൽനിന്ന് വളരെ അകന്നാണ് നിന്നതു്. ഐക്യമുന്നണിയുടെ വിജയത്തെക്കുറിച്ച് നമുക്ക് അമിതമായ വിശ്വാസമാണുണ്ടായിരുന്നതു്. ബംഗാളികളെ ആകഷിച്ച കോൺഗ്രസ്സിൻെറ പ്രചരണത്തിനു് മറുപടിയേ പറഞ്ഞില്ല. ഭിന്നിപ്പിനുശേഷം ത്രിപുരയിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം പുറകോട്ടടിക്കപ്പെട്ടു. ഇരുപാർട്ടികളും അതിൽനി

ന്ന് കരകയറിയിട്ടില്ല. 75 ശതമാനം പോളിംഗ് നടന്ന പ്പോൾ കമ്മ്യൂണിസ്റ്റ്കാക്കുള്ള വോട്ട് നന്നേ കുറഞ്ഞു. ഒരുകാലത്തു് വളരെയധികം അടിയുറച്ച കമ്മ്യൂണിസ്റ്റ്പ്രധാനനത്തെ പൊളിച്ചുകൊണ്ടു് വൻപിച്ച നേട്ടങ്ങൾ കോൺഗ്രസ്സിനു ത്രിപുരയിൽ ലഭിച്ചു. നമ്മുടെ പരാജയങ്ങൾ നിരവധിയാണ്— രാഷ്ട്രീയം, സംഘടന, ബഹുജനപ്രവത്തനം, പ്രക്ഷോഭണം തുടങ്ങിയവ. ആശ്വാസജനകമായ ഒരു വസ്തുതയേ ഉള്ളു. ആദ്യമായി വിദ്യാത്ഥികളിൽ വലിയൊരു പങ്ക് തിരഞ്ഞെടുപ്പിൽ കമ്മ്യൂണിസ്റ്റ്പാർട്ടിക്കുവേണ്ടി പ്രവത്തിക്കുകയുണ്ടായി. മാത്രവുമല്ല, നഗരങ്ങളിൽ നമുക്കുള്ള സ്വാധീനം അല്പം അഭിവൃദ്ധിപ്പെട്ടിട്ടുമുണ്ടു്.

കേരളത്തിലും മഹാരാഷ്ട്രയിലും ജനാധിപത്യപ്രതിപക്ഷ പാർട്ടികളുടെ കൂട്ടായ ഐക്യമുന്നണി ഉണ്ടായിരുന്നു. കേരളത്തിൽ ഐക്യമുന്നണി എല്ലാ തരത്തിലും സവിശേഷശ്രദ്ധ ആകർഷിച്ചതാണ്. സർവ്വോപരി കമ്മ്യൂണിസ്റ്റ്പാർട്ടിയേയും മാക്സിസ്റ്റ്പാർട്ടിയേയും ഈ ഐക്യമുന്നണി കൂട്ടതൽ അടുപ്പിക്കുകയുണ്ടായി. സീററിൻെറ അടിസ്ഥാനത്തിൽ നമുക്ക് നല്ല വിജയമാണുണ്ടായതു്. (22 അസംബ്ളിസീററുകളിൽ 19-ം, ലോക്സഭാസീററിൽ 3-ം നമ്മൾ നേടുകയുണ്ടായി.) പാർട്ടി ഭിന്നിപ്പിനുശേഷം കേരളത്തിലെ രാഷ്ട്രീയജീവിതം വീണ്ടും ചൈതന്യപൂർണ്ണമായി.

മണിപ്പൂർ, രാജസ്ഥാൻ, യു. പി., ബീഹാർ, ആസ്സാം, ഗുജറാത്തു്, പഞ്ചാബു് എന്നീ സ്ഥലങ്ങളിൽ ജനാധിപത്യ പ്രതിപക്ഷത്തിൻെറ ഭാഗികമായ ഐക്യമുന്നണികളോ, ധാരണകളോ ഉണ്ടായി. പഞ്ചാബിലെ ഐക്യമുന്നണി വിജയകരമായി കെട്ടിപ്പടുക്കുന്നതിനു് കമ്മ്യൂണിസ്റ്റ്പാർട്ടിക്കുണ്ടായിരുന്ന പങ്ക് ആർക്കും നിഷേധിക്കാനാവില്ല. അകാലിദളത്തിലെ ഒരു വിഭാഗത്തിൻെറ ദ്രോഹപ്രവർത്തനങ്ങൾമൂലം പാർട്ടിക്ക് നിരവധി സീററുകൾ നഷ്ടപ്പെട്ടു. പൊതുവേ പല പ്രദേശങ്ങളിലും അവിടുത്തെ പാർട്ടിഘടകങ്ങൾക്ക് ന്യായമായ സമീപനമാണു തിരഞ്ഞെടുപ്പിൽ ഉണ്ടായതു്. ചില സ്ഥലങ്ങളിലെ സമീപനം യാഥാത്ഥ്യങ്ങളുമായി പൊരുത്തപ്പെടുന്നതുമായിരുന്നില്ല. ഉദാ: ഹരിയാനയിൽ 13 സീററിൽ

നാം മത്സരിച്ചു, 13-ലും കെട്ടിവെച്ച പണം നഷ്ടപ്പെട്ടു. ഗുജറാത്തിൽ മഹാഗുജറാത്ത് ജനതാപരിഷത്ത് പരാജയപ്പെട്ടു.

ഡൽഹിയിൽ പലയിടത്തും കെട്ടിവെച്ച പണം നഷ്ടപ്പെട്ടില്ല—മിക്കയിടങ്ങളിലും നമ്മുടെ വോട്ടുകൾ മെച്ചപ്പെട്ടു. (കോർപ്പറേഷനിലും മെട്രോപോളിററൻ കൗൺസിലിലും). മാർക്സിസ്റ്റ്പാർട്ടി വോട്ടുകൾ ഭിന്നിപ്പിച്ചതുകൊണ്ട് മെട്രോപോളിററൻ കൗൺസിലിലെ ഒരു സീററ് നമുക്ക് നഷ്ടപ്പെടുകയുണ്ടായി. മാർക്സിസ്റ്റ്പാർട്ടിക്ക് കെട്ടിവെച്ച പണവും നഷ്ടപ്പെട്ടു. നാം പാർലമെൻറുസീററിൽ മത്സരിച്ചിരുന്നുവെങ്കിൽ ജനസംഘത്തിൽനിന്ന് ഒരു സീററെങ്കിലും കോൺഗ്രസ് നേടുമായിരുന്നു എന്ന വസ്തുത ഇവിടെ രേഖപ്പെടുത്തേണ്ടതായിട്ടുണ്ട്.

കമ്മ്യൂണിസ്റ്റ്പാർട്ടിക്ക് കോൺഗ്രസ്സിനോട് അനുഭാവമുണ്ടെന്നോ അല്ലെങ്കിൽ കടുത്ത വിരോധമില്ലെന്നോ ഉള്ള ഒരു തെററിധാരണ ഒരുവിഭാഗം ജനങ്ങളുടെ ഇടയിലുണ്ടെന്ന് തിരഞ്ഞെടുപ്പുകാലത്തു മനസ്സിലാകുകയുണ്ടായി. തമിഴ്നാട്ടിലാണെങ്കിൽ ഇതു് ജനങ്ങളുടെ വെറും ധാരണമാത്രമായിരുന്നില്ല. അവിടെ ചിലർ നമ്മെ "കുട്ടികാൺഗ്രസ്" എന്നു വിളിച്ചിരുന്നു. പാർട്ടിയോട് ഏററവും അടുത്തു നില്ക്കുന്ന ചില ആളുകളും ഇങ്ങനെ തെററിദ്ധരിച്ചിരുന്നു. പാർട്ടിയുടെ നേതൃത്വത്തിൽ ബഹുജനസമരങ്ങൾ നടത്തിയിരുന്ന സ്ഥലത്ത് ഇത്തരത്തിലുള്ള ധാരണ ഒരിടത്തും വളരുകയുണ്ടായിട്ടില്ല. മാർക്സിസ്റ്റ് പാർട്ടിയുടെ അപവാദപ്രചരണംകൊണ്ടാണിതുണ്ടായതെന്നു ധരിക്കുന്നതു തെററായിരിക്കും. മാർക്സിസ്റ്റ്പാർട്ടിയുടെ പ്രചരണതന്ത്രങ്ങൾക്കു കൂടുതൽ ക്രെഡിററുനല്കാനേ അതുപകരിക്കൂ. നമ്മുടെ പ്രസംഗങ്ങളും പ്രസ്താവനകളും പ്രവൃത്തികളും പലപ്പോഴും ഈ ധാരണയ്ക്കിടംനല്കിയിട്ടുണ്ട്. തിരഞ്ഞെടുപ്പു കാലത്ത് നമ്മുടെ പ്രസംഗങ്ങൾക്ക് പ്രത്യേകം പ്രാധാന്യമുണ്ട്. നമുക്കെതിരായി വരുന്ന വിമർശനങ്ങൾക്കും തെററായ ധാരണകൾക്കും മറുപടി പറയാനും നാം തയ്യാറാകണം. ഇക്കാലത്ത് ഒരു പ്രതിപക്ഷകക്ഷിയുടെ ആത്മാർത്ഥതയെപ്പററി, ബഹുജനങ്ങൾക്ക് സംശയമുണ്ടെങ്കിൽ, ആ കക്ഷിയ്ക്ക് ഭാവിയില്ലെന്ന് ഇതിനകം വ്യക്തമായിട്ടുണ്ട്.

ഇടതുപക്ഷപ്രസ്ഥാനങ്ങൾക്കും കമ്മ്യൂണിസ്റ്റ്പാർട്ടിക്കും, ബഹുജനപ്രസ്ഥാനങ്ങളും ബഹുജനസമരങ്ങളുമില്ലാതെ അധി

കം പുരോഗമിക്കുവാൻ സാദ്ധ്യമല്ലെന്ന് തിരഞ്ഞെടുപ്പ് ഒരിക്കൽകൂടി വ്യക്തമാക്കിയിട്ടുണ്ട്. ഈ കുറവുകൾ, കാൺഗ്രസ്സിന് രാഷ്ട്രീയമായ കുത്തിത്തിരിപ്പുകൾ നടത്തുവാനും, വലതുപക്ഷപാർട്ടികൾക്ക് ബഹുജനഅസംതൃപ്തിയെ സ്വന്തം താല്പര്യത്തിനനുകൂലമായി തിരിച്ചുവിടാനും സഹായകമാകുന്നു. സാമൂഹ്യമായുള്ള ബന്ധങ്ങൾ ഇതിനവരെ സഹായിക്കുകയും ചെയ്യുന്നു.

തിരഞ്ഞെടുപ്പുഫലങ്ങളുടെ അസുഖകരമായ ഒരു ദർശനം, ബോംബെയും മൈസൂറും, ഒരുപക്ഷേ മററു് ഒന്നോ രണ്ടോ സ്ഥലങ്ങളും ഒഴിച്ചാൽ, മററുള്ളിടത്ത് തൊഴിലാളിവർഗ്ഗത്തിനിടയിൽ രാഷ്ട്രീയമായി നമുക്കുണ്ടായിരുന്ന ശക്തി ക്ഷയിച്ചു വരികയാണെന്നതാണ്. ഏതായാലും അതു വദ്ധിക്കുകയല്ല ചെയ്യുന്നതു്. തൊഴിലാളിവർഗ്ഗത്തിനിടയിൽ നമ്മുടെ രാഷ്ട്രീയപ്രവത്തനത്തിൻെറ ദൗർബല്യത്തെയോ അല്ലെങ്കിൽ അഭാവത്തെയോ ആണ് ഇതു സൂചിപ്പിക്കുന്നതു്. നമ്മുടെ ട്രേഡ്യൂണിയൻസ്വാധീനത്തെഅപേക്ഷിച്ച് രാഷ്ട്രീയസ്വാധീനം വളരെ പുറകിലാണ്. കോൺഗ്രസിനെ അധികാരത്തിൽനിന്നടിച്ചിറക്കുന്നതിനുവേണ്ടിയുള്ള രാഷ്ട്രീയമാററങ്ങൾ ഇന്നാട്ടിലുണ്ടാക്കിയതു് തൊഴിലാളിവർഗ്ഗസമരങ്ങളാണ്. എന്നാൽ അതേ തൊഴിലാളിവർഗ്ഗത്തിനിടയിൽ കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ സ്വാധീനം കുറയുന്നു എന്നു പറഞ്ഞാൽ അതു് വളരെ ഗൗരവമുള്ള വസ്തുതയാണ്.

ഈ പശ്ചാത്തലത്തിൽ പശ്ചിമബംഗാളിൽ എന്തുണ്ടായി എന്ന് നാം ഗൗരവമായി പരിശോധിക്കുകയും അതിൻെറ പാഠങ്ങൾ പഠിക്കുകയും വേണം. ഒരു ഉശിരൻ ട്രേഡ്യൂണിയൻ പ്രസ്ഥാനമാണെന്നു വരുത്തിത്തീർത്താൽമാത്രം പോരാ; ഒരുശിരൻ രാഷ്ട്രീയശക്തിയെന്ന നിലയിൽ കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ സന്ദേശം തൊഴിലാളിവർഗ്ഗത്തിൻെറ ഇടയിൽ വ്യാപിപ്പിക്കയുംവേണം. നമ്മുടെ തത്വസംഹിതയും നയങ്ങളും അവരുടെയിടയിൽ ഉത്സാഹത്തോടുകൂടി പ്രചരിപ്പിക്കണം. തൊഴിലാളികൾക്കിടയിൽ വളരെ കുറച്ചേ പാർട്ടിസാഹിത്യം വിററഴിക്കുന്നുള്ളു എന്നതുതന്നെ രാഷ്ട്രീയപ്രവത്തനത്തിൽ ശ്രദ്ധിക്കുന്നില്ലെന്നുള്ളതിൻെറ വ്യക്തമായ തെളിവാണ്.

ബഹുഭൂരിപക്ഷംവരുന്ന കർഷകജനവിഭാഗങ്ങളുടെ ഇടയിൽ നമുക്കുള്ള ദൗർബല്യം വീണ്ടും വ്യക്തമായി. ഇന്ത്യയുടെ നാട്ടിൻപുറങ്ങളിലെ അധികംഭാഗങ്ങളിലും കമ്മ്യൂണിസ്റ്റ്പാർട്ടി പ്രവർത്തിക്കുന്നില്ലെന്നുള്ളതാണ സത്യം.

പഴയകാലത്ത് കോൺഗ്രസ്സിനോടൊപ്പം നിന്നിരുന്ന മുസ്ലിംജനവിഭാഗങ്ങളിൽ വലിയൊരു പങ്ക് ഇപ്പോൾ കോൺഗ്രസ്സിൽനിന്നു വിട്ടകലുകയാണ്. അവരുമായി നമുക്കുള്ള ബന്ധവും അവരുടെ ഇടയിൽ നമുക്കുള്ള പ്രവർത്തനവും വളരെ ദുർബ്ബലമാണ്. ഗിരിവർഗ്ഗക്കാരുടേയും ആദിവാസികളുടേയും ഇടയിൽ നമുക്കുള്ള പ്രവർത്തനവും വളരെ കുറവാണ്.

ഈ തിരഞ്ഞെടുപ്പിലും മുൻതിരഞ്ഞെടുപ്പുകളിലെന്ന പോലെ പ്രതിപക്ഷപാർട്ടികളിലെ പല നല്ല സാമാജികർക്കും അവരുടെ സീററു നഷ്ടപ്പെട്ടു. ഇക്കൂട്ടത്തിൽ നമ്മുടെ സാമാജികരും ഉൾപ്പെടുന്നുണ്ട്. നിയോജകമണ്ഡലത്തിലെ പാർട്ടിയുടേയും ബഹുജനസംഘടനകളുടേയും അടിസ്ഥാനത്തിൽ നാം പ്രവർത്തിച്ചില്ലെങ്കിൽ, നമ്മുടെ സീററുകൾ പരാജയപ്പെടാനുള്ള സാദ്ധ്യത എപ്പോഴുമുണ്ട്. ബൂർഷ്വാരീതിയിൽ "നിയോജകമണ്ഡലത്തെ താലോലിക്കുക" എന്നനയം നമ്മെ സംബന്ധിച്ചിടത്തോളം ഒരിക്കലും ഫലപ്രദമല്ല. നിയമസഭയിൽ നാം ചെയ്യുന്ന കാര്യങ്ങളെപ്പററി നമ്മുടെ നിയോജകമണ്ഡലങ്ങളിൽ അറിവില്ലെന്നുള്ളതു് തിരഞ്ഞെടുപ്പുകാലത്ത് നമുക്കു മനസ്സിലായിട്ടുണ്ട്. കഴിഞ്ഞ അഞ്ചുവർഷക്കാലമായി നിയമസഭകളിലും പാർലമെൻറിലും നാം എന്തുചെയ്യുവെന്നു ജനങ്ങളെ പറഞ്ഞു മനസ്സിലാക്കുവാൻ നാം ചെയ്യുന്ന തിരക്കിട്ട പ്രയത്നങ്ങൾ ഉദ്ദേശിച്ച ഫലമൊന്നുമുണ്ടാക്കിയിട്ടില്ല. നിയോജകമണ്ഡലങ്ങളിൽ കൃത്യമായി നിയമസഭാപ്രവർത്തനങ്ങളെപ്പററി റിപ്പോർട്ടുചെയ്യാറേയില്ല. കമ്മ്യൂണിസ്റ്റ്പാർട്ടി നേടിയ സീററുകൾ നഷ്ടപ്പെടുകയെന്നുള്ളതു് അക്ഷന്തവ്യമായൊരു വീഴ്ചയാണ്.

# പാർട്ടിസംഘടന—നമ്മുടെ ഏററവും വലിയ ദൗർബല്യം

നമ്മുടെ ദൗർബല്യങ്ങളിലും കുറവുകളിലുംവച്ചേററവും വല്യതു്, നമ്മുടെ പാർട്ടിസംഘടനയുടെ ശോചനീയമായ സ്ഥിതിയാണു്. തൊഴിലാളിവർഗ്ഗത്തിൻെറ ഒരു ഉശിരൻസംഘടനയെന്ന നിലയിൽ മിക്ക സ്ഥലങ്ങളിലും നമ്മുടെ പാർട്ടി വളരുന്നില്ലെന്നും അഥവാ അങ്ങനെ വളരുന്നുണ്ടെങ്കിൽ അതു വളരെ സാവധാനമാണെന്നുമാണു് തിരഞ്ഞെടുപ്പുകൾ വെളിപ്പെടുത്തുന്നതു്. തിരഞ്ഞെടുപ്പുഫലങ്ങൾ ഇതു കൂടുതൽ വ്യക്തമാക്കും. പാർട്ടിയുടെ പൊതുരാഷ്ട്രീയസ്വാധീനവും അതിൻെറ സംഘടനയും തമ്മിലുള്ള വിടവു് വർദ്ധിച്ചിട്ടുള്ളതായി കാണാം. രാജ്യവ്യാപകമായൊരു ബഹുജനകമ്മ്യൂണിസ്റ്റ്പാർട്ടിയില്ലാതെ വമ്പിച്ചൊരു തിരഞ്ഞെടുപ്പുസമരത്തെ ഫലപ്രദമായി നേരിടാൻ സാദ്ധ്യമല്ലെന്നുള്ളതു് വളരെ വ്യക്തമാണു്. തിരഞ്ഞെടുപ്പിനു്, കഴിവുള്ള കാഡറന്മാരെ ആവശ്യമുണ്ടു്. ബഹുജനങ്ങളുമായി ഉററ ബന്ധമില്ലാതെ കമ്മ്യൂണിസ്റ്റ്പാർട്ടിക്കു തിരഞ്ഞെടുപ്പിൽ ജയിക്കാൻ സാദ്ധ്യമല്ല. ബൂഷ്വാ പാർലമെൻററിസമ്പ്രദായത്തിൻകീഴിൽ ഓരോ നിയോജകമണ്ഡലവും വർഗ്ഗസമരത്തിൻെറ ഓരോ കേന്ദ്രങ്ങളാണു്. ഈ സമരത്തിൽ നമ്മുടെ പങ്കുവഹിക്കണമെങ്കിൽ നിയോജകമണ്ഡലത്തിലെ ബഹുജനങ്ങൾക്കു്, ബഹുജനസംഘടനകളും പാർട്ടികളും ഉണ്ടായിരിക്കണം. ചില സ്ഥലങ്ങളിലൊഴിച്ചു് നമ്മുടെ സംഘടനാപ്രവത്തനം നന്നേ ദുർബലമാണു്. കൃഷിക്കാരുടെ ഇടയിൽ നമ്മുടെ പ്രവത്തനം ഇല്ലെന്നുതന്നെ പറയാം.

രാജവാഴ്ചയുടെ സ്വാധീനമില്ലാത്ത യു. പി. യുടെ പല ഭാഗങ്ങളിലും ഗ്രാമീണകച്ചവടക്കാർമുഖേന വലിയവിഭാഗം കൃഷിക്കാരെ ജനസംഘം സ്വാധീനിക്കുന്നതിൽ അത്ഭുതപ്പെടാനില്ല. നാട്ടിൻപുറങ്ങളിലെ കാർഷികതൊഴിലാളികളും പാവ

പ്പെട്ട കൃഷിക്കാരും ഇന്ത്യയിലെ ഇടതുപക്ഷ-ജനാധിപത്യ പ്രസ്ഥാനങ്ങളുടെ ശക്തികേന്ദ്രങ്ങളായിരിക്കേണ്ടതാണ്. എന്നാൽ ഈ മേഖലകളിൽ നമ്മുടെ പാർട്ടിയുടെ പ്രവർത്തനം വളരെ ദുർബലമാണ്. ഇന്ത്യയിലെ അഞ്ചുലക്ഷം ഗ്രാമങ്ങളിൽ ഭൂരിഭാഗങ്ങളിലും ഒരൊററ കമ്മ്യൂണിസ്റ്റ്കാരൻപോലും ഇല്ലെന്നുള്ളതുതന്നെ നമ്മുടെ പാർട്ടി എവിടെ എങ്ങനെ നില്ക്കുന്നു എന്ന് നമ്മെ മനസ്സിലാക്കുവാൻ പര്യാപ്തമാണ്. തിരഞ്ഞെടുപ്പിൽ ലക്ഷക്കണക്കിന് വോട്ടുകൾ ഗ്രാമങ്ങളിൽനിന്നാണ വന്നതു്. ഇന്ന് ഈ വോട്ടുകളെല്ലാം കാൺഗ്രസ്സിനെക്കൂടാതെ സ്വതന്ത്രാപാർട്ടി, ജനസംഘം എന്നീ പാർട്ടികൾ ചൂഷണംചെയ്യുകയാണ്.

കിസാൻസഭയുടെ അടിസ്ഥാനത്തിൽ കൃഷിക്കാരുടെ ഇടയിലുള്ള പ്രവർത്തനം അഭിവൃദ്ധിപ്പെടുത്തേണ്ടതു് ഇന്ന് നമ്മുടെ അടിയന്തിരകടമയാണ്. ജനാധിപത്യമുന്നേററത്തിന് കൃഷിക്കാരെ ഒരു രാഷ്ട്രീയശക്തിയായി വളർത്തണമെന്നുണ്ടെങ്കിൽ ഇതു ഒഴിച്ചുകൂടാൻവയ്യാത്ത കടമയാണ്.

വിദ്യാർത്ഥികളും മററു യുവജനങ്ങളും ഈ തിരഞ്ഞെടുപ്പിൽ വലിയൊരു ശക്തിയായിരുന്നു. ഇവർ നമുക്കുവേണ്ടിയും പ്രവർത്തിച്ചിട്ടുണ്ട്. എന്നാൽ നമ്മുടെ വിദ്യാർത്ഥികളുടെയും യുവജനങ്ങളുടെയും ഇടയ്ക്കു് നമ്മുടെ പ്രവർത്തനം എത്ര ദുർബലമാണെന്ന് തിരഞ്ഞെടുപ്പ് വ്യക്തമാക്കുകയുണ്ടായി. ഇതിൻെറ ഫലമായി പല സ്ഥലങ്ങളിലും വിദ്യാർത്ഥികളെ ജനസംഘക്കാർ സ്വാധീനിച്ചിട്ടുണ്ട്. മദ്രാസിൽ ഡി. എം. കെ. യുടെ പിന്നിൽ തമിഴ്നാട്ടിലെ വിദ്യാർത്ഥിസമൂഹം അണിനിരന്നിരിക്കുകയാണ്.

എല്ലാ തിരഞ്ഞെടുപ്പുകൾക്കുശേഷവും പാർട്ടി-സംഘടനയെപ്പററി സംസാരിക്കുന്നതു് നമ്മുടെ ഒരു പതിവായിത്തീർന്നിട്ടുണ്ട്. എന്നാൽ വളരെ താമസിയാതെ ഈ പാഠങ്ങളൊക്കെ മറന്ന് നമ്മുടെ ആ പഴയ ശുഷ്കമായ പ്രവർത്തനങ്ങളിൽ വ്യാപൃതരാകാറുണ്ട്. വീണ്ടും പഴയ സ്ഥിതിയിലേക്കു നാം വഴുതിപ്പോകുന്നു. സംഘടനാപരമായ പ്രശ്നങ്ങളിലേക്കു കടക്കേണ്ടതു് ഈ റിവ്യൂറിപ്പോർട്ടിൻെറ ചുമതലയല്ല. എങ്കിലും തിരഞ്ഞെടുപ്പുഫലങ്ങൾ എന്തെങ്കിലും പഠിപ്പിക്കുന്നുണ്ടെ

ങ്കിൽ അതു്, സംഘടനാരംഗത്തു് നിശ്ചയദാർഢ്യത്തോടുകൂടിയ ഒരു തള്ളിക്കയററം ആവശ്യമാണെന്നാണു്. ഒരു ഉശിരൻ ബഹുജനകമ്മ്യൂണിസ്റ്റ്പാർട്ടി ഈ കാലഘട്ടത്തിൻെറ ആവശ്യമാണു്. പാർട്ടിസംഘടനയിലും പാർട്ടി കെട്ടിപ്പടുക്കുന്നതിലും നമുക്കുള്ള തെററായ ധാരണകളും സ്വഭാവങ്ങളും ബോധപൂർവം നാം പരാജയപ്പെടുത്തിയില്ലെങ്കിൽ ഒരു ഉശിരൻ കമ്മ്യൂണിസ്റ്റ്പാർട്ടിയെ നമുക്കു് ഒരുകാലത്തും കെട്ടിപ്പടുക്കാൻ സാദ്ധ്യമല്ല.

നമ്മുടെ രാഷ്ട്രീയവും, നമ്മുടെ രാഷ്ട്രീയലൈനും എത്ര മേന്മയേറിയതാണെന്നു് ഈ തിരഞ്ഞെടുപ്പു് സംശയത്തിനിടയില്ലാത്തവിധം വ്യക്തമാക്കിയിട്ടുണ്ടു്. പക്ഷെ, കുററമററ നയങ്ങളോടൊപ്പം അത്രതന്നെ സുശക്തമായ പാർട്ടി സംഘടനയും ഇല്ലെങ്കിൽ ഇതുകൊണ്ടൊന്നും വലിയ പ്രയോജനമില്ല. നമ്മുടെ രാഷ്ട്രീയജീവിതത്തിലെ ഏററവും വൈഷമ്യമേറിയ ഒരു ഘട്ടത്തിലേക്കാണു് നാം പ്രവേശിക്കുന്നതു്. അതുകൊണ്ടുതന്നെയാണു് ഏതു സ്ഥിതിഗതികളെയും അഭിമുഖീകരിക്കാൻ കെല്പുള്ള, എല്ലാ ജനാധിപത്യശക്തികളേയും യോജിപ്പിച്ചു്, അവരുടെ ഐക്യം കെട്ടിപ്പടുക്കാൻ കെല്പുള്ള, ഒരു ബഹുജനരാഷ്ട്രീയശക്തിയാക്കി പാർട്ടിയെ വളർത്തുന്നതിൽ നമ്മുടെ എല്ലാവിധശ്രദ്ധകളും കേന്ദ്രീകരിക്കേണ്ടിയിരിക്കുന്നതു്. തിരഞ്ഞെടുപ്പിനുശേഷമുള്ള സ്ഥിതിഗതികൾ പാർട്ടിസംഘടന കെട്ടിപ്പടുക്കുന്നതിൽ വമ്പിച്ച പുരോഗതി നേടാൻ ഏററവും അനുകൂലമായിട്ടുള്ളതാണു്. ഈ പ്രവർത്തനം നാം ഏററവും ആത്മാർത്ഥമായി ഏറെറടുക്കുകയുംവേണം.

അദ്ധ്വാനിക്കുന്ന ജനതയുടെ സമരവീരരായ സന്തതികൾ പാർട്ടിയിലേക്കു് ആകർഷിക്കപ്പെടാൻ കാത്തുനില്ക്കുകയാണു്. അവരെ ഇപ്പോൾ, ഈ സന്ദർഭത്തിൽതന്നെ, പാർട്ടിയിലേക്കു കൊണ്ടുവന്നു് പാർട്ടിസംഘടനയുടെ ഭാഗമാക്കേണ്ടതു് എങ്ങനെയാണെന്നു നാം മനസ്സിലാക്കിയിരിക്കുകയും വേണം. സ്വാഭാവികമായും പാർട്ടിവിദ്യാഭ്യാസത്തിൻെറ പ്രശ്നം ഈ സന്ദർഭത്തിൽ വലിയ പ്രാധാന്യം ഉള്ള ഒന്നായിത്തീരുന്നു.

# ഉപസംഹാരം

തിരഞ്ഞെടുപ്പിനുശേഷമുള്ള സ്ഥിതിഗതികളും നമ്മുടെ കടമകളും ഈ അവലോകനത്തിൻെറ പരിധിയിൽപെടുന്നില്ല. എങ്കിലും ഉപസംഹാരമായി ചില കാര്യങ്ങൾ ഇവിടെ പ്രസ്താവിക്കുന്നതു് അസ്ഥാനത്തായിരിക്കുകയില്ലല്ലോ.

ആഴമേറിക്കൊണ്ടിരിക്കുന്ന ഒരു രാഷ്ട്രീയ-സാമ്പത്തികക്കുഴപ്പത്തിൻെറ ഒരു പുതിയ കാലഘട്ടത്തിലേക്ക നാം പ്രവേശിച്ചുകഴിഞ്ഞിരിക്കുന്നുവെന്ന് നിസ്സംശയം പറയാം. ഈ കാലഘട്ടമാകട്ടെ പലവിധത്തിലും മുൻകൂട്ടി കാണാനാവാത്തതും സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവുമായ നാനാതരത്തിലുള്ള വിസ്ഫോടനങ്ങൾക്ക് ജന്മംനൽകിയേക്കാവുന്നതുമായ ഒന്നാണു്. ബൂർഷ്വാഭരണത്തിൻെറ സുസ്ഥിരതയുടേതായ ആ സുവർണ്ണകാലം അവസാനിച്ചിരിക്കുന്നു. പകരം അനിശ്ചിതത്വത്തിൻേറയും അസ്ഥിരതയുടേയുമായ ഒരു കാലം ആരംഭിച്ചിരിക്കുന്നു. ഗവൺമെൻറുസംബന്ധമായ കുഴപ്പങ്ങളും ഇടക്കാല തിരഞ്ഞെടുപ്പുകളും ഇതിൻെറ ഒരു രൂപഭാവമായിരിക്കും. ജനാധിപത്യശക്തികളും പിന്തിരിപ്പൻശക്തികളും തമ്മിലുള്ള സമരത്തെ ആശ്രയിച്ച് കേന്ദ്രവും സംസ്ഥാനവും തമ്മിലുള്ള ബന്ധങ്ങൾക്ക് പുതിയ വ്യാപ്തി ഉണ്ടാകും.

ജനസമ്മതി നശിച്ച കോൺഗ്രസ്സ് തകരുകയും അതിൻെറ ധാർമ്മികവും രാഷ്ട്രീയവുമായ സ്വാധീനശക്തി കൂടുതൽ കൂടുതൽ ഇടിയുകയും ചെയ്യുന്നതോടെ രാഷ്ട്രത്തിൻെറ ജീവിതത്തിൽ ഒരു രാഷ്ട്രീയശൂന്യത ഉണ്ടായിക്കൊണ്ടിരിക്കുകയാണു്. ഈ ശൂന്യത നികത്താൻപോകുന്ന ശക്തി ഏതാണെന്നതാണ് തിരഞ്ഞെടുപ്പിനുശേഷമുള്ള കാലത്തെ ഏററവുംവലിയ ചോദ്യമായി നില്ക്കുന്നതു്.

ജനാധിപത്യശക്തികളും പിന്തിരിപ്പൻശക്തികളും തമ്മിലുള്ള അകൽച്ച വരുംകാലങ്ങളിൽ വളരാൻപോവുകയാണു്. ജനദൃഷ്ടിയിലും കാൺഗ്രസ്സിതരത്വം തികച്ചും വ്യത്യസ്തമായ നിറങ്ങളിൽ പ്രകടമാകും. നാം പങ്കാളികളായിട്ടുള്ള കാൺഗ്ര

സ്ഥിതരഗവമ്മെൻറുകൾക്കു് ഗുരുതരമായ ആഭ്യന്തരവൈരുദ്ധ്യങ്ങളെ നേരിടേണ്ടിവരികയും ചെയ്യും. ഈ കോൺഗ്രസ്സുവിരോധം എത്രവേഗത്തിൽ ബോധപൂൎവ്വമായ ഇടതുപക്ഷ-ജനാധിപത്യനിലപാടുകളിലേക്കു മാററാൻ കഴിയുമെന്നതിനെ ആശ്രയിച്ചാണു് ബാക്കിയുള്ള പലതും ഇരിക്കുന്നതു്.

കോൺഗ്രസ്സിനകത്തും പുറത്തുമുള്ള പ്രതിലോമശക്തികൾ തിരഞ്ഞെടുപ്പിനുശേഷമുള്ള സംഭവഗതികൾ അവൎക്കനുകൂലമായി തിരിച്ചുവിടാൻ ശ്രമിക്കും. കൂടെനില്ക്കുന്നവരുടെ കാലുമാററത്തെപ്പററിയുള്ള ഭീതി കോൺഗ്രസിനെ വല്ലാതെ പിടികൂടിയിട്ടുണ്ടു്. ഇന്നത്തെ നട്ടെല്ലില്ലാത്ത, ആരുടേയും മുൻപിൽ മുട്ടുമടക്കാൻ തയാറായിനില്ക്കുന്ന കേന്ദ്രഗവണ്മെൻറിൻെറമേൽ സമ്മർദ്ദംചെലുത്താൻ ആഗ്രഹിക്കുന്നവർ ഈ ഭീഷണി പെരുപ്പിച്ചുകാണിക്കുന്നുമുണ്ടു്.

രാജാജി, എസ്. കെ. പട്ടീൽ, ജയപ്രകാശ്നാരായൺ, ജെ. ആർ. ഡി. ടാററാ തുടങ്ങിയവരെപ്പോലുള്ളവർ കേന്ദ്രത്തിൽ ഒരു കൂട്ടുകക്ഷിഗവണ്മെൻറു് എന്ന ആശയം മുന്നോട്ടുവച്ചുകഴിഞ്ഞിട്ടുണ്ടു്. ഇപ്പോഴത്തെ ബൂർഷ്വാഭരണത്തിനും മുതലാളിത്തപന്ഥാവിനും തെല്ലെങ്കിലും ഒരു സ്ഥിരത കൈവരുത്താനുള്ളതാണു് ഈ "കൂട്ടുകക്ഷി" ചികിത്സയെന്ന കാൎയ്യം നമുക്കറിയുകയും ചെയ്യാം. കുഴപ്പങ്ങൾനിറഞ്ഞ ബൂർഷ്വാസിയുടെ രാഷ്ട്രീയമായ ഒരു ഏർപ്പാടാണു് ഈ കൂട്ടുകക്ഷിഭരണം. ഈ കൂട്ടുകക്ഷിഭരണത്തിലാകട്ടെ നിൎണ്ണായകമായ ഒരു സ്ഥാനം നേടാമെന്നാണു് കുത്തകകളും അവരുടെ പ്രതിനിധികളും പ്രതീക്ഷിക്കുന്നതു്. അമേരിക്കക്കാർ വളരെ സജീവമാണു്. ഈ കളിയിൽ പ്രതിപക്ഷഭാഗത്തുനിന്നുള്ള അവരുടെ പ്രധാനകരു സ്വതന്ത്രാപാർട്ടിയുമാണു്.

കൂട്ടുകക്ഷിഭരണമെന്നതു് ഇപ്പോഴത്തെ തനിബൂർഷ്വാഭരണം നീട്ടിക്കൊണ്ടുപോകാനുള്ള പദ്ധതിയാണു്. തങ്ങളുടെ വൎഗ്ഗപരമായ അധികാരത്തെ രക്ഷിച്ചു് ഉറപ്പിക്കുന്നതിനു് ബഹുകക്ഷിഗവമ്മെൻറു് എന്ന ആശയവുമായി ഭരണാധികാരിവർഗ്ഗം പൊരുത്തപ്പെട്ടുകൊണ്ടിരിക്കുകയുമാണു്. കുതന്ത്രങ്ങൾ കാണിക്കാനുള്ള അവരുടെ കഴിവിനെ നാം കുറച്ചുകാണരുതു്.

ശ്രദ്ധ തിരിച്ചുവിടാനുള്ള ഏർപ്പാടുകൾ, കൈക്കൂലി, ഇടതുപക്ഷ–ജനാധിപത്യമുന്നണികളിൽ പിളർപ്പുണ്ടാക്കൽ തുടങ്ങിയ പല മാർഗ്ഗങ്ങളും അവർ ഇതിനായി അവലംബിക്കും.

ഈ പശ്ചാത്തലത്തിൽ, പിന്തിരിപ്പൻപദ്ധതികളെ പൊളിക്കുന്നതിന് തങ്ങളുടെ മുൻകൈപ്രവർത്തനവും ഐക്യവും പരമാവധി വികസിപ്പിക്കുകയും കോൺഗ്രസ്സിന് എതിരായി ഉറപ്പുള്ള ഒരു ബദൽശക്തി കെട്ടിപ്പടുക്കുകയും രാജ്യത്തെ ഇടതുപക്ഷമാർഗ്ഗത്തിലേക്കു നയിക്കുന്നതിന് ഊർജ്ജിതവും സോദ്ദേശകവുമായ ശ്രമം നടത്തുകയുംചെയ്യാൻ ഇടതുപക്ഷ–ജനാധിപത്യശക്തികൾ സ്വാഭാവികമായും ബാദ്ധ്യസ്ഥരാണ്. കേന്ദ്രത്തിൽ ഒരു പിന്തിരിപ്പൻകൂട്ടുകക്ഷിഭരണത്തിനുള്ള എല്ലാ കുതന്ത്രങ്ങളേയും തുറന്നുകാട്ടി പൊളിക്കേണ്ടതു് ഇടതുപക്ഷ–ജനാധിപത്യപ്രസ്ഥാനത്തിൻെറ കടമയാണെന്നു പറയേണ്ടതില്ലല്ലോ. അമേരിക്കക്കാരാകട്ടെ ഇപ്പോൾ ഇത്തരം കുതന്ത്രങ്ങളിലാണ് പ്രതീക്ഷ അർപ്പിച്ചിരിക്കുന്നതും. എന്നാൽ ഇരുപതുകൊല്ലത്തെ കോൺഗ്രസ് ഭരണത്തിൻകീഴിൽ ആശയററ ഒരു സ്ഥിതിയിലേക്കു തള്ളപ്പെട്ടിരിക്കുന്ന ജനങ്ങൾ തങ്ങൾക്ക് എന്തെങ്കിലും ഒരു ആശ്വാസം കിട്ടുന്നതിന് കേന്ദ്രത്തിൽ ഉടനടി ഒരു കോൺഗ്രസ്സിതരകൂട്ടുകക്ഷിഗവണ്മെൻറുണ്ടാകണമെന്നാണ് ആഗ്രഹിക്കുന്നതെന്ന വസ്തുത ഈ സന്ദർഭത്തിൽ നാം കാണാതിരിക്കരുതു്.

ഇടതുപക്ഷത്തേക്കുള്ള ഒരു ചായ്‌വിനുള്ള സാഹചര്യങ്ങൾ വളരെ അനുകൂലമാണ്. എന്തുകൊണ്ടെന്നാൽ കോൺഗ്രസ്സിനെതിരായി രേഖപ്പെട്ടുത്തിയ ബഹുലക്ഷം വോട്ടുകൾ— അതു നേടിയവർ ആരും ആയിക്കൊള്ളട്ടെ—കോൺഗ്രസ്സ് ഭരണത്തിൻെറ ജനവിരുദ്ധവും ജനാധിപത്യവിരുദ്ധവുമായ നയങ്ങൾക്കെതിരായ ഒരു ദേശീയമുന്നേററത്തെയാണു കുറിക്കുന്നതു്. സ്വതന്ത്രാപാർട്ടി ആഗ്രഹിക്കുന്ന വഴിക്കുള്ള മാററങ്ങളല്ല, പിന്നെയോ ദേശീയജനാധിപത്യവിപ്ലവത്തിൻെറ വഴിക്കുള്ള മാററങ്ങളാണ് ജനങ്ങൾ ആഗ്രഹിക്കുന്നതു്. നാം നിലകൊള്ളുന്നതും അതിനുവേണ്ടിത്തന്നെയാണ്. ഇനി ഈ വമ്പിച്ച ബഹുജനമുന്നേററത്തെ മൗലികമായ സാമൂഹ്യ, സാമ്പത്തിക,

രാഷ്ട്രീയമാററങ്ങൾക്കുവേണ്ടിയുള്ള ബോധപൂർവ്വമായ ഒരു രാഷ്ട്രീയ-ദേശീയ പ്രസ്ഥാനമാക്കി ഉയർത്തുകയെന്നതു് ഇടതുപക്ഷ-ജനാധിപത്യപ്രസ്ഥാനത്തിൻെറ കടമയാണു്.

എന്നാൽ സോഷ്യലിസ്റ്റ്ശക്തികൾക്കും മററു് ഇടതുപക്ഷ ശക്തികൾക്കും അവരുടെ പങ്കു് പൂർണ്ണമായി നിറവേററാൻ കഴിയണമെങ്കിൽ ഇന്ത്യയിലെ കമ്മ്യൂണിസ്റ്റ്പ്രസ്ഥാനത്തിലുള്ള പിളർപ്പു് അവസാനിക്കണം. ഇടതുപക്ഷ-ജനാധിപത്യപാളയത്തിൽ ഇന്നു് ഇതിലുംവലിയ, ഇതിലും അടിയന്തിരമായ മറെറാരു കടമയും ഇല്ലതന്നെ. തിരഞ്ഞെടുപ്പിനുശേഷമുള്ള സ്ഥിതിഗതികൾ തീർച്ചയായും അനുകൂലമായിട്ടുള്ളതാണു്.

കോൺഗ്രസ്സിതര ജനകീയഗവണ്മെൻറുകൾ, പ്രത്യേകിച്ചും അദ്ധ്വാനിക്കുന്ന ജനതയോടു ചായ്‌വുള്ള ഗവണ്മെൻറുകൾ, വളൎന്നുകൊണ്ടിരിക്കുന്ന ബഹുജനപ്രസ്ഥാനങ്ങളേയും വിപുലമായിവരുന്ന ബഹുജനഐക്യത്തേയും ആധാരമാക്കിക്കൊണ്ടു് ചരിത്രപരമായ ഒരു പങ്കു നിറവേററാൻ ബാദ്ധ്യസ്ഥരാണു്. ബഹുജനശക്തികളെ ഇനിയും ആവേശംകൊള്ളിക്കുകയും അവരിൽ ആത്മവിശ്വാസം വളർത്തുകയും, അവരെ സംഘടിത ഇടതുപക്ഷ-ജനാധിപത്യപ്രസ്ഥാനത്തിലേക്കു് ആകർഷിക്കുകയും ചെയ്യുന്നതിൽ ഈ ഗവണ്മെൻറുകളുടെ നേട്ടങ്ങൾ വളരെ സഹായകമായിരിക്കും. ജനാധിപത്യപ്രസ്ഥാനത്തിൻെറ ഭാവി ഈ നേട്ടങ്ങളുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു.

എന്നാൽ ഈ പുതിയ സ്ഥിതിയിലുള്ള നമ്മുടെ ശക്തിയുടെ പ്രധാന ഉറവിടം, വിപുലമായ യോജിച്ച ബഹുജനപ്രസ്ഥാനങ്ങൾ കെട്ടിപ്പടുക്കുന്നതിലും, പുരോഗതിക്കുവേണ്ടി നിലകൊള്ളുന്ന എല്ലാവരേയും പൊതുവായ ഒരു മിനിമം പരിപാടിയുടെ അടിസ്ഥാനത്തിൽ ഒരു പൊതുമുന്നണിയിൽ അണിനിരത്തുന്നതിലുമാണു് കുടികൊള്ളുന്നതു്. ഇതിൽ കമ്മ്യൂണിസ്റ്റുകാൎക്കും സോഷ്യലിസ്റ്റ്ശക്തികൾക്കും അവരുടെ യോജിച്ച സമരങ്ങളിലൂടെ വലിയൊരു പ്രേരകശക്തിയാകാൻ കഴിയുമെന്നു പറയേണ്ടതില്ലല്ലോ. ഈ ശക്തികൾ എവിടെവിടെല്ലാം

16365

സുസംഘടിതവും കരുത്തുററതുമായിരുന്നുവോ, അവിടവിടെല്ലാം ജനങ്ങൾ വലിയൊരതിരുവരെ അവരുടെ ഭാഗത്തായിരുന്നുവെന്ന് ഈ തിരഞ്ഞെടുപ്പു തെളിയിച്ചിട്ടുണ്ട്.

കോൺഗ്രസ്സിനു് എതിരായ ഒരു ദേശീയ-ജനാധിപത്യ ബദൽശക്തിക്കു് രൂപം നൽകുകയെന്നതാണു് ഇന്നു് എല്ലാ ഇടതുപക്ഷപാർട്ടികളുടേയും എല്ലാ യഥാർത്ഥപുരോഗമനവാദികളുടേയും മുൻപിലുള്ള കടമ. എന്നാൽ രാഷ്ട്രത്തിൻെറ ജീവിതത്തിൽ അതിനവകാശപ്പെട്ട സ്ഥാനം ഏറെറടുത്തുകൊണ്ടു് അതിൻെറ ദേശീയവും ജനാധിപത്യപരവുമായ കടമകൾ വിവേകത്തോടും ധൈര്യത്തോടും ശരിയായ വീക്ഷണത്തോടും ധാരണയോടുംകൂടി നിറവേററാൻ കഴിയുന്ന ഒരു ബഹുജന കമ്മ്യൂണിസ്റ്റ് പാർട്ടിയെ കൂടാതെ ഈവഴിക്കുള്ള ചരിത്രപരമായ നീക്കം വിഭാവനം ചെയ്യാൻകൂടി സാദ്ധ്യമല്ല.

★

PG Library & Research Center

# നാലാം പൊതുതിരഞ്ഞെടുപ്പ്
# ഒരവലോകനം

[ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ
ദേശീയകൗൺസിൽ അംഗീകരിച്ചതു്]

കൽക്കട്ട
23—30 ഏപ്രിൽ 1967

324.654

കമ്മ്യൂണിസ്റ്റ് പാർട്ടി പ്രസിദ്ധീകരണം